KOTTAYAM PUBLIC LIBRARY

Call No M-294 Acc. No 149484

Author മഹാദേവ ശാസ്ത്രികൾ

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1016

ശ്രീ

# സൗന്ദര്യലഹരി.

## ഭാഷാഭാഷ്യം.

★

Parur. K. Gopala Pillai
Kollerkattu
Ullala
Vaikom.

ഭാഷ്യകാരൻ,

കണ്ടിയൂർ മഹാദേവശാസ്ത്രികൾ.

[ശ്രീദേവീഭാഗവതപരിഭാഷാ- ശ്രീലലിതാസഹസ്രനാമ,
ലലിതാത്രിശതീ,വരിവസ്യാരഹസ്യ,ഭാവനോപനിഷത്-
ഭാഷാഭാഷ്യകാരൻ.]

149484-

പ്രകാശകന്മാർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ,
കൊല്ലം.

★

1956 / 1132.

മൂന്നാം പതിപ്പ്,
കാപ്പി 1000.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

M 294
MAH-S

ഹരിഃ ശ്രീഗണപതയേ നമഃ

അവിഘ്നമസ്തു.

ശ്രീമഹാത്രിപുരസുന്ദര്യൈ നമഃ.

# സൗന്ദര്യലഹരി.

## ഭാഷാഭാഷ്യം.

---

ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും;
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി ।
അതസ്ത്വാമാരാദ്ധ്യാം ഹരിഹരവിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി?॥ 1

അർത്ഥം—

ശിവഃ = സർവ്വമംഗളോപേതനായി സ്വയംപ്രകാശനായി അവിദ്യാനിർമ്മുക്തനായി ഇരിക്കുന്ന പരമശിവൻ

ശക്ത്യാ = ജഗന്നിർമാണശക്തിയായി ജായാരൂപിണിയായി ഇരിക്കുന്ന മഹാത്രിപുരസുന്ദരിയോട്ട്

യുക്തോ യദി = കൂടിയവൻ എങ്കിൽ

ഭവതി ശക്തഃ = സമർത്ഥനായി ഭവിക്കുന്നു.

പ്രഭവിതും = പ്രഭുവായി ഇരിക്കുന്നതിനു്, അതായതു് പ്രപഞ്ചസൃഷ്ടിക്കു്

ന ചേദേവം ദേവഃ = ആ പരമശിവൻ ഇങ്ങനെ ജഗന്നിർമ്മാണശക്തിയോടുകൂടിയിരുന്നില്ലെങ്കിൽ

ന ഖലു കുശലഃ = സമർത്ഥനായി ഭവിക്കുന്നില്ല; നിശ്ചയം.

സ്പന്ദിതുമപി = ഇളകുന്നതിനുപോലും

അതഃ ത്വാം = ഇതുഹേതുവായിട്ടു്, നിന്തിരുവടിയെ

ആരാദ്ധ്യാം = ആരാധിക്കപ്പെടുവാൻ യോഗ്യയായ

ഹരിഹരവിരിഞ്ചാദിഭിരപി = ഹരിഹരബ്രഹ്മേന്ദ്രാദികളാലും

പ്രണന്തും = ശരീരവാങ്ങ്മനസ്സുകളാൽ നമസ്കരിക്കുന്നതിനും

| | | |
|---|---|---|
| സ്തോതും വാ കഥം | = | സ്തോത്രം ചെയ്യുന്നതിനും, എങ്ങനെ |
| അകൃതപുണ്യഃ | = | ജന്മാന്തരത്തിൽ പുണ്യംചെയ്യാത്തവൻ |
| പ്രഭവതി? | = | സമൎത്ഥനായി ഭവിക്കുന്നു? |

അല്ലയോ പരാശക്തിസ്വരൂപിണിയായ മഹാത്രിപുരസുന്ദരി! സൎവ്വമംഗലോപേതനായ പരമശിവൻ ശക്തിരൂപിണിയായ നിന്തിരുവടിയോടുകൂടിയവനായി ഭവിക്കുന്നുവെങ്കിൽ പ്രപഞ്ചസൃഷ്ടിക്ക് സമൎത്ഥനായി തീരുന്നു—ആ പരമശിവൻ അങ്ങനെ കൂടിയിരുന്നില്ലെങ്കിൽ ഒന്നിളകുന്നതിനുപോലും സമൎത്ഥനായി ഭവിക്കുന്നില്ല—നിശ്ചയം. ഇതുഹേതുവായിട്ട് ബ്രഹ്മവിഷ്ണുരുദ്രാദികളാലും ആരാധിക്കപ്പെട്ടവാൻ യോഗ്യയായ നിന്തിരുവടിയെ ത്രികരണങ്ങളെക്കൊണ്ടു നമസ്കരിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും ജന്മാന്തരത്തിൽ പുണ്യംചെയ്യാത്ത ഒരുവൻ എങ്ങനെ സമൎത്ഥനായി ഭവിക്കുന്നു? – സമൎത്ഥനായി ഭവിക്കുന്നില്ല എന്നൎത്ഥം.

ഇച്ഛാശക്തിയെ ആശ്രയിച്ച ഈശ്വരനാകുന്നു ശിവൻ. അല്ലെങ്കിൽ സാദാഖ്യകലാസംവലിതൻ—അവിദ്യാവച്ഛിന്നചൈതന്യമായ ബ്രഹ്മത്തിനുതന്നെ ജഗന്നിർമ്മാണശക്തി.

ബ്രഹ്മാദ്യധികാരപുരുഷന്മാർ പ്രപഞ്ചാന്തൎഭൂതികളാകകൊണ്ട് അവരാൽ പ്രപഞ്ചജനയിത്രിയായ ദേവിക്കുള്ള നമസ്കാൎയ്യത്വം യുക്തംതന്നെ.

ശിവശബ്ദം നാലുശിവചക്രങ്ങളേയും ശക്തിശബ്ദം അഞ്ചു ശക്തിചക്രങ്ങളേയും പറയുന്നു. ഈ ശ്രീചക്രത്തിൽനിന്നുതന്നെ ജഗദുൽപത്തി.

ശിവശക്തികൾക്ക്, ഭാൎയ്യാഭൎത്തൃന്യായമനുസരിച്ച്, ഭാൎയ്യയായ ശക്തിയോട്ട് ഭൎത്താവായ ശിവൻ യോജിച്ചുവെങ്കിൽമാത്രമേ പ്രപഞ്ചസന്താനത്തെ ജനിപ്പിക്കുന്നതിനു ശക്തനാകുന്നുള്ളു—ശിവശക്തികളുടെമേളനം 25 തത്വങ്ങളേയുമതിക്രമിച്ച—26-ാമത്തേതായ ഒരു തത്വാന്തരമാകുന്നു. ഈ മേളനത്തിൽനിന്നുതന്നെ ജഗദുൽപത്ത്യാദികൾ. അല്ലാതെ ശിവനിൽനിന്നുമാത്രമോ ശക്തിയിൽനിന്നുമാത്രമോ അല്ല.

ഈ ശ്ലോകത്തിലെ മന്ത്രോദ്ധാരത്തെ പറയാം. ശിവശക്തിശബ്ദങ്ങൾ രണ്ടും ഷോഡശാക്ഷരീമന്ത്രത്തിൽ ആദ്യമുള്ള രണ്ടക്ഷരങ്ങളെ പറയുന്നതാകുന്നു. (32-ാംശ്ലോകം നോക്കുക.) പൂൎവ്വാൎദ്ധത്തിലുള്ള പദങ്ങളുടെ സംഖ്യ 16 ആകകൊണ്ട് ശ്രീവിദ്യാമഹാമന്ത്രത്തിന്റെ ഷോഡശാക്ഷരങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നുവെന്നു സൂചിപ്പിക്കുന്നു എങ്ങനെ എന്നാൽ കഥംശബ്ദത്തിൽ കകാരം, നചേൽ–ഏകാരം-യദി–ഇ-എന്ന സ്വരം,ത്വാം ആ എന്ന

സ്വരം, ഇ-ആ-ചേൻ്റ് ഈകാരം, കുശലഃ ലകാരം, ഹരി-ഹ-ര-ഇ-വിരിഞ്ചാരിഭിഃ ആ പ്രണന്നും അനുസ്വാരവുംചേൻ്റ ഹ്രീംകാരം. ഇങ്ങനെ പ്രഥമക്രൂടം. ഹരശബ്ദത്തിലെ ഹകാരം സ്തോതും എന്ന തിലെ സകാരം ശേഷം ദ്വിതീയക്രൂടത്തിൽ 4-ം തൃതീയക്രൂടത്തിൽ 4-ം അക്ഷരങ്ങൾ മുൻപറഞ്ഞവതന്നെ. ലക്ഷ്മീബീജത്തിന്ന് കുശല ശബ്ദത്തിലെ ശകാരം. ശേഷം മുൻപോലെ.

ശക്തിശബ്ദം ഇച്ഛാജ്ഞാനക്രിയാശക്തികളെ പറയുന്നു. ഹരിഹരവിരിഞ്ചാദിശബ്ദം അകാരഉകാരമകാരാത്മകമായ പ്രണവവും മററു മന്ത്രങ്ങളും ദേവ്യാരാധനാവിഷയങ്ങൾതന്നെ എന്നു ധ്വനിപ്പിക്കുന്നു.

ഈ സ്തോത്രത്തിൽ, ഹരിഹരബ്രഹ്മാദ്യാരാധ്യയായി പ്രപഞ്ചജനയിത്രിയായിരിക്കുന്ന മഹാത്രിപുരസുന്ദരിയേയും, നവയോന്യാത്മകമായ ശ്രീചക്രത്തേയും, ശ്രീഷോഡശാക്ഷരീമന്ത്രത്തേയുമാണു് മുഖ്യമായി പ്രതിപാദിക്കുന്നതു്. ആ മൂന്നുവിഷയവും "മേൽക്കാണിച്ച വിധത്തിൽ" ഈ പ്രഥമശ്ലോകത്തിൽ അടങ്ങിയിരിക്കുന്നതു കൂടാതെ പ്രണവവും നകാരമകാരശിവശബ്ദദീർഘയകാരങ്ങൾ കൊണ്ടു പഞ്ചാക്ഷരമഹാമന്ത്രവും ഉൾപ്പെട്ടിരിക്കുന്നു.

ഇതിൽ ഓരോ ശ്ലോകങ്ങൾക്കും യന്ത്രവും യോഗവുംകൂടി ചേർത്തിട്ടുണ്ടു്. യന്ത്രങ്ങൾക്കു സ്വയമേ ചൈതന്യമുള്ളതിനാൽ അതാതുയന്ത്രങ്ങൾ തങ്കത്തകിടിലെഴുതി അതിൽ സർവ്വയന്ത്രാത്മികയായ മഹാത്രിപുരസുന്ദരിയെ ധ്യാനിച്ചു പഞ്ചോപചാരംകൊണ്ടു പൂജിച്ചു് അതാതിനു പറഞ്ഞിരിക്കുന്ന നൈവേദ്യംചെയ്തു് ഋഷിച്ഛന്ദസ്സുതൊട്ടു് ശ്ലോകം ജപിച്ചുതുടങ്ങുക. ജപം എത്ര ദിവസം പറഞ്ഞിരിക്കുന്നുവോ അത്രയും ദിവസവും പഞ്ചോപചാരവും നൈവേദ്യവും ചെയ്യണം ഏതെങ്കിലും ഒരു മന്ത്രം സിദ്ധിവരുത്തിയിരിക്കുന്നവർക്കു ഫലം ക്ഷണസാദ്ധ്യവും അല്ലാത്തവർക്കു് ഈ പ്രയോഗങ്ങളെല്ലാം ഭക്തിവിശ്വാസാനുസരണം ഫലിക്കുന്നതുമാകുന്നു. പരീക്ഷിക്കാനായി പ്രയോഗിക്കരുതു്. വേറെ നിവൃത്തിയില്ലാതെവന്നാൽ ഭക്തിയോടുകൂടി പ്രയോഗിക്കുക; ഫലിക്കും.

അസ്യ ശ്രീ സൗന്ദര്യലഹരീസ്തോത്രസ്യ ഗോവിന്ദഃ ഋഷിഃ; അനുഷ്ടുപ് ഛന്ദഃ; ശ്രീമഹാത്രിപുരസുന്ദരീ ദേവതാ; ശിവശ്ശക്ത്യായുക്തോ ഇതി ബീജം; സുധാസിന്ധോർമ്മദ്ധ്യേ ഇതി ശക്തിഃ; ജപോ ജല്പഃശില്പം ഇതി കീലകം; ഹ്രാമിത്യാദി ഷഡംഗന്യാസഃ

ധ്യാനം—

ലൗഹിത്യനിർജ്ജിതജപാകുസുമാനുരാഗാം
പാശാങ്കുശേ ധനുരിഷൂനപി ധാരയന്തീം ।

താമ്രായതാമരുണമാല്യവിശേഷഭൂഷാം
താംബൂലപൂരിതമുഖീം ത്രിപുരാം നമാമി ॥

പഞ്ചോപചാരം.




ഈ യന്ത്രം പത്മമിട്ടു് നെയ്‌വിളക്കുവച്ചു് പൂജിച്ചു് 12 ദിവസം ഈ ശ്ലോകം 1000 ഉരു വീതം ജപിക്കുക. സർവ്വകാര്യജയം. ഈ യന്ത്രംതന്നെ തങ്കത്തകിടിൽ എഴുതി പൂജിച്ചു് 12 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ചു് ധരിക്കുകയും ചെയ്യാം. സകലാഭിവൃദ്ധി. രണ്ടിനും നൈവേദ്യം ത്രിമധുരം.

തനീയാംസം പാംസും തവ ചരണപങ്കേരുഹഭവം
വിരിഞ്ചിസ്സഞ്ചിന്വൻ വിരചയതി ലോകാനവികലം ।
വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാം
ഹരസ്സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം ॥ 2

തനീയാംസം പാംസും = അതിസൂക്ഷ്മമായ പൊടിക്കൂട്ടത്തെ
തവ ചരണപങ്കേരുഹ ഭവം, വിരിഞ്ചിഃ = നിന്തിരുവടിയുടെ പാദപത്മങ്ങളിൽ നിന്നുണ്ടായ, ബ്രഹ്മാവു്
സഞ്ചിന്വൻ വിരചയതി = സമ്പാദിച്ചിട്ടു്, സൃഷ്ടിക്കുന്നു.
ലോകാൻ = സ്ഥാവരജംഗമാത്മകമായ പ്രപഞ്ചത്തെ
അവികലം വഹതി = ഒന്നോടൊന്നുചേരാതെ വിസ്താരമായി രക്ഷിക്കുന്നു
ഏനം = ഈ പ്രപഞ്ചരൂപമായ 14 ലോകങ്ങളേയും
ശൗരിഃ കഥമപി = വിഷ്ണു, ശ്രമപ്പെട്ടു്
സഹസ്രേണ ശിരസാം = 1000 ശിരസ്സുകളെക്കൊണ്ടും
ഹരഃ സംക്ഷുദ്യ = രുദ്രൻ, നല്ലവണ്ണം മട്ടിച്ചിട്ടു്
ഏനം ഭജതി = ഈ പ്രപഞ്ചാത്മകമായ പാദധൂളിയെ, ഭജിക്കുന്നു.
ഭസിതോദ്ധൂളനവിധിം = ഭസ്മധാരണാനുഷ്ഠാനത്തെ.

അല്ലയോ ലോകമാതാവായ ദേവി! ബ്രഹ്മാവു് നിന്തിരുവടിയുടെ പാദപത്മങ്ങളിൽനിന്നുണ്ടായ അതിസൂക്ഷ്മമായ ധൂളിയെ സമ്പാദിച്ചിട്ടു് അതുകൊണ്ടു് 14 ലോകങ്ങളേയും ഒന്നോടൊന്നു ചേരാതെ വിശാലമായും പ്രളയംവരെ നശിക്കാത്തതായും സൃഷ്ടിക്കുന്നു. വിഷ്ണുഭഗവാൻ ആ പാദധൂളി വികാരമായ 14 ലോക

ങ്ങളേയും, അതായതു് ശിംശുമാരരൂപിയായി ഭൂമിമുതൽ മുകളിലുള്ള ഏഴുലോകങ്ങളേയും ആദിശേഷരൂപിയായി അതലാദിതാഴെയുള്ള ഏഴുലോകങ്ങളേയും 1000 ശിരസ്സുകളെക്കൊണ്ടും വളരെ ശ്രമപ്പെട്ടു വഹിച്ചു രക്ഷിക്കുന്നു. സംഹാരരുദ്രനാകട്ടെ പ്രളയകാലത്തിൽ ഈ പ്രപഞ്ചത്തെ സംഹരിച്ചു് നല്ലവണ്ണം പൊടിയാക്കി ഭസ്മധാരണവിധിയെ അനുഷ്ഠിക്കുന്നു. ശൗരിശബ്ദത്തിനു വിഷ്ണുവെന്നും ബലഭദ്രനെന്നും ആദിശേഷനെന്നും അർത്ഥമുണ്ടു്.

ബ്രഹ്മവിഷ്ണുരുദ്രന്മാർ ജഗത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യുന്നതു്, ശ്രീമഹാദേവിയുടെ പാദധൂളിമഹിമാവുകൊണ്ടാകുന്നുവെന്നു് താല്പര്യം.

ഈ യന്ത്രം സ്വർണ്ണത്തകിടിൽ ഉത്തരാഭിമുഖമായി ഇരുന്നു എഴുതി ഈ ശ്ലോകം 1000 ഉരു ജപിച്ചു് ധരിക്കുക. നിവേദ്യം പായസം. സർവ്വലോകവശ്യം. 55 ദിനം 1000 ഉരുവീതം ജപിച്ചാൽ പ്രകൃതിജയം ഫലം.




അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ
ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതിഝരീ ।
ദരിദ്രാണാം ചിന്താമണിഗുണനികാ ജന്മജലധൗ
നിമഗ്നാനാം ദംഷ്ട്രാ മുരരിപുവരാഹസ്യ ഭവതി ॥ 3

അവിദ്യാനാം = അജ്ഞാനികൾക്കു്
അന്തസ്തിമിരമിഹിര ദ്വീപനഗരീ = ഉള്ളിലുള്ള അന്ധകാരത്തെ (അജ്ഞാനത്തെ) നശിപ്പിക്കുന്നതിനു് സമുദ്രമദ്ധ്യത്തിലുള്ള സൂര്യോദയസ്ഥാനം,
ജഡാനാം = മന്ദന്മാർക്കു്
ചൈതന്യസ്തബകമക രന്ദസ്രുതിഝരീ = ബുദ്ധിവികാസമാകുന്ന കല്പകവൃക്ഷപ്പൂങ്കുലയിൽനിന്നുണ്ടായ പൂന്തേനിൻെറ പ്രവാഹം
ദരിദ്രാണാം = ദരിദ്രന്മാർക്കു്
ചിന്താമണിഗുണനികാ = ഇഷ്ടങ്ങളെല്ലാം കൊടുക്കുന്ന ചിന്താമണിരത്നത്തിൻെറ സമൂഹം
ജന്മജലധൗ = ജനനമരണരൂപമായ സംസാരസമുദ്രത്തിൽ
നിമഗ്നാനാം = മുങ്ങിക്കിടക്കുന്നവർക്കു്

ദംഷ്ട്രാ = ഉയർത്തുന്നതിന് സാമർത്ഥ്യമുള്ളതായ തേററ
മുരരിപുവരാഹസ്യ = വിഷ്ണുവവതാരമായ ആദിവരാഹത്തിൻെറ
ഭവതി = ഭവിക്കുന്നു.

അല്ലയോ ഭഗവതി! നിന്തിരുവടിയുടെ പാദധൂളി അജ്ഞാനികൾക്ക്, ഉള്ളിലുള്ള മോഹാന്ധകാരത്തെ നശിപ്പിക്കുന്നതിന് സമുദ്രമദ്ധ്യത്തിലുള്ള സൂര്യോദയസ്ഥാനമായും, മന്ദന്മാർക്ക് ബുദ്ധി വികാസമാകുന്ന കല്പകവൃക്ഷപ്പൂങ്കുലയിൽനിന്നുണ്ടായ പൂന്തേനിൻെറ പ്രവാഹമായും, ദരിദ്രന്മാർക്ക ഇഷ്ടങ്ങളെ എല്ലാം കൊടുക്കുന്ന ചിന്താമണിരത്നത്തിൻെറ സമൂഹമായും, ജനനമരണരൂപമായ സംസാരസമുദ്രത്തിൽ മുങ്ങിക്കിടക്കുന്നവർക്ക്, വിഷ്ണുവിൻെറ അവതാരമായ ആദിവരാഹത്തിൻെറ, ഉയർത്തുന്നതിന് സാമർത്ഥ്യമുള്ള തേററയായും ഭവിക്കുന്നു.

ശ്രീദേവീപാദധൂളി, ഉപാസകന്മാർക്ക് ജ്ഞാനത്തേയും ബുദ്ധിവികാസത്തേയും ഐശ്വര്യത്തേയും മോക്ഷത്തേയും കൊടുക്കുന്നതിന് സമർത്ഥമാകുന്നുവെന്ന് താല്പര്യം. ഈ ശ്ലോകവും പാദധൂളി മാഹാത്മ്യത്തെത്തന്നെ പ്രതിപാദിക്കുന്നു.

ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഈശാന്യമായി ഇരുന്നു പൂജിച്ച് ഈ ശ്ലോകം 1000 ഉരു ജപിച്ച് ധരിക്കുക. സവൈശ്വര്യപ്രദം. സർവ്വവിദ്യാപ്രദം. നിവേദ്യം വട. ഈ യന്ത്രത്തിൽ തന്നെ ഈ ശ്ലോകം 2000 ഉരു വീതം 54 ദിനം ജപിച്ച് സാദ്ധ്യംവരുത്തുക. സാധകൻ വേദവിത്തായിത്തീരും.




ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണഃ
ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ ।
ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ! ലോകാനാം തവ ഹി ചരണാവേവ നിപുണൗ ॥ 4

ത്വദന്യഃ = നിന്തിരുവടിയിൽനിന്നന്യമായ
പാണിഭ്യാം = കൈകളെക്കൊണ്ട്

| | | |
|---|---|---|
| അഭയവരദഃ | = | അഭയത്തേയും വരത്തേയും കൊടുക്കുന്ന വരാകുന്നു. |
| ദൈവതഗണഃ | = | വിഷ്ണു ശിവൻ മുതലായ ദേവസമൂഹം |
| ത്വമേകാ നൈവാസി | = | നിന്തിരുവടി ഒരുത്തി ഭവിക്കുന്നില്ല. |
| പ്രകടിതവരാഭീത്യ-ഭിനയാ | = | പ്രകടിപ്പിക്കപ്പെട്ട വരമുദ്രയോടും അഭയമുദ്രയോടും കൂടിയവളായി |
| ഭയാത്ത്രാതും | = | ഭയത്തിൽനിന്നു രക്ഷിക്കുന്നതിനും |
| ദാതും | = | കൊടുക്കുന്നതിനും |
| ഫലമപി ച വാഞ്ഛാസമധികം | = | ആഗ്രഹിക്കുന്നതിലധികമായ ഫലത്തേയും |
| ശരണ്യേ! ലോകാനാം തവ | = | പതിന്നാലുലോകങ്ങൾക്കും ശരണമായുള്ളോവേ! നിന്തിരുവടിയുടെ |
| ഹി ചരണാവേവ | = | എന്നുവിചാരിച്ചു് പാദങ്ങൾതന്നേ |
| നിപുണൗ | = | സമർത്ഥങ്ങളായി ഭവിക്കുന്നു. |

അല്ലയോ പതിനാലുലോകങ്ങൾക്കും ശരണ്യയായുള്ള ദേവി! നിന്തിരുവടി ഒഴിച്ചു് മററുള്ള വിഷ്ണു ശിവൻ മുതലായ ദേവസമൂഹം കൈകളെക്കൊണ്ടു് അഭയത്തേയും വരത്തേയും കൊടുക്കുന്നവരാകുന്നു. നിന്തിരുവടി ഒരുവൾമാത്രം കൈകൾകൊണ്ടു് വരമുദ്രയേയും അഭയമുദ്രയേയും അഭിനയിച്ചു് പ്രകടിപ്പിക്കുന്നവളായിരിക്കുന്നില്ല. എന്നുവിചാരിച്ചു് നിന്തിരുവടിയുടെ ചരണങ്ങൾതന്നെ ഭക്തന്മാരെ ഭയത്തിൽനിന്നു രക്ഷിക്കുന്നതിനും അവർ ആഗ്രഹിക്കുന്നതിൽ അധികമായ ഫലത്തെ കൊടുക്കുന്നതിനും സമർത്ഥങ്ങളായി ഭവിക്കുന്നു. (ശ്രീമഹാത്രിപുരസുന്ദരി നാലു കൈകളിൽ പാശം, അങ്കുശം, ഇക്ഷുകോദണ്ഡം, പുഷ്പബാണം ഇവയെധരിച്ചിരിക്കുന്നു) നിന്തിരുവടി ഒഴിച്ചു് മററിന്ദ്രാദി സമസ്തദേവന്മാരും വലത്തുകൈകൊണ്ടു ഭക്തന്മാൎക്കു് ഇഷ്ടവരദാനത്തെയും ഇടത്തുകൈകൊണ്ടു് അഭയദാനത്തേയും ചെയ്യുന്നു. നിന്തിരുവടിമാത്രം കൈകൾകൊണ്ടു് അഭയവരദാനങ്ങളെ പ്രകടിപ്പിക്കുന്നില്ല. എന്നിങ്ങനെ വിചാരിച്ചു് അവിടുത്തെ ചരണകമലങ്ങൾതന്നെ അഭയവരദാനങ്ങളെ ചെയ്യുന്നതിനു് ഏല്പ്പെട്ടിരിക്കുന്നു. ഇതരദേവന്മാർ കൈകളെക്കൊണ്ടു് ചെയ്യുന്നതു് നിന്തിരുവടി പാദങ്ങളെക്കൊണ്ടു് ചെയ്യുന്നതുകൊണ്ടു അവിടുത്തെ മഹിമാവു് വെളിപ്പെടുന്നു. മററുള്ള ദേവന്മാൎക്കു ഭക്തന്മാരുടെ വിഷയത്തിൽ അവർ ആഗ്രഹിക്കുന്ന ഓരോ ഫലങ്ങളെ കൊടുക്കുന്നതിനേ ശക്തിയുള്ളൂ. സാക്ഷാൽ പരദേവതയ്ക്കാകട്ടെ ധൎമ്മാർത്ഥകാമമോക്ഷങ്ങളേയും ഒരുമിച്ചു കൊടുക്കുന്നതിനു് സാമർത്ഥ്യമുള്ളതാകുന്നു.

ഈ യന്ത്രം വെള്ളിത്തകിടിലെഴുതി പൂർവ്വമുഖമായിരുന്ന് പൂജിച്ച് ഈ ശ്ലോകം 16 ദിവസം 1000 ഉരുവീതം ജപിച്ച് ധരിക്കുക. സാമ്രാജ്യപ്രദം. നൈവേദ്യം ഹരിദ്രാന്നം. ഈ യന്ത്രം തങ്കത്തകിടിലെഴുതി ദിനംപ്രതി ഈ ശ്ലോകം 3000 ഉരുവീതം 36 ദിവസംകൊണ്ട് സാദ്ധ്യം വരുത്തണം. ദാരിദ്ര്യം രോഗം മുതലായ കഷ്ടാരിഷ്ടങ്ങൾ സാധകനെ ബാധിക്കുകയില്ല.




ഹരിസ്ത്വാമാരാദ്ധ്യ പ്രണതജനസൗഭാഗ്യജനനീം
പുരാ നാരീഭൂത്വാ പുരരിപുമപി ക്ഷോഭമനയത് ।
സ്മരോഽപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ
മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം ॥ 5

| | | |
|---|---|---|
| ഹരിഃ | = | വിഷ്ണു |
| ത്വാം ആരാദ്ധ്യ | = | ചക്രരൂപിണിയായി വിദ്യാരൂപിണിയായിരിക്കുന്ന നിന്തിരുവടിയെ പൂജിച്ച് ജപിച്ച് ധ്യാനിച്ചിട്ട് |
| പ്രണതജനസൗഭാഗ്യ-ജനനീം | = | ത്രികരണങ്ങളെക്കൊണ്ടു നമസ്കരിക്കുന്ന ജനങ്ങൾക്കു സൗഭാഗ്യത്തെ ഉണ്ടാക്കുന്നവളായ |
| പുരാ നാരീഭൂത്വാ | = | പണ്ട് സ്ത്രീരൂപമായി ഭവിച്ചിട്ട് |
| പുരരിപുമപി | = | മഹാജിതേന്ദ്രിയനായ ത്രിപുരാന്തകനെക്കൂടിയും |
| ക്ഷോഭമനയൽ | = | മനോവികാരം പ്രാപിപ്പിച്ചു. |
| സ്മരോഽപി | = | മന്മഥനും |
| ത്വാം നത്വാ | = | നിന്തിരുവടിയെ നമസ്കരിച്ചിട്ട് |
| രതിനയനലേഹ്യേന വപുഷാ | = | രതീദേവിയുടെ നയനങ്ങൾക്കു മാത്രം വിഷയമായിരിക്കുന്ന ശരീരംകൊണ്ട് |
| മുനീനാമപി അന്തഃ | = | മുനികളുടെയും മനസ്സിൽ |
| പ്രഭവതി ഹി | = | സമർത്ഥനായി ഭവിക്കുന്നു; പ്രസിദ്ധം. |

മോഹായ = മോഹത്തെ ജനിപ്പിക്കുന്നതിന്

മഹതാം = മഹാത്മാക്കളായ

അല്ലയോ മഹാദേവി! പണ്ടു ശ്രീമഹാവിഷ്ണു, ത്രികരണങ്ങളെക്കൊണ്ടു നമസ്കരിക്കുന്ന ഭക്തജനങ്ങൾക്കു സകലസൗഭാഗ്യത്തേയും ജനിപ്പിക്കുന്ന ചക്രരൂപിണിയും വിദ്യാരൂപിണിയുമായ നിന്തിരുവടിയെ ഉപാസിച്ച് തദൈക്യദ്ധ്യാനയോഗത്താൽ തദ്രൂപനായി ഭവിച്ചിട്ട് മഹാജിതേന്ദ്രിയനായ ത്രിപുരാന്തകനുകൂടിയും മനോവികാരത്തെ ജനിപ്പിച്ചു. മന്മഥനും നിന്തിരുവടിയെ നമസ്കരിച്ചിട്ട് രതീദേവിയുടെ നയനങ്ങൾക്കുമാത്രം വിഷയമായിരിക്കുന്ന ശരീരം കൊണ്ടു മഹാത്മാക്കളായ മുനികളുടേയും മനസ്സിൽ മോഹത്തെ ജനിപ്പിക്കുന്നതിന് സമൎത്ഥനായി ഭവിക്കുന്നു. പ്രസിദ്ധം.

മഹാത്രിപുരസുന്ദൎയ്യുപാസകന്മാരിൽ പ്രഥമസ്ഥാനം സാക്ഷാൽപരമേശ്വരനും ദ്വിതീയസ്ഥാനം മഹാവിഷ്ണുവിനുമാണ്. ശ്രീവിദ്യാമന്ത്രഭേദങ്ങളിൽ ഒരു മന്ത്രത്തിന്റെ ഋഷി മഹാവിഷ്ണുവാകുന്നു. വേദത്തിലുള്ള മന്ത്രത്തെ ആദ്യം കണ്ടുപിടിച്ചുപാസിച്ച് സിദ്ധിയെപ്രാപിച്ചവനെയാകുന്നു ഋഷി എന്നു പറയുന്നതു്.

ചതുരാസനന്യാസത്തിൽ നാലാമത്തേതായ സാദ്ധ്യസിദ്ധാസനവിദ്യയേയും ഈ ശ്ലോകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. എങ്ങനെ എന്നാൽ ഹരിശബ്ദത്തിലെ ഹകാരവും രേഫവും, ജനനീം എന്നതിലെ ഈം എന്ന അനുസ്വാരത്തോടുചേൎന്ന സ്വരവും സ്മരശബ്ദം കൊണ്ടു കാമബീജവും വപുശ്ശബ്ദത്തിലെ വകാരവും ലേഹ്യശബ്ദത്തിലെ ലേകാരവും മുനീനാമെന്നതിലെ അനുസ്വാരവും കൂടിചേൎന്ന് സാദ്ധ്യസിദ്ധാസനവിദ്യയുടെ ബീജാക്ഷരങ്ങൾ ഉണ്ടാകുന്നു. "ഡലയോൎബവയോശ്ചാഭേദം മാധവാദയഃ" എന്ന ന്യായമനുസരിച്ചു വകാരത്തെ ബകാരമാക്കിക്കൊള്ളണം.

ഈ യന്ത്രം ചെമ്പുതകിടിലെഴുതി വായുമുഖമായിരുന്നു പൂജിച്ച് 8 ദിവസം ഈ ശ്ലോകം 2000 ഉരുവീതം ജപിച്ച് ശിരസ്സിൽ ധരിക്കുക. സകലജനമോഹനം. സ്ത്രീണാം പുരുഷവശ്യം. നൈവേദ്യം ശൎക്കരപ്പായസം.



ധനുഃ പൗഷ്പം മൗർവ്വീ മധുകരമയീ പഞ്ച വിശിഖാ
വസന്തസ്സാമന്തോ മലയമരുദായോധനരഥഃ ।
തഥാപ്യേകസ്സർവ്വം ഹിമഗിരിസുതേ! കാമപി കൃപാ-
മപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ ॥ 6

| | | |
|---|---|---|
| ധനുഃ പൗഷ്പം | = | വില്ല്, അതിമാർദ്ദവമുള്ള പുഷ്പമയം |
| മൗർവ്വീ മധുകരമയീ | = | ഞാണ്, വണ്ടിനങ്ങൾ |
| പഞ്ച വിശിഖാഃ | = | അരവിന്ദാദി അഞ്ചുബാണങ്ങൾമാത്രം. |
| വസന്തഃ സാമന്തഃ | = | വസന്തർത്തു, മന്ത്രി |
| മലയമരുത് | = | മന്ദമാരുതൻ |
| ആയോധനരഥഃ | = | യുദ്ധത്തേര് |
| തഥാപി | = | ഇങ്ങനെയെല്ലാമാണെങ്കിലും |
| ഏകഃ സർവ്വം | = | നിസ്സഹായൻ, സമസ്തമായ |
| ഹിമഗിരിസുതേ! | = | ഹിമവൽപുത്രിയായ പാർവ്വതി! |
| കാമപി കൃപാം | = | ലോകോത്തരമായ കരുണയെ |
| അപാംഗാത് തേ | = | കടക്കണ്ണിൽനിന്ന്, നിന്തിരുവടിയുടെ |
| ലബ്ധ്വാ ജഗദിദം | = | ലഭിച്ചിട്ട്, ഈ ജഗത്തിനെ |
| അനംഗഃ | = | ശരീരമില്ലാത്തവൻ (കാമൻ) |
| വിജയതേ | = | നല്ലവണ്ണം ജയിക്കുന്നു. |

അല്ലയോ ഹിമവൽപുത്രിയായ പാർവ്വതി! ധനുസ്സ് അതിമാർദ്ദവമുള്ള പുഷ്പമയവും ഞാണ് വണ്ടിനങ്ങളും ബാണങ്ങൾ അരവിന്ദാദി അഞ്ചുമാത്രവും സഹചരനായ മന്ത്രി വസന്തർത്തുവും യുദ്ധത്തേര് മലയമാരുതനും ആയിരുന്നിട്ടും ശരീരവുംകൂടി ഇല്ലാത്ത മന്മഥൻ നിസ്സഹായനായി നിന്തിരുവടിയുടെ കടക്കണ്ണിൽനിന്നുണ്ടായ ലോകോൽകൃഷ്ടമായ കരുണയെ പ്രാപിച്ചിട്ട് സമസ്തമായ ഈ ജഗത്തിനേയും വിശേഷേണ ജയിക്കുന്നു.

മന്മഥനു ദേവീപ്രസാദംകൊണ്ടുണ്ടായ അപാരമഹിമയെ ഈ ശ്ലോകംകൊണ്ടു വർണ്ണിക്കുന്നു. മന്മഥൻ ഉത്തമനായ ഒരു ദേവ്യുപാസകനാകുന്നു ശ്രീവിദ്യാഭേദമായ അനംഗവിദ്യയ്ക്ക് അദ്ദേഹം ഋഷിയുമാണ്. മന്മഥനു് ദേവീകടാക്ഷംകൊണ്ടു മാത്രമാണ് സമസ്തലോകവിജയസാമർത്ഥ്യം സിദ്ധിച്ചിട്ടുള്ളതു്. അല്ലാതെ ഉപകരണസാമർത്ഥ്യംകൊണ്ടല്ല. ഉപകരണങ്ങളുടെ സ്ഥിതിയാകട്ടെ, വില്ലു പുഷ്പമയമാണ്. അതു് അതിമാർദ്ദവവും പിടിക്കുന്നതിനുപോലും ബലമില്ലാത്തതും വളയ്ക്കുന്നതിനും വലിക്കുന്നതിനും പാടില്ലാത്തതുമാണ്. ഞാണ് വണ്ടിനങ്ങളാലുണ്ടാക്കപ്പെട്ടതാകകൊണ്ടു ഒന്നോടൊന്നു സംബന്ധമില്ലാത്തതായി ഇരിക്കുന്നു. ബാണങ്ങൾ അഞ്ചുമാത്രമേയുള്ളൂ, അധികമില്ല. പുഷ്പങ്ങളാകയാൽ അവയ്ക്കു

മമ്മഭേദനാദിസാമത്ഥ്യവുമില്ല. മന്ത്രി കാലരൂപമായ വസന്തമാണ്. യുദ്ധത്തേരു മലയമാരുതനാണ്. അതു രൂപമില്ലാത്തതാകുന്നു. മന്മഥന്നു കരചരണാദ്യവയവങ്ങളുമില്ല. ഈ മന്മഥൻ നമ്മുടെ അനുഭവത്തിൽത്തന്നെ സകലലോകവിജയിയായിത്തീൎന്ന് ബ്രഹ്മാദിപിപീലികാപൎയ്യന്തം മോഹിപ്പിച്ചുകാണുന്നതു് ദേവീകടാക്ഷംകൊണ്ടുമാത്രമാണെന്നുള്ളതിനു സംശയമില്ല.

ഈ ശ്ലോകത്തിൽ കാമബീജമായ ക്ലീങ്കാരത്തെ ഉദ്ധരിച്ചിട്ടുണ്ട്. അതായതു് കാമപി എന്നതിലെ കകാരവും മലയ എന്നതിലെ ലകാരവും മൌവ്വീ എന്നതിലെ ഈകാരവും പൌഷ്പം എന്നതിലെ ബിന്ദുവുംകൊണ്ടാകുന്നു.

ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 21 ദിവസം 500 ഉരു വീതം ജപിച്ചു് പൂജിച്ചു് ധരിക്കുക. നപുംസകന്നു് ഷണ്ഡത്വം നീങ്ങി പുത്രനുണ്ടാകും. വശ്യം. നൈവേദ്യം ഇക്ഷുഖണ്ഡം.




ക്വണത്കാഞ്ചീദാമാ കരികളഭകുംഭസ്തനനതാ
പരിക്ഷീണാ മദ്ധ്യേ പരിണതശരച്ചന്ദ്രവദനാ ।
ധനുർബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ
പുരസ്താദാസ്താം നഃ പുരമഥിതുരാഹോപുരുഷികാ ॥ 7

ക്വണത്കാഞ്ചീദാമാ = ശബ്ദിച്ചുകൊണ്ടിരിക്കുന്ന ഒഢ്യാണത്തോടുകൂടിയവൾ

കരികളഭകുംഭസ്തനനതാ = 30 വയസ്സുള്ള മത്തഗജത്തിന്റെ മസ്തകങ്ങൾപോലെ ഇരിക്കുന്ന സ്തനങ്ങളുടെ ഭാരംകൊണ്ടു് അല്പം കുനിഞ്ഞവൾ

പരിക്ഷീണാ മദ്ധ്യേ = കൃശമായ മദ്ധ്യപ്രദേശത്തോടുകൂടിയവൾ

പരിണതശരച്ചന്ദ്രവദനാ = ശരൽകാലത്തിലെ പൂൎണ്ണചന്ദ്രനെപ്പോലെ ഉള്ള മുഖത്തോടുകൂടിയവൾ

ധനുർബാണാൻ പാശം സൃണിമപി = ധനുസ്സിനേയും ബാണങ്ങളേയും പാശത്തേയും അങ്കുശത്തേയും

| | | |
|---|---|---|
| ദധാനാ | = | ധരിച്ചിരിക്കുന്നവൾ |
| കരതലൈഃ | = | നാലു കൈകളെക്കൊണ്ടു് |
| പുരസ്താത് ആസ്താം | = | മുമ്പിൽ അതായതു ഹൃദയകമലത്തിൽ (ഭവിക്കട്ടേ. |
| നഃ | = | ഞങ്ങളുടെ |
| പുരമഥിതുഃ | = | ത്രിപുരാന്തകൻെറ |
| ആഹോപുരുഷികാ | = | അഹങ്കാരരൂപിണി. |

സഞ്ചരിക്കുമ്പോൾ കളകളശബ്ദംപുറപ്പെടുന്ന ഒഡ്യാണത്തോടും മത്തഗജത്തിൻെറ മസ്തകങ്ങൾപോലെ ഇരിക്കുന്ന സ്തനങ്ങളുടെ ഭാരംകൊണ്ടു് അല്പം നമ്രതയോടും അതികൃശമായ മദ്ധ്യപ്രദേശത്തോടും ശരൽകാലത്തെ പൂർണ്ണചന്ദ്രനെപ്പോലെ ശോഭിക്കുന്ന മുഖത്തോടുംകൂടിയവളും, നാലുകൈകളെക്കൊണ്ടു് കരിമ്പുവില്ലു്, പുഷ്പബാണം, പാശം, അങ്കുശം ഇവയെ ധരിച്ചിരിക്കുന്നവളും ആയ ത്രിപുരാന്തകൻെറ അഹങ്കാരരൂപിണി ഞങ്ങളുടെ ഹൃദയകമലത്തിൽ പ്രകാശിക്കട്ടെ.

സമയികൾക്കു് മണിപൂരചക്രത്തിൽ പ്രകാശിക്കുന്ന ദേവീരൂപത്തെയാണു് ഇതിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഈ രൂപം മററുള്ള ദേവീരൂപങ്ങളിൽവച്ചു് ഉത്തമമാകുന്നു. പരദേവതയ്ക്കു്, സ്ഥൂലമെന്നും സൂക്ഷ്മമെന്നും പരമെന്നും ഉപാസ്തിയോഗ്യങ്ങളായി മൂന്നു രൂപങ്ങൾ ഉണ്ടു്. അതിൽ സ്ഥൂലം കരചരണാദ്യവയവങ്ങളോടുകൂടിയതും മന്ത്രസിദ്ധന്മാർ ദർശിക്കുന്നതിനും സ്പർശിക്കുന്നതിനും സാദ്ധ്യമായിട്ടുള്ളതും രഹസ്യനാമസാഹസ്രത്തിൽ "ചമ്പകാശോകപുന്നാഗസൗഗന്ധികലസൽകചാ" എന്ന 13-ാമത്തെ നാമം മുതൽ "ശിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജാ" എന്ന 46-ാമത്തെ നാമംവരെ 33 നാമങ്ങളെക്കൊണ്ടു് വർണ്ണിക്കുന്നതും, സൂക്ഷ്മം, മന്ത്രാത്മകമായുള്ളതും പുണ്യവാന്മാർ ശ്രവിക്കുന്നതിനും ഉച്ചരിക്കുന്നതിനും സാദ്ധ്യമായുള്ളതും "ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ" എന്നു തുടങ്ങി 4 നാമങ്ങൾകൊണ്ടു് വർണ്ണിക്കപ്പെടുന്നതും, പരം പുണ്യവാന്മാർ ധ്യാനിക്കുന്നതിനു് മാത്രം സാദ്ധ്യമായി വാസനാത്മകമായി ഇരിക്കുന്ന "മൂലാധാരൈകനിലയാ" എന്നു തുടങ്ങി "ബിസതന്തുതനീയസീ"വരെ 13 നാമങ്ങൾകൊണ്ടു വർണ്ണിക്കുന്ന കുണ്ഡലിനിയും ആകുന്നു. ഇതിൽ ആദ്യത്തേതായ സ്ഥൂലരൂപത്തെയാണു് ഈ ശ്ലോകംകൊണ്ടു് പറയുന്നതു്.

ശ്രീദേവിയുടെ ആയുധങ്ങളും സ്ഥൂലം, സൂക്ഷ്മം, പരം എന്നു് മൂന്നുവിധമുണ്ടു്. അതിൽ സ്ഥൂലം,വണ്ടിനങ്ങൾ ഞാണായി എടുത്തു താഴത്തെക്കയ്യിൽ ധരിച്ചിരിക്കുന്ന കരിമ്പുവില്ലും വലത്തു താഴത്തെ

ക്കയ്യിൽ ഉള്ള കമലം രക്തകൈരവം കൽഹാരം ഇന്ദീവരം സഹകാരം എന്ന അഞ്ചു പുഷ്പബാണങ്ങളും, മുകളിൽ ഇടത്തുകയ്യിൽ പവിഴക്കൊടിപോലെ ഉള്ള പാശവും വലത്തുകയ്യിൽ ചന്ദ്രക്കല പോലെ ശോഭിക്കുന്ന അങ്കുശവും ആകുന്നു. സൂക്ഷ്മം, ധനുസ്സ്, ഥം, ബാണങ്ങൾ, ദ്രാം, ദ്രീം, ക്ലീം, ബ്ളൂംസഃ, പാശം, ഹ്രീം, അങ്കുശം, ക്രോം എന്ന മന്ത്രമയങ്ങളും പരം, ധനുസ്സ് മനസ്സ് ബാണങ്ങൾ ശബ്ദസ്പർശരൂപരസഗന്ധങ്ങൾ രാഗം പാശം ക്രോധം അങ്കുശം എന്ന വാസനാമയങ്ങളുമാകുന്നു.

ഈ യന്ത്രം തങ്കത്തകിടിലെഴുതി പൂജിച്ച് 45 ദിവസം ഈ ശ്ലോകം 1000, ഉരു വീതം ജപിച്ച് ശിരസ്സിൽ ധരിക്കുക. ഭസ്മം ജപിച്ച് ധരിക്കുകയും ചെയ്യാം. ശത്രുജയം. നൈവേദ്യം പായസം.




സുധാസിന്ധോർമദ്ധ്യേ സുരവിടപിവാടീപരിവൃതേ
മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ ।
ശിവാകാരേ മഞ്ചേ പരമശിവപര്യ്യങ്കനിലയാം
ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം ॥ 8

സുധാസിന്ധോർമദ്ധ്യേ = അമൃതസമുദ്രത്തിന്റെ നടുവിൽ
സുരവിടപിവാടീപരിവൃതേ മണിദ്വീപേ = കൽപകവൃക്ഷോദ്യാനത്താൽ ചുററപ്പെട്ട രത്നദ്വീപിൽ
നീപോപവനവതി ചിന്താമണിഗൃഹേ = കടമ്പുവൃക്ഷങ്ങൾകൊണ്ടുള്ള ആരാമത്തോട്ടുകൂടിയ ചിന്താമണിഗൃഹത്തിൽ
ശിവാകാരേ മഞ്ചേ = ബ്രഹ്മവിഷ്ണുരുദ്രേശ്വരന്മാർ നാലു കാലുകളായും സദാശിവൻ പലകയായുമുള്ള മഞ്ചത്തിൽ
പരമശിവപര്യ്യങ്കനിലയാം = പരമശിവനാകുന്ന മെത്തയിൽ സ്ഥിതിചെയ്യുന്നവളായ,
ഭജന്തി = ഭജിക്കുന്നു
ത്വാം ധന്യാഃ കതിചന = നിന്തിരുവടിയെ ചില പുണ്യവാന്മാർ
ചിദാനന്ദലഹരീം = ജ്ഞാനാനന്ദപ്രവാഹരൂപിണിയായ.

അല്ലയോ മഹാദേവി! അമൃതസമുദ്രത്തിന്റെ നടുവിൽ കല്പവൃക്ഷോദ്യാനത്താൽ ചുററപ്പെട്ട രത്നദ്വീപിൽ കടമ്പുവൃക്ഷങ്ങൾ കൊണ്ടുള്ള ആരാമത്തോട്ടുകൂടിയ ചിന്താമണിഗൃഹത്തിൽ ബ്രഹ്മവിഷ്ണുരുദ്രേശ്വരന്മാർ ആഗ്നേയാദി നാലു കോണുകളിൽ മുകളിലും

താഴെയും സ്തംഭരൂപമായും മദ്ധ്യേപുരുഷരൂപമായും നാലുകാലുകളായിരിക്കുന്നതും ഉപരിഭാഗത്തിൽ സദാശിവൻ പലകയായി തീൎന്നിരിക്കുന്നതുമായ മഞ്ചത്തിൽ പരമശിവനാകുന്ന മെത്തയിൻ സ്ഥിതിചെയ്യുന്ന ജ്ഞാനാനന്ദപ്രവാഹരൂപിണിയായ നിന്തിരുവടിയെ ചില പുണ്യവാന്മാർ ഭജിക്കുന്നു.

ഈ ശ്ലോകത്തിൻെറയും 'മഹീം മൂലാധാരേ' എന്നഇതിനടുത്ത ശ്ലോകത്തിൻെറയും താല്പൎയ്യം ഒന്നുതന്നെ. സമയാചാരപാരംഗതനായ സ്തോത്രകൎത്താവ് സമയരൂപയായ ഭഗവതിയെ ഈ ശ്ലോകം കൊണ്ടു സ്തുതിക്കുന്നു. സമയാചാരം ആന്തരപൂജാരീതിയും കുലാചാരം ബാഹ്യപൂജാരീതിയുമാണ്. ശ്രീചക്രത്തിനു വിയൽപൂജ്യത്വംനിമിത്തം വിയൽചക്രമെന്നും പേരുണ്ടു്. വിയൽപൂജ്യത്വം ബാഹ്യാകാശജമെന്നും ദഹരാകാശജമെന്നും രണ്ടുവിധമുണ്ടു്. ബാഹ്യാകാശജമെന്നാൽ ബാഹ്യാകാശത്തിൽ സുവൎണ്ണരജതാദികളിൽ ശ്രീചക്രം വരച്ച് ആരാധിക്കുന്നതാകുന്നു. ഇതിനുതന്നെയാണ് കൗളപൂജ എന്നു പറയുന്നതു്. ദഹരാകാശജമെന്നാൽ ഹൃദയാകാശത്തിൽ ചെയ്യുന്ന ചക്രപൂജയാണ്. ഇതുതന്നെ സമയപൂജാ. നവത്രികോണാത്മകമായ ശ്രീചക്രത്തിൽ താഴെയുള്ള ശിവാത്മകമായ നാലു ത്രികോണങ്ങൾക്കു മുകളിലും, മുകളിലുള്ള ശക്ത്യാത്മകമായ അഞ്ചു ത്രികോണങ്ങൾക്കു താഴെയും ഉള്ള ബിന്ദുസ്ഥാനത്തെയാണ് ഇവിടെ സുധാസിന്ധു എന്നു പറയുന്നതു്. മേൽപ്പറഞ്ഞ ശക്ത്യാത്മകമായ അഞ്ചു ത്രികോണത്തെ കല്പകവൃക്ഷമെന്നും പറയുന്നു.

ശ്രീചക്രത്തെ ഹൃദയകമലത്തിൽ ധ്യാനിച്ചു പൂജിച്ചാൽ "കചണൽകാഞ്ചീ" "സുധാസിന്ധോ" ഈ ശ്ലോകങ്ങളിൽ പ്രതിപാദിക്കുന്ന രൂപത്തോടുകൂടി സദ്യഃപ്രസാദിനിയായ ദേവി വേഗത്തിൽ പ്രത്യക്ഷപ്പെടുന്നതാകുന്നു. മഹാത്രിപുരസുന്ദരിയുടെ ഈ സ്ഥൂലരൂപം ഹൃദയകമലത്തിൽ ധ്യാനിക്കേണ്ടതാണ്. പരമശിവപൎയ്യങ്കനിലയാം എന്നതിനു പരമശിവൻെറ പൎയ്യങ്കത്തിൽ എന്നും അൎത്ഥമുള്ളതുകൊണ്ടു് അകാര ഉകാര മകാര നാദബിന്ദ്വാത്മകമായ പ്രണവത്തിൽ പരമശിവനോടു് ഐക്യമായി സ്ഥിതിചെയ്യുന്നവൾ എന്നും താല്പൎയ്യം. പ്രണവത്തിൽ അകാര ഉകാര മകാരങ്ങൾ ബ്രഹ്മവിഷ്ണുരുദ്രാത്മകങ്ങളും ബിന്ദു സദാശിവാത്മകവും നാദം പരാശക്ത്യാത്മകവുമാകുന്നു. ബിന്ദുവിൽ നാദം ഇരിക്കുന്നു എന്നുള്ളതു് നമുക്ക് അനുഭവസിദ്ധമായി ഇരിക്കുന്നതുപോലെ സദാശിവനിൽ ദേവി ഐക്യമായി ഇരിക്കുന്നുവെന്നു താല്പൎയ്യം.




ഈ യന്ത്രം രക്തചന്ദനത്തിൽ എഴുതി ഈ ശ്ലോകം ചൊല്ലി 12 ദിനം 1200 ഉരു വീതം ജപിച്ച് ധരിക്കുക. കാരാഗൃഹനിവൃത്തി. സകലകാര്യപ്രദം. നിവേദ്യം നല്ലമുളക്.

മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം
സ്ഥിതം സ്വാധിഷ്ഠാനേ ഹൃദി മരുതമാകാശമുപരി ।
മനോപി ഭ്രൂമദ്ധ്യേ സകലമപി ഭിത്വാ കുലപഥം
സഹസ്രാരേ പത്മേ സഹ രഹസി പത്യാ വിഹരസേ ॥ 9

| | | |
|---|---|---|
| മഹീം | = | പൃഥിവീതത്വത്തെയും |
| മൂലാധാരേ | = | സർവ്വാധാരഭൂതമായ മൂലാധാരചക്രത്തിൽ |
| കമപി | = | ജലതത്വത്തെയും |
| മണിപൂരേ | = | മണിപൂരചക്രത്തിൽ |
| ഹുതവഹം | = | അഗ്നിതത്വത്തെയും |
| സ്ഥിതം | = | ഇരിക്കുന്ന |
| സ്വാധിഷ്ഠാനേ | = | സ്വാധിഷ്ഠാനചക്രത്തിൽ |
| ഹൃദി | = | ഹൃദയാകാശത്തിലുള്ള അനാഹതചക്രത്തിൽ |
| മരുതം | = | വായുതത്വത്തെയും |
| ആകാശം | = | ആകാശതത്വത്തെയും |
| ഉപരി | = | വിശുദ്ധിചക്രത്തിൽ |
| മനോപി | = | മനസ്തത്വത്തെയും |
| ഭ്രൂമദ്ധ്യേ | = | ആജ്ഞാചക്രത്തിൽ |
| സകലമപി | = | സമസ്തമായ |
| ഭിത്വാ | = | ഭേദിച്ചിട്ട് |
| കുലപഥം | = | സുഷുമ്നാമാർഗ്ഗത്തെ |
| സഹസ്രാരേ പത്മേ | = | ആയിരം ഇതളുള്ള താമരപ്പൂവിൽ |
| സഹ | = | കൂടി |
| രഹസി | = | വിജനത്തിൽ |
| പത്യാ | = | ഭർത്താവിനോട് |
| വിഹരസേ | = | കളിക്കുന്നു. |

അല്ലയോ സമയയെന്ന ചന്ദ്രകലാശക്തിരൂപിണി! നിന്തിരുവടി സർവ്വാധാരഭൂതമായ മൂലാധാരചക്രത്തിൽ പൃഥിവീതത്വത്തെയും മണിപൂരചക്രത്തിൽ ജലതത്വത്തെയും സ്വാധിഷ്ഠാനചക്രത്തിൽ അഗ്നിതത്വത്തെയും അനാഹതചക്രത്തിൽ വായുതത്വത്തെയും അതിനുമുകളിൽ വിശുദ്ധിചക്രത്തിൽ ആകാശതത്വത്തെയും ഭ്രൂമദ്ധ്യത്തിലുള്ള ആജ്ഞാചക്രത്തിൽ മനസ്തത്വത്തെയും ഇങ്ങനെ സുഷുമ്നാമാർഗ്ഗത്തെ മുഴുവനും ഭേദിച്ചു (കിഴിച്ചുംകൊണ്ടുപോയി) സഹസ്രാരപത്മത്തിൽ വിജനത്തിൽ പതിയായ സദാശിവനോടു കൂടി ക്രീഡിക്കുന്നു.

കുണ്ഡലിനീശക്തി ഷഡാധാരങ്ങളേയും 25 തത്വങ്ങളേയും കടന്നു സഹസ്രദളകമലത്തിൽച്ചെന്നു പതിയായ പരമശിവനോടു കൂടി ക്രീഡിക്കുന്ന അവസ്ഥയെയാണു് ഈ ശ്ലോകംകൊണ്ടു പറയുന്നതു്.

ബ്രഹ്മാണ്ഡവും അല്ലെങ്കിൽ ഈ കാണുന്ന പ്രപഞ്ചവും, പിണ്ഡാണ്ഡവും അതായതു് ഈ ശരീരവുംതമ്മിൽ സമഷ്ടിയെന്നും വ്യഷ്ടിയെന്നും ഉള്ള വ്യത്യാസമല്ലാതെ മററു യാതൊരു ഭേദവുമില്ല. ബ്രഹ്മാണ്ഡത്തിലുള്ള സമസ്തശക്തികളും പിണ്ഡാണ്ഡത്തിലും അന്തർഭവിച്ചിട്ടുണ്ടു്. ബ്രഹ്മാണ്ഡവും പിണ്ഡാണ്ഡവും ഒന്നുപോലെ പഞ്ചവിംശതിതത്വാത്മകങ്ങളുമാകുന്നു. പഞ്ചവിംശതിതത്വങ്ങൾ —പൃഥിവി, ജലം, അഗ്നി, വായു, ആകാശം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, ത്വക്, ചക്ഷുസ്സ്, ശ്രോത്രം, ജിഹ്വ, ഘ്രാണം, വാക്, പാണി, പാദം, പായു, ഉപസ്ഥം, മനസ്സ്, മായാ, ശുദ്ധ, വിദ്യാ, മഹേശ്വരൻ, സദാശിവൻ ഇവയാകുന്നു. മായാ മഹേശ്വരനോടുചേർന്നു വ്യഷ്ടിജീവനായും ശുദ്ധവിദ്യ സദാശിവനോടുചേർന്നു സാദാഖ്യകലയായും തീരുന്നു. പിണ്ഡാണ്ഡത്തിൽ സ്ഥിതിചെയ്യുന്ന ജീവൻെറ ശക്തിക്കു് (അതായതു് നമ്മുടെ ജീവൻെറ ശക്തിക്കു്) കുണ്ഡലിനിശക്തിയെന്നും സമഷ്ടിജീവനായ പരമശിവൻെറ ശക്തിക്കു് ത്രിപുരസുന്ദരിയെന്നും പറയുന്നു. ബ്രഹ്മാണ്ഡത്തിൽ നടക്കുന്ന സമസ്തകാര്യങ്ങൾക്കും ത്രിപുരസുന്ദരി എപ്രകാരം ആശ്രയസ്ഥാനമായി ഇരിക്കുന്നുവോ അതുപോലെതന്നെ നമ്മുടെ ശരീരത്തിൽ നടക്കുന്ന സകല വ്യാപാരങ്ങൾക്കും കുണ്ഡലിനി ആധാരഭൂതയായി ഇരിക്കുന്നു. പരമശിവൻ ത്രിപുരസുന്ദരിയോടുകൂടാഞ്ഞാൽ ഒന്നിളകുന്നതിനുപോലും എങ്ങനെ അസമർത്ഥനായി ഭവിക്കുന്നുവോ അതുപോലെ കുണ്ഡലിനിയോടുകൂടാഞ്ഞാൽ നമ്മുടെ ജീവനും ശവപ്രായമായിത്തീരുന്നു. നമ്മുടെ മുഴുവൻശരീരത്തേയും ചേഷ്ടിപ്പിക്കുന്നതു പ്രാണനാണെന്നു അനുഭവമാണല്ലോ പ്രാണൻ എന്നു പറയുന്നതു് ശ്വാസകോശത്തെ ചലിപ്പിക്കുന്നതും

മാംസലീനമായുള്ളതും കുണ്ഡലിനിയുടെ അംശവുമായ ഒരു ശക്തിയാകുന്നു. ഈ പ്രാണൻ സിരകൾവഴിയായി വ്യാപിച്ച് സകല ശരീരത്തേയും ചലിപ്പിച്ചുകൊണ്ടിരിക്കുന്നു ഈ ചലനത്തിന്ന് ശ്വാസോച്ഛ്വാസത്തോട് ഒരു സംബന്ധമുണ്ടെങ്കിലും ശ്വാസോച്ഛ്വാസംകൊണ്ടല്ല ഈ ചലനമുണ്ടാകുന്നതെന്നു മാത്രമല്ലാ ഈ ചലനംകൊണ്ടാകുന്നു ശ്വാസോച്ഛ്വാസവുമുണ്ടാകുന്നത്. ഈ ചലനം പീച്ചാംകുഴലിന്റെ ആകർഷണംപോലെ വായുവിനെ ഉള്ളിലേയ്ക്കു വലിക്കുന്നു. ഈ പ്രാണൻ ഇടവിടാതെ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഒരു നിയാമകശക്തിയാണ്. ഈ പ്രാണനെ അറിയുകയും നിയമനം ചെയ്യുകയുംചെയ്യുന്നവൻ ജിതപ്രാണനായി, യോഗി പ്രാണായാമംചെയ്തു മനസ്സിനെയും ചേഷ്ടിപ്പിക്കുന്ന ഈ പ്രാണനെ സ്വാധീനപ്പെടുത്തി സിദ്ധനായിത്തീരുന്നു. സൂക്ഷ്മത്തിൽ പ്രാണനും മനസ്സും ഒന്നുംതന്നെയാണ്. എന്നാൽ നമുക്ക് ഇപ്പോൾ ആവശ്യമായിവന്നിരിക്കുന്നതു മേൽപ്പറഞ്ഞ പ്രാണചലനത്തെ നിരുത്തേണ്ടതാകുന്നു. (സ്വയമേ നില്ക്കുന്നതു മരണമാണ്.) അതിനു മനസ്സിന്റെ ഏകാഗ്രത ഒന്നല്ലാതെ വേറേ യാതൊരു മാർഗ്ഗവുമില്ല.

വൈദ്യുതശക്തിയെ നമുക്കു കേട്ടും കണ്ടും അറിയാമല്ലോ. അതിന്റെ സൂക്ഷ്മതത്വം അറിഞ്ഞുകൂടാ എങ്കിലും അറിയപ്പെട്ടിടത്തോളം അതും ഒരു സർവ്വവ്യാപിയായ ചലനംതന്നെ. ആ ചലനത്തെയെല്ലാം ആകർഷിച്ചു ഒരു വഴിക്കായി വിടുമ്പോൾ അതു വിദ്യുച്ഛക്തിയായി ക്രിയാകാരണമായി ഭവിക്കുന്നു. അതുപോലെതന്നെ നമ്മുടെ ശരീരംമുഴുവനുമുള്ള ചലനത്തെ അതായതു (മനോവിചാരങ്ങളെയെല്ലാം) വൈദ്യുതകോശസദൃശമായ(ബാററി) നിരന്തരാഭ്യാസത്താലുള്ള ഏകാഗ്രതകൊണ്ടു ഏകീകരിച്ച് സുഷുമ്നാമദ്ധ്യത്തിൽക്കൂടി കടത്തിവിടുന്നപക്ഷം അതു ചിച്ഛക്തിരൂപേണ ആത്മസാക്ഷാല്ക്കാരകാരണമായി ഭവിക്കുന്നു. ഈ ഏകാഗ്രത ജിതേന്ദ്രിയത്വംകൊണ്ടും മനോമയിയായ ദേവിയുടെ ധ്യാനരൂപമായ ആരാധനംകൊണ്ടും സിദ്ധിക്കേണ്ടതാകുന്നു.

ഈ ശരീരയന്ത്രം 72000 ഉപനാഡികളെക്കൊണ്ടും സുഷുമ്നയുടെ മൂലഭാഗത്തിൽ ഘടിപ്പിച്ചിരിക്കുന്ന നവദ്വാരരൂപങ്ങളായ ശ്രോത്രാദി ഇന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുന്നതിനു കാരണഭൂതങ്ങളായ 9 നാഡികളെക്കൊണ്ടും ഷഡാധാരങ്ങളെക്കൊണ്ടും മസ്തിഷ്കത്തെക്കൊണ്ടുമാണു ഉണ്ടാക്കിയിരിക്കുന്നത്. എന്നാൽ ഈ നാഡികൾക്കു ശരീരകാര്യങ്ങളെ നടത്തുന്നതിനുള്ള സാമർത്ഥ്യമില്ല. ഈ നാഡികളിൽക്കൂടി അനവരതം ഗതാഗതംചെയ്യുന്ന ശക്തികൾക്കാകുന്നു ആ കാര്യനിർവ്വഹണസാമർത്ഥ്യം. നാഡീമാർഗ്ഗങ്ങളിൽക്കൂടി

സഞ്ചരിക്കുന്ന ശക്തികളാൽത്തന്നെയാണശരീരത്തിലെ സമസ്തകാര്യങ്ങളും നടത്തപ്പെട്ടുപോരുന്നതു്. ഉപനാഡികളിൽക്കൂടി പ്രവഹിക്കുന്ന ശക്തികൾക്കു മൂലസ്ഥാനം ഷഡാധാരങ്ങളാകുന്നു. അക്ഷയശക്തിസമൂഹത്തോടുകൂടിയ ആ ആധാരചക്രങ്ങളിൽനിന്നാണ ശരീരംമുഴുവനും വ്യാപിച്ചിരിക്കുന്ന ഉപനാഡികൾക്കു എടവിടാതെയുള്ള ശക്തിധാരാപ്രവാഹം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ ഉപനാഡികൾ ഷഡാധാരങ്ങളാകുന്ന നാഡീപടലങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ദേഹത്തിലുള്ള സകല യന്ത്രങ്ങൾക്കും സ്വസ്വകാര്യനിർവ്വഹണസാമത്ഥ്യം ഈ ഷഡാധാരങ്ങളിൽനിന്നുതന്നെയാണ ഉണ്ടാകുന്നതു്. ബ്രഹ്മാണ്ഡത്തിലും പിണ്ഡാണ്ഡത്തിലും അന്തർഭവിച്ചിരിക്കുന്ന ശക്തികളെല്ലാം ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി എന്നു മൂന്നുവിധത്തിലാണു്. നാം ഭക്ഷിക്കുന്ന ഭക്ഷണസാധനങ്ങളെ നമ്മുടെ അറിവും ഉത്സാഹവുംകൂടാതെതന്നെ രക്തമാക്കിയും മാംസമാക്കിയും മലമൂത്രാദികളാക്കിയും ചെയ്യുന്ന ശക്തിയെ ശരീരത്തിലുള്ള ക്രിയാശക്തിയെന്നും, യാതൊരു ശക്തിയുടെ വ്യാപാരത്താൽ ഈ പ്രപഞ്ചമെല്ലാം ഉത്ഭവിച്ചുവോ ആ ശക്തിയെ ബ്രഹ്മാണ്ഡത്തിലുള്ള ക്രിയാശക്തിയെന്നും, നാം നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾകൊണ്ടു് അവയുടെ വിഷയങ്ങളെ ഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന ജ്ഞാനത്തെ ദേഹസംബന്ധമായ ജ്ഞാനശക്തിയെന്നും, കർമ്മബന്ധങ്ങളെയും സംസാരബന്ധങ്ങളെയും നശിപ്പിക്കുന്ന ആ മഹാജ്ഞാനരൂപശക്തിക്കു പ്രപഞ്ചജ്ഞാനശക്തിയെന്നും അതുപോലെതന്നെ നമ്മുടെ ഇച്ഛപോലെ കർത്തവ്യാകർത്തവ്യങ്ങളെ ചെയ്യുന്ന ശക്തിക്കും സൂര്യചന്ദ്രന്മാരെ രോധിച്ചുനിറുത്തുക, സമുദ്രത്തെ സ്തംഭിപ്പിക്കുക മുതലായവയെ ചെയ്യുന്ന ഉപാസകൻെറ ഇച്ഛയ്ക്കും ദേഹപ്രപഞ്ചേച്ഛാശക്തികൾ എന്നും പറയുന്നു. പിണ്ഡാണ്ഡത്തെയും ബ്രഹ്മാണ്ഡത്തെയും ചേഷ്ടിപ്പിക്കുന്നതെല്ലാം ഈ മൂന്നു ശക്തികൾതന്നെയാണു്. ഈ മൂന്നു ശക്തികളുടെയും ആധാരഭൂമിയാണു് കുണ്ഡലിനീശക്തി. കുണ്ഡലിനി ജീവസാമത്ഥ്യവും ജീവശക്തിയുമാകുന്നു.

ഗുദലിംഗമദ്ധ്യത്തിൽ വ മുതൽ സ വരെ നാലു് അക്ഷരങ്ങൾ ചേൎന്ന നാലു ദളങ്ങളോടുകൂടി മൂലാധാരവും, ലിംഗസ്ഥാനത്തിൽ ബ മുതൽ ല വരെ ആറു് അക്ഷരങ്ങൾചേൎന്ന ആറുദളങ്ങളോടുകൂടി സ്വാധിഷ്ഠാനവും, നാഭിയിൽ ഡ മുതൽ ഫ വരെ പത്തു് അക്ഷരങ്ങൾചേൎന്ന പത്തുദളങ്ങളോടുകൂടി മണിപൂരവും, ഹൃദയത്തിൽ ക മുതൽ ഠ വരെ പന്ത്രണ്ടക്ഷരങ്ങൾചേൎന്ന പന്ത്രണ്ടുദളങ്ങളോടുകൂടി അനാഹതവും, കണ്ഠത്തിൽ അ മുതൽ അഃ വരെ പതിനാറു സ്വരങ്ങൾചേൎന്ന പതിനാറുദളങ്ങളോടുകൂടി വിശുദ്ധിയും, ഭ്രൂമദ്ധ്യ

ത്തിൽ ഹ, ക്ഷ എന്ന രണ്ടു് അക്ഷരങ്ങൾചേൎന്ന രണ്ടു്ദളത്തോടുകൂടി ആജ്ഞയും സ്ഥിതിചെയ്യുന്നു. ഇവയെ ആകുന്നു ഷഡാധാരപത്മങ്ങളെന്നും ഷഡാധാരചക്രങ്ങളെന്നും പറയുന്നതു്. ഇതിന്റെയെല്ലാം മുകളിൽ ശിരസ്സിലാകുന്നു സഹസ്രാരം എന്നു പറയപ്പെട്ടുന്നതും സൎവ്വാക്ഷരങ്ങളോടുകൂടിയതും ആയിരം ദളങ്ങളുള്ളതുമായ സഹസ്രദളകമലം

യോഗിയുടെ മതപ്രകാരം മുതുകിലുള്ള തണ്ടെല്ലിന്റെ ഇടത്തുഭാഗത്തിൽ ഇഡ എന്ന നാഡിയും വലത്തുഭാഗത്തു പിംഗല എന്ന നാഡിയും മദ്ധ്യത്തിൽ ഉള്ളിൽ സൂക്ഷ്മദ്വാരത്തോടുകൂടി മൂലാധാരം മുതൽ ബ്രഹ്മരന്ധ്റംവരെ വ്യാപിച്ചു് സുഷുമ്ന എന്ന നാഡിയും അവസ്ഥിതിചെയ്യുന്നു. ഈ സുഷുമ്നയിലാണു് ഷഡാധാരങ്ങളും കോൎക്കപ്പെട്ടിരിക്കുന്നതു്. ഇതിന്റെ താഴത്തെ അററം തന്നെ കുണ്ഡലിനീശക്തിയുടെ വാസസ്ഥലമായ മൂലാധാരം. ആ ശക്തി അവിടെ സൎപ്പാകാരമായി മൂന്നരച്ചുററിൽ വളഞ്ഞുകൂടി ഉറങ്ങുന്നു. അതു ഉണരുമ്പോൾ സുഷുമ്നാന്തർദ്വാരത്തിൽക്കൂടി ബലാൽ കടന്നുപോകാൻ ശ്രമിക്കുകയും മനസ്സിന്റെ അട്ടുകകൾ ഓരോന്നായി തുറക്കപ്പെടുകയും അപ്പോൾ പലവിധത്തിലുള്ള അത്ഭുതദൎശനങ്ങളും സിദ്ധികളും ഉണ്ടാകുകയും ചെയ്യുന്നു. അതു പൃഥിവ്യാദിതത്വങ്ങളുടെ ആവാസഭൂമികളായ മൂലാധാരാദിഷഡാധാരങ്ങളെയും കടന്നു (മസ്തിഷ്കത്തിൽ) അതായതു് സഹസ്രദളകമലത്തിൽ എത്തുമ്പോൾ സാധകനു ഈ ശരീരത്തോടും മനസ്സിനോടുമുള്ള ബന്ധം അശേഷം വേർപെട്ടുപോയി എന്നും താൻ മുക്തനായിരിക്കുന്നു എന്നുമുള്ള പ്രത്യക്ഷാനുഭവമുണ്ടാകുന്നു. (അതുതന്നെ അതിന്റെ മുക്താവസ്ഥയെ കാണുന്നു.) മസ്തിഷ്കത്തെക്കുറിച്ചു മേൽ വിവരിക്കാം. തണ്ടെല്ലിന്റെ സിരാപാശം ഒരു വിശേഷരീതിയിലാണു രചിക്കപ്പെട്ടിരിക്കുന്നതു്. ഇടത്തും വലത്തും തൊട്ടു രണ്ടു പൂജ്യങ്ങൾ (00) ഇട്ടു ഇതിനെ മേന്മേലായി അടുക്കിവയ്ക്കുമ്പോൾ അതു ഈ സിരാപാശംപോലെ ആകും. ഇടത്തു് ഇഡ, വലത്തു പിംഗല, മദ്ധ്യേ സൂക്ഷ്മദ്വാരത്തോടുചേൎന്ന സുഷുമ്ന. ഈ സിരാപാശം കടിപ്രദേശത്തുള്ള തണ്ടെല്ലിന്റെ ഘടകാസ്ഥികളിൽ ചെന്നു് അവിടെനിന്നും അതിസൂക്ഷ്മദ്വാരത്തോടുകൂടി ഒരു സൂക്ഷ്മതന്തുരൂപേണ കീഴ്പ്പോട്ടു പോയി ഗുഹ്യസിരാഗ്രന്ഥി എന്ന സ്ഥാനത്തിനടുത്ത അടിയിലത്തെഅററത്തു അവസാനിക്കുന്നു. ഇതുതന്നെ മൂലാധാരം; ഇതു ത്രികോണരൂപമാകുന്നു. പുതിയ ശരീരശാസ്ത്രമനുസരിച്ചും ഈ സ്ഥാനം ത്രികോണാകൃതിതന്നെ.

ഈ തണ്ടെല്ലിലെ സിരാപാശം മേൽപ്പോട്ടുചെന്നു മസ്തിഷ്കത്തിന്റെ ഉള്ളിലുള്ള ഒരുവക നീരിൽ തലയോട്ടിയോടു സംബന്ധി

ക്കാതെ പൊങ്ങിക്കിടക്കുന്ന മജ്ജാമയമായ കന്ദത്തിൽ ലയിച്ചിരിക്കുന്നു. സുഷുമ്നയുടെ മൂലഭാഗത്തിൽ ഘടിപ്പിച്ചിരിക്കുന്നവയും ചക്ഷുരാദിഇന്ദ്രിയങ്ങളെ ചേഷ്ടിപ്പിക്കുന്നതിനു ഹേതുഭൂതങ്ങളുമായ നാഡികളുടെ ലയസ്ഥാനവും ഈ മസ്തിഷ്കംതന്നെ ആകുന്നു.

ആറു ചക്രങ്ങൾക്കും മുകളിൽ മൂർദ്ധാവിൻെറ പിൻഭാഗത്തിൽ മസ്തിഷ്കം (തലച്ചോറ്) എന്നൊരു വസ്തുവുണ്ട്. നമ്മുടെ ചക്ഷുഃശ്രോത്രാദികളിൽനിന്നു ചെറിയ നാഡികൾ ഈ മസ്തിഷ്കത്തിൽ ചെന്നു ലയിച്ചിരിക്കുന്നു എന്നു പറഞ്ഞുവല്ലോ. "ചക്ഷുർഗ്ഗോള"ത്തോടു സംബദ്ധങ്ങളായിരിക്കുന്ന നാഡികളുടെ വിശ്രാമപ്രദേശത്തിനു ചക്ഷുരിന്ദ്രിയകേന്ദ്രമെന്നും ശ്രോത്രേന്ദ്രിയനാഡികളുടെ വിശ്രാമഭൂമിക്കു ശ്രോത്രേന്ദ്രിയകേന്ദ്രമെന്നും രസനാദി ഇന്ദ്രിയങ്ങളുടെ അവസാനഭൂമിക്കു രസനേന്ദ്രിയാദികേന്ദ്രമെന്നും പേർ. ഈ കേന്ദ്രങ്ങൾതന്നെയാണു വാസ്തവികങ്ങളായ ഇന്ദ്രിയങ്ങൾ. ഈ കേന്ദ്രങ്ങൾക്കു കേടുതട്ടിയാൽ മനുഷ്യൻ അന്ധനായോ, ബധിരനായോ തീരുന്നു. ഇപ്രകാരം ജ്ഞാനപ്രകാശകങ്ങളായ നാഡികളുടെയെല്ലാം വിശ്രാമഭൂമി മസ്തിഷ്കമാകുന്നു. പ്രധാന ക്രിയാശക്തികളുടെ ഉദയഭൂമിയും ഈ സ്ഥലംതന്നെ. അതിനാൽ പിണ്ഡാണ്ഡത്തിൽ സ്ഥിതിചെയ്യുന്ന സമസ്തശക്തികളുടെയും നിവാസമന്ദിരം, ഉദയഭൂമി, അഭിവ്യക്തിസ്ഥാനം ഈ മസ്തിഷ്കമാകുന്നു. ഇതുതന്നെ ജ്ഞാനലോകം; ജ്യോതിർമ്മയലോകവും ഇതുതന്നെ.

ഈ പ്രദേശത്തെത്തന്നെയാണു് നമ്മുടെ പൂർവ്വികന്മാരായ മഹായോഗികൾ സഹസ്രദളകമലം എന്നു പറയുന്നതു്. ഈ ജ്ഞാനേന്ദ്രിയകേന്ദ്രങ്ങളെല്ലാം മസ്തിഷ്കത്തിൽ പൃഥക്പൃഥക് സ്ഥാനങ്ങളിലാണു സ്ഥിതിചെയ്യുന്നതെങ്കിലും ഇവയ്ക്കെല്ലാം സാമാന്യമായ ഒരു മദ്ധ്യപ്രദേശമുണ്ടു്. അവിടെ സ്ഥിതിചെയ്യുന്ന ഒരു വസ്തുവോടു് ഇവയെല്ലാം ഒന്നുപോലെ സംബദ്ധങ്ങളാകുന്നു. ചക്ഷുരിന്ദ്രിയകേന്ദ്രങ്ങളുടെ ആഘാതപ്രത്യാഘാതങ്ങളാൽ യാതൊരുവനു ചാക്ഷുഷജ്ഞാനമുണ്ടാകുന്നുവോ, അവനുതന്നെയാണു ശ്രോത്രേന്ദ്രിയാദികേന്ദ്രങ്ങളുടെ ആഘാതാദികളാൽ ശ്രോത്രാദിജ്ഞാനവുമുണ്ടാകുന്നതു്. ഞാൻ കണ്ടു, ഞാൻ കേട്ടു എന്നിങ്ങനെ ഞാൻ—ഞാൻ എന്ന വസ്തു ഈ എല്ലാ ജ്ഞാനങ്ങളോടും സംബന്ധിച്ചിരിക്കുന്നു. അതിനാൽ സമസ്തജ്ഞാനേന്ദ്രിയകേന്ദ്രങ്ങൾക്കും സാമാന്യമായ മദ്ധ്യകേന്ദ്രം ആ ഞാൻ എന്ന വസ്തുവായ ആത്മാവാകുന്നു. ഈ മദ്ധ്യപ്രദേശത്തെത്തന്നെയാണു് മഹായോഗികൾ ബിന്ദുസ്ഥാനം എന്നു പറയുന്നതു്. ഇതുതന്നെ ആത്മാവിൻെറ അധിവാസഭൂമി. മുൻശ്ലോകത്തിൽപ്പറഞ്ഞ സുധാസിന്ധുവും ഇതുതന്നെ. അതി

നാൽ ഇവിടെത്തന്നെയാണ് പരമാത്മസ്വരൂപനായ പരമശിവൻ അധിവസിക്കുന്നതു്. "സഹ രഹസി പത്യാ വിഹരസേ" എന്നു പറഞ്ഞ പതിയും ഈ പരമശിവൻതന്നെയാകുന്നു.

സഹസ്രദളകമലം, ജ്ഞാനപ്രകാശകശക്തികളുടെ നിവാസമന്ദിരമാകകൊണ്ടു് ജ്യോതിർമ്മയലോകമാകയാൽ ചന്ദ്രമണ്ഡലമെന്നും, ഈ ശക്തികളുടെ നിത്യസത്ഭാവം ഇവിടെ ഉള്ളതുകൊണ്ടു് ഇതു കലാക്ഷയവൃദ്ധിഹീനമായ ചന്ദ്രമണ്ഡലമാണെന്നും, സകല ജഗൽസൃഷ്ടിസ്ഥിതിസംഹാരങ്ങളേയും ചെയ്യുന്ന ഇച്ഛാജ്ഞാനക്രിയാശക്തികളുടെ ആദിമനിവാസഭൂമിയാകകൊണ്ടു് യോഗികൾ ഇതിനെ ശ്രീചക്രമെന്നും പറയുന്നു. സർവ്വതത്വാതീതനായി നിരവച്ഛിന്നസ്വപ്രകാശരൂപനായി സർവ്വസാക്ഷിയായി ജഗദ്യോനിയായി പരമശിവരൂപനായി ഇരിക്കുന്ന ആത്മാവിൻെറ അവസ്ഥിതി ഈ കേന്ദ്രങ്ങളുടെ മദ്ധ്യത്തിലായതുകൊണ്ടു് ഇതു ശ്രീചക്രമദ്ധ്യഗതമായ ബിന്ദുസ്ഥാനമാണെന്നും പരമശിവനിവാസസ്ഥാനമാണെന്നും പറയുന്നു. അതിനാൽ സഹസ്രദളകമലത്തിൽ ബിന്ദുസ്ഥാനത്തിൽ ആത്മസ്വരൂപനായ പരമശിവൻ നിവാസത്തെ ചെയ്യുന്നു എന്നു് അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ശ്രീചക്രരൂപേണ വർണ്ണിക്കപ്പെട്ട സഹസ്രദളകമലം സൂക്ഷ്മതരവും ഷഡാധാരങ്ങൾ അതിൻെറ സൂക്ഷ്മമായ അഭിവ്യക്തിയുമാണു്. സഹസ്രദളകമലം പഞ്ചവിംശതിതത്വാത്മകമാകുന്നു. മുൻപറഞ്ഞ 25 തത്വങ്ങളിൽ ശിവാത്മകങ്ങളായ മായ, ശുദ്ധവിദ്യ, ഈശ്വരൻ, സദാശിവൻ ഈ നാലുതത്വങ്ങൾ സദാ സഹസ്രദളകമലത്തിൽത്തന്നെസ്ഥിതിചെയ്യുന്നു. അവശിഷ്ടങ്ങളായ ശക്ത്യാത്മകങ്ങളായ 21 തത്വങ്ങൾ സഹസ്രദളകമലത്തിൻെറ സൂക്ഷ്മാഭിവ്യക്തിയായ ഷഡാധാരചക്രങ്ങളിൽ ക്രമേണ അഭിവ്യക്തങ്ങളായി ഭവിക്കുന്നു. അഭിവ്യക്തിക്രമത്തെ അനുസരിച്ചു് ആജ്ഞാചക്രം മനസ്തത്വാത്മകം, വിശുദ്ധിചക്രം, ആകാശതത്വാത്മകം ഇത്യാദി വ്യവഹരിക്കപ്പെടുന്നു. "മനസ്സ്, അഞ്ചു ജ്ഞാനേന്ദ്രിയങ്ങളുടേയും അഞ്ചു കർമ്മേന്ദ്രിയങ്ങളുടേയും ഉപലക്ഷണമാകുന്നു." സൂക്ഷ്മതരരൂപേണ സഹസ്രദളകമലത്തിൽ അവസ്ഥിതിചെയ്യുന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചു കർമ്മേന്ദ്രിയങ്ങൾ മനസ്സ് പഞ്ചതന്മാത്രകൾ പൃഥിവ്യാദിപഞ്ചഭൂതങ്ങൾ എന്നിങ്ങനെ 21 തത്വങ്ങൾ ആജ്ഞാചക്രാദിമൂലാധാരപര്യന്തമുള്ള ആധാരചക്രങ്ങളിൽ സൂക്ഷ്മരൂപേണ അഭിവ്യക്തങ്ങളായി ഭവിക്കുന്നു. ഷഡാധാരങ്ങളുടെ സ്ഥൂലാഭിവ്യക്തി നാഡീപടലങ്ങളും സ്ഥൂലതരാഭിവ്യക്തി ഈ ശരീരവും ആകുന്നു. സഹസ്രദളകമലം സൂക്ഷ്മതരം, ഷഡാധാരങ്ങൾ

സൂക്ഷ്മങ്ങൾ, നാഡീപടലങ്ങൾ സ്ഥൂലങ്ങൾ, ഈ ദേഹം സ്ഥൂലതരം എന്നിങ്ങനെ അഭിവ്യക്തിക്രമത്തെ അറിഞ്ഞുകൊള്ളണം.

മുൻപറഞ്ഞ ഇച്ഛാജ്ഞാനക്രിയാശക്തികളിൽ ഇച്ഛാശക്തി ജ്ഞാനശക്തിയിൽ അന്തർഭവിച്ചതാകയാൽ പ്രധാനമായി ജ്ഞാനക്രിയാശക്തികളേ ഉള്ളൂ. ഇവയുടെ സഞ്ചാരം ഇഡാ പിംഗലാ എന്ന നാഡീമാർഗ്ഗമായി ആകുന്നു. സഹസ്രദളകമലത്തിൽനിന്നു് അധഃപ്രവഹിക്കുന്നവയും സഹസ്രദളകമലത്തിലേയ്ക്കു് ഊർദ്ധ്വം പ്രവഹിക്കുന്നവയുമായ എല്ലാ ശക്തികളും ഈ രണ്ടു നാഡീമാർഗ്ഗദ്വാരാ പ്രവഹിക്കുന്നു. ഈ ശക്തികൾ സാധാരണജനങ്ങൾക്കു് സുഷുമ്നാമാർഗ്ഗത്തിൽക്കൂടി സഞ്ചാരമില്ല. സാധാരണജനങ്ങളിൽ ഈ സുഷുമ്നാനാഡിയുടെ അന്തർഭാഗത്തുള്ള ദ്വാരം അതിൻെറ അവസാനഭൂമിയായ മൂലാധാരത്തിൽ മൂടപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ദേഹത്തിൽ നടക്കുന്ന അന്നപാകാദിസമസ്തകാര്യങ്ങളും നമ്മുടെ പ്രത്യക്ഷാദിസമസ്തജ്ഞാനങ്ങളും ഇഡാപിംഗലാനാഡികളിൽക്കൂടി സദാ ഊർദ്ധ്വാധോമുഖമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനക്രിയാശക്തിദ്വയങ്ങളാൽ നിർവ്വഹിക്കപ്പെടുന്നതാകുന്നു.

ആജ്ഞാചക്രാദിമൂലാധാരപര്യന്തമുള്ള സുഷുമ്നാമാർഗ്ഗം സോമസൂര്യാനലാത്മകമായി ത്രിഖണ്ഡരൂപേണ വർണ്ണിച്ചിരിക്കുന്നു. മൂലാധാരാദിസ്വാധിഷ്ഠാനപര്യന്തം താമിസ്രലോകമായ ആഗ്നേയഖണ്ഡവും തദുപരി അനാഹതപര്യന്തം മിശ്രലോകമായ സൗരഖണ്ഡവും ഉപരി ആജ്ഞാചക്രപര്യന്തം ജ്യോതിർമ്മയലോകമായ ചന്ദ്രഖണ്ഡവും ആകുന്നു. സ്വാധിഷ്ഠാനചക്രത്തിൻെറ ഉപരിഭാഗത്തു് അഗ്നിയും അനാഹതത്തിൻെറ ഉപരി സൂര്യനും ആജ്ഞാചക്രോപരി ചന്ദ്രനും സ്ഥിതിചെയ്യുന്നു. ഇവർ സ്ഥിതിചെയ്യുന്ന പ്രദേശത്തിനു ക്രമേണ രുദ്രഗ്രന്ഥി എന്നും വിഷ്ണുഗ്രന്ഥിയെന്നും ബ്രഹ്മഗ്രന്ഥിയെന്നും പേർപറയും. ഈ സൂര്യചന്ദ്രന്മാർ സദാ ഇഡാ പിംഗലാ എന്ന നാഡീദ്വാരാ സഞ്ചരിക്കുന്നു. ആ സൂര്യകിരണംതട്ടി ചന്ദ്രമണ്ഡലാന്തർഗ്ഗതമായ അമൃതം ദ്രവിച്ചു് സദാ ആധാരചക്രങ്ങളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ആ അമൃതപാനത്താൽ സംതൃപ്തയായ കുണ്ഡലിനി മൂലാധാരത്തിൽ നിദ്രചെയ്തുകൊണ്ടേ ഇരിക്കുന്നു. ഈ സൂര്യചന്ദ്രന്മാരുടെ ഗതിയെ രോധിച്ചു് അവരെ സ്വസ്ഥാനത്തിൽ സ്ഥാപിച്ചാൽ സൂര്യകിരണസമ്പർക്കാഭാവത്താൽ ചന്ദ്രമണ്ഡലത്തിൽനിന്നു് അമൃതം സ്രവിക്കുകയില്ല. അപ്പോൾ ബുഭുക്ഷിതയായ കുണ്ഡലിനി ഉണർന്നു ഗ്രന്ഥികളെ ഭേദിച്ചു് സുഷുമ്നാമാർഗ്ഗമായി സഹസ്രദളകമലത്തിൽ പ്രവേശിച്ചു് അവിടെയുള്ള

ചന്ദ്രമണ്ഡലത്തെ ദ്രവിപ്പിച്ച് അമൃതവഷംചെയ്തു ദേഹത്തിലുള്ള 72000 നാഡികളേയും സേചനംചെയ്യുന്നു.

"യദാ തൗ ചന്ദ്രാക്കൗ നിജസദനസംരോധനവശാ-
ദശക്തൗ പീയൂഷസ്രവണഹരണേ സാ ച ഭുജഗി ।
പ്രബുദ്ധാ ക്ഷുത്ക്രുദ്ധാ ദശതി ശശിനം ബൈന്ദവഗതം
സുധാധാരാസാരൈഃ സ്നപയസി തനും ബൈന്ദവകലേ" ॥

എന്നു് സുഭഗോദയം.

ജീവൻ പരമശിവൻെറ അംശവും കുണ്ഡലിനി ത്രിപുരസുന്ദരിയുടെ അംശവുമാണു്. ജീവൻ പരമശിവാംശഭൂതനായിരുന്നിട്ടും അനാദ്യവിദ്യാവാസനയാൽ ബദ്ധനായി അസ്വാതന്ത്ര്യനായി സംസാരസാഗരത്തിൽ മജ്ജനംചെയ്യുന്നു. ജീവസവ്സ്വമായി ജീവസാമത്ഥ്യമായി ജീവാഭിന്നമായി ഇരിക്കുന്ന ജ്ഞാനക്രിയാശക്തികളുടെ പ്രകാശം പരാപേക്ഷക്രൂടാതെ ഈ ജീവന്നു് ഉണ്ടാകുന്നില്ല. ആ പ്രകാശം വേണമെങ്കിൽ നാഡികളുടെ സഹായം വേണം ഇതു തന്നെയാണു് ജീവൻെറ അസ്വാതന്ത്ര്യം ഇതിനെ ജീവൻതന്നെ സമ്പാദിച്ചതുമാണു്. ഈ അസ്വാതന്ത്ര്യമോചനംതന്നെ ജീവന്മുക്തി; സംസാരമോചനം; പരമശിവഭാവം ജീവന്നു് ഈ പരമശിവഭാവം ഉണ്ടാകണമെങ്കിൽ ഇഡാപിംഗളാനാഡികളിൽക്കൂടി സഞ്ചരിക്കുന്ന ജ്ഞാനക്രിയാശക്തികളെ രോധിക്കണം. സൂയ്യചന്ദ്രനിരോധവും ഇതുതന്നെയാണു്. കുണ്ഡലിനിയെ ഉണത്തുന്നതിനുള്ള മാഗ്ഗവും ഇതുതന്നെ. യമനിയമാദ്യഷ്ടാംഗയോഗാഭ്യാസത്താൽ ജ്ഞാനക്രിയാശക്തികളെ രോധിക്കാം. തദവസരത്തിൽ കുണ്ഡലിനി ഉണന്നു് ഉൽഗമിക്കുന്ന അവസ്ഥയാണു് ഈ ശ്ലോകം കൊണ്ടു പറയുന്നതു്.

ചക്ഷുരാദിഗോളങ്ങളിൽ രശ്മിദ്വാരാ ബഹിഃസ്ഥങ്ങളായ വിഷയങ്ങളുടെ ആഘാതംനിമിത്തം ഇന്ദ്രിയകേന്ദ്രങ്ങളിലുണ്ടാകുന്ന ആഘാതപ്രത്യാഘാതങ്ങളാൽ നമുക്കു് വിഷയജ്ഞാനമുണ്ടാകുന്നു. ഇവിടെ ആഘാതജനകമായ വസ്തു ബാഹ്യമായ ജഡവിഷയമാണു്. പ്രഥമാഘാതമുണ്ടാകുന്നതും നിസ്സാരങ്ങളായ ബാഹ്യഗോളങ്ങളിൽ തന്നെയാകുന്നു. ഇപ്രകാരമുണ്ടായ ആഘാതംനിമിത്തവും ഈ ലോകം ഇപ്പോൾ അനുഭവിക്കുന്ന ജ്ഞാനോന്നതിയെ പ്രാപിച്ചിരിക്കുന്നു.

ശ്രീമഹാത്രിപുരസുന്ദരിയുടെ അംശഭൂതയായിഭവിച്ച കുണ്ഡലിനീശക്തി-ജീവചൈതന്യം-ചിച്ഛക്തി ഉത്ഥാനംചെയ്തു് സുഷുമ്നയിൽക്കൂടി പ്രവേശിച്ചുതുടങ്ങുമ്പോൾ സമസ്തനാഡികളുടെയും ശക്തിസഞ്ചയാധാരഭൂതങ്ങളായ മൂലാധാരാദി ഷഡാധാരചക്രങ്ങ

ളിൽ സാക്ഷാത്തായി ഉണ്ടാകുന്ന ആഘാതാദികളാൽ സ്ഫുരണം ചെയ്യുന്ന ജ്ഞാനലോകത്തിൻെറ നിസീമമഹിമാവ്-മഹാപ്രകാശം-ഉജ്ജ്വലകാന്തി വാക്കുകൾക്ക് വിഷയമല്ലാത്തതാകുന്നു. ഈ ഷൾചക്രങ്ങളിൽ ഉപരിസ്ഥമായ ചക്രം അധഃസ്ഥചക്രത്തേക്കാൾ സൂക്ഷ്മമാകകൊണ്ട് ക്രമേണ ഉപര്യുപരി കുണ്ഡലിനിശക്തിയുടെ സാക്ഷാത്തായ ആഘാതം ഉണ്ടാകുമ്പോൾ മേല്ക്കുമേൽ അധികതരവും അതിശയതമവും മനോവാചാമഗോചരവുമായ മഹാജ്ഞാനലോകങ്ങളുടെ നിരവച്ഛിന്നപ്രകാശം ഉണ്ടായിത്തുടങ്ങുന്നു. ഇപ്രകാരം ഓരോ ആധാരചക്രങ്ങളിൽ കുണ്ഡലിനി പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ജ്ഞാനഭൂമികാഭേദത്തെ 36-മുതൽ 41-വരെ ശ്ലോകങ്ങളിൽ പ്രസ്താവിക്കുന്നതാണ്. ഈ കുണ്ഡലിനീശക്തി ഇങ്ങനെ ഷൾചക്രങ്ങളേയും ഭേദിച്ച് പഞ്ചവിംശതിതത്വാത്മകമായി സവ്വതത്വാതീതമായി സകല ശക്തികളുടേയും ആദിമനിവാസമന്ദിരമായി പ്രസ്ഫുരജ്ജ്യോതിർമ്മയമായി പരമശിവാവാസസ്ഥാനമായി ഇരിക്കുന്ന സഹസ്രദളകമലത്തിൽ പ്രവേശിച്ച് സവ്വകേന്ദ്രമായിഭവിച്ച് ബിന്ദുസ്ഥാനത്തിൽ സാക്ഷാത്തായി ആഘാതം ചെയ്യുമ്പോൾ ആവിർഭവിക്കുന്ന സവ്വ വാക്കുകളുടേയും സവ്വേന്ദ്രിയങ്ങളുടേയും സവ്വ മനസ്സുകളുടേയും സവ്വ ബുദ്ധികളുടേയും വിഷയങ്ങളെ അതിക്രമിച്ചിരിക്കുന്ന അപാരമായ ജ്ഞാനാനന്ദസമുദ്രത്തിൻെറ കല്ലോലപരമ്പരാലഹരി, നിത്യതൃപ്തന്മാരായി പരമശാന്തന്മാരായി ഇരിക്കുന്ന ത്രിപുരസുന്ദരീഭക്തന്മാക്ക്മാത്രം പ്രത്യക്ഷമാകുന്നു.

"സുധാസിന്ധോർമ്മദ്ധ്യേ" എന്ന ശ്ലോകത്തിലെ സുധാസിന്ധുരൂപമായ ബിന്ദുസ്ഥാനത്തിൽ അധിവസിക്കുന്ന പരമശിവനോടുള്ള ത്രിപുരസുന്ദരീവിഹാരത്തെത്തന്നെയാണ് ഇതിലും വണ്ണിക്കപ്പെട്ടിരിക്കുന്നതു്. "സുധാധാരാസാരൈഃ" എന്ന ശ്ലോകത്തിലും ഈ അവസ്ഥതന്നെ പറയപ്പെടുന്നു.

ഈ ശ്ലോകത്തിൽ വണ്ണിച്ചിരിക്കുന്നതു് അന്തര്യാഗക്രമമാകുന്നു.

ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഈ ശ്ലോകം 1000 ഉരുവീതം 10 ദിവസം ജപിക്കുക. പാൽപ്പായസം നിവേദിക്കുക. ദേശാന്തരം പോയവൻ ശീഘ്രം വരും. ഈ യന്ത്രത്തിൽ വെരുകിൻപുഴുക് പൂരട്ടി ദിവസം 1000 ഉരുവീതം 45 ദിനം ജപിക്കുക. ഈ സാധകംനിമിത്തം അഭ്യാസിക്കു് പഞ്ചഭൂതങ്ങളെ ജയിക്കാം.



സുധാധാരാസാരൈശ്ചരണയുഗളാന്തർവിഗളിതൈഃ
പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ ।
അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമദ്ധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാ സ്വപിഷി കുളകുണ്ഡേ കുഹരിണി॥ 10

| | | |
|---|---|---|
| സുധാധാരാസാരൈഃ | = | അമൃതധാരാപ്രവാഹങ്ങളെക്കൊണ്ടു് |
| ചരണയുഗളാന്തർവി-ഗളിതൈഃ | = | രണ്ടു പാദങ്ങളുടെ മദ്ധ്യത്തിൽനിന്നു് പ്രവഹിക്കുന്ന |
| പ്രപഞ്ചം | = | 72000 നാഡീമാർഗ്ഗങ്ങളേയും |
| സിഞ്ചന്തീ, പുനരപി | = | നനയ്ക്കുന്നവരം, പിന്നേയും |
| രസാമ്നായമഹസഃ | = | അമൃതാധിക്യത്തോടുകൂടിയ കാന്തിയുള്ളതിൽനിന്നു്—അതായതു് ചന്ദ്രമണ്ഡലത്തിൽനിന്നു് |
| അവാപ്യ | = | പ്രാപിച്ചിട്ടു് |
| സ്വാം ഭൂമിം | = | തന്റെ വാസഭൂമിയായ മൂലാധാരചക്രത്തെ |
| ഭുജഗനിഭം | = | സർപ്പാകാരമായി |
| അദ്ധ്യുഷ്ടവലയം | = | മൂന്നരച്ചുറ്റോടുകൂടി മണ്ഡലാകാരമാക്കി |
| സ്വമാത്മാനം | = | തന്റെ രൂപത്തെ |
| കൃത്വാ സ്വപിഷി | = | ചെയ്തിട്ടു് ഉറങ്ങുന്നു. |
| കുളകുണ്ഡേ | = | താമരക്കിഴങ്ങുപോലെ ഇരിക്കുന്ന ആധാരകന്ദത്തിൽ |
| കുഹരിണി | = | ഉള്ളിൽ ദ്വാരത്തോടുകൂടിയ. |

അല്ലയോ മഹാത്രിപുരസുന്ദരി! ശിരസ്സിൽ സഹസ്രാരകമലത്തിന്റെ മദ്ധ്യത്തിലുള്ള ശ്രീചക്രരൂപമായ ചന്ദ്രമണ്ഡലത്തിന്റെ മദ്ധ്യത്തിൽ ഇരിക്കുന്ന നിന്തിരുവടിയുടെ രണ്ടു് ചരണങ്ങളുടെ മദ്ധ്യത്തിൽനിന്നു് പെരുകി ഒഴുകുന്ന അമൃതധാരാപ്രവാഹംകൊണ്ടു സാധകന്റെ 72000 നാഡികളേയും നനച്ചു് ആ ചിച്ചന്ദ്രമണ്ഡലത്തിൽനിന്നു് പിന്നേയും തന്റെ വാസഭൂമിയായ സുഷുമ്നാധോഭാഗത്തിലുള്ള മൂലാധാരചക്രത്തെ പ്രാപിച്ചിട്ടു് തന്റെ രൂപത്തെ സർപ്പം എന്നപോലെ മൂന്നരച്ചുറ്റോടുകൂടി മണ്ഡലാകാരമാക്കി കുണ്ഡലിനി എന്ന നാമത്തോടുകൂടി ഉള്ളിൽ സൂക്ഷ്മദ്വാരമുള്ള താമരക്കിഴങ്ങുപോലെ ഇരിക്കുന്ന ആധാരകന്ദത്തിൽ നിന്തിരുവടി നിദ്രചെയ്യുന്നു.

മുൻശ്ലോകംകൊണ്ടു് കുണ്ഡലിനിയുടെ സഹസ്രദളകമലത്തിലേയ്ക്കുള്ള ഗതിയും ഈ ശ്ലോകംകൊണ്ടു സഹസ്രാരത്തെ പ്രാപിച്ചിട്ടുള്ളസ്ഥിതിയും മൂലാധാരചക്രത്തിലേയ്ക്കു് തിരിച്ചുവരുന്ന അവസ്ഥയുമാണു് വർണ്ണിച്ചിരിക്കുന്നതു്.

ശിരസ്സിൽ ചന്ദ്രമണ്ഡലം സ്ഥിതിചെയ്യുന്നു എന്നുള്ളതു് സർവ്വയോഗശാസ്ത്രസിദ്ധാന്തമാകുന്നു. സമയികളുടെ മതത്തിൽ അതു് ശ്രീചക്രംതന്നെ. സർപ്പാകാരമായി മൂലാധാരത്തെ ആശ്രയിച്ചിരിക്കുന്ന കുണ്ഡലിനീശക്തി താമരനൂൽപോലെ കൃശയും മിന്നൽക്കൊടിപോലെ പ്രകാശമാനയുമാകുന്നു. ആ ശക്തി ഫണാഗ്രം കൊണ്ടു് മൂലകന്ദത്തേയും മുഖംകൊണ്ടു പുച്ഛത്തേയും സ്പർശിച്ചു കൊണ്ടു നിദ്രചെയ്യുന്നു.

സാധകൻ പത്മാസനത്തിൽ സ്വസ്ഥനായിരുന്നു് ഗുദത്തെ ബലമായി നിരോധിച്ചു് വായുവിനെ ഊർദ്ധ്വഗതമാക്കി കുംഭകം ചെയ്യുമ്പോൾ വായു തട്ടി സ്വാധിഷ്ഠാനത്തിലുള്ള അഗ്നി ജ്വലിക്കുന്നു. ആ അഗ്നിയുടെയും വായുവിൻെറയും ആഘാതംനിമിത്തം കുണ്ഡലിനി ഉണൎന്നു ഗ്രന്ഥിത്രയത്തേയും ഷഡാധാരങ്ങളേയും ഭേദിച്ചു് സഹസ്രദളകമലത്തിൽച്ചെന്നു പരമശിവനോടുചേൎന്നു അമൃതധാരയെ വർഷിച്ചു് 72000 നാഡികളേയും നനയ്ക്കുന്നു. "അമൃതസ്യ ധാരാ ബഹുധാ ദോഹമാനം ചരണം നോ ലോകേ സുധിതാം ദധാതു" എന്നു ശ്രുതി. അതിൻെറ അൎത്ഥം സുധാപ്രവാഹങ്ങളെ 72000 നാഡിമാൎഗ്ഗങ്ങളിലും വർഷിക്കുന്ന ശ്രീദേവീചരണം സാധകന്മാരായ നമ്മെ ലോകത്തിൽ സംജാതബുദ്ധിപ്രകാശന്മാരാക്കി പോഷണംചെയ്യട്ടെ.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി പൂജിച്ചു ഈ ശ്ലോകം 1000 ഉരു വീതം 6 ദിനം ജപിച്ചു് ചുവന്ന പട്ടുചരടിൽ കോൎത്തു ധരിക്കുക. നിവേദ്യം പഴം. വൃഷ്യം. സ്ത്രീണാം രജഃപ്രദം.

ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ പഞ്ചഭിരപി
പ്രഭിന്നാഭിശ്ശംഭോർനവഭിരപി മൂലപ്രകൃതിഭിഃ ।
ചതുശ്ചത്വാരിംശദ്വസുദളകലാശ്രത്രിവലയ-
ത്രിരേഖാഭിസ്സാർദ്ധം തവ ശരണകോണാഃ പരിണതാഃ ॥ 11

| | |
|---|---|
| ചതുർഭിഃ ശ്രീകണ്ഠൈഃ | = നാലു ശിവചക്രങ്ങളെക്കൊണ്ടു് |
| ശിവയുവതിഭിഃ പഞ്ചഭിരപി | = അഞ്ചു ശക്തിചക്രങ്ങളെക്കൊണ്ടു |
| പ്രഭിന്നാഭിഃ ശംഭോഃ | = നാലു ശിവചക്രങ്ങളിൽനിന്നും ഭേദപ്പെട്ടിരിക്കുന്ന |
| നവഭിരപി മൂലപ്രകൃതിഭിഃ | = ഒമ്പതു് പ്രപഞ്ചമൂലകാരണങ്ങളെക്കൊണ്ടു് |
| ചതുശ്ചത്വാരിംശൽ | = 44 ആകുന്ന. |
| വസുദളകലാശ്രത്രിവലയത്രിരേഖാഭിഃ | = അഷ്ടദളഷോഡശദളവൃത്തത്രയഭൂപുരത്രയങ്ങളോടു് |
| സാർദ്ധം | = കൂടി |
| തവ ശരണകോണാഃ പരിണതാഃ | = നിന്തിരുവടിയുടെ ബിന്ദുസ്ഥാനമെന്ന മന്ദിരവും കോണങ്ങളും പരിണമിച്ചവകളായിട്ടു്. |

അല്ലയോ മഹാത്രിപുരസുന്ദരി! നാലു ശിവാത്മകങ്ങളായ ചക്രങ്ങൾ, ഇവയിൽനിന്നു വ്യത്യാസപ്പെട്ട അഞ്ചു ശക്ത്യാത്മകങ്ങളായ ചക്രങ്ങൾ ഇങ്ങനെ പ്രപഞ്ചമൂലകാരണങ്ങളായി ഭവിച്ച ഒൻപതു ചക്രങ്ങളാൽ നിന്തിരുവടിയുടെ ബിന്ദുസ്ഥാനമായ മന്ദിരവും കോണങ്ങളുംചേൎന്ന അഷ്ടദളം, ഷോഡശദളം, വൃത്തത്രയം, ഭൂപുരത്രയം എന്നിങ്ങനെ പരിണമിച്ചിട്ടു് നാല്പത്തിനാലായി ഭവിക്കുന്നു.

പൂൎവ്വശ്ലോകത്തിൽപ്പറഞ്ഞ ചന്ദ്രമണ്ഡലാത്മകമായ ശ്രീചക്രത്തെ വൎണ്ണിക്കുന്നു. ത്രിപുരസുന്ദരിയുടെ വാസസ്ഥാനമായ ശ്രീചക്രം, ബിന്ദു, ത്രികോണം, അഷ്ടകോണം, അന്തർദശാരം, ബഹിർദശാരം, ചതുർദശാരം, അഷ്ടദളം, ഷോഡശദളം, വൃത്തത്രയം, ഭൂപുരത്രയം ഇവയോടുകൂടിയതാകുന്നു. ശ്ലോകത്തിൽപ്പറഞ്ഞ ശക്തിചക്രങ്ങൾ=ത്രികോണം, അഷ്ടകോണം,അന്തർദശാരം, ബഹിർദ്ദശാരം, ചതുർദ്ദശാരം ഈ അഞ്ചും ശിവചക്രങ്ങൾ, അഷ്ടദളം, ഷോഡശദളം, വൃത്തത്രയം, ഭൂപുരത്രയം ഈ നാലും ആണു്. ശിവചക്രങ്ങളിൽ വൃത്തത്രയത്തിനുപകരം ബിന്ദുവിനെ സ്വീകരിക്കണമെന്നു് ഒരു പക്ഷാന്തരമുണ്ടു്. ബിന്ദുവിൽനിന്നാണു് ഒൻപതു മൂലപ്രകൃതികളും ഉണ്ടായിട്ടുള്ളതു്. മൂലപ്രകൃതികൾ ശ്രീചക്രത്തിൻെറ മുൻഭാഗ

ത്തുള്ള അഞ്ചുകോണുകളും പിൻഭാഗത്തുള്ളനാലുകോണുകളുമാകുന്നു. ഈ ഒൻപതു കോണുകളുടെയും പരസ്പരവ്യാപകംകൊണ്ടുതന്നെയാണ് ശ്രീചക്രത്തിലെ മററു ചക്രങ്ങളും ഈ പ്രപഞ്ചംതന്നെയും ഉത്ഭവിച്ചിട്ടുള്ളതു്. പഞ്ചഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, മനസ്സ് എന്നിങ്ങനെ അഞ്ചു ശക്തികോണുകളും മായാ, ശുദ്ധവിദ്യാ, മഹേശ്വരൻ, സദാശിവൻ എന്നു നാലു ശിവകോണുകളുമാണ് പ്രപഞ്ചചക്രത്തിന്റെ ഒൻപതു മൂലയോനികൾ മനുഷ്യശരീരവും നവയോന്യാത്മകമായ ശ്രീചക്രരൂപംതന്നെ. അതിലും ത്വക്, രക്തം, മാംസം, മേദസ്സ്, അസ്ഥി എന്നു് അഞ്ചു ശക്തിധാതുക്കളും മജ്ജാ, ശുക്ലം, പ്രാണൻ, ജീവൻ എന്നു നാലു ശിവധാതുക്കളും ഇങ്ങനെ 9 ധാതുക്കളുണ്ടു്. ഈ 9 ധാതുക്കളോടുകൂടിയ ദേഹം നവയോനിസമുത്ഭവവുമാകുന്നു പത്താമത്തെ യോനി ഈശ്വരിയായ പരാശക്തിതന്നെ. അതു ബൈന്ദവസ്ഥാനമാകുന്നു. മൂലപ്രകൃതികൾ എന്നു പറയുന്നതു പ്രപഞ്ചമൂലകാരണങ്ങളാകുന്നു. അതുകൊണ്ടുതന്നെയാണ് അവയ്ക്കു യോനിശബ്ദവ്യവഹാരം.

ശ്രീചക്രത്തിന്റെ കോണുകൾ 43 ആണെന്നും 44 ആണെന്നും രണ്ടു പക്ഷമുണ്ടു്. ത്രികോണചക്രത്തിൽ കോണ് 1, അഷ്ടാരം 8; 2, ദശാരം 20, ചതുർദ്ദശാരം 14. ആകെ 43; ഇങ്ങനെ ഒരു പക്ഷം. ബിന്ദുവുംചേർത്തു് 44 എന്നു് മറെറാരു പക്ഷം. ത്രികോണത്തിൽ അഷ്ടദളവും അഷ്ടകോണത്തിൽ ഷോഡശദളവും ദശാരദ്വിതയത്തിൽ വൃത്തത്രയവും ചതുർദ്ദശാരത്തിൽ ഭൂപുരത്രയവും അന്തർഭവിച്ചിരിക്കുന്നു എന്നൊരുപക്ഷവും, ത്രികോണിൽ ബിന്ദുവും അഷ്ടകോണിൽ അഷ്ടദളവും ദശാരദ്വയത്തിൽ ഷോഡശദളവും ചതുർദ്ദശാരത്തിൽ ഭൂപുരത്രയവും അന്തർഭവിച്ചിരിക്കുന്നുവെന്നു വേറൊരുപക്ഷവുമാകുന്നു. എങ്ങനെയായാലും നാലു ശിവചക്രങ്ങൾ അഞ്ചു ശക്തിചക്രങ്ങളുടെ പരിണാമമാണെന്നുള്ളതിനു പക്ഷാന്തരമില്ല. അതുകൊണ്ടാണ് ശ്ലോകത്തിൽ പരിണതങ്ങളായി ഭവിച്ചിട്ടു് എന്നു പറഞ്ഞിരിക്കുന്നതു്. ശ്രീചക്രം സോമസൂര്യാഗ്നിമണ്ഡലാത്മകമാകുന്നു. ഭൂപുരംമുതൽ മൂന്നു ചക്രം അഗ്നിമണ്ഡലാത്മകവും പിന്നീട്ടുള്ള മൂന്നു ചക്രം സൂര്യമണ്ഡലാത്മകവും പിന്നീട്ടുള്ള മൂന്നു ചക്രം സോമമണ്ഡലാത്മകവുമാണ്. ശ്രീചക്രം മേരുപ്രസ്താരം കൈലാസപ്രസ്താരം ഭൂപ്രസ്താരം എന്നു മൂന്നുവിധമുണ്ടു്. മേരുപ്രസ്താരം ഷോഡശനിത്യാത്മകവും കൈലാസപ്രസ്താരം മാതൃകാത്മകവും ഭൂപ്രസ്താരം വശിന്യാദിവാദേവതാത്മകവുമാകുന്നു. ബഹിര്യാഗക്രമത്തെയാണ് ഈ ശ്ലോകംകൊണ്ടു് വർണ്ണിച്ചിരിക്കുന്നതു്.

"ചക്രവിദ്യോപാസന" ബ്രാഹ്മണാദി 4 ജാതികൾക്കും ബ്രഹ്മചാരിമുതൽ 4 ആശ്രമികൾക്കും ജ്ഞാനികൾക്കും അജ്ഞാനികൾക്കും ഒന്നുപോലെ ചെയ്യാവുന്നതാണ്. ശ്രുതി ഇങ്ങനെ ഘോഷിക്കുന്നു: "അശ്രുതാസശ്രുതാസശ്ച യജ്വാനോ യേപ്യയജ്വനഃ"– അർത്ഥം അന്തഃകരണകല്മഷം നശിക്കാത്ത അപക്വന്മാർക്കും, അന്തഃകരണകല്മഷം നശിച്ച പക്വന്മാർക്കും, യാഗാധികാരികളായ ബ്രാഹ്മണക്ഷത്രിയവൈശ്യർക്കും, യാഗാധികാരമില്ലാത്ത ശൂദ്രാദികൾക്കും ചക്രവിദ്യോപാസനയിൽ അധികാരമുള്ളതാകുന്നു.

ഈ യന്ത്രം തങ്കത്തകിടിലെഴുതി പൂജിച്ച് ഈ ശ്ലോകം 1000 ഉരുവീതം 81 ദിവസം ജപിച്ച് ധരിക്കുക. ശർക്കരപ്പായസം നിവേദ്യം. വന്ധ്യാദോഷം നീങ്ങും. വെണ്ണ ജപിച്ചുകൊടുക്കാം. പുത്രപ്രദം.




ത്വദീയം സൗന്ദര്യം തുഹിനഗിരികന്യേ! തുലയിതും
കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ ।
യദാലോകൗത്സുക്യാദമരലലനാ യാന്തി മനസാ
തപോഭിർദുഷ്പ്രാപാമപി ഗിരിശസായുജ്യപദവീം ॥ 12

| | | |
|---|---|---|
| ത്വദീയം സൗന്ദര്യം | = | നിന്തിരുവടിയുടെ സൗന്ദര്യത്തെ |
| തുഹിനഗിരികന്യേ! | = | അല്ലയോ ഹിമവൽപുത്രി! |
| തുലയിതും | = | ഉപമിച്ചു വർണ്ണിക്കുന്നതിന്ന് |
| കവീന്ദ്രാഃ | = | ശ്രേഷ്ഠന്മാരായ കവികൾ |
| കല്പന്തേ | = | സമർത്ഥന്മാരാകുന്നുവോ? |
| കഥമപി | = | വളരെ പ്രയാസപ്പെട്ടിട്ടും |
| വിരിഞ്ചിപ്രഭൃതയഃ | = | ബ്രഹ്മാവുമുതലായ |
| യദാലോകൗത്സുക്യാൽ | = | യാതൊരു നിന്തിരുവടിയുടെ സൗന്ദര്യത്തെ കാണണമെന്നത്യാശയോടുകൂടി |
| അമരലലനാഃ | = | രംഭ, ഉർവ്വശി മുതലായ അപ്സരഃസ്ത്രീകൾ |
| യാന്തി, മനസാ | = | പ്രാപിക്കുന്നു, മനസ്സുകൊണ്ട് |
| തപോഭിഃ | = | കൃച്ഛ്ര ചാന്ദ്രായണാദി തപസ്സുകൾകൊണ്ട് |
| ദുഷ്പ്രാപാമപി | = | പ്രാപിക്കുന്നതിനു കഴിയാത്തതായിരുന്നാലും |

ഗിരിശസായുജ്യപദവീം = ശിവസായുജ്യപദത്തെ (ശിവനിൽ ഐക്യത്തെ)

അല്ലയോ ഹിമവൽപുത്രിയായ ദേവി! നിന്തിരുവടിയുടെ സൌന്ദര്യത്തെ ഉപമിച്ചു വർണ്ണിക്കുന്നതിനു് ബ്രഹ്മാവു് ബൃഹസ്പതി മുതലായ കവിശ്രേഷ്ഠന്മാർ വളരെ പ്രയാസപ്പെട്ടിട്ടും സമർത്ഥന്മാരായി ഭവിക്കുന്നുവോ? (ഇല്ലാ എന്നു താല്പര്യം.) രംഭ ഉർവ്വശി മുതലായ അപ്സരഃസ്ത്രീകൾ യാതൊരു നിന്തിരുവടിയുടെ സൌന്ദര്യത്തെ ആലോകനംചെയ്യണമെന്നുള്ള അത്യാഗ്രഹത്തോടുകൂടി കൃച്ഛ്റചാന്ദ്രായണാദിതപസ്സുകൾകൊണ്ടും പ്രാപിക്കാൻ കഴിയാത്തതായ ശിവസായുജ്യപദവിയെ മനസ്സുകൊണ്ടു പ്രാപിക്കുന്നു.

ദേവസ്ത്രീകൾ, ബ്രഹ്മാദികൾക്കുകൂടി വർണ്ണിക്കാൻകഴിയാത്തതായ ദേവീസൌന്ദര്യത്തെ കാണണമെന്നുള്ള അത്യാഗ്രഹംനിമിത്തം ശിവസായുജ്യപദത്തെ മനസ്സുകൊണ്ടു പ്രാപിക്കുന്നു. ദേവീസൌന്ദര്യം സദാശിവനുമാത്രം വിഷയമായിട്ടുള്ളതാകുന്നു. സദാശിവഭാവത്തെ അവലംബിക്കാതെ തത്സൌന്ദര്യാനുഭവം അസാദ്ധ്യമാണു്. അതുകൊണ്ടുതന്നെ അമരസുന്ദരികൾ മനസ്സുകൊണ്ടു് ശിവഭാവത്തെ പ്രാർത്ഥിക്കുന്നതു്. ദേവസ്ത്രീകളെക്കൊണ്ടു് പുരുഷഭാവത്തെ പ്രാർത്ഥിപ്പിക്കത്തക്ക മാഹാത്മ്യത്തോടുകൂടിയതാണു് ജഗദംബയുടെ ലാവണ്യാതിശയമെന്നു് താല്പര്യം.

ഈ യന്ത്രം ജലത്തിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45 ദിനം ജലംതൊട്ടു ജപിച്ചു് സേവിക്കുക. മൂകനും കവിയാകും. വാഗ്മിത്വവും സിദ്ധിക്കും. നിവേദ്യം തേൻ.

സൌഃ
സൌഃ

നരം വർഷീയാംസം നയനവിരസം നർമ്മസു ജഡം
തവാപാംഗാലോകേ പതിതമനുധാവന്തി ശതശഃ ।
ഗളദ്വേണീബന്ധാഃ കുചകലശവിസ്രസ്തസിചയാ
ഹഠാത് ത്രുട്യൽകാഞ്ച്യോ വിഗളിതദുകൂലാ യുവതയഃ ॥ 13

നരം വർഷീയാംസം = പുരുഷനെ ഏററവും വൃദ്ധനായ
നയനവിരസം = നേത്രങ്ങളിൽ പടലം മുതലായ രോഗമുള്ള (അല്ലെങ്കിൽ സൌന്ദര്യമില്ലാത്ത)
നർമ്മസു ജഡം = സുരതാദിക്രിയകളിൽ മൂഢനായ
തവാപാംഗാലോകേ പതിതം = നിന്തിരുവടിയുടെ കടാക്ഷവീക്ഷണത്തിൽ പതിച്ചവനായ

| | | |
|---|---|---|
| അനുധാവന്തി | = | പിൻതുടൎന്നു് ഓടുന്നു. |
| ശതശഃ | = | അസംഖ്യം |
| ഗളദ്വേണീബന്ധാഃ | = | കെട്ടഴിഞ്ഞുവീഴുന്ന തലമുടിയോടുകൂടിയ |
| ഘടാത് ത്രുട്യൽകാഞ്ച്യഃ | = | പെട്ടെന്നു പൊട്ടിത്തെറിക്കുന്ന ഒഢ്യാണത്തോടുകൂടിയ |
| വിഗളിതദുകൂലാഃ | = | അഴിഞ്ഞുവീഴുന്നപട്ടുവസ്ത്രത്തോടുകൂടിയ |
| യുവതയഃ | = | യൗവ്വനയുക്തകളായ സ്ത്രീകൾ. |

അല്ലയോ മഹാദേവി! ജരാനരകൾപ്രാപിച്ച് വൃദ്ധനായി നേത്രങ്ങളിൽ പടലാദിരോഗമുള്ളവനായി രതിക്രീഡാദികളിൽ അറിവില്ലാത്തവനായി ഇരുന്നാലും നിന്തിരുവടിയുടെ കടാക്ഷവീക്ഷണത്തിൽ പതിച്ചവനായ പുരുഷനെ അസംഖ്യം യൗവനയുക്തകളായ സുന്ദരിമാർ കെട്ടഴിഞ്ഞുവീഴുന്ന തലമുടിയോടും സ്തനകലശങ്ങളിൽനിന്നു വഴുതിവീഴുന്ന മേൽവസ്ത്രത്തോടും പെട്ടെന്നു പൊട്ടിത്തെറിക്കുന്ന ഒഢ്യാണത്തോടും അഴിഞ്ഞുവീഴുന്ന പട്ടുവസ്ത്രത്തോടുംകൂടി പിൻതുടൎന്നു് ഓടുന്നു.

ഇതും 18-ം 19-ം ശ്ലോകങ്ങളും മാദനപ്രയോഗങ്ങളാകുന്നു.

ഈ യന്ത്രം തങ്കത്തകിടിലെഴുതി ആറു ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ച് ധരിക്കുക. സ്ത്രീവശ്യം. നിവേദ്യം ത്രിമധുരം.

ക്ലീം ക്ലീം ക്ലീം
സാദ്ധ്യം
ക്ലീം ക്ലീം ക്ലീം

ക്ഷിതൗ ഷട്പഞ്ചാശദ്വിസമധികപഞ്ചാശദുദകേ
ഹുതാശേ ദ്വാഷഷ്ടിശ്ചതുരധികപഞ്ചാശദനിലേ ।
ദിവി ദ്വിഷ്ഷട്ത്രിംശന്മനസി ച ചതുഷ്ഷഷ്ടിരിതി യേ
മയൂഖാസ്തേഷാമപ്യുപരി തവ പാദാംബുജയുഗം ॥

| | | |
|---|---|---|
| ക്ഷിതൗ | = | പൃഥിവീതത്വത്തോടുകൂടിയ മൂലാധാരത്തിൽ |
| ഷട്പഞ്ചാശൽ | = | 56 |
| ദ്വിസമധികപഞ്ചാശൽ | = | 52 |
| ഉദകേ | = | ജലതത്വത്തോടുകൂടിയ മണിപൂരത്തിൽ |
| ഹുതാശേ | = | വഹ്നിതത്വത്തോടുകൂടിയസ്വാധിഷ്ഠാനത്തിൽ |
| ദ്വാഷഷ്ടിഃ | = | 62 |
| ചതുരധികപഞ്ചാശൽ | = | 54 |
| അനിലേ | = | വായുതത്വത്തോടുകൂടിയ അനാഹതത്തിൽ |
| ദിവി | = | ആകാശതത്വത്തോടുകൂടിയ വിശുദ്ധിയിൽ |
| ദ്വിഷ്ഷട്ത്രിംശൽ | = | 72 |

| | | |
|---|---|---|
| മനസി ച | = | മനസ്തത്വത്തോടുകൂടിയ ആജ്ഞയിൽ |
| ചതുഷ്ഷഷ്ടിഃ ഇതി യേ | = | 64 ഇങ്ങനെ യാവ ചില |
| മയൂഖാഃ | = | കിരണങ്ങൾ (ഭവിക്കുന്നുവോ) |
| തേഷാമപി | = | ആ കിരണങ്ങൾക്കും |
| ഉപരി | = | മുകളിൽ അതായതു് സഹസ്രദളകമലത്തിലുള്ള ചന്ദ്രമണ്ഡലരൂപമായ സുധാസിന്ധുവിൽ ബിന്ദുസ്ഥാനത്തിൽ |
| തവ | = | നിന്തിരുവടിയുടെ |
| പാദാംബുജയുഗം | = | രണ്ടു പാദപത്മങ്ങളും വർത്തിക്കുന്നു. |

അല്ലയോമഹാദേവി! പൃഥിവീതത്വത്തോടുകൂടിയ മൂലാധാര ചക്രത്തിൽ 56 ജലതത്വാത്മകമായ മണിപൂരചക്രത്തിൽ 52, വഹ്നിതത്വത്തോടുകൂടിയ സ്വാധിഷ്ഠാനചക്രത്തിൽ 62, വായുതത്വാത്മകമായ അനാഹതചക്രത്തിൽ 54, ആകാശതത്വത്തോടുകൂടിയ വിശുദ്ധിചക്രത്തിൽ 72, മനസ്തത്വത്തോടുകൂടിയ ആജ്ഞാചക്രത്തിൽ 64 ഇങ്ങനെ യാവ ചില കിരണങ്ങൾ ഭവിക്കുന്നുവോ ആ കിരണങ്ങൾക്കെല്ലാം ഉപരിഭാഗത്തിൽ അതായതു് സഹസ്രദളകമലത്തിലുള്ള ചന്ദ്രമണ്ഡലരൂപമായ സുധാസിന്ധുവിൽ ബിന്ദുസ്ഥാനത്തിൽ നിന്തിരുവടിയുടെ രണ്ടു പാദപത്മങ്ങളും വർത്തിക്കുന്നു.

ഷഡാധാരരൂപമായ ശ്രീചക്രം ചന്ദ്രസൂര്യാഗ്നിരൂപമായി മൂന്നു ഖണ്ഡമായിരിക്കുന്നു. മൂലാധാരസ്വാധിഷ്ഠാനങ്ങൾ അഗ്നിഖണ്ഡവും മണിപൂരാനാഹതങ്ങൾ സൂര്യഖണ്ഡവും വിശുദ്ധ്യാജ്ഞാചക്രങ്ങൾ ചന്ദ്രഖണ്ഡവുമാകുന്നു സ്വാധിഷ്ഠാനത്തിനു മുകളിൽ അഗ്നിയുടെയും അനാഹതത്തിനുമുകളിൽ സൂര്യന്റെയും ആജ്ഞാചക്രത്തിനുമുകളിൽ ചന്ദ്രന്റെയും സ്ഥാനങ്ങളാണു് എന്നു് 9-ാം ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവയിൽ അഗ്നികിരണങ്ങൾ 108-ം സൂര്യകിരണങ്ങൾ 116-ം ചന്ദ്രകിരണങ്ങൾ 136-ം ആകുന്നു. അഗ്നികിരണങ്ങൾ മൂലാധാരത്തിൽ 56-ം മണിപൂരത്തിൽ 52-ം സൂര്യകിരണങ്ങൾ സ്വാധിഷ്ഠാനത്തിൽ 62-ം അനാഹതത്തിൽ 54-ം ചന്ദ്രകിരണങ്ങൾ വിശുദ്ധിയിൽ 72-ം ആജ്ഞാചക്രത്തിൽ 64-ം വീതം ആകെ പൃഥിവ്യാദിതത്വാത്മകങ്ങളായ മൂലാധാരാദിചക്രങ്ങളിൽ ചന്ദ്രസൂര്യാനലാത്മകങ്ങളായി 360 കിരണങ്ങൾ പ്രകാശിക്കുന്നു. ഇവയ്ക്കെല്ലാം മുകളിൽ സഹസ്രദളകമലത്തിൽ ശ്രീചക്രബിന്ദുസ്ഥാനത്തിൽ പരദേവതയുടെ പാദാരവിന്ദയുഗളം സ്ഥിതിചെയ്യുന്നു. ആ പാദാരവിന്ദങ്ങളിൽ അനന്തകോടി കിരണങ്ങളുള്ളവയിൽ ചില കിരണങ്ങളെപ്രാപിച്ചിട്ടു് ശ്രീചക്രത്രിഖണ്ഡരൂപികളായ സോമസൂര്യാഗ്നികൾ പിണ്ഡാണ്ഡത്തിൽ അവരവരുടെ സ്ഥാനങ്ങളേയും സകലബ്രഹ്മാണ്ഡത്തേയും പ്രകാ

ശിപ്പിക്കുന്നു. കാലാത്മകന്മാരായ സൂര്യ്യാദികളുടെ 360 കിരണങ്ങൾ എന്നു പറയുന്നതു് വസന്താദി ആറു് ഋതുസ്വരൂപമായി--വത്സരാത്മകമായിരിക്കുന്ന 360 ദിവസരൂപങ്ങൾതന്നെ ആകുന്നു. സൂക്ഷ്മത്തിൽ അസംഖ്യം പിണ്ഡാണ്ഡബ്രഹ്മാണ്ഡകോടികളെ പല ശക്തികളായി ഭരിച്ചുപോരുന്ന ശ്രീപരദേവതയുടെ ആവരണദേവതകൾതന്നെ കിരണങ്ങൾ. പരാശക്തിയുടെ പാദാരവിന്ദയുഗളം ഹംസമന്ത്രരൂപവും നാദബിന്ദ്വാത്മകവും ശബ്ദബ്രഹ്മപരബ്രഹ്മരൂപവുമാണു്.

പൃഥിവീതത്വാത്മകമായ മൂലാധാരത്തിലുള്ള 56 കിരണങ്ങൾ ശിവാത്മകമായ തത്വം 28-ം ശക്ത്യാത്മകമായ തത്വം 28-ം കൂടിയതാണെന്നും ജലതത്വാത്മകമായ മണിപൂരചക്രത്തിലുള്ള 52 കിരണങ്ങൾ ശിവാത്മകമായ 26 തത്വവും ശക്ത്യാത്മകമായ 26 തത്വവും കൂടിയതാണെന്നും അഗ്നിതത്വാത്മകമായ സ്വാധിഷ്ഠാനചക്രത്തിലുള്ള 62 കിരണങ്ങൾ 50 മാതൃകാക്ഷരങ്ങളുടെയും നാലാവർത്തിച്ച ഔം എന്ന സ്വരത്തിന്റെയും നാലാവർത്തിച്ച ഹംസഃ എന്ന മന്ത്രത്തിന്റെയും രൂപാന്തരമാണെന്നും വായുതത്വാത്മകമായ അനാഹതചക്രത്തിലുള്ള 54 കിരണങ്ങൾ 50 മാതൃകാക്ഷരങ്ങളുടെയും യ ര ല വ ഇവയുടെയും രൂപാന്തരങ്ങളാണെന്നും ആകാശതത്വാത്മകമായ വിശുദ്ധിചക്രത്തിലുള്ള 72 കിരണങ്ങൾ അഞ്ചുതവണ ആവർത്തിച്ച 14 സ്വരങ്ങളുടേയും ഐം ഹ്രീം എന്ന ബീജങ്ങളുടേയും സ്വരൂപങ്ങളാണെന്നും മനസ്തത്വാത്മകമായ ആജ്ഞാചക്രത്തിലെ 64 കിരണങ്ങൾ നാലാവർത്തിച്ച 16 സ്വരങ്ങളുടെ രൂപാന്തരങ്ങളാണെന്നും അച്യുതാനന്ദർ പറയുന്നു.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഈ ശ്ലോകം ദിനംപ്രതി 1000 ഉരു വീതം 45 ദിവസം ജപിച്ചു് സിദ്ധി വരുത്തുക. വസന്താദിരോഗങ്ങളും ക്ഷാമവും ബാധിക്കുകയില്ല. നിവേദ്യം പായസം.

ശരജ്ജ്യോൽസ്നാശുഭ്രാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘടികാപുസ്തകകരാം ।
സകൃന്നത്വാ ന ത്വാ കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാഃ ഫണിതയഃ ॥ 15

ശരജ്ജ്യോൽസ്നാശുഭ്രാം = ശരൽക്കാലത്തുള്ള പൂൎണ്ണചന്ദ്രന്റെ ചന്ദ്രികപോലെ ധാവള്യത്തോടുകൂടിയവൾ
ശശിയുതജടാജൂടമകുടാം = ചന്ദ്രനോടുകൂടിയ ജടാഭാരം കിരീടം ഇവയോടുകൂടിയവൾ
വരത്രാസത്രാണസ്ഫടികഘടികാപുസ്തകകരാം = വരദം, അഭയം, സ്ഫടികംകൊണ്ടുള്ള ജപമാല, പുസ്തകം ഇവയോടുചേൎന്ന കൈകളോടുകൂടിയ,
സകൃൽ = ഒരു തവണ
നത്വാ ന ത്വാ = നമസ്കരിച്ചിട്ട്, ഇല്ല, നിന്തിരുവടിയെ
കഥമിവ സതാം = എങ്ങനെ, സത്തുക്കൾക്ക്
സന്നിദധതേ = സാന്നിദ്ധ്യത്തെ പ്രാപിക്കുന്നു
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാഃ = തേൻ പാൽ ദ്രാക്ഷാ ഇവയുടെ മാധുൎയ്യഭാരത്തെ വഹിക്കുന്ന
ഫണിതയഃ = വാക്ധോരണികൾ

അല്ലയോ മഹാദേവി! ശരൽക്കാലത്തുള്ള പൂൎണ്ണചന്ദ്രന്റെ ചന്ദ്രികപോലെ ധാവള്യത്തോടുകൂടിയവളായി ചന്ദ്രക്കലയോടു ചേൎന്ന ജടാഭാരം കിരീടം ഇവയോടുകൂടിയവളായി വരദാനമുദ്ര അഭയദാനമുദ്ര സ്ഫടികംകൊണ്ടുള്ള ജപമാല പുസ്തകം ഇവയെ നാലു കൈകൾകൊണ്ടു ധരിച്ചിരിക്കുന്നവളായി ഇരിക്കുന്ന നിന്തിരുവടിയെ ഒരുതവണ നമസ്കരിച്ച സത്തുക്കൾക്ക് തേൻ പാൽ ദ്രാക്ഷാ ഇവയുടെ മാധുൎയ്യഭാരത്തെ വഹിക്കുന്ന വാക്ധോരണികൾ എങ്ങനെ സാന്നിദ്ധ്യത്തെ പ്രാപിക്കാതെയിരിക്കും. (പ്രാപിക്കുകതന്നെ ചെയ്യുമെന്നു താല്പൎയ്യം.)

ഇങ്ങനെയിരിക്കുന്ന നിന്തിരുവടിയെ ഒരുതവണ നമസ്കരിക്കുന്നവൻകൂടിയും മഹാകവിയായിത്തീരുന്നു. അവിടുത്തെ നമസ്കരിക്കാത്തവൻ ഒരുവിധത്തിലും കവിയായിത്തീരുകയുമില്ല. ഇതു് സാരസ്വത്യപ്രയോഗമാകുന്നു. സ്ഫടികഘുടിക എന്നു പാഠഭേദവും അതിനു പാനപാത്രമെന്നു് അൎത്ഥവും കാണുന്നുണ്ടു്. ഈ ശ്ലോകം ക്രിയാശക്തി ധ്യാനമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 41-ദിവസം ജപിച്ച് ധരിക്കുക. കവിതയുണ്ടാകും. ജ്ഞാനിയായും തീരും. ഈ യന്ത്രം ജലത്തിലെഴുതി ജപിച്ച് ആ ജലം സേവിക്കുകയും ചെയ്യാം. നിവേദ്യം തേൻ, പഴം, പഞ്ചസാര.

കവീന്ദ്രാണാം ചേതഃകമലവനബാലാതപരുചിം
ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം ।
വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീ-
ഗഭീരാഭിർവാഗ്ഭിർവിദധതി സതാം രഞ്ജനമമീ ॥ 16

കവീന്ദ്രാണാം = കവിശ്രേഷ്ഠന്മാരുടെ
ചേതഃകമലവനബാലാതപരുചിം ഭജന്തേ = മനസ്സുകളാകുന്ന താമരപ്പൂക്കൂട്ടത്തിന് ബാലസൂര്യകാന്തിയായി ഭജിക്കുന്നുവോ
യേ സന്തഃ കതിചിൽ = യാവ ചിലസത്തുക്കൾ, ചില
അരുണാമേവ = അരുണാ എന്നു പേരുള്ളവളും ചുവപ്പുനിറത്തോടുകൂടിയവളുമായ
ഭവതീം = നിന്തിരുവടിയെ
വിരിഞ്ചിപ്രേയസ്യാഃ = സരസ്വതിയുടെ
തരുണതരശൃംഗാരലഹരീഗഭീരാഭിഃ = അത്യന്തം താരുണ്യത്തോടുകൂടിയ ശൃംഗാരത്തിന്റെ പ്രവാഹംപോലെ ഗംഭീരങ്ങളായ
വാഗ്ഭിഃ വിദധതി = വാക്കുകൾകൊണ്ടു് ചെയ്യുന്നു
സതാം രഞ്ജനം = സജ്ജനങ്ങളുടെ മനസ്സന്തുഷ്ടിയെ
അമീ = ഈ സത്തുക്കൾ.

അല്ലയോ പരമേശ്വരി! കവിശ്രേഷ്ഠന്മാരുടെ മനസ്സുകളാകുന്ന താമരപ്പൂക്കൂട്ടത്തിന് ബാലസൂര്യകാന്തിയായി അരുണ എന്നു പേരുള്ളവളായി ചുവപ്പുനിറത്തോടുകൂടിയവളായി ഇരിക്കുന്ന നിന്തിരുവടിയെ യാവചിലസത്തുകൾ ഭജിക്കുന്നുവോ ആ ഈ സത്തുകൾ സരസ്വതീദേവിയുടെ അത്യന്തം താരുണ്യത്തോടുകൂടിയ ശൃംഗാരത്തിന്റെ പ്രവാഹംപോലെ ഗംഭീരങ്ങളായ വാക്കുകൾകൊണ്ടു് സജ്ജനങ്ങളുടെ മനോരഞ്ജനത്തെ ചെയ്യുന്നു.

ബാലസൂര്യകിരണം എങ്ങനെ താമരപ്പൂക്കൂട്ടത്തെ വികസിപ്പിക്കുന്നുവോ? അതുപോലെ ശ്രീദേവി, ഭക്തന്മാരായ കവിശ്രേഷ്ഠന്മാ

രുടെ മാനസങ്ങളെ വികസിപ്പിക്കുന്നു. വികസിപ്പിക്കുക എന്നാൽ പുതിയപുതിയ കവിതകൾ നിർമ്മിക്കുന്നതിനുള്ള ബുദ്ധിസാമർത്ഥ്യത്തെ കൊടുക്കുക എന്നർത്ഥം.

ഹൃദയകമലത്തിൽ ഭഗവതിയെ അരുണവർണ്ണമായി ധ്യാനിക്കുന്നവർ പുരുഷരൂപത്തെ അവലംബിച്ച സാക്ഷാൽസരസ്വതീദേവിതന്നെയോ എന്നു തോന്നുംവണ്ണം ശൃംഗാരരസപ്രധാനങ്ങളായ വാക്ധോരണികളാൽ സഭാരഞ്ജനംചെയ്യുന്നു എന്നു താല്പര്യം. ശ്രീദേവി മാതൃകാത്മികയാകകൊണ്ടു് സരസ്വതീരൂപത്വേനതന്നെ കവിതാസാമർത്ഥ്യത്തെ ദാനംചെയ്യുന്നു. അരുണവർണ്ണധ്യാനമഹിമാവുകൊണ്ടു ശൃംഗാരരസപ്രധാനമായ വാഗ്വിലാസപ്രവൃത്തി.

“അരുണാഖ്യാം ഭഗവതീമരുണാഭാം വിചിന്തയേൽ
പാശാങ്കുശധരാം ദേവീം ധനുർബാണധരാം ശിവാം
വരദാഭയഹസ്താം ച പുസ്തകാക്ഷസ്രഗന്വിതാം
അഷ്ടബാഹും ത്രിനയനാം ഖേലന്തീമമൃതാംബുധൗ.”

എന്നു വാമകേശ്വരതന്ത്രം.




ഈ യന്ത്രം സ്വർണ്ണത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 41 ദിവസം ജപിച്ചു് ധരിക്കുക. വേദശാസ്ത്രാദി ജ്ഞാനമുണ്ടാകും. നിവേദ്യം തേൻ.

സവിത്രീഭിർവാചാം ശശിമണിശിലാഭംഗരുചിഭിർ-
വശിന്യാദ്യാഭിസ്ത്വാം സഹ ജനനി! സഞ്ചിന്തയതി യഃ ।
സ കർത്താ കാവ്യാനാം ഭവതി മഹതാം ഭംഗിരുചിഭിർ-
വചോഭിർവാഗ്ദേവീവദനകമലാമോദമധുരൈഃ ॥ 17

സവിത്രീഭിർവാചാം = വാക്കുകളെ ജനിപ്പിക്കുന്നവരായി
ശശിമണിശിലാഭംഗരുചിഭിഃ = ചന്ദ്രകാന്തമണിഖണ്ഡംപോലെ കാന്തിയോടുകൂടിയവരായി
വശിന്യാദ്യാഭിഃ = വശിന്യാദിവാഗ്ദേവതകളോടു്
ത്വാം, സഹ = നിന്തിരുവടിയെ, കൂടെ
ജനനി! = അല്ലയോ ലോകമാതാവേ!
സഞ്ചിന്തയതി യഃ = യാതൊരുവൻ ധ്യാനിക്കുന്നുവോ
സഃ = അവൻ
കർത്താ കാവ്യാനാം = കാവ്യപ്രബന്ധങ്ങളുടെ നിർമ്മാതാവായി

| | |
|---|---|
| ഭവതി | = ഭവിക്കുന്നു. |
| മഹതാം | = മഹാന്മാരുടെ (കാളിദാസാദികളുടെ) |
| ഭംഗിരുചിഭിഃ | = വാഗ്വിലാസംപോലെ രുചിക്കുന്നതായ |
| വചോഭിഃ | = വാക്കുകളെക്കൊണ്ടു് |
| വാഗ്ദേവീവദനകമലാമോദമധുരൈഃ | = വാണീദേവിയുടെ മുഖകമലപരിമളം കൊണ്ടു് അതിമധുരങ്ങളായ. |

അല്ലയോ ജഗന്മാതാവേ! ചന്ദ്രകാന്തമണിഖണ്ഡംപോലെ അതിധവളകാന്തിയോടുകൂടിയവരും വാക്കുകളെ ജനിപ്പിക്കുന്നവരുമായ വശിന്യാദിവാഗ്ദേവതകളോടുകൂടെ നിന്തിരുവടിയെ യാതൊരുവൻ ധ്യാനിക്കുന്നുവോ അവൻ വാണീദേവിയുടെ മുഖകമലപരിമളംകൊണ്ടു് അതിമധുരമായും മഹാന്മാരുടെ വാഗ്വിലാസംപോലെ രുചിക്കുന്നതായും ഉള്ള വാക്കുകളെക്കൊണ്ടു് മഹാകാവ്യപ്രബന്ധങ്ങളുടെ നിർമ്മാതാവായി ഭവിക്കുന്നു.

നിന്തിരുവടിയെ എന്നതു് ശ്രീമഹാത്രിപുരസുന്ദരിയെ പറയുന്നതാകുന്നു. ആ ദേവീസ്വരൂപം പഞ്ചാശദ്വർണ്ണാത്മകമാതൃകതന്നെ. ഈ മാതൃക അ-ക-ച-ട-ത-പ-യ-ശാദികളായി അഷ്ടവർഗ്ഗങ്ങളായി ഭവിക്കുന്നു. അകാരാദിസ്വരങ്ങൾ 16 കാദിവ്യഞ്ജനങ്ങൾ 5. ചാദികൾ 5. ടാദി 5. താദി 5. പാദി 5 യാദികൾ 4. ശാദി 6. ഈ അഷ്ടവർഗ്ഗാത്മികാമാതൃക ത്രിപുരസുന്ദരിയാകുന്നു. ഈ അഷ്ടവർഗ്ഗങ്ങളെ വശിന്യാദിവാഗ്ദേവതകളോടൊന്നിച്ച അവരുടെ സമഷ്ടിരൂപിണിയായ നിന്തിരുവടിയെ ബിന്ദുത്രികോണാത്മകമായ നാലു ശിവചക്രങ്ങൾ അഷ്ടകോണം ദശാരയുഗ്മം ചതുർദ്ദശാരം ഈ എട്ടു ചക്രങ്ങളിലും ധ്യാനിക്കുന്നവൻ, ഇതു് പുരുഷത്വത്തെ പ്രാപിച്ച സരസ്വതീദേവിയുടെ വാക്കുകൾതന്നെയോ എന്നു സംശയിക്കത്തക്കതും മഹാകവികളായ വേദവ്യാസൻ, വാല്മീകി, കാളിദാസൻ മുതലായവരുടെ വാഗ്വിലാസംപോലെ മാധുര്യമുള്ളതുമായ മനോഹരവാക്കുകളെക്കൊണ്ടു് മഹാകാവ്യപ്രബന്ധനിർമ്മാണത്തിനു സമർത്ഥനായി ഭവിക്കുന്നു.

വശിന്യാദ്യാഭിഃ എന്ന ആദിശബ്ദംകൊണ്ടു് വശിനിമുതൽ കൗളിനിവരെ എട്ടു വാഗ്ദേവതകളേയും വിദ്യായോഗിനിമുതൽ ലക്ഷ്മീയോഗിനിവരെ പന്ത്രണ്ടു യോഗിനികളേയും ഗന്ധാദി നാലു ആകർഷണികളേയും ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു. വശിന്യാദികൾ—വശിനീ കാമേശ്വരീ മോദിനീ വിമലാ അരുണാ ജയിനീ സർവ്വേശ്വരീ കൗളിനീ ഇവരാണു്. വിദ്യാദിയോഗിനികൾ—വിദ്യായോഗിനീ രേചകായോഗിനീ മോചികാ യോഗിനീ അമൃതായോഗിനീ ദീപികായോഗിനീ ജ്ഞാനയോഗിനീ ആപ്യായനീയോഗിനീ വ്യാപിനീയോഗിനീ മേധായോഗിനീ വ്യോമരൂപായോഗിനീ സിദ്ധരൂപാ

യോഗിനി ലക്ഷ്മിയോഗിനീ ഇവരാകുന്നു. ഈ പന്ത്രണ്ടു യോഗിനികളോടുകൂടി വശിന്യാദി എട്ടു വാഗ്ദേവതകളേയും ചേൎക്കുമ്പോൾ ഇരുപതുകലകളായി ഭവിക്കുന്നു. ഈ ഇരുപതുകലകളും ശുദ്ധസ്ഫടികസങ്കാശകളാണു്. ഇവരെ ദശാരയുഗ്മകോണങ്ങളിൽ ധ്യാനിക്കുന്നവൻ മഹാകവിയായി ഭവിക്കും. ഇതു ഭൂപ്രസ്താരത്തിൻെറ ഒരു വകഭേദമാകുന്നു.

ഗന്ധാകൎഷിണീ രസാകൎഷിണി രൂപാകൎഷിണീ സ്പൎശാകൎഷിണീ ഇവരെ നാലു ദ്വാരങ്ങളിലും ചേൎത്തുകൊള്ളേണ്ടതാകുന്നു.

"മാതൃകാം വശിനീയുക്താം യോഗിനീഭിസ്സമന്വിതാം
ഗന്ധാദ്യാകൎഷിണീയുക്താം സംസ്മരേത് ത്രിപുരാംബികാം"

എന്നു ശംഭുവചനം.

ശ്രീചക്രത്തിനു് നിത്യാദ്യനുസന്ധാനഭേദേന മേരുപ്രസ്താരം, കൈലാസപ്രസ്താരം, ഭൂപ്രസ്താരം എന്നു മൂന്നുവിധ പ്രസ്താരമുണ്ടു്. ഷോഡശനിത്യകളോടു് അനുസന്ധാനത്തിനു് മേരുപ്രസ്താരമെന്നും മാതൃകൈക്യത്തിനു കൈലാസപ്രസ്താരമെന്നും വശിന്യാദ്യൈക്യത്തിനു ഭൂപ്രസ്താരമെന്നും പേർപറയും. ഷോഡശനിത്യകൾ ഷോഡശതിഥിരൂപകളും ചന്ദ്രകലാത്മികകളുമാകുന്നു. ശുക്ലപക്ഷപ്രഥമദിവസത്തിൽ സൂൎയ്യമണ്ഡലത്തിൽനിന്നു വിനിൎഗ്ഗതയായ കലയ്ക്കും കൃഷ്ണപക്ഷപ്രഥമദിവസത്തിൽ സൂൎയ്യമണ്ഡലത്തിൽ പ്രവിഷ്ടയായ കലയ്ക്കും "പ്രഥമാ"കലാ എന്നും "പ്രഥമാതിഥി" എന്നും പേർ. ഇതുപോലെതന്നെ ദ്വിതീയാദികലകളേയും ദ്വിതീയാദിതിഥികളേയും അറിഞ്ഞുകൊള്ളണം. ഈ കലകൾതന്നെ ഷോഡശനിത്യകൾ. മഹാത്രിപുരസുന്ദരീ, കാമേശ്വരീ, ഭഗമാലിനീ, നിത്യക്ലിന്നാ, ഭേരുണ്ഡീ, വഹ്നിവാസിനീ, മഹാവിദ്യേശ്വരീ, ശിവദൂതീ, ത്വരിതാ, കുലസുന്ദരീ, നിത്യാ, നീലപതാകാ, വിജയാ, സൎവ്വമംഗളാ, ജ്വാലാമാലിനീ, ചിത്രാ ഇവരാകുന്നു ഷോഡശനിത്യകൾ. ഇവർ കാലസ്വരൂപികളും മഹാദേവിയുടെ മരീചിരൂപകളും ജഗത്തിൻെറ സൃഷ്ടിസ്ഥിത്യാദികൎത്രികളും ആകുന്നു. ഈ നിത്യകളോടു ചക്രൈക്യത്തിനു മേരുപ്രസ്താരമെന്നു പേർ. ഈ നിത്യകൾ അ-ക-ചാദ്യഷ്ടവൎഗ്ഗരൂപേണ അഷ്ടദളചക്രത്തിലും മഹാത്രിപുരസുന്ദരീ, കാമേശ്വരീ ഇങ്ങനെ ഈരണ്ടു നിത്യകൾവീതം പ്രാഗാദിക്രമേണ അഷ്ടകോണചക്രത്തിലും സ്ഥിതിചെയ്യുന്നു എന്നനുസന്ധാനംചെയ്യണം. അതായതു് അഷ്ടകോണചക്രത്തിലെ പ്രാഗാദി ഓരോ കോണങ്ങളേയും ക്രമേണ മഹാത്രിപുരസുന്ദരീ കാമേശ്വരീ ഇത്യാദി നിത്യാദ്വികരൂപേണയും അഷ്ടദളപത്മത്തെ ഈ നിത്യകളുടെ രൂപാന്തരമായും അ-ക-ചാദിഅഷ്ടവൎഗ്ഗരൂപേണയും അനുസന്ധാനം

ചെയ്യണം. ഈ നിത്യകൾതന്നെ ഷോഡശസ്വരരൂപേണ ഷോഡശദളപത്മത്തിൽ സ്ഥിതിചെയ്യുന്നു എന്നും ഇവർതന്നെ ദശാരദ്വിതയാത്മകമായിരിക്കുന്നുവെന്നും ധ്യാനിക്കേണ്ടതാകുന്നു. ഈ 16 നിത്യകളിൽ മഹാത്രിപുരസുന്ദരി, കാമേശ്വരി എന്ന രണ്ടു നിത്യകളെ ത്രികോണബിന്ദുരൂപേണയും ശിഷ്ടം 14 നിത്യകളെ ചതുർദ്ദശാരരൂപേണയും ധ്യാനിക്കണം. വൃത്തത്രയഭൂപുരത്രയങ്ങൾ ബൈന്ദവത്രികോണങ്ങളിൽ അന്തർഭൂതങ്ങളാകുന്നു. ഇപ്രകാരം ബിന്ദുത്രികോണംമുതൽ ഭൂപുരത്രയംവരെയുള്ള ശ്രീചക്രം ഷോഡശനിത്യാത്മകമാണെന്ന് അനുസന്ധാനം ചെയ്യുന്നതുതന്നെ മേരുപ്രസ്താരം.

മാതൃകാത്മതയാ അനുസന്ധാനത്തിനു് കൈലാസപ്രസ്താരമെന്നു പേർ. മാതൃകാസ്വരൂപം മുൻപു പറഞ്ഞിട്ടുണ്ടു്. ശബ്ദാർത്ഥസൃഷ്ടികൾ സമകാലീനകളാണെങ്കിലും അർത്ഥാപേക്ഷയാ ശബ്ദം സൂക്ഷ്മമാകയാൽ അർത്ഥസൃഷ്ടിക്കുകാരണം ശബ്ദമാണെന്നു പറയാവുണ്ടു് "ഹകാരാദേവ്യാമ സംഭൂതം യകാരാത്തു പ്രഭഞ്ജനഃ ലകാരാൽ പൃഥിവീ ജാതാ" ഇത്യാദി പ്രമാണത്താൽ ഈ ജഗന്മണ്ഡലത്തിന്റെ സൃഷ്ടിയുടെ അടുത്തകാരണം മാതൃകയാകുന്നു. ഈ മാതൃകാത്മകതയാ ശ്രീമാതാവിന്റെ നിവാസമന്ദിരത്തെ അനുസന്ധാനം ചെയ്യുന്നതിനു കൈലാസപ്രസ്താരമെന്നു പേർ. "അകാരാദിവിസർഗ്ഗാന്തഷോഡശസ്വരങ്ങൾ" ജീവകലാസ്വരൂപങ്ങളും ഷോഡശനിത്യാരൂപങ്ങളുമായ ഷോഡശസ്വരങ്ങൾ ബിന്ദുസ്വരൂപങ്ങളുമാകുന്നു. ബിന്ദു ത്രികോണാന്തർഭൂതങ്ങൾതന്നെ. ക മുതൽ മ വരെ 25 വർണ്ണങ്ങൾ അഷ്ടകോണദശാരദ്വിതയാത്മകമാകുന്നു. ശിഷ്ടം യ മുതൽ ള വരെ 9 വർണ്ണങ്ങളെ ആവർത്തിച്ചുണ്ടാകുന്ന 18 വർണ്ണങ്ങളിൽ ആദ്യത്തെ 14 വർണ്ണം മന്വശ്രാത്മകവും ശിഷ്ടം ഷ-സ-ഹ-ള എന്ന നാലു വർണ്ണം ശിവചക്രരൂപമായ അഷ്ടദളഷോഡശദളവൃത്തത്രയഭൂപുരത്രയാത്മകവുമാകുന്നു ഇപ്രകാരം ബിന്ദ്വാദിചതുരശ്രാന്തചക്രത്തെ മാതൃകാരൂപേണ അനുസന്ധാനം ചെയ്യുന്നതുതന്നെ കൈലാസപ്രസ്താരം.

വശിന്യാദിതാദാത്മ്യാനുസന്ധാനത്തിനു ഭൂപ്രസ്താരം എന്നു പേർ. വശിന്യാദികൾ—അഷ്ടവാഗ്ദേവതകൾ പന്ത്രണ്ടു യോഗിനികൾ ഗന്ധാകർഷിണ്യാദികൾ ഇവരാകുന്നു. അഷ്ടവാഗ്ദേവതകൾ അകചാദ്യഷ്ടവർഗ്ഗങ്ങളുടെ അധിഷ്ഠാത്രികളും, ദ്വാദശയോഗിനികൾ ദേവീമരീചിസ്വരൂപകളും ഗന്ധാകർഷിണ്യാദികൾ ഭഗവതിയുടെ ചതുർദ്വാരരൂപിണികളുമാകുന്നു. ഇവരോടു ചക്രത്തിനു് ഐക്യാ

നുസന്ധാനംതന്നെ ഭൂപ്രസ്താരം. ഷോഡശനിത്യകളിൽ ഈരണ്ടു നിത്യകളെ ക്രമേണ വശിന്യാദി എട്ടു ദേവതകളോടുചേർത്തു തദഭിന്നമായി അഷ്ടകോണത്തെ ധ്യാനിക്കണം. മദ്ധ്യത്തിൽ ത്രിപുരസുന്ദരിയെ ധ്യാനംചെയ്യണം. അകചാദ്യഷ്ടവർഗ്ഗങ്ങൾ, വശിന്യാദ്യഷ്ടവാഗ്ദേവതകൾ, ഷോഡശനിത്യകൾ, ദ്വാദശയോഗിനികൾ, ആകെ 44 ശക്തികളിൽ ത്രിപുരസുന്ദരിയെ ഒഴിച്ചു ശിഷ്ടം 43 ശക്തികളെ 43 കോണരൂപേണ അനുസന്ധാനം ചെയ്യണം. ത്രിപുരസുന്ദരിയെ ബിന്ദുസ്ഥാനത്തിൻെറ അധോഭാഗത്തിലും ഗന്ധാകർഷിണ്യാദിചതുർദ്ദേവതകളെ ചതുർദ്വാരരൂപേണയും അനുസന്ധാനംചെയ്യണം. ഇപ്രകാരം ഈ മൂന്നു പ്രസ്താരത്തിലും ഷോഡശനിത്യകൾ ചക്രവിദ്യാംഗഭൂതകളാകുന്നു.

ഇപ്രകാരമാകുന്നു ശിവശക്തികളുടെ ആവാസമന്ദിരമായ ശ്രീചക്രത്തിൻെറ സൂക്ഷ്മതത്വം. ഈ ചക്രത്തോടുള്ള ഐക്യാനുസന്ധാനംതന്നെ ചതുർവിധൈക്യാനുസന്ധാനം.

> "ഇമാ നിത്യാ വർണ്ണാസ്തവ ചരണസമ്മേളനവശാൽ
> മഹാമേരുസ്ഥാസ്സ്യുർമ്മനുമിളനകൈലാസവപുഷഃ ।
> വശിന്യാദ്യാ ഏതാ അപി ച സഹ ബിന്ദ്വാത്മകതയാ
> മഹീപ്രസ്താരോയം ക്രമ ഇതി രഹസ്യം സമയിനാം" ॥

എന്നു് സുഭഗോദയം.

ഇനിയും പ്രകൃതത്തെ അനുസരിക്കാം.

സൃഷ്ടി, ശബ്ദസൃഷ്ടിയെന്നും അർത്ഥസൃഷ്ടിയെന്നും രണ്ടുവിധമാകുന്നു. ഇവ വൃക്ഷവും അതിൻെറ ഛായയുംപോലെ ഒന്നിച്ചുണ്ടായവയും ഒന്നിച്ചു അഭിവൃദ്ധിയെപ്രാപിച്ചവയും ഒരേ ആകാരത്തിലുള്ളവയുമാണു്. ഇവയെ അഭിവൃദ്ധിക്രമമനുസരിച്ചു സൂക്ഷ്മതമം സൂക്ഷ്മതരം സൂക്ഷ്മം സ്ഥൂലം എന്നു നാലായി ഭാഗിച്ചിരിക്കുന്നു. സൂക്ഷ്മതമശബ്ദത്തിനു പരാ എന്നും സൂക്ഷ്മതരത്തിനു പശ്യന്തി എന്നും സൂക്ഷ്മത്തിനു മദ്ധ്യമാ എന്നും സ്ഥൂലത്തിനു വൈഖരി എന്നും പേർപറയും. അർത്ഥസൃഷ്ടിയും ഇതുപോലെ സൂക്ഷ്മതമാദിഭേദേന നാലുവിധമുണ്ടു്. ശബ്ദവും അർത്ഥവും സദാസംപൃക്തങ്ങളാകുന്നു. അതുകൊണ്ടാണു് "വാഗർത്ഥാവിവ സംപൃക്തൗ" എന്നു് കാളിദാസർ പറഞ്ഞിരിക്കുന്നതു്. ശാസ്ത്രങ്ങളിൽ നാമരൂപങ്ങൾ എന്നു വ്യവഹരിക്കപ്പെടുന്നതും ഈ ശബ്ദാർത്ഥങ്ങൾതന്നെ. സ്ഥൂലശ്രോ

ത്രത്താലും സ്ഥൂലമനസ്സുകൊണ്ടു സ്ഥൂലാൎത്ഥങ്ങളെ ഗ്രഹിക്കുന്നതു പോലെ സൂക്ഷ്മശ്രോത്രത്താലും സൂക്ഷ്മമനസ്സുകൊണ്ടും സൂക്ഷ്മാൎത്ഥ ങ്ങളേയും ഗ്രഹിക്കാവുന്നതാണു്. (ഇതു് സൂക്ഷ്മതരാദികൾക്കും സംബ ന്ധിക്കും.) ശ്രോത്രമനസ്സുകളുടെ സൂക്ഷ്മത്വാദ്യവസ്ഥകൾ യോഗാ ഭ്യാസംകൊണ്ടു സിദ്ധിക്കേണ്ടതാണു്.

ഇനിയും ഈ നാലുവിധശബ്ദങ്ങളുടെയും സൃഷ്ടിക്രമത്തെ പറയാം. പ്രളയകാലത്തിൽ സൃഷ്ടിക്കപ്പെട്ടവാൻ യോഗ്യങ്ങളായി രിക്കുന്ന പ്രാണികളുടെ കൎമ്മപരിപാകംമൂലം താദൃശകൎമ്മാഭിന്ന മായി മായാശബളിതമായിരിക്കുന്ന ബ്രഹ്മം ഘനീഭൂതമായി ഭവി ക്കുന്നു. ആ ബ്രഹ്മത്തെത്തന്നെ അവ്യക്തമെന്നും ജഗദങ്കുരരൂപ മാകയാൽ കാരണബിന്ദുവെന്നും വ്യവഹരിക്കുന്നു.

ഈ കാരണബിന്ദുവിൽനിന്നു കാൎയ്യബിന്ദുവും അതിൽനിന്നു നാദവും അതിൽനിന്നു ബീജവും ഇങ്ങനെ മൂന്നു വസ്തുക്കളുണ്ടാകുന്നു. ഇവയെ പരം സൂക്ഷ്മം സ്ഥൂലം എന്നു പറയുന്നു. ഇവയുടെ രൂപ ങ്ങൾ ചിദംശവും—ചിദചിൻമിശ്രവും അചിദംശവുമാകുന്നു. "കാ ലേന ഭിദ്യമാനസ്തു സ ബിന്ദുർഭവതി ത്രിധാ സ്ഥൂലസൂക്ഷ്മപരത്വേന തസ്യ ത്രൈവിധ്യമിഷ്യതേ സ ബിന്ദുനാദബീജത്വഭേദേന ച നിഗ ദ്യതേ" എന്നു രഹസ്യാഗമം. അദ്ധ്യാത്മകമായ ആ കാരണബിന്ദു കുണ്ഡലിനീനാമധേയത്തോടുകൂടി മൂലാധാരത്തിൽ സ്ഥിതിചെയ്യു ന്നു. അവിഭാഗത്തോടുകൂടിയ ഈ ബിന്ദു എപ്പോൾ കാൎയ്യബിന്ദ്വാദി മൂന്നിന്റേയും ജനനത്തിങ്കൽ ഉന്മുഖമായി ഭവിക്കുന്നുവോ? അ പ്പോൾ അതിൽ ശബ്ദബ്രഹ്മം എന്നു പേരോടുകൂടി അവ്യക്തമായ ഒരു ശബ്ദമുണ്ടാകുന്നു. ഈ ശബ്ദം കാരണബിന്ദുവോടുകൂടി താദാ ത്മ്യത്തെ പ്രാപിച്ചിരിക്കുന്നതിനാൽ സൎവ്വവ്യാപിയാണു്. എങ്കിലും വിവക്ഷുവിന്റെ ഇച്ഛയാൽ ഉണ്ടായ പ്രയത്നംനിമിത്തം വായുവോ ടുകൂടി സംസ്കൃതമായിത്തീൎന്നു മൂലാധാരത്തിൽത്തന്നെ ഉത്ഭവിക്കുന്നു. അതിനെയാണു് പരാവാക് എന്നു പറയുന്നതു്. ആ പരതന്നെ നാഭിപൎയ്യന്തം ആ വായുവിനാൽ പ്രകാശിപ്പിക്കപ്പെട്ടു് വിമൎശരൂപ മായ മനസ്സിനോടുചേൎന്നു് ഈഷച്ചലനത്തോടുകൂടി കാര്യബിന്ദു മയമായി തീരുമ്പോൾ പശ്യന്തീവാക്കെന്നും ആ ശബ്ദംതന്നെ വായു വിനാൽ ഹൃദയപൎയ്യന്തം പ്രകാശിപ്പിക്കപ്പെട്ടു് നിശ്ചയാത്മിക യായ ബുദ്ധിയോടുചേൎന്നു വിശേഷചലനത്തോടുകൂടിയ നാദമായി ത്തീരുമ്പോൾ മദ്ധ്യമാവാക്കെന്നും അതുതന്നെ ആവായുവിനാൽ മുഖ പൎയ്യന്തം നയിക്കപ്പെട്ടു് അന്യന്മാൎക്കു കേട്ടു ഗ്രഹിക്കത്തക്കവണ്ണം കണ്ഠാദിസ്ഥാനങ്ങളിൽ അകാരാദിവൎണ്ണരൂപങ്ങളായി പ്രകാശിപ്പി

ക്കപ്പെട്ടമ്പോൾ വൈഖരീവാക്കെന്നും പറയപ്പെടുന്നു ഇപ്രകാരം നാലുവിധമുള്ള വാക്കുകളെയറിയാത്ത മനുഷ്യർ സ്ഥൂലദൃക്കുകൊണ്ടു് വൈഖരി ഒന്നിനെമാത്രം വാക്കായി വിചാരിച്ചുപോരുന്നു. "മൂലാധാരേ പരാ പ്രോക്താ പശ്യന്തീ നാഭിസംസ്ഥിതാ മദ്ധ്യമാ ബുദ്ധിസംയുക്താ അഷ്ടസ്ഥാനേഷു വൈഖരീ" എന്നു ശിക്ഷ. "ചത്വാരി വാക്പരിമിതപദാനി താനി വിദുർബ്രാഹ്മണാ യേ മനീഷിണഃ ഗുഹാത്രീണി നിഹിതാനേംഗയന്തി തുരീയം വാചോ മനുഷ്യാ വദന്തി" എന്നു ശ്രുതി.

ഇപ്രകാരം ഈ ജഗത്തെല്ലാം ശബ്ദമയങ്ങളും തദ്വാച്യങ്ങളായ അർത്ഥമയങ്ങളുമാകുന്നു. ശിവാദ്യവനിപര്യന്തമുള്ള 36 തത്വങ്ങളെ ആകുന്നു അർത്ഥങ്ങൾ എന്നു പറയുന്നതു്. ഈ ശബ്ദാർത്ഥങ്ങളിൽനിന്നു് അന്യമായി ഈ പ്രപഞ്ചത്തിങ്കൽ യാതൊന്നുംതന്നെയില്ല. (അർത്ഥസൃഷ്ടിക്കും കാരണം ശിവശക്തികൾതന്നെ) പ്രകൃതമനുസരിച്ചു് മുൻപറഞ്ഞ നാലുവിധ ശബ്ദസൃഷ്ടികൾക്കും കാരണം ശിവശക്തികളാകുന്നു. അകാരം ശിവവാചകവും ഹകാരം ശക്തിവാചകവുമാണു്. "അഹകാരൗ ശിവശക്തീ ശൂന്യാകാരൗ പരസ്പരാശ്ലിഷ്ടൗ സ്ഫുരണപ്രകാശരൂപാവുപനിഷദുക്തം പരാബ്രഹ്മ" എന്നു വരിവസ്യ "അകാരഃ സർവ്വവർണ്ണാഗ്ര്യഃ പ്രകാശഃ പരമശ്ശിവഃ." എന്നു വാമകേശ്വരതന്ത്രം. "ഹകാരോന്ത്യഃ കലാരൂപോ വിമർശാഖ്യഃ പ്രകീർത്തിതഃ." എന്നു സ്മൃതിവാക്യം. ഈ ശിവശക്തികളുടെ സ്ഥൂലരൂപപരിണാമംതന്നെ ഈ ബ്രഹ്മാണ്ഡം. അഹംശബ്ദത്തിന്റെ സ്ഥൂലപരിണാമം പഞ്ചാശദ്വർണ്ണാത്മികയായ മാതൃക പഞ്ചാശദ്വർണ്ണങ്ങളിൽ ആദ്യക്ഷരമായ അകാരവും അന്ത്യാക്ഷരമായ ഹകാരവും മദ്ധ്യേയുള്ള എല്ലാ അക്ഷരങ്ങളേയും ഗ്രഹിച്ചിരിക്കുന്നതാകുന്നു. ളകാരം ലകാരത്തിൽ അന്തർഭവിച്ചതും ക്ഷകാരം കകാരഷകാരങ്ങളുടെ യോഗവുമാണു്. അതുകൊണ്ടു് ബ്രഹ്മാണ്ഡത്തിന്റെ സമഷ്ടിവാചകം അഹംശബ്ദവും, വ്യഷ്ടിയായ അനേക പിണ്ഡാണ്ഡങ്ങളുടെ വാചകം പഞ്ചാശദ്വർണ്ണങ്ങളുമാകുന്നു. അപ്പോൾ സർവ്വവും അഹത്തിൽ ഉൾപ്പെട്ടിരിക്കുന്നു. "അഹമേവേദം സർവം." എന്നു് ശ്രുതി. "ജന്യജനകയോർഭേദാഭാവാദ്വാച്യസ്യ വാചകേനാപി." എന്ന പ്രമാണമനുസരിച്ചു വാചകങ്ങളായ അഹകാരങ്ങൾക്കും വാച്യങ്ങളായ ശിവശക്തികൾക്കും അഭേദമാകുന്നു. തദ്വാരാ അഹകാരത്തിന്റെ സ്ഥൂലപരിണാമമായ പഞ്ചാശദ്വർണ്ണങ്ങൾക്കും ശിവശക്തികൾക്കും അഭേദവും സിദ്ധംതന്നെ. അതുകൊണ്ടു് പഞ്ചാശദ്വർണ്ണങ്ങളുടെ സമഷ്ടി ശ്രീമഹാത്രിപുരസുന്ദരിതന്നെയാകുന്നു.




ഈ യന്ത്രം സ്വർണ്ണത്തകിടിലെഴുതി 91 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ച് ധരിക്കുക. സകലശാസ്ത്രജ്ഞാനലബ്ധി ഫലം. നൈവേദ്യം തേൻ, പഴം, പാൽ, പഞ്ചസാര, കൽക്കണ്ടം.

തനുച്ഛായാഭിസ്തേ തരുണതരണിശ്രീസരണിഭി-
ർദ്ദിവം സർവാമുർവീമരുണിമനിമഗ്നാം സ്മരതി യഃ ।
ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാ-
സ്സഹോർവശ്യാ വശ്യാഃ കതി കതി ന ഗീർവാണഗണികാഃ ॥ 18

| | | |
|---|---|---|
| തനുച്ഛായാഭിഃ തേ | = | ദേഹകാന്തികളാൽ നിന്തിരുവടിയുടെ |
| തരുണതരണിശ്രീസരണിഭിഃ ദിവം | = | ബാലാദിത്യൻെറ ശോഭയുടെ സൗഭാഗ്യത്തോടുകൂടിയ ആകാശത്തേയും |
| സർവാമുർവീം | = | സമസ്തമായ ഭൂമിയേയും |
| അരുണിമനിമഗ്നാം | = | ചുമന്ന കാന്തിയിൽ മുങ്ങിയതായി |
| സ്മരതി യഃ | = | യാതൊരുവൻ ധ്യാനിക്കുന്നുവോ |
| ഭവന്തി, അസ്യ | = | ഭവിക്കുന്നു, ഈ ധ്യാനം ചെയ്യുന്നവനു് |
| ത്രസ്യദ്വനഹരിണശാലീനനയനാഃ | = | ഭയപ്പെട്ടുകൊണ്ടിരിക്കുന്ന വനമാനുകളുടെ അതിസുന്ദരങ്ങളായ നയനങ്ങൾപോലെയുള്ള നയനങ്ങളോടുകൂടിയ |
| സഹോർവശ്യാ വശ്യാഃ | = | ഉർവശിതുടങ്ങിയുള്ള വശ്യകളായി |
| കതി കതി ന | = | എത്രഎത്ര ഇല്ല |
| ഗീർവാണഗണികാഃ | = | ദേവസ്ത്രീകൾ. |

അല്ലയോ ദേവി! ബാലാദിത്യകാന്തിയുടെ സൗഭാഗ്യത്തോടുകൂടിയ നിന്തിരുവടിയുടെദേഹകാന്തികളാൽ സമസ്തമായ ഭൂമണ്ഡലവും ആകാശവും യാവകാബ്ധിയിൽ (ചെമ്പഞ്ഞിച്ചാറുകൊണ്ടുള്ള സമുദ്രത്തിൽ) മുങ്ങിയതായി യാതൊരുവൻ ധ്യാനിക്കുന്നുവോ? അവനു് ഭയപ്പെട്ടുംകൊണ്ടിരിക്കുന്ന വനമാനുകളുടെ അതിസുന്ദരങ്ങളായ നയനങ്ങൾപോലെയുള്ള നയനങ്ങളോടുകൂടിയ ഉർവശിതുടങ്ങിയുള്ള എത്രഎത്ര ദേവസ്ത്രീകൾ വശ്യകളായി ഭവിക്കുന്നില്ല? എല്ലാ ദേവാംഗനകളും വശ്യകളായിത്തന്നെ ഭവിക്കുന്നു എന്നു താല്പര്യം.

നിന്തിരുവടിയുടെ ദേഹകാന്തിയാൽ സമസ്തഭൂമണ്ഡലവും ആകാശവും അരക്കുകുഴമ്പിൽ മുങ്ങിയിരിക്കുന്നതായി ധ്യാനിക്കുന്നവന് സ്വർഗ്ഗലോകത്തിലുള്ള അതിസൗന്ദര്യവതികളായ രംഭോവ്ശ്യാദ്യപ്സരഃസ്ത്രീകൾപോലും വശ്യകളായി ഭവിക്കുന്നു. പിന്നെ ഈ ഭൂമിയിലുള്ള സ്ത്രീകളുടെ കാര്യം പറയണമെന്നില്ലല്ലോ. ഈ ശ്ലോകവും അടുത്ത ശ്ലോകവും സ്ത്രീവശ്യപ്രയോഗമാകുന്നു. "യാവകാബ്ധൗനിമഗ്നാം യോ ദിവം ഭൂമിം വിചിന്തയേൽ തസ്യ സർവാ വശം യാന്തി ത്രൈലോക്യവനിതാഃ ദ്രുതം." എന്നു് ശംഭുവചനം.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 45 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. ചന്ദനം, കുങ്കുമം, പുഷ്പം ഇവ ജപിച്ചു് കൊടുക്കുകയും ചെയ്യാം. സർവസ്ത്രീവശ്യം. നിവേദ്യം പായസം, താംബൂലം.

മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ
ഹരാർദ്ധം ധ്യായേദ്യോ ഹരമഹിഷി! തേ മന്മഥകലാം।
സ സദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതിലഘു
ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം ॥ 19

മുഖം ബിന്ദും കൃത്വാ = ബിന്ദുസ്ഥാനത്തിൽ മുഖത്തേയും
കുചയുഗം = സ്തനയുഗം
അധസ്തസ്യ = മുഖത്തിൻെറ അധോഭാഗത്തിൽ
തദധഃ = കുചയുഗത്തിൻെറയും അധോഭാഗത്തിൽ
ഹരാർദ്ധം = ത്രികോണം (യോനി)
ധ്യായേദ്യഃ = യാതൊരുവൻ ധ്യാനിക്കുന്നുവോ?

| | | |
|---|---|---|
| ഹരമഹിഷി? | = | സദാശിവജായേ! |
| തേ മന്മഥകലാം | = | നിന്തിരുവടിയുടെ കാമരാജബീജത്തെ |
| സ സദ്യഃ | = | അവൻ വേഗത്തിൽ |
| സംക്ഷോഭം നയതി | = | മനോവികാരത്തെ പ്രാപിപ്പിക്കുന്നു |
| വനിതാഃ | = | സ്ത്രീകളെ |
| ഇത്യതിലഘു | = | എന്നുള്ളതു് അതിനിസ്സാരമാകുന്നു. |
| ത്രിലോകീമപി | = | ത്രിലോകി എന്ന സ്ത്രീയേയുംകൂടി (ത്രൈലോക്യത്തേയും) |
| ആശു ഭ്രമയതി | = | വേഗത്തിൽ ഭ്രമിപ്പിക്കുന്നു. |
| രവീന്ദുസ്തനയുഗാം | = | സൂര്യചന്ദ്രന്മാരാകുന്ന രണ്ടു സ്തനങ്ങളോടുകൂടിയ. |

അല്ലയോ പരമശിവമഹിഷി! ബിന്ദുസ്ഥാനത്തിൽ സാദ്ധ്യയായ കാമിനിയുടെ മുഖത്തേയും തദധോഭാഗത്തിൽ രണ്ടു സ്തനങ്ങളേയും അതിൻെറ അധോഭാഗത്തിൽ യോനിയേയും മുഖസ്തനയുഗയോനികളിൽ 'ക്ലീം' എന്ന കാമബീജത്തേയും യാതൊരുവൻ ധ്യാനിക്കുന്നുവോ? അവൻ ക്ഷണത്തിൽ സ്ത്രീകളെയെല്ലാം മോഹിപ്പിക്കുന്നുവെന്നുള്ളതു അതിനിസ്സാരമാകുന്നു. സൂര്യചന്ദ്രന്മാരാകുന്ന രണ്ടു സ്തനങ്ങളോടുകൂടിയ ത്രിലോകി എന്ന സ്ത്രീയേയുംകൂടി (ത്രൈലോക്യത്തേയുംകൂടി) വേഗത്തിൽ ഭ്രമിപ്പിക്കുന്നു.

സാധകൻ ത്രികോണമായ ബിന്ദുസ്ഥാനത്തിൽ സാദ്ധ്യയായ കാമിനിയുടെ മുഖത്തെയും അതിൻെറ അധോഭാഗത്തിൽ അവളുടെ സ്തനയുഗത്തെയും സ്തനയുഗത്തിൻെറ അധോഭാഗത്തിൽ അവളുടെ യോനിയേയും ധ്യാനിച്ചിട്ടു് മുഖസ്തനമദ്ധ്യയോനികളിൽ കാമരാജബീജത്തെയും ചിന്തിച്ചു് ആ കാമിനിയോടുകൂടി ആത്മാവിൻെറ താദാത്മ്യത്തെ സമ്പാദിക്കണമെന്നു താല്പര്യം.

ചതുശ്ശതിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: (ബിന്ദും സങ്കല്പ്യ വക്ത്രം തു തദധസ്താൽ കുചദ്വയം തദധശ്ച ഹരാർദ്ധം തു ചിന്തയേത്തദധോമുഖം തത്ര കാമകലാരൂപാമരുണാം ചിന്തയേദിഹ തതസ്തേനൈവ രൂപേണ നിജരൂപം വിചിന്തയേൽ.) ഇങ്ങനെ അനേകം മാദനപ്രയോഗങ്ങൾ സനല്കുമാരസംഹിതയിൽ സപ്തശതിയിൽ പറഞ്ഞിരിക്കുന്നു. അതിൽ ചില പ്രയോഗങ്ങളെ ഇവിടെ പറയാം. (ബിന്ദൗ തദ്വക്ത്രമാരോപ്യ തദധോ ബാഹുയു

ശകം തദധഃ കുചയുഗ്മം തു തദധോ യോനിമേവ ച. ഏതേഷു പഞ്ചസ്ഥാനേഷു പഞ്ചബാണാൻ വിചിന്തയേൽ) പഞ്ചബാണബീജങ്ങളെ മുഖത്തും രണ്ടു കൈകളിലും കുചമദ്ധ്യത്തിലും യോനിമദ്ധ്യത്തിലും യഥാക്രമം ദ്രാം ദ്രീം ക്ലീം ബ്ലൂം സഃ എന്നു ചിന്തിക്കണമെന്നത്ഥം. ഈ പ്രയോഗം മുൻപറഞ്ഞ കാമബീജപ്രയോഗത്തോടു കൂടി പ്രയോഗിക്കേണ്ടതല്ല. (ത്രികോണബൈന്ദവസ്ഥാനേ അധോവക്ത്രം വിചിന്തയേൽ ബിന്ദോരുപരിഭാഗേ തു വക്ത്രം സഞ്ചിന്ത്യ സാധകഃ തദ്രൂപദ്യേവ വക്ഷോജദ്വിതയം സംസ്മരേൽ ബുധഃ തദ്രൂപദ്യേവ യോനിഞ്ച ക്രമശോ ഭുവനേശ്വരീം ശ്രീവിദ്യാം കാമരാജഞ്ച വിന്യസ്യാശു വിമോഹയേൽ.) ഈ പ്രയോഗം മുഖം ബിന്ദും കൃത്വാ എന്ന പ്രയോഗത്തെക്കാൾ വേഗം സിദ്ധിയാകുന്നതാണ്. ഇതിലും പഞ്ചബാണപ്രയോഗം മുൻപോലെ അനുഷ്ഠിക്കണം.

ഈ ശ്ലോകത്തിൽ കാമ്യപ്രയോഗത്തെയാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ "കാമീം കലാം കാമരൂപാം വിദിത്വാ" ഇത്യാദി വേദത്തിൽ പറയുന്ന നിഷ്കാമ്യമായ കാമകലാദ്ധ്യാനത്തെക്കൂടി ഗൂഢമായി ഇതിൽ വണ്ണിച്ചിട്ടുണ്ടു്. കാമകലാ എന്നതു് തുരീയസ്വരമാണ്. അതിന്റെ സ്വരൂപം മുകളിൽ രജോഗുണപ്രധാനമായും ബ്രഹ്മാവിന്റെ രൂപാന്തരമായും അഗ്നിസ്വരൂപമായും ഇരിക്കുന്ന ഒരു ബിന്ദുവും അതിനു താഴെ സത്വതമോഗുണപ്രധാനങ്ങളായി ഹരിഹരാത്മകങ്ങളായി സൂര്യ്യചന്ദ്രസ്വരൂപങ്ങളായിരിക്കുന്ന രണ്ടു ബിന്ദുക്കളും അതിനുംതാഴെ സത്വരജസ്തമോഗുണപ്രധാനമായി ബ്രഹ്മവിഷ്ണുരുദ്രാത്മകമായി സൂര്യ്യചന്ദ്രാഗ്നിരൂപമായി ചിൽകലാധിഷ്ഠാനമായി ഇരിക്കുന്ന ത്രികോണവുമാകുന്നു. ഈ കാമകലയ്ക്കും ശ്രീദേവിക്കും സ്വശരീരത്തിനും അഭേദമാണ്. മുകളിലുള്ള ഏകബിന്ദുവിനെ ശിരസ്സുമുതൽ കണ്ഠംവരെയുള്ള ഭാഗത്തോടു് അഭേദമായും അതിനു താഴെയുള്ള രണ്ടു ബിന്ദുക്കളെ കണ്ഠംമുതൽ സ്തനങ്ങൾവരെയുള്ള ഭാഗത്തോടഭേദമായും അതിനും താഴെയുള്ള ത്രികോണത്തെ സ്തനങ്ങൾമുതൽ ഗുദംവരെയുള്ള ഭാഗത്തോടു അഭേദമായും ഭാവിച്ചു് ദേവീരൂപമായ കാമകലാത്രികൂടംതന്നെ സ്വശരീരമായി പരിണമിച്ചിരിക്കുന്നു എന്നു ധ്യാനിക്കുന്നവനു് ധമ്മാത്ഥകാമമോക്ഷങ്ങളും സിദ്ധിക്കും. ചിൽകലാരൂപമായ ത്രികോണം അതായതു് ഹാർദ്ധകലാ, ഹകാരത്തിന്റെ പ്രകൃതിയാകുന്നു. ഈ ധ്യാനത്തിൽ കേശപാണിപാദങ്ങളെ ഉൾപ്പെടുത്താത്തതു് അവ മേല്പറഞ്ഞ മൂന്നു ഭാഗങ്ങളുടെ ശാഖകളാകകൊണ്ടാണ്.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 25 ദിവസം ഈ ശ്ലോകം 12000 ഉരു ജപിച്ച് ധരിക്കുക. ചന്ദനവും, പുഷ്പവും, വിഭൂതിയും, കുങ്കുമവും ജപിച്ച് ധരിക്കാം. സകല രാജരാക്ഷസമൃഗസ്ത്രീ വശ്യം. നൈവേദ്യം പാൽ, തേൻ, പഴം.

കിരന്തീമംഗേഭ്യഃ കിരണനികുരുംബാമൃതരസം
ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂർത്തിമിവ യഃ ।
സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ
ജ്വരപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ ॥ 20

| | | |
|---|---|---|
| കിരന്തീം | = | വർഷിക്കുന്നവളായ |
| അംഗേഭ്യഃ | = | അവയവങ്ങളിൽനിന്ന് |
| കിരണനികുരുംബാമൃതരസം ഹൃദി | = | കാന്തിസമൂഹത്തിൽനിന്നുണ്ടായ അമൃതരസത്തെ ഹൃദയത്തിൽ |
| ത്വാം ആധത്തേ | = | നിന്തിരുവടിയെധ്യാനിക്കുന്നുവോ? |
| ഹിമകരശിലാമൂർത്തിമിവ യഃ | = | ചന്ദ്രകാന്തമണിയാലുണ്ടാക്കപ്പെട്ട പ്രതിമപോലെ ഇരിക്കുന്ന യാതൊരുത്തൻ |
| സഃ സർപ്പാണാം | = | അവൻ സർപ്പങ്ങളുടെ |
| ദർപ്പം ശമയതി | = | അഹങ്കാരത്തെ നശിപ്പിക്കുന്നു. |
| ശകുന്താധിപ ഇവ | = | ഗരുഡനെപ്പോലെ |
| ജ്വരപ്ലുഷ്ടാൻ | = | ജ്വരംകൊണ്ടു ദുഃഖിക്കുന്നവരെ |
| ദൃഷ്ട്യാ സുഖയതി | = | കടാക്ഷംകൊണ്ടു സുഖിപ്പിക്കുന്നു. |
| സുധാധാരസിരയാ | = | അമൃതവർഷത്തെച്ചെയ്യുന്ന ഞരമ്പോടുകൂടിയ. |

അല്ലയോ മഹാദേവി! കാന്തിസമൂഹത്തിൽനിന്നുണ്ടായ അമൃതരസത്തെ അവയവങ്ങളിൽനിന്ന് വർഷിക്കുന്ന ചന്ദ്രകാന്തമണിയാലുണ്ടാക്കപ്പെട്ട പ്രതിമപോലെയിരിക്കുന്ന നിന്തിരുവടിയെ യാതൊരുവൻ ഹൃദയത്തിൽ ധ്യാനിക്കുന്നുവോ? അവൻ പ്രത്യക്ഷ ഗരുഡനെപ്പോലെ സർപ്പങ്ങളുടെ അഹങ്കാരത്തെ നശിപ്പിക്കുന്നു. അമൃതവർഷത്തെച്ചെയ്യുന്ന നാഡിയോടുകൂടിയ വീക്ഷണത്താൽ ജ്വരരോഗംകൊണ്ടു് ദുഃഖിക്കുന്നവരെ സുഖിപ്പിക്കുകയുംചെയ്യുന്നു.

വിഷഹരവും ജ്വരഹരവുമായ പ്രയോഗങ്ങളെ ഈ ശ്ലോകത്തിൽ പ്രതിപാദിക്കുന്നു. ജ്വരഹരപ്രയോഗം ദൃഷ്ടികൊണ്ടുമാത്രമുള്ള ഒരു വിശേഷപ്രയോഗമാകുന്നു.

ചതുശ്ശതിയിൽ ഇങ്ങനെ പറയുന്നു:—

"ഷണ്മാസധ്യാനയോഗേന ജായതേ ഗരുഡോപമഃ
ദൃഷ്ട്യാകർഷയതേ ലോകം ദൃഷ്ട്യൈവ കുരുതേ വശം
ദൃഷ്ട്യാ സംക്ഷോഭയേന്നാരീം ദൃഷ്ട്യൈവ ഹരതേവിഷം
ദൃഷ്ട്യാ ചതുർത്ഥകാദീംശ്ച ജ്വരാന്നാശയതേ ക്ഷണാൽ
ചന്ദ്രകാന്തശിലാമൂർത്തിം ചിന്തയിത്വാ വിനാശയേൽ
താപജ്വരാനശേഷാംശ്ച ശീഘ്രം താർക്ഷ്യ ഇവാപരഃ
ഗരുഡധ്യാനയോഗേന സ്മരണാന്നാശയേദ്വിഷം."

നിന്തിരുവടിയെ സ്വീയങ്ങളായ കിരണസമൂഹങ്ങളിൽനിന്നുണ്ടായ അമൃതത്തെ വർഷിക്കുന്നവളായി അപ്രകാരമുള്ള ചന്ദ്രകാന്തമണിയിൽ കൊത്തിയുണ്ടാക്കിയ പാവഎന്നപോലെ യാതൊരുവൻ ഹൃദയത്തിൽ ധ്യാനിക്കുന്നുവോ? അവൻ വീക്ഷണംകൊണ്ടുതന്നെ വിഷത്തേയും ജ്വരത്തേയും നശിപ്പിക്കുന്നുവെന്നു താല്പര്യം.




ഈ യന്ത്രം വിഭൂതിയിലെഴുതി 1000 ഉരു ഈ ശ്ലോകം ജപിച്ചു കൊടുക്ക; വിഷഹരം. ഈ വിഭൂതി സപ്പത്തിന്മേൽ തട്ടിയാൽ മോഹിക്കും. ജ്വരഹരം. ഈ ശ്ലോകം 45 ദിവസം 2000 ഉരു വീതം ജപിച്ചു സാദ്ധ്യമാക്കുക. സാധകന്ന് ഒരിക്കലും വിഷഭയമുണ്ടാകുകയില്ല. മാസ്സൂരതാമ്രം, പൂനാഗതാമ്രം ഇവയിൽ ഒന്നും സ്വണ്ണവുംചേർത്ത തകിടിൽ ഈ യന്ത്രമെഴുതി മേൽപ്രകാരം സാധകംചെയ്തു ചുരുട്ടി മോതിരമാക്കി ധരിക്കുക. ആ കൈകൊണ്ടു് വിഷംതീണ്ടിയവനിൽ ജലം തളിച്ചാൽ വിഷമിറങ്ങും.

തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം
നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം ।
മഹാപത്മാടവ്യാം മൃദിതമലമായേന മനസാ
മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം ॥ 21

തടില്ലേഖാതന്വീം = മിന്നൽക്കൊടിപോലെ സൂക്ഷ്മമായും തേജോരൂപമായും ക്ഷണകാന്തിയോടുകൂടിയതായും

| | |
|---|---|
| തപനശശിവൈശ്വാനരമയീം | = സൂര്യ്യചന്ദ്രാഗ്നിരൂപിണിയായും |
| നിഷണ്ണാം | = ഇരിക്കുന്ന |
| ഷണ്ണാമപ്യുപരി കമലാനാം | = മൂലാധാരാദി ഷഡാധാരപത്മങ്ങളുടേയും ഉപരിഭാഗത്തിൽ |
| തവ കലാം മഹാപത്മാടവ്യാം | = നിന്തിരുവടിയുടെ സാദാഖ്യയായ ബൈന്ദവീകലയെ സഹസ്രദളകമലത്തിൽ |
| മൃദിതമലമായേന മനസാ | = നശിപ്പിക്കപ്പെട്ട കാമക്രോധാദികളോടും അജ്ഞാനത്തോടുംകൂടിയമനസ്സുകൊണ്ടു് |
| മഹാന്തഃ | = മഹാത്മാക്കൾ |
| പശ്യന്തഃ ദധതി | = സാക്ഷാല്ക്കരിക്കുന്നവർ, ധരിക്കുന്നു. |
| പരമാഹ്ലാദലഹരീം | = അളവില്ലാത്ത സുഖാനന്ദപരമ്പരയെ. |

അല്ലയോ മഹാത്രിപുരസുന്ദരി! മിന്നൽക്കൊടിപോലെ അതികൃശയായി തേജോരൂപിണിയായി സൂര്യ്യചന്ദ്രാഗ്നിരൂപയായി മൂലാധാരാദി ഷഡാധാരപത്മങ്ങളുടെയും ഉപരിഭാഗത്തിൽ സഹസ്രദളകമലത്തിൽ സ്ഥിതിചെയ്യുന്ന നിന്തിരുവടിയുടെ സാദാഖ്യയായ ബൈന്ദവീകലയെ, നശിപ്പിക്കപ്പെട്ട കാമക്രോധാദികളോടും അജ്ഞാനത്തോടുംകൂടിയ മനസ്സുകൊണ്ടു സാക്ഷാൽക്കരിക്കുന്നവരായ മഹാത്മാക്കൾ സർവ്വദാ അളവില്ലാത്ത സുഖാനന്ദപരമ്പരയെ അനുഭവിക്കുന്നു.

ശിവശക്ത്യൈക്യരൂപമായ 26-ാമത്തെ തത്വത്തെയാണു് സാദാഖ്യാബൈന്ദവീകലാ എന്നു പറയുന്നതു്. ഷഡാധാരങ്ങളുടെയും ഗ്രന്ഥിത്രയത്തിൻെറയും ഉപരിഭാഗത്തിൽ പരമശിവനോടുള്ള മഹാത്രിപുരസുന്ദരിയുടെ വിഹരണാവസ്ഥയിലുണ്ടാകുന്ന ശിവശക്ത്യാത്മസംഘട്ടം തന്നെ ആ ബൈന്ദവീകല. ആ കലയെ അനേകജന്മങ്ങളിൽ സിദ്ധിച്ചിട്ടുള്ള പുണ്യാതിശയത്താൽ കാമക്രോധാദിമനോദോഷങ്ങളും അജ്ഞാനവും നശിച്ചു വിശുദ്ധഹൃദയന്മാരായിത്തീൎന്ന മഹായോഗികൾ സാക്ഷാൽകരിച്ചു സാദാഖ്യകലാസുധാധാരാനിഷ്യന്ദത്തെ അനുഭവിച്ചു നിരതിശയാനന്ദപരമ്പരയെ പ്രാപിക്കുന്നു എന്നു താല്പൎയ്യം.

ഈ ശ്ലോകം മോക്ഷരൂപമായ നിത്യനിരതിശയാനന്ദത്തെ പ്രാപിക്കുന്നതിനുള്ള ധ്യാനസമ്പ്രദായത്തെ പറയുന്നതാകുന്നു




ഈ യന്ത്രം സ്വർണ്ണത്തിലോ വെള്ളിയിലോ ചെമ്പുതകിടിലോ എഴുതി ഈ ശ്ലോകം ദിവസം 1000 ഉരുവീതം 45 ദിനം ജപിച്ചു ധരിക്കുക. സകലജനവൈരനാശം. വശ്യം. നിവേദ്യം പഴം, മധു, ശക്കര.

ഭവാനി! ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാം
ഇതി സ്തോതും വാഞ്ഛൻ കഥയതി ഭവാനി! ത്വമിതി യഃ ।
തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം ॥ 22

ഭവാനി! ത്വം = ശിവപത്നി!, നിന്തിരുവടി
ദാസേ മയി = ദാസനായ എങ്കൽ
വിതര = ചെയ്താലും
ദൃഷ്ടിം സകരുണാം = കരുണയോടുകൂടിയ കടാക്ഷത്തെ
ഇതി സ്തോതും വാഞ്ഛൻ കഥയതി = എന്നു സ്തോത്രംചെയ്യുന്നതിന് ഇച്ഛിക്കുന്നവനായി പറഞ്ഞുതുടങ്ങുന്നുവോ
ഭവാനി! ത്വമിതി = അല്ലയോ ഭവാനി! നിന്തിരുവടി എന്ന്
യഃ = യാതൊരുത്തൻ
തദൈവ = ഭവാനി! ത്വമെന്നു പറഞ്ഞുതുടങ്ങുമ്പോൾത്തന്നെ
ത്വം തസ്മൈ ദിശസി = നിന്തിരുവടി അവനു കൊടുക്കുന്നു
നിജസായുജ്യപദവീം = തന്റെ സ്വരൂപത്തിനും ചേതനസ്വരൂപത്തിനും ഭേദമില്ലാതെ ആത്മസായുജ്യത്തെ
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം = വിഷ്ണുബ്രഹ്മേന്ദ്രന്മാരുടെ കിരീടങ്ങളാൽ പ്രകാശിക്കത്തക്കവണ്ണമുള്ള നീരാജനംചെയ്യപ്പെട്ട പാദങ്ങളോടുകൂടിയ.

അല്ലയോ ഭവാനി! നിന്തിരുവടി ദാസനായ എങ്കൽ കരുണയോടുകൂടിയ കടാക്ഷത്തെ ചെയ്താലും എന്ന് സ്തോത്രം ചെയ്യുന്നതിനു ഇച്ഛിക്കുന്നവനായി യാതൊരുത്തൻ, അല്ലയോ ഭവാനി! നിന്തിരുവടി എന്ന് പറഞ്ഞുതുടങ്ങുന്നുവോ? അപ്പോൾത്തന്നെ നിന്തി

രുവടി അവന് വിഷ്ണുബ്രഹ്മേന്ദ്രന്മാരുടെ കിരീടങ്ങളാൽ പ്രകാശിക്കത്തക്കവണ്ണമുള്ള നീരാജനംചെയ്യപ്പെട്ട പാദങ്ങളോടുകൂടിയ ആത്മസായൂജ്യപദവിയെ കൊടുക്കുന്നു.

അല്ലയോഭവാനി! നിന്തിരുവടി ദാസനായ എന്നിൽ കരുണാകടാക്ഷത്തെച്ചെയ്യേണ എന്നു പ്രാർത്ഥിക്കുന്നതിന്നായി സാധകൻ ഭവാനി! നിന്തിരുവടി എന്നു പറഞ്ഞുതുടങ്ങുമ്പോൾത്തന്നെ—ഏഴു വാക്കുകളോടുകൂടിയ തന്റെ പ്രാർത്ഥനാവാക്യത്തിൽ ഭവാനി ത്വം എന്ന രണ്ടു വാക്കുകൾ പറഞ്ഞുകഴിയുമ്പോൾത്തന്നെ—നിന്തിരുവടി ആ സാധകന് ആത്മതാദാത്മ്യത്തെ കൊടുക്കുന്നു. ആ സായൂജ്യപദവി വിഷ്ണുബ്രഹ്മേന്ദ്രന്മാരുടെ കിരീടങ്ങളാൽ സ്ഫുടമാകുംവണ്ണം നീരാജനംചെയ്യപ്പെട്ട പാദങ്ങളോടുകൂടിയതാകുന്നു. അതായതു് സദാ നമസ്കരിച്ചുംകൊണ്ടിരിക്കുന്ന ദേവദേവന്മാരുടെ കിരീടങ്ങളിലുള്ള രത്നപ്രഭകൾകൊണ്ടു് ദീപാരാധനാവിധിയാൽ ഉപചരിക്കപ്പെട്ട പാദാരവിന്ദങ്ങളോടുകൂടിയതു് എന്നർത്ഥം.

'ഭവാനി ത്വം ദാസേ മയീ'ത്യാദിവാക്യത്തിൽ 'ഭവാനി ത്വം' എന്നു് രണ്ടു് പദങ്ങളുള്ളതിൽ ഭവാനി എന്ന പദം ലോട്ടു് ഉത്തമപുരുഷൈകവചനമാകകൊണ്ടു് തൽപദത്തിനു് തുല്യമാണു്. അതിനെ ത്വംപദത്തോടന്വയിക്കുമ്പോൾ "തത്ത്വമസി" എന്ന മഹാവാക്യത്തിന്റെ അർത്ഥമായി പരിണമിക്കുന്നു. "ഭവാനി ത്വം" "തത്ത്വമസി" ഇതു രണ്ടിനും ഞാൻ നിന്തിരുവടിയായി ഭവിക്കുന്നു എന്നു് അർത്ഥമാകുന്നു. ഈ മഹാവാക്യപ്രയോഗത്തെ സാധകൻ അറിവുകൂടാതെയാണു് ഉപയോഗിച്ചതു് എങ്കിലും മഹാകരുണാനിധിയായ ദേവി തൽഫലഭൂതമായ നിജസായൂജ്യത്തെത്തന്നെ അവനു് ദാനംചെയ്യുന്നു. അറിവുകൂടാതെ സ്പർശിച്ചാലും അഗ്നി ദഹിപ്പിക്കുകതന്നെചെയ്യും. "അനിച്ഛയാപി സംസ്പൃഷ്ടോ ദഹത്യേവ ഹി പാവകഃ." എന്നുണ്ടു്. ജപഹോമാദ്യുപാസനാവിധികളെക്കാൾ താദാത്മ്യോപാസന ക്ഷണസാദ്ധ്യമാകുന്നു എന്നു താല്പര്യം. ഇതിന്നു യന്ത്രം ശ്രീചക്രമാകുന്നു.

ഈ ചക്രം സ്വർണ്ണത്തകിടിലെഴുതി ഒരു പുണ്യതീർത്ഥക്കരയിലോ ക്ഷേത്രത്തിലോ ദേവീസന്നിധിയിലോ ഇരുന്നു് 45 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ചു് സിദ്ധിയാക്കുക. ഇഹലോകവാഞ്ഛ എല്ലാം സാധിക്കും. സർവ്വവശ്യത്വം. ഐശ്വര്യപ്രദം, സാമ്രാജ്യപ്രദം. നൈവേദ്യം—മധു, ത്രിമധുരം, ദധി, പാൽ. ചിത്രാന്നം

ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ
ശരീരാർദ്ധം ശംഭോരപരമപി ശങ്കേ ഹൃതമഭൂൽ ।
യദേതത്ത്വദ്രൂപം സകലമരുണാഭം ത്രിണയനം
കുചാഭ്യാമാനമ്രം കുടിലശശിചൂഡാലമകുടം ॥ 23

| | | |
|---|---|---|
| ത്വയാ ഹൃത്വാ | = | നിന്തിരുവടിയാൽ അപഹരിച്ചിട്ട് |
| വാമം വപുഃ | = | ഇടത്തേഭാഗമായ ശരീരത്തെ |
| അപരിതൃപ്തേന മനസാ | = | തൃപ്തിപ്പെടാത്ത മനസ്സോടെ |
| ശരീരാർദ്ധം, ശംഭോഃ | = | പകുതിശ്ശരീരം, പരമശിവൻെറ |
| അപരം, അപി | = | വലത്തേഭാഗമായ, ക്രൂടി |
| ശങ്കേ | = | ഞാൻ ശങ്കിക്കുന്നു |
| ഹൃതമഭൂൽ | = | അപഹരിക്കപ്പെട്ടതായി |
| യൽ | = | യാതൊരു കാരണത്താൽ |
| ഏതൽ | = | ഈ (ഹൃദയകമലത്തിലിരിക്കുന്ന) സകലം(മുഴുവനും) |
| ത്വദ്രൂപം | = | നിന്തിരുവടിയുടെ രൂപം |
| അരുണാഭം | = | ചുവന്ന കാന്തിയോട്ടുക്രൂടിയതായും |
| ത്രിണയനം | = | മൂന്നു കണ്ണുള്ളതായും |
| കുചാഭ്യാമാനമ്രം | = | രണ്ടു സ്തനങ്ങൾകൊണ്ടു് അല്പം കുനിഞ്ഞിരിക്കുന്നതായും |
| കുടിലശശിചൂഡാലമകുടം | = | ചന്ദ്രക്കല അലങ്കാരമായ കിരീടത്തോടു ക്രൂടിയതായും. |

അല്ലയോ പരാശക്തിസ്വരൂപിണിയായ ദേവി! നിന്തിരുവടി പരമശിവൻെറ ഇടത്തേഭാഗമായ പകുതിശരീരത്തെ അപഹരിച്ചു കൊണ്ടു തൃപ്തിപ്പെടാത്ത മനസ്സോടു പിന്നെയും വലത്തുഭാഗമായ പകുതി ശരീരത്തേയുംക്രൂടി അപഹരിച്ചതായി ഞാൻ ശങ്കിക്കുന്നു. എന്തുകൊണ്ടെന്നാൽ എൻെറ ഹൃദയകമലത്തിൽ ഇരിക്കുന്ന നിന്തിരുവടിയുടെ ഈ രൂപം മുഴുവനും ചുവന്ന കാന്തിയോടുക്രൂടിയതായും മൂന്നു കണ്ണുകളോടുക്രൂടിയതായും രണ്ടു സ്തനങ്ങളുടെ ഭാരംകൊണ്ടു് അല്പം കുനിഞ്ഞിരിക്കുന്നതായും ചന്ദ്രക്കല അലങ്കാരമായ കിരീടത്തോടുക്രൂടിയതായും വിളങ്ങുന്നു.

നിന്തിരുവടി ശിവൻെറ ഇടത്തുഭാഗമായ പകുതി ശരീരത്തെ അപഹരിച്ചുകൊണ്ടു് പിന്നെയും തൃപ്തിയില്ലാതെ വലത്തുഭാഗമായ പകുതി ശരീരത്തേയുംക്രൂടി അപഹരിച്ചുകളഞ്ഞു എന്നു ഞാൻ ഊഹിക്കുന്നു. അപ്രകാരം നിന്തിരുവടി അപഹരിച്ചില്ലെങ്കിൽ അവിടുത്തെ ശരീരം ചുവപ്പുനിറമായും ശിവൻെറ പകുതി ശരീരം വെണ്മയായും ഒരു സ്തനമുള്ളതായും മൂന്നാംതൃക്കണ്ണും ചന്ദ്രക്കലയും ഒരുഭാഗത്തുമാത്രം ഉള്ളതായും ഇരിക്കേണ്ടതാണല്ലോ. എന്നാൽ ഞങ്ങളുടെ ഹൃദയകമലത്തിൽ പ്രകാശിക്കുന്ന നിന്തിരുവടിയുടെ രൂപം ഇടത്തുഭാഗവും വലത്തുഭാഗവും ചുവപ്പുനിറത്തോടുക്രൂടിയതായും മൂന്നു കണ്ണുകൾ ഉള്ളതായും ചന്ദ്രക്കല മകുടാലങ്കാരമായും പ്രകാ

ശിക്കുന്നതിനാൽ വലത്തുഭാഗത്തേയും അപഹരിച്ചു എന്നുള്ളതിനു് സംശയമില്ല. എന്നുമാത്രമല്ല, എന്റെ ഹൃദയത്തിൽ ശിവാത്മകമായ അർദ്ധശരീരത്തിന്റെ ഛായപോലും സ്ഫുരിക്കുന്നുമില്ല. ശ്രീചക്രപൂജയിൽ ശിവനു പൂജയില്ല. ദേവിക്കേയുള്ളു. അതനുസരിച്ചാണു് ഇങ്ങനെ സമർത്ഥിച്ചതു്. ശിവതത്വം ശക്തിതത്വത്തിൽ അന്തർഭവിച്ചിരിക്കുന്നു എന്നു സാരം. ശ്രീദേവി ശംഭുവിന്റെ പകുതി ശരീരത്തെ അപഹരിച്ചതിനാൽ മറ്റേ പകുതിയെക്കൂടി അപഹരിച്ചുവോ എന്നുൽപ്രേക്ഷിക്കുന്നു.

ഈ ശ്ലോകം കൗളസിദ്ധാന്തത്തെ പ്രതിപാദിക്കുന്നതാകുന്നു. ആ സിദ്ധാന്തത്തിൽ ശക്തിതത്വത്തിൽനിന്നന്യമായി ശിവതത്വം എന്നു് ഒന്നില്ല. ശിവതത്വം ശക്തിതത്വത്തിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ ശക്തിതത്വംതന്നെ ഉപാസ്യം എന്നാണു് സ്ഥാപിച്ചിരിക്കുന്നതു്.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഗൃഹത്തിൽ വച്ചു പൂജിച്ചു് ഈ ശ്ലോകം 3000 ഉരു 30 ദിവസം ജപിക്കുക. സർവ്വംപന്നിവാരണം. ഋണമോചനം, ഭൂതപ്രേതശമനം. നൈവേദ്യം പായസം.

ജഗത് സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ
തിരസ്കുർവ്വന്നേതൽ സ്വമപി വപുരീശസ്തിരയതി ।
സദാപൂർവ്വസ്സർവ്വം തദിദമനുഗൃഹ്ണാതി ച ശിവഃ
തവാജ്ഞാമാലംബ്യ ക്ഷണചലിതയോർഭ്രൂലതികയോഃ ॥ 24

ജഗത് സൂതേ = ചരാചരാത്മകമായ ലോകത്തെ സൃഷ്ടി- [ക്കുന്നു
ധാതാ ഹരിഃ = ബ്രഹ്മാവു്, വിഷ്ണു
അവതി, രുദ്രഃ = (ലോകത്തെ) രക്ഷിക്കുന്നു, രുദ്രൻ

| | | |
|---|---|---|
| ക്ഷപയതേ | = | (ലോകത്തെ) സംഹരിക്കുന്നു. |
| തിരസ്കുർവ്വന്നേതൽ സ്വമപി വപുഃ | = | ഈ ബ്രഹ്മവിഷ്ണുരുദ്രന്മാരെ തന്നിൽ ലയിപ്പിച്ചിട്ട്, തന്റെ ശരീരത്തേയും |
| ഈശഃ തിരയതി | = | ഈശ്വരൻ, മറയ്ക്കുന്നു |
| സദാപൂർവ്വഃ | = | സദാശബ്ദം മുൻപിലുള്ള |
| സർവ്വം തദിദം | = | ബ്രഹ്മവിഷ്ണുരുദ്രേശ്വരരൂപമായ നാലു തത്വങ്ങളേയും |
| അനുഗൃഹ്ണാതി ച | = | അനുഗ്രഹിക്കുകയുംചെയ്യുന്നു. |
| ശിവഃ തവ | = | ശിവൻ, നിന്തിരുവടിയുടെ |
| ആജ്ഞാം അവലംബ്യ | = | കല്പനയെ സ്വീകരിച്ചുകൊണ്ട് |
| ക്ഷണചലിതയോഃ | = | ഒരുതവണ ഇളക്കപ്പെട്ട |
| ഭ്രൂലതികയോഃ | = | പുരികക്കൊടികളുടെ. |

അല്ലയോ ശിവശക്തിസ്വരൂപിണി! ബ്രഹ്മാവു ലോകത്തെ സൃഷ്ടിക്കുന്നു. വിഷ്ണു രക്ഷിക്കുന്നു. രുദ്രൻ സംഹരിക്കുന്നു. ഈശ്വരൻ ഈ ബ്രഹ്മവിഷ്ണുരുദ്രന്മാരെ തന്നിൽ ലയിപ്പിച്ച് തന്റെ ശരീരത്തെയും മറയ്ക്കുന്നു. (താനും സദാശിവതത്വത്തിൽ ലയിക്കുന്നു) സദാശിവൻ ബ്രഹ്മവിഷ്ണുരുദ്രേശ്വരരൂപമായ നാലു തത്വങ്ങളേയും നിന്തിരുവടിയുടെ ഒരുതവണ ഇളക്കപ്പെട്ട പുരികക്കൊടികളുടെ കല്പനയെ സ്വീകരിച്ചിട്ട് അനുഗ്രഹിക്കുകയും ചെയ്യുന്നു.

സദാശിവൻ അനുഗ്രഹരൂപമായ നിന്തിരുവടിയുടെ ഭ്രൂചലനത്തെ കണ്ടറിഞ്ഞ് ബ്രഹ്മവിഷ്ണുരുദ്രേശ്വരന്മാരെ സൃഷ്ടിക്കുന്നുവെന്ന് താല്പര്യം. സൃഷ്ടിസ്ഥിതിസംഹാരതിരോധാനാനുഗ്രഹങ്ങൾ എന്ന് അഞ്ചുകൃത്യങ്ങൾ ഉള്ളതിന്ന് ക്രമേണ ബ്രഹ്മവിഷ്ണുരുദ്രേശ്വരസദാശിവന്മാർ അധികാരികളാകുന്നു ബ്രഹ്മാവ് സൃഷ്ടിക്കുന്നു. വിഷ്ണു രക്ഷിക്കുന്നു. രുദ്രൻ സംഹരിക്കുന്നു. ഈശ്വരൻ ഈ ബ്രഹ്മവിഷ്ണുരുദ്രന്മാരെ തങ്കൽ ലയിപ്പിച്ച് താനുംസദാശിവതത്വത്തിൽ ലയത്തെ പ്രാപിക്കുന്നു. ഇത് ബ്രഹ്മാണ്ഡപ്രളയമാകുന്നു. ആ പ്രളയത്തിൽ സദാശിവൻ നിന്തിരുവടിയുടെ ഭ്രൂഭംഗരൂപമായ അഭിപ്രായമാത്രത്താൽ അറിയത്തക്കതായ ആജ്ഞയെ കൈക്കൊണ്ടു തന്നിൽലയിച്ചിരിക്കുന്ന ബ്രഹ്മാദിതത്വചതുഷ്ടയത്തെ വീണ്ടും സൃഷ്ടിക്കുന്നു. ഇപ്രകാരം നിന്തിരുവടിയുടെ ഭ്രൂചലനമാത്രത്താൽ അനേകകോടിബ്രഹ്മാണ്ഡങ്ങൾ ഉൽഭവിക്കുകയും നാശത്തെപ്രാപിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉൽപന്നങ്ങളായും വിപന്നങ്ങളായും ഭവിക്കുന്ന ബ്രഹ്മാണ്ഡങ്ങൾക്കെല്ലാം കാരണം ശ്രീമഹാദേവിയുടെ ഭ്രൂചലനശക്തിമാത്രമെന്നും തദധികാരികളായ ബ്രഹ്മാദികൾ ദേവ്യാജ്ഞാപരതന്ത്രന്മാരാണെന്നും താല്പര്യം.




ഈ ശിവയന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരു വീതം 30 ദിവസം ജപിച്ചു സിദ്ധിയാക്കി ധരിക്കുക ഭൂതപ്രേതപിശാചാപസ്മാരാദി നിവാരണം. നൈവേദ്യം മധു, വട, തിലപിഷ്ടം.

ത്രയാണാം ദേവാനാം ത്രിഗുണജനിതാനാം തവ ശിവേ!
ഭവേൽ പൂജാ പൂജാ തവ ചരണയോര്യ്യാ വിരചിതാ ।
തഥാ ഹി ത്വത്പാദോദ്വഹനമണിപീഠസ്യ നികടേ
സ്ഥിതാ ഹ്യേതേ ശശ്വന്മുകുളിതകരോത്തംസമകുടാഃ ॥ 25

ത്രയാണാം ദേവാനാം = ബ്രഹ്മവിഷ്ണുരുദ്രന്മാരായത്രിമൂർത്തികൾക്കും
ത്രിഗുണജനിതാനാം = സത്വരജസ്തമോഗുണങ്ങളിൽനിന്നുത്ഭവിച്ച
തവ = നിന്തിരുവടിയുടെ
ശിവേ! = ശിവശക്തിരൂപിണി!
ഭവേൽ പൂജാ = പൂജയായി ഭവിക്കും.
പൂജാ = സപര്യ്യാ, അല്ലെങ്കിൽ പൂജാരൂപമായ ഉപാസന
തവ ചരണയോഃ = നിന്തിരുവടിയുടെ പാദങ്ങളിൽ
യാ വിരചിതാ = യാതൊരു ചെയ്യപ്പെടുന്ന
തഥാ ഹി = ഇതു് യുക്തംതന്നെ
ത്വല്പാദോദ്വഹനമണിപീഠസ്യ നികടേ = നിന്തിരുവടിയുടെ പാദങ്ങളെ വഹിക്കുന്ന രത്നപീഠത്തിൻെറ സമീപത്തിൽ
സ്ഥിതാഃ, ഹി = സ്ഥിതിചെയ്യുന്നു, യാതൊരുകാരണത്താൽ
ഏതേ ശശ്വൽ = ഈ ബ്രഹ്മവിഷ്ണുരുദ്രന്മാർ എല്ലായ്പോഴും
മുകുളിതകരോത്തംസമകുടാഃ = അഞ്ജലിബന്ധം ഭൂഷണമായുള്ള കിരീടത്തോടുകൂടിയവരായിട്ടു്.

അല്ലയോ പരമശിവമഹിഷി! നിന്തിരുവടിയുടെ പാദാരവിന്ദങ്ങളിൽ യാതൊരു പൂജചെയ്യപ്പെടുന്നുവോ ആ പൂജ നിന്തിരുവടി

യുടെ സത്വരജസ്തമോഗുണങ്ങളിൽനിന്നുത്ഭവിച്ച ബ്രഹ്മവിഷ്ണുരുദ്രന്മാരായ ത്രിമൂർത്തികൾക്കും പൂജയായി ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ ബ്രഹ്മവിഷ്ണുരുദ്രന്മാർ അഞ്ജലിബന്ധം ഭൂഷണമായുള്ള കിരീടത്തോടുകൂടി നിന്തിരുവടിയുടെ പാദങ്ങളെ വഹിക്കുന്ന രത്നപീഠത്തിൻെറ സമീപത്തിൽ എല്ലായ്പ്പോഴും സ്ഥിതിചെയ്യുന്നു.

നിന്തിരുവടിയുടെ ചരണാരവിന്ദങ്ങളിൽ യാതൊരു പൂജ ചെയ്യപ്പെടുന്നുവോ അതുതന്നെ ബ്രഹ്മാദികൾക്കും പൂജ അവക്ക് പ്രത്യേകമായി വേറെ ഒരു പൂജചെയ്യേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ അവർ സർവകാലവും മൂർദ്ധാവിൽ അഞ്ജലിബന്ധം ചെയ്തുകൊണ്ട് നിന്തിരുവടിയുടെ പാദാരവിന്ദങ്ങളെ വഹിക്കുന്ന രത്നപീഠത്തിൻെറ സമീപത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് ആ പാദാരവിന്ദങ്ങളിൽ അർച്ചിക്കുന്ന പുഷ്പാദികൾ ബ്രഹ്മവിഷ്ണ്വാദികളുടെ ശിരസ്സുകളിലും പതിക്കുന്നുവെന്നു താല്പര്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45 ദിവസം ജപിച്ച് ധരിക്കുക. ഉദ്യോഗവും ഉൽകൃഷ്ടപദവിയും ലഭിക്കും. നൈവേദ്യം മധു.

വിരിഞ്ചിഃ പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം
വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം ।
വിതന്ദ്രീ മാഹേന്ദ്രീവിതതിരപി സമ്മീലിതദൃശാ
മഹാസംഹാരേസ്മിൻ വിഹരതി സതി! ത്വത്പതിരസൌ ॥ 26

വിരിഞ്ചിഃ പഞ്ചത്വം വ്രജതി = ബ്രഹ്മാവ് മരണത്തെ പ്രാപിക്കുന്നു.
ഹരിഃ ആപ്നോതി = വിഷ്ണുവും പ്രാപിക്കുന്നു
വിരതിം വിനാശം = അവസാനത്തെ നാശത്തെ
കീനാശഃ ഭജതി = അന്തകൻ ഭജിക്കുന്നു
ധനദഃ യാതി = കുബേരൻ പ്രാപിക്കുന്നു
നിധനം, വിതന്ദ്രീ = നാശത്തെ, മടിയുംഉറക്കവുമില്ലാത്തതായ
മാഹേന്ദ്രീവിതതിരപി = പതിനാലു മനുക്കളുടെ സംഘവും

സംമീലിതദൃശാ = കണ്ണു ചിമ്മിക്കൊണ്ടു്
മഹാസംഹാരേസ്മിൻ = ഈ മഹാപ്രളയകാലത്തിൽ
വിഹരതി = വിഹരിക്കുന്നു
സതി! = ല്ലയോ പതിവ്രതേ!
തത്പതിരസൗ = നിന്തിരുവടിയുടെ ഭർത്താവായ ഈ പരമശിവൻമാത്രം.

ബ്രഹ്മാവു് മരണത്തെ പ്രാപിക്കുന്നു വിഷ്ണുവും അവസാനത്തെ പ്രാപിക്കുന്നു. അന്തകനും നശിക്കുന്നു. കുബേരനും മരിക്കുന്നു. പതിന്നാലു മനുക്കളുടെ സംഘവും കണ്ണു ചിമ്മി വിശേഷേണ ജാഡ്യയുക്തമായിത്തീരുന്നു. ഇങ്ങനെയുള്ള മഹാപ്രളയകാലത്തിൽ അല്ലയോ മഹാപതിവ്രതേ! നിന്തിരുവടിയുടെ ഭർത്താവായ ഈ പരമശിവൻമാത്രം ക്രീഡിച്ചുകൊണ്ടിരിക്കുന്നു

ബ്രഹ്മാദിസകലദേവന്മാരും നശിച്ചുപോകുന്ന ബ്രഹ്മാണ്ഡപ്രളയത്തിൽ നിന്തിരുവടിയുടെ പതി ഒരുവൻമാത്രം ശേഷിക്കുന്നു. അതു് അവിടത്തെ പാതിവ്രത്യമഹിമതന്നെ.




ഈ യന്ത്രം തങ്കത്തകിടിലെഴുതി അമാവാസിയിൽ 1000 ഉരു ഈ ശ്ലോകം ജപിച്ചു ധരിക്കുക. സർവ്വസിദ്ധി. 1000 ഉരു വീതം 6 ദിവസം ജപിക്കുക. ശത്രുജയം. നൈവേദ്യം ശക്കരപ്പായസം.

ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ
ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതിവിധിഃ ।
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപ്പണദൃശാ
സപര്യ്യാപര്യ്യായസ്തവ ഭവതു യന്മേ വിലസിതം ॥ 27

ജപഃ ജല്പഃ = മഹാമന്ത്രജപം യാദൃച്ഛികസല്ലാപം
ശില്പം സകലമപി = കൈകൾകൊണ്ടു ചെയ്യുന്ന ക്രിയകളുടെ കൂട്ടമെല്ലാം
മുദ്രാവിരചനാ ഗതിഃ
പ്രാദക്ഷിണ്യക്രമണം } = സംക്ഷോഭണാദിമുദ്രാകരണം സഞ്ചാരം പ്രദക്ഷിണം
അശനാദി = അന്നപാനാദിക്രിയകൾ
ആഹുതിവിധിഃ = ഹോമാനുഷ്ഠാനം

| | | |
|---|---|---|
| പ്രണാമഃ സംവേശഃ | = | നമസ്കാരം കിടപ്പ് |
| സുഖം | = | ശബ്ദസ്പർശാദിസുഖത്തെച്ചെയ്യുന്നവസ്തു |
| അഖിലം | = | മേല്പറഞ്ഞവയല്ലാതെയുള്ള അംഗചേഷ്ടകളും കണ്ണടയ്ക്കുക തുറക്കുക മുതലായ സമസ്തവും |
| ആത്മാർപ്പണദൃശാ | = | ആത്മാർപ്പണബുദ്ധിയോടുകൂടി |
| സപര്യാപര്യായഃ | = | പൂജയുടെ രൂപാന്തരമായിട്ട് |
| തവ, ഭവതു | = | നിന്തിരുവടിയുടെ, ഭവിക്കട്ടെ. |
| യന്മേ വിലസിതം | = | എൻെറ യാതൊരുവിലാസവ്യാപാരവും. |

അല്ലയോ ശിവശക്തിസ്വരൂപിണി! ആത്മാർപ്പണബുദ്ധിയോടുകൂടി ഞാൻ ചെയ്യുന്ന യദൃച്ഛാസല്ലാപങ്ങളെല്ലാം മഹാമന്ത്രജപമായും, എൻെറ കൈകൾകൊണ്ടുചെയ്യുന്ന ക്രിയകളെല്ലാം സംക്ഷോഭണാദി മുദ്രാകരണമായും, എൻെറ സഞ്ചാരം നിന്തിരുവടിക്ക് പ്രദക്ഷിണമായും, ഞാൻചെയ്യുന്ന അന്നപാനാദിക്രിയകൾ നിന്തിരുവടിയുടെ ഹോമാനുഷ്ഠാനമായും, എൻെറ കിടപ്പ് നിന്തിരുവടിക്ക് നമസ്കാരമായും, ഇപ്രകാരം എൻെറ അഖിലസുഖവും സമസ്തവിലാസവും നിന്തിരുവടിക്ക് പൂജയായിഭവിക്കട്ടെ.

ശബ്ദസ്പർശരൂപരസഗന്ധാദിസുഖകരവസ്തുക്കൾ മേല്പറഞ്ഞവയല്ലാതെയുള്ള അംഗചേഷ്ടകൾ കണ്ണടയ്ക്കുക, തുറക്കുക, തുമ്മുക മുതലായവയെല്ലാം നിന്തിരുവടിക്കു പൂജയായി ഭവിക്കട്ടേ എന്നു താല്പര്യം.

ഷോഡശോപചാരത്തിൽ ഉൾപ്പെടാത്തതായ ശബ്ദസ്പർശാദിസുഖകരവസ്തുക്കളെയെല്ലാം ആത്മാർപ്പണബുദ്ധ്യാ സമർപ്പിക്കുന്നതുതന്നെ പൂജ. എന്നാൽ താൻ സ്വീകരിച്ചതായ ശബ്ദാദികളെ മാത്രമല്ലാ യാദൃച്ഛികമായി ഒരു മധുരമായ ശബ്ദം കേൾക്കുമ്പോൾ സുഖമുണ്ടാകുന്നു. ആ സുഖം അർപ്പിച്ചതിൻെറ ശിഷ്ടമാണോ? അല്ലാ, അതും സദാശിവാർപ്പണംചെയ്ത പൂജതന്നെ.

അനേകജന്മങ്ങളിൽ സിദ്ധിച്ചിരിക്കുന്ന പുണ്യവിശേഷംനിമിത്തമേ ശ്രീമഹാത്രിപുരസുന്ദരിയെ ഉപാസിക്കുന്നതിനുതന്നെ സംഗതിവരികയുള്ളു. അങ്ങനെ നിഷ്കളങ്കഭക്തിയോടുകൂടി ഉപാസിച്ച്, സുധാസിന്ധോർമദ്ധ്യേ മഹീം മൂലാധാരേ–സുധാധാരാ–സാരൈഃ–ചതുർഭിഃ ശ്രീകണ്ഠൈഃ ഇത്യാദി ശ്ലോകങ്ങളാൽ പ്രതിപാദിക്കപ്പെട്ടന്ന ശിവശക്തിസംപുടരൂപമായ സാദാഖ്യകലയെ പ്രത്യക്ഷീകരിച്ച മഹായോഗികൾ വിദേഹമുക്തിയെ അതായത് ജീവന്മുക്ത

ദശയെ പ്രാപിച്ചിരിക്കുന്നു എങ്കിലും സംസാരികളായ പശുക്കളോടുചേൎന്നു പ്രാരബ്ധശേഷത്തെ അനുഭവിക്കുമ്പോഴും അനുഭവസ്ഥന്മാരായ ആ മഹാന്മാർചെയ്യുന്ന പൂജാസമ്പ്രദായത്തെ ആകുന്നു ഈ ശ്ലോകത്തിൽ വൎണ്ണിച്ചിരിക്കുന്നതു്.

സമയികളുടെ മതത്തിൽ സാദാഖ്യകലാപൂജാ സഹസ്രദളകമലത്തിലാകുന്നു. വെളിയിൽ പീഠാദികളിലല്ല. ആ ജീവന്മുക്തന്മാർ സാദാഖ്യതത്വത്തെ ധ്യാനിച്ചുകൊണ്ടു് ആത്മൈകപ്രവണന്മാരായി വൎത്തിക്കുന്നവരാകുന്നു. അവർ വിജനപ്രദേശത്തിലോ ഗുഹാന്തരത്തിലോ പത്മാസനസ്ഥന്മാരായി ജിതേന്ദ്രിയന്മാരായി അനുഷ്ഠിക്കുന്ന ഷഡധ്വൈക്യാനുസന്ധാനംതന്നെ ദേവീപൂജ. അവൎക്കു ബാഹ്യപൂജയിലുള്ള ക്രിയാകലാപമില്ല. ബാഹ്യപൂജയ്ക്കുള്ള പദാൎത്ഥസമ്പാദനശ്രമവുമില്ല. ശുദ്ധന്മാരായി ഭേദബുദ്ധിയില്ലാതെ സൎവ്വത്ര ശിവൈക്യദൃഷ്ടികളായിരിക്കുന്ന സമയികൾ ജാഗരാദിമൂന്നവസ്ഥയിലും തൈലധാരപോലെ അവിച്ഛിന്നമായ ആത്മാനുസന്ധാനത്തോടുകൂടിയവരാകകൊണ്ടു് സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളേയും തദധിപന്മാരായ വിശ്വതൈജസപ്രാജ്ഞന്മാരേയും തത്സംബന്ധമായ ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളേയും മിഥ്യാരൂപേണ സംബന്ധിക്കുന്നവയായി പരാശക്ത്യഭിന്നങ്ങളായി ഇച്ഛാജ്ഞാനക്രിയാശക്തിരൂപങ്ങളായിരിക്കുന്ന സല്ലാപദേഹചേഷ്ടാദികൾക്കു്, അവരുടെ ആത്മാനുസന്ധാനവിച്ഛിത്തിവരുത്തുവാൻ സാമൎത്ഥ്യമില്ലാത്തതിനാലാകുന്നു ആ അനുസന്ധാനം പൂജാരൂപമായി പരിണമിക്കുന്നതു്. ഭാവനോപനിഷത്തിൽ 10-ാമത്തെ വാക്യത്തിൽ ജ്ഞാതൃജ്ഞാനജ്ഞേയങ്ങളുടെ അഭേദഭാവനതന്നെ ശ്രീചക്രപൂജ എന്നും, 30-ാമത്തെ വാക്യത്തിൽ സ്വാത്മാഭേദേനയുള്ള ലളിതാഭാവനയെ പിന്നെയും, പിന്നെയും, ഇടവിടാതെ ചെയ്യുന്നതുതന്നെ ഉപചാരമെന്നു സമൎത്ഥിക്കുന്നു. (ജ്ഞാതൃജ്ഞാനജ്ഞേയാനാമഭേദഭാവനം ശ്രീചക്രപൂജനം) (ഭാവനായാഃ ക്രിയാ ഉപചാരഃ) എന്നു് ഭാവനോപനിഷത്തു്.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45ദിവസം ജപിച്ചു് ധരിക്കുക. പൂജാഫലവും മന്ത്രസിദ്ധിഫലവും ദേവീരൂപദൎശനവും ആത്മജ്ഞാനവുമുണ്ടാകും. നൈവേദ്യം ശൎക്കരപ്പായസം.

സുധാമപ്യാസ്വാദ്യ പ്രതിഭയജരാമൃത്യുഹരിണീം
വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദഃ ।
കരാളം യൽ ക്ഷ്വേളം കബളിതവതഃ കാലകലനാ
ന ശംഭോസ്തന്മൂലം തവ ജനനി! താടങ്കമഹിമാ ॥ 28

| | | |
|---|---|---|
| സുധാം ആസ്വാദ്യാപി | = | അമൃതത്തെ പാനംചെയ്തിട്ടും |
| പ്രതിഭയജരാമൃത്യു-ഹരിണീം | = | ഭയങ്കരങ്ങളായ ജരാമരണങ്ങളെ നശിപ്പിക്കുന്ന |
| വിപദ്യന്തേ | = | (പ്രളയകാലത്തിൽ) ആപത്തിനെ പ്രാപിക്കുന്നു. |
| വിശ്വേ | = | എല്ലാ |
| വിധിശതമഖാദ്യാഃ | = | ബ്രഹ്മാവ് ഇന്ദ്രൻ മുതലായ |
| ദിവിഷദഃ | = | ദേവന്മാർ |
| കരാളം യൽ | = | അത്യുഗ്രമായ എന്നതു യാതൊന്നോ |
| ക്ഷ്വേളം | = | കാളകൂടവിഷം |
| കബളിതവതഃ | = | ഭക്ഷിച്ചവനായ |
| കാലകലനാ | = | അവസാനകാലം |
| ന | = | ഉണ്ടായില്ല |
| ശംഭോഃ | = | ശ്രീപരമേശ്വരന് |
| തന്മൂലം | = | അതുനിമിത്തം |
| തവ | = | നിന്തിരുവടിയുടെ |
| ജനനി! | = | അല്ലയോ ജഗന്മാതാവേ! |
| താടങ്കമഹിമാ | = | താടങ്കത്തിൻെറ മാഹാത്മ്യം. |

അല്ലയോ ജഗന്മാതാവേ! ബ്രഹ്മാവ് ദേവേന്ദ്രൻ മുതലായ എല്ലാ ദേവന്മാരും ഭയങ്കരങ്ങളായ ജരാമരണങ്ങളെ നശിപ്പിക്കുന്ന അമൃതത്തെ പാനംചെയ്തിട്ടും പ്രളയകാലത്തിൽ നാശത്തെ പ്രാപിക്കുന്നു. അത്യുഗ്രമായ കാളകൂടവിഷത്തെ ഭക്ഷിച്ചിട്ടും പരമശിവന് അവസാനകാലം ഉണ്ടായില്ല എന്നുള്ളതിനു കാരണം നിന്തിരുവടിയുടെ താടങ്കമഹിമതന്നെയാകുന്നു

മരണത്തെ ഇല്ലാതാക്കുന്ന അമൃതിനെ പാനംചെയ്തിട്ടും അന്യന്മാരായ ദേവന്മാരെല്ലാം പ്രളയകാലത്തിൽ മരിച്ചുപോകുന്നു. മരണത്തെ ഉണ്ടാക്കുന്ന കാളകൂടവിഷത്തെ പാനംചെയ്തിട്ടും നിന്തിരുവടിയുടെ രമണൻ മരിക്കുന്നതുമില്ല. അല്ലയോ ലോകമാതാവേ! ഇതിൻെറകാരണം നിന്തിരുവടിയുടെ കർണ്ണാഭരണമാഹാത്മ്യംതന്നെ ആകുന്നു. എന്തുകൊണ്ടെന്നാൽ പരമശിവന് ആപത്തു നേരിട്ടാൽ ഈ കർണ്ണാഭരണത്തിനു ച്യുതിയുണ്ടാകും. അതായതു് ഭർത്തൃ

വിഹീനയായ നാരിയെപ്പോലെ ഈ ആഭരണത്തെ കണ്ഠത്തിൽ നിന്നു് എടുത്തുകളയേണ്ടതായിവരും നിന്തിരുവടിയുടെ താടങ്കായത്തമായ കാലത്തിനു് അങ്ങനെ ചെയ്യിക്കുന്നതിനുള്ള സാമർത്ഥ്യമില്ല. ശ്രീദേവിയുടെ താടങ്കങ്ങൾ സൂര്യചന്ദ്രന്മാരാകുന്നു. കാലം അവരുടെ അധീനത്തിലാണു്. (സൂര്യചന്ദ്രൌ സ്തനൌ ദേവ്യാസ്താവേവ നയനേ സ്മൃതേ, ഉഭൌ താടങ്കയുഗളമിത്യേഷാ വൈദികീ ശ്രുതിഃ) എന്നു സൌഭാഗ്യഭാസ്കരം. (താടങ്കയുഗളീഭൂതതപനോഡുപമണ്ഡലാ) എന്നുമുണ്ടല്ലോ. ഈ ശ്ലോകം ശ്രീദേവിയുടെ പാതിവ്രത്യം മംഗല്യം ഇവയുടെ ബലത്തെ പറയുന്നു.

മഹാപ്രളയത്തിൽ പ്രപഞ്ചവും സകലദേവന്മാരും നശിക്കുമ്പോൾ മഹേശ്വരനും മഹാത്രിപുരസുന്ദരിയുംമാത്രം ശേഷിക്കുന്നു. ആ സമയത്തിൽ മഹേശ്വരൻ ആനന്ദനൃത്തം ചെയ്യുകയും മഹാദേവി അതിനു സാക്ഷിയായി ഇരിക്കുകയുമാണു്. (മഹേശ്വരമഹാകല്പമഹാതാണ്ഡവസാക്ഷിണീ)എന്നുണ്ടു്. (കല്പോപസംഹരണകല്പിതതാണ്ഡവസ്യ ദേവസ്യ ഖണ്ഡപരശോഃ പരഭൈരവസ്യ പാശാങ്കുശൈക്ഷവശരാസനപുഷ്പബാണാ സാ സാക്ഷിണീ വിജയതേ തവ മൂർത്തിരേകാ) പഞ്ചദശീസ്തവം. വിരിഞ്ചിഃ പഞ്ചത്വം എന്ന ശ്ലോകത്തിൽ പറയുന്ന കാര്യംതന്നെ ഇതിൽ വിസ്തരിച്ചു പറയുന്നു.



ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഈ ശ്ലോകം 1000 ഉരുവീതം 45 ദിവസം ജപിച്ചു് ധരിക്കുക. സ്ത്രീകൾക്കു് സകലസിദ്ധി. പുരുഷന്മാർക്കു് അപമൃത്യുനിവാരണം. നൈവേദ്യം ത്രിമധുരം പായസം താംബൂലം.

കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ
കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരിമകുടം ।
പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം
ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവിജയതേ ॥ 29

കിരീടം വൈരിഞ്ചം = കിരീടത്തെ, ബ്രഹ്മാവിനെ സംബന്ധിച്ച
പരിഹര, പുരഃ = പരിഹരിച്ചാലും, അഗ്രഭാഗത്തിൽ

| | | |
|---|---|---|
| കൈടഭഭിദഃ | = | വിഷ്ണുവിൻെറ |
| കഠോരേ കോടീരേ | = | രത്നമയമാകയാൽ കഠിനമായ കിരീടത്തിൽ |
| സ്ഖലസി | = | തട്ടുന്നു. |
| ജഹി, ജംഭാരിമകുടം | = | പരിത്യജിച്ചാലും, ദേവേന്ദ്രൻെറകിരീടത്തെ |
| പ്രണമ്രേഷ്വേതേഷു | = | ഈ ബ്രഹ്മവിഷ്ണുമഹേന്ദ്രന്മാർ നമസ്കരിച്ചുകൊണ്ടിരിക്കുന്ന സമയത്തിൽ |
| പ്രസഭം | = | പെട്ടെന്നു് (സംഭ്രമത്തോടെ) |
| ഉപയാതസ്യ ഭവനം | = | ഭവനത്തിലേയ്ക്കുവരുന്ന |
| ഭവസ്യാഭ്യുത്ഥാനേ | = | പരമേശ്വരനു് അഭിമുഖമായി ഉത്ഥാനം ചെയ്യുമ്പോൾ |
| തവ പരിജനോക്തിഃ | = | നിന്തിരുവടിയുടെ സേവകജനങ്ങളുടെ വാക്കുകൾ |
| വിജയതേ | = | സർവോൽക്കർഷേണ വർത്തിക്കുന്നു. |

അല്ലയോ മഹാദേവി! അഗ്രഭാഗത്തിൽ ബ്രഹ്മദേവൻെറ കിരീടത്തെ പരിഹരിച്ചാലും മഹാവിഷ്ണുവിൻെറ കഠിനമായ കിരീടത്തിൻെറ അററത്തു് നിന്തിരുവടിയുടെ പാദങ്ങൾ തട്ടുന്നു. ദേവേന്ദ്രൻെറ കിരീടത്തെ പരിത്യജിക്കണേ. എന്നിപ്രകാരം ഈ ബ്രഹ്മവിഷ്ണുമഹേന്ദ്രന്മാർ നമസ്കരിച്ചുംകൊണ്ടിരിക്കുമ്പോൾ ഭവനത്തിലേയ്ക്കുവരുന്ന പരമേശ്വരനു് അഭിമുഖമായി നിന്തിരുവടി പെട്ടെന്നു് ഉത്ഥാനംചെയ്യുമ്പോൾ അവിടുത്തെ സേവകജനങ്ങളുടെ വാക്കുകൾ സർവോൽക്കർഷേണ വർത്തിക്കുന്നു.

ത്രയാണാം ദേവാനാം എന്ന ശ്ലോകത്തിൽ പ്രതിപാദിച്ചതുപോലെ ബ്രഹ്മവിഷ്ണ്വാദികൾ ശ്രീമഹാത്രിപുരസുന്ദരിയുടെ പാദാരവിന്ദത്തിൽ സദാ നമസ്കരിച്ചുകിടക്കുന്നവരാണല്ലോ ഒരവസരത്തിൽ പരമേശ്വരൻ ദേവീഭവനത്തിലേയ്ക്കുവന്നപ്പോൾ പെട്ടെന്നു ശ്രീദേവി എതിരേല്ക്കുന്നതിനായി സിംഹാസനത്തിൽനിന്നു് എഴുന്നേല്ക്കാൻ ഭാവിച്ചു ഉടനെ സേവകജനങ്ങൾ ഇങ്ങനെ പറഞ്ഞു: മുൻഭാഗത്തു പാദാരവിന്ദങ്ങളെ വിന്യസിക്കാൻ ഭാവിക്കുന്ന സ്ഥലത്തുള്ള ബ്രഹ്മാവിൻെറ കിരീടത്തെവിട്ടൊഴിയണേ. അതായതു് അതിനെ ചവിട്ടരുതേ. (ദേവി, പാദങ്ങളെ സ്വല്പം മാററി വിന്യസിക്കാൻതുടങ്ങി, അവിടെ) മഹാവിഷ്ണുവിൻെറ കഠിനമായ കിരീടാഗ്രത്തിൽ നിന്തിരുവടിയുടെ പാദങ്ങൾ ഇടറുന്നുവല്ലോ. (പാദങ്ങളെ കുറച്ചുംകൂടിമാററി) അവിടെ ദേവേന്ദ്രൻെറ കിരീടത്തെ പരിത്യജിച്ചാലും എന്നും അഖിലലോകനായികയായ പരാഭട്ടാരികയെ സദാ സകലദേവന്മാരും പ്രണമിച്ചുംകൊണ്ടിരിക്കുന്നുവെന്നു താല്പര്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45-ദിവസം ജപിച്ച് ധരിക്കുക. ദുഷ്ടന്മാരേയും മൂർഖന്മാരേയും സത്തുക്കളാക്കി സ്വാധീനപ്പെടുത്താം. നൈവേദ്യം മധു, വട.

സ്വദേഹോത്ഭൂതാഭിർഘൃണിഭിരണിമാദ്യാഭിരഭിതോ
നിഷേവ്യേ! നിത്യേ! ത്വാമഹമിതി സദാ ഭാവയതി യഃ ।
കിമാശ്ചര്യം? തസ്യ ത്രിണയനസമൃദ്ധിം തൃണയതോ
മഹാസംവർത്താഗ്നിർവിരചയതി നീരാജനവിധിം ॥ 30

സ്വദേഹോത്ഭൂതാഭിഃ = തന്റെ ദേഹത്തിൽനിന്നുണ്ടായ
ഘൃണിഭിഃ = കിരണങ്ങളായ
അണിമാദ്യാഭിഃ = അണിമാദി ആവരണദേവതകളാൽ
അഭിതഃ നിഷേവ്യേ! = ചുററും, സേവിക്കപ്പെട്ടവളേ!
നിത്യേ! ത്വാം = ആദ്യന്തരഹിതേ! നിന്തിരുവടിയെ
അഹമിതി സദാ = ഞാൻ എന്നു്, എല്ലായ്പ്പോഴും
ഭാവയതി യഃ = യാതൊരുവൻ ഭാവനചെയ്യുന്നുവോ?
കിമാശ്ചര്യം? = ആശ്ചര്യമെന്തു്?
തസ്യ = അവനു്
ത്രിണയനസമൃദ്ധിം = സദാശിവൈശ്വര്യത്തേയും
തൃണയതഃ = തൃണീകരിക്കുന്ന
മഹാസംവർത്താഗ്നിഃ = പ്രളയകാലാഗ്നി

| | |
|---|---|
| വിരചയതി | = ചെയ്യുന്നു |
| നീരാജനവിധിം | = നീരാജനവിധിയെ. |

അല്ലയോ ആദ്യന്തരഹിതയായ ദേവി! സ്വദേഹത്തിൽനിന്നുണ്ടായ കിരണങ്ങളായ അണിമാദിആവരണദേവതകളാൽ ചുററും സേവിക്കപ്പെട്ട നിന്തിരുവടിയെ ഞാൻ എന്നു യാതൊരുവൻ എല്ലായ്പ്പോഴും ഭാവനചെയ്യുന്നുവോ? സദാശിവൻെറ ഐശ്വര്യത്തേയും തൃണീകരിക്കുന്ന അവനു പ്രളയകാലാഗ്നി നീരാജനവിധിയെച്ചെയ്യുന്നു എന്നതിൽ ആശ്ചര്യം എന്തു്? ആശ്ചര്യമൊന്നുമില്ലെന്നു താല്പര്യം.

അരുണാം കരുണാതരംഗിതാക്ഷീം
ധൃതപാശാങ്കുശപുഷ്പബാണചാപാം ।
അണിമാദിഭിരാവൃതാം മയൂഖൈ-
രഹമിത്യേവ വിഭാവയേ ഭവാനീം ॥

എന്ന പ്രമാണമനുസരിച്ചു് സ്വീയമരീചിരൂപങ്ങളായി നവചക്രാത്മകമായ ശ്രീചക്രത്തിൻെറ ത്രൈലോക്യമോഹനാദി ഒൻപതു ചക്രങ്ങളിലും സ്ഥിതിചെയ്യുന്ന നവാവരണദേവതകൾ എന്നു് പേരോട്ടുകൂടിയ അണിമാദികളാൽ ചുററും സേവിക്കപ്പെട്ട ശ്രീവിദ്യാഭിന്ന ശ്രീചക്രരൂപിണിയെ സദാ ഞാൻ എന്നു് (ഭവാന്യേ ഹാഹമസ്മി, എന്നു്) യാതൊരുത്തൻ ധ്യാനിക്കുന്നുവോ പൂർണ്ണകാമനായി സർവ്വശക്തനായി ഇരിക്കുന്ന ആ യോഗി സദാശിവൈശ്വര്യത്തേയും കൂടി തൃണീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ ഉപാസകൻ തദൈക്യധ്യാനയോഗംകൊണ്ടു് തദ്രൂപനായിത്തന്നെ ഭവിച്ചിരിക്കുന്നു. അവനു സർവ്വജഗത്തിനേയും ഭസ്മീകരിക്കുന്ന പ്രളയകാലാഗ്നിജ്വാലാകലാപം ദീപാരാധനാവിധിയായിത്തീരുന്നു. "ബ്രഹ്മവിത് ബ്രഹ്മൈവ ഭവതി" എന്ന ശ്രുതിയനുസരിച്ചു് അവൻ ദേവിതന്നെ എന്നു താല്പര്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 96 ദിവസം ജപിച്ചു് ധരിക്കുക. അണിമാദ്യഷ്ടസിദ്ധികളും പരകായപ്രവേശവും സിദ്ധിക്കും. അഗ്നിസ്തംഭം ചെയ്യും. നൈവേദ്യം മധു, ത്രിമധുരം, താംബൂലം.

ചതുഃഷഷ്ട്യാ തന്ത്രൈഃ സകലമതിസന്ധായ ഭുവനം
സ്ഥിതസ്തത്തൽസിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ ।
പുനസ്ത്വന്നിർബന്ധാദഖിലപുരുഷാർത്ഥൈകഘടനാ-
സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം ॥ 31

ചതുഃഷഷ്ട്യാ തന്ത്രൈഃ = മഹാമായാതന്ത്രം മുതലായ 64 തന്ത്രങ്ങളാൽ
സകലമതിസന്ധായ ഭുവനം സ്ഥിതഃ = സമസ്തമായ പ്രപഞ്ചത്തേയും സന്ധാനംചെയ്തിട്ടു്, സ്വസ്ഥനായിരുന്നു
തത്തൽസിദ്ധിപ്രസവപരതന്ത്രൈഃ = അതാതു സിദ്ധികളെമാത്രം ജനിപ്പിക്കുന്നതിൽ സമർത്ഥങ്ങളായ
പശുപതിഃ = പരമേശ്വരൻ
പുനഃത്വന്നിർബന്ധാൽ = പിന്നെയും നിന്തിരുവടിയുടെ നിർബന്ധംകൊണ്ടു്
അഖിലപുരുഷാർത്ഥൈകഘടനാസ്വതന്ത്രം = 64 തന്ത്രങ്ങളിലുംപറഞ്ഞിരിക്കുന്ന സകലപുരുഷാർത്ഥങ്ങളേയും മുഖ്യത്വേന ഘടിപ്പിക്കുന്നതിനു തനിയെതന്നെ സാമർത്ഥ്യമുള്ളതായ
തേ തന്ത്രം, ക്ഷിതിതലം = നിന്തിരുവടിയുടെ തന്ത്രത്തെ, ഭൂമിയിൽ
അവാതീതരൽ = അവതരിപ്പിച്ചു
ഇദം = ഈ

അല്ലയോ മഹാത്രിപുരസുന്ദരി! പശുപതിയായ പരമശിവൻ അതാതു സിദ്ധികളെമാത്രം ജനിപ്പിക്കുന്നതിൽ സമർത്ഥങ്ങളായ മഹാമായാതന്ത്രം മുതലായി 64 തന്ത്രങ്ങളാൽ സമസ്തമായ പ്രപഞ്ചത്തെയും സന്ധാനംചെയ്തിട്ടു് സ്വസ്ഥനായി ഇരുന്നു. അതിന്റെശേഷം നിന്തിരുവടിയുടെ നിർബന്ധത്താൽ 64 തന്ത്രങ്ങളിലും പറഞ്ഞിരിക്കുന്ന പുരുഷാർത്ഥങ്ങളെ എല്ലാം മുഖ്യത്വേന ഘടിപ്പിക്കുന്നതിനു തനിയെതന്നെ സ്വാതന്ത്ര്യമുള്ളതായ നിന്തിരുവടിയുടെ ഈ തന്ത്രത്തെ ഭൂമിയിൽ അവതരിപ്പിച്ചു.

സാക്ഷാൽ പരമേശ്വരൻ, അതാതു തന്ത്രങ്ങളിൽ പറയുന്ന സിദ്ധികളെമാത്രം കൊടുക്കുന്ന, അല്ലെങ്കിൽ അതാതു സാധകന്മാരുടെ ആഗ്രഹംപോലെയുള്ള ഐഹികഫലങ്ങളെമാത്രം കൊടുക്കുന്ന, അല്ലെങ്കിൽ അതാതു സിദ്ധികളെ കൊടുക്കുന്നതിനുതന്നെ പരതന്ത്രങ്ങളായ=അന്യകർമ്മങ്ങളുടെ സഹായത്തോടുകൂടിയ 64 തന്ത്രങ്ങളെ നിർമ്മിച്ചു് അവയെക്കൊണ്ടു അഖിലഭുവനത്തേയും നിയമിച്ചിട്ടു് സ്വസ്ഥനായിരുന്നപ്പോൾ ശ്രീദേവിയുടെ നിർബന്ധംനിമിത്തം സകലതന്ത്രങ്ങളിലും പറഞ്ഞിരിക്കുന്ന പുരുഷാർത്ഥങ്ങളെ എല്ലാം സാധിപ്പിക്കുന്നതിനു സാമർത്ഥ്യമുള്ള, അതായതു് മററു

യാതൊരു കമ്മങ്ങളുടേയും സഹായംകൂടാതെ സ്വോപാസനകൊണ്ടുമാത്രം സകലപുരുഷാത്ഥങ്ങളേയും സാധിപ്പിക്കുന്നതിനു സ്വാതന്ത്ര്യമുള്ള ശ്രീവിദ്യോപാസനാരൂപമായ ദേവീതന്ത്രത്തെ ഭൂമിയിൽ അവതരിപ്പിച്ചു.

വിവിധകമ്മപരിപാകംനിമിത്തം വിവിധചിത്തവൃത്തികളായ ജനങ്ങളെ അനുഗ്രഹിക്കുന്നതിനായി പരമകാരുണികനായ ഭഗവാൻ പരമേശ്വരൻ കൈലാസത്തിൽവച്ചു ഈ തന്ത്രങ്ങളെയെല്ലാം ശ്രീപാവ്വതീദേവിക്കു് ഉപദേശിച്ചു. കൈലാസം ഊദ്ധ്വലോകമാകകൊണ്ടാണ ഭൂലോകത്തിൽ അവതരിപ്പിച്ചു എന്നു പറഞ്ഞതു് (കണ്ണാൽ കണ്ണോപദേശേന സംപ്രാപ്തമവനീതലം)അവയെല്ലാം സിദ്ധന്മാരായ ഋഷികൾമുഖാന്തിരം കണ്ണാകണ്ണികയാ ഭൂലോകത്തിൽ പ്രസിദ്ധങ്ങളായിത്തീൎന്നു എന്നാൽ വേദങ്ങളും ആഗമങ്ങളും (തന്ത്രങ്ങളും) പുരാണങ്ങളും പ്രപഞ്ചംപോലെ നിത്യങ്ങളാകുന്നു. (പുരാണാഗമസിദ്ധാന്താൻ നിത്യമാഹുർമനീഷിണഃ) പ്രപഞ്ചമുണ്ടാകുമ്പോൾ ഈശ്വരാദികളിൽനിന്നുണ്ടാകും. പ്രപഞ്ചം നശിക്കുമ്പോൾ ഇല്ലാതെയാകും. ഇങ്ങനെ നിത്യത്വേന പ്രപഞ്ചത്തോടുകൂടിയുണ്ടായും മറഞ്ഞുമിരിക്കുന്നവയാണു് വേദാഗമാദികൾ.

മഹാമായാതന്ത്രം 1. ശംബരതന്ത്രം 2. യോഗിനീതന്ത്രം 3. ജാലശംബരം 4. തത്വശംബരകം 5. ഭൈരവാഷ്ടകം 6. ബ്രാഹ്മി, മാഹേശ്വരി, കൗമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡാ, ശിവദൂതി ഈ എട്ടുമാതൃക്കളേയും സംബന്ധിച്ച ബഹുരൂപാഷ്ടകം എന്ന ബ്രാഹ്മീതന്ത്രം മുതലായ എട്ടുതന്ത്രങ്ങൾ ബ്രഹ്മയാമളം, വിഷ്ണുയാമളം, രുദ്രയാമളം, ലക്ഷ്മീയാമളം, ഉമായാമളം, സ്കന്ദയാമളം, ഗണേശയാമളം, ജയദ്രഥയാമളം ഇങ്ങനെ യാമളാഷ്ടകം എന്നു എട്ടുതന്ത്രങ്ങൾ. ചന്ദ്രജ്ഞാനം, മാലിനീതന്ത്രം, മഹാസമ്മോഹനം ഇങ്ങനെ 25 മഹോച്ഛുഷ്യം 26 വാതുലം 27. വാതുലോത്തരം 28. ഹൃൽഭേദം 29 തന്ത്രഭേദം 30. ഗുഹ്യതന്ത്രം 31 കാമികം 32. കലാവാദം 33. കലാസാരം 34. കുബ്ജികാമതം 35. തന്ത്രോത്തരം 36 വീണാഖ്യം 37. ത്രോതലം 38. ത്രോതലോത്തരം 39 പഞ്ചാമൃതം 40. രൂപഭേദം 41. ഭൂതോഡ്ഡാമരം 42. കുലസാരം 43. കുലോഡ്ഡീശം 44. കുളചൂഡാമണി 45. സവ്വജ്ഞാനോത്തരം 46. മഹാകാളീമതം 47 മഹാലക്ഷ്മീമതം 48. സിദ്ധയോഗേശ്വരീമതം 49. കുരൂപികാമതം 50. ദേവരൂപികാമതം 51. സവ്വവീരമതം 52 വിമലാമതം 53. പൂവ്വാമ്നായതന്ത്രം 54. പശ്ചിമാമ്നായതന്ത്രം 55. ദക്ഷിണാമ്നായതന്ത്രം 56. ഉത്തരാമ്നായതന്ത്രം 57. ഊദ്ധ്വാമ്നായതന്ത്രം 58.

വൈശേഷികതന്ത്രം 59. ജ്ഞാനാർണ്ണവം 60. വീരാവലീതന്ത്രം 61. അരുണേശം 62. മോഹിനീശം 63. വിശുദ്ധേശ്വരതന്ത്രം 64. ഇവയാകുന്നു ചതുഃഷഷ്ടിതന്ത്രങ്ങൾ. ഇവ കൗളമതത്തെ പ്രതിപാദിക്കുന്നു.

ഈ തന്ത്രങ്ങൾ ചക്ഷുരാദികൾക്ക് അന്യഥാ പദാർത്ഥഗ്രഹണം അതായതു് ഘടപടാകാരമായി ശോഭിക്കുന്നു. ഇന്ദ്രജാലവിദ്യ അണിമാദ്യഷ്ടസിദ്ധികൾ. ജാഗ്രത്തിൽ നിദ്രാത്വം ഷൾചക്രഭേദനം സഹസ്രാരപ്രവേശം ഘുടികാസിദ്ധി പാദുകാംജനസിദ്ധികൾ ചിരംജീവിത്വം പരകായപ്രവേശം മുതലായ അനേകം സിദ്ധികളെ പ്രതിപാദിക്കുന്നവയാകുന്നു.

എന്നാൽ ഈ സൗന്ദര്യലഹരിക്ക് ഒരു വ്യാഖ്യാനം എഴുതിയ പണ്ഡിതനും കൗളമാർഗ്ഗവിരോധിയുമായ "ലക്ഷ്മീധരൻ" ഈ തന്ത്രങ്ങളെല്ലാം ഐഹികസിദ്ധികളെ പ്രതിപാദിക്കുന്നവയാണെന്നും, പരദാരഗമനം ബാലജിഹ്വാച്ഛേദനം ഹിംസ മുതലായ ദുരാചാരങ്ങൾമൂലമേ ഇതിലെ ചില കർമ്മങ്ങൾ അനുഷ്ഠിക്കാൻ സാധിക്കയുള്ളു എന്നും, ഇവയിൽ പ്രതിപാദിക്കുന്ന ഓരോ ആശ്ചര്യകരങ്ങളായ കാമ്യസിദ്ധികളിൽ മോഹിച്ചു് വിദ്വാന്മാർകൂടി അവയെ പ്രവർത്തിച്ചുപോകുന്നുവെന്നും, ഇവയിലുള്ള സിദ്ധികൾകൊണ്ടു് പറയത്തക്ക പ്രയോജനമൊന്നുമില്ലെന്നും, ഇവയെല്ലാം വേദബാഹ്യങ്ങളാണെന്നും, ജാതിഭേദമനുസരിച്ചു നിർമ്മിച്ചിട്ടുള്ളവയാണെന്നും ശൂദ്രർക്കും സംകരജാതികൾക്കും 64 തന്ത്രങ്ങളും ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്ക് "ചന്ദ്രകലാവിദ്യകൾ" എന്നു പേരോടുകൂടി പരമേശ്വരൻതന്നെ നിർമ്മിച്ചിട്ടുള്ള എട്ടു തന്ത്രങ്ങളും ആകുന്നുവെന്നും, ചന്ദ്രകലാവിദ്യകളിൽ നാലുജാതിക്കും അധികാരമുണ്ടെങ്കിലും ദ്വിജന്മാർ ദക്ഷിണമാർഗ്ഗമായും ശൂദ്രർ വാമമാർഗ്ഗമായും ഉപാസിക്കേണ്ടതാകുന്നുവെന്നും, ഒടുവിൽ സ്വീകാരയോഗ്യമായി ശേഷിക്കുന്നതു് വസിഷ്ഠസംഹിതാദി "ശുഭാഗമപഞ്ചകം" മാത്രമാണെന്നും പറഞ്ഞിരിക്കുന്നതുകൂടാതെ താഴെ കാണിക്കുന്നതുപോലെ കൗളം മിശ്രകം സമയം എന്നീ മതാചാരക്രമങ്ങളേയും ഒരുവിധം സിദ്ധാന്തമനുസരിച്ചു് വർണ്ണിച്ചിരിക്കുന്നു.

ചന്ദ്രകലാവിദ്യകൾ—ചന്ദ്രകലാ, ജ്യോത്സ്നാവതീ, കലാനിധി, കുലാർണ്ണവം, കുളേശ്വരി, ഭുവനേശ്വരീ, ബാർഹസ്പത്യം, ദുർവ്വാസമിതം എന്ന എട്ടു തന്ത്രങ്ങളാകുന്നു. ഇവ മിശ്രകമതത്തെ പ്രതിപാദിക്കുന്നു.

ശുഭാഗമപഞ്ചകം—വസിഷ്ഠസംഹിത, സനകസംഹിത, ശുകസംഹിത, സനന്ദനസംഹിത, സനൽകുമാരസംഹിത എന്നു്

അഞ്ച് സംഹിതകളാകുന്നു. ഇവ സമയാചാരപ്രതിപാദകങ്ങളാണ്.

"ഈ പ്രപഞ്ചമെല്ലാം ശക്തികാൎയ്യമാണെന്ന് എല്ലാമതക്കാൎക്കും സമ്മതമാകുന്നു." നിരീശ്വരവാദിയായ സാംഖ്യാചാൎയ്യരും കൂടി "പ്രകൃതിഃകൎത്ത്രീ" എന്നവാക്യംകൊണ്ടു് ജഗത്കൎത്തൃത്വം പ്രകൃതിക്കാണെന്നുസമ്മതിക്കുന്നു. വിവൎത്തവാദികളായ ഔപനിഷദന്മാരും പ്രപഞ്ചമെല്ലാം മായാകാൎയ്യം (ശക്തികാൎയ്യം) ആണെന്നുപറയുന്നു. താൎക്കികന്മാരും "ഈശ്വരേച്ഛയാ പരമാണുഷു ക്രിയാ ജായതേ" എന്ന് ഇച്ഛാശക്തിയേയും ക്രിയാശക്തിയേയും സമ്മതിക്കുന്നു. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിത്യുപസംഹാരതിരോധാനാനുഗ്രഹൈകനിരതയായി സൎവ്വചൈതന്യരൂപയായി സൎവ്വതത്വസ്വരൂപിണിയായി സൎവ്വതത്വാതീതയായി പരമാമൃതശക്തിരൂപിണിയായി ആദ്യയായിരിക്കുന്ന ആ പരാശക്തിയുടെ ഉപാസന മൂന്നുവിധത്തിൽ ഏൎപ്പെടുത്തിയിരിക്കുന്നു. മനഃശ്ശുദ്ധിതാരതമ്യമനുസരിച്ചാണു മൂന്നുവിധം.

ആന്തരപൂജയ്ക്കു് മനഃസ്ഥൈൎയ്യം വന്നിട്ടില്ലാത്തവർ സ്വൎണ്ണം വെള്ളിമുതലായവയിൽ ശ്രീചക്രമുണ്ടാക്കി തദഭിന്നമായി ദേവിയെ ധ്യാനിച്ചുചെയ്യുന്ന ബാഹ്യപൂജയാണ് ഒന്നാമത്തെ മാൎഗ്ഗം.

രണ്ടാമത്തെമാൎഗ്ഗം ഈ ബാഹ്യപൂജതന്നെ മധുമാംസാദികളെ ഉപയോഗപ്പെടുത്തി ചെയ്യുന്നതാണ്. ഇതിന്ന് കൗളമാൎഗ്ഗം എന്നു പറയുന്നു. ഈ കൗളമതത്തിൽ ശിവശക്തികൾ എന്നു രണ്ടല്ല. ശിവതത്വം ശക്തിതത്വത്തിൽ അന്തൎഭൂതമാകുന്നു ഈ ശക്തിയുടെ പരിണാമംതന്നെ ജഗത്തു്. ഈ ശക്തിതന്നെ കുണ്ഡലിനി. ത്രികോണംതന്നെ ബിന്ദുസ്ഥാനം ആ ബിന്ദുതന്നെ ആരാദ്ധ്യം. കൗളന്മാർ ത്രികോണത്തിൽ ബിന്ദുവിനെ ധ്യാനിച്ച് പൂജിക്കുന്നു. ആ ത്രികോണം രണ്ടുവിധമാണ്. ഒന്നു ശ്രീചക്രാന്തൎഗ്ഗതവും മറേറാന്ന് തരുണിയുടെ പ്രത്യക്ഷയോനിയുമാകുന്നു. ശ്രീചക്രത്രികോണത്തെ പൂൎവ്വകൗളന്മാരും പ്രത്യക്ഷയോനിയെ ഉത്തരകൗളന്മാരും പൂജിക്കുന്നു. ഈ രണ്ടുവിധപൂജയും ബാഹ്യാതന്നെ. അതുകൊണ്ടു് അവൎക്ക് ആന്തരമായി കൗളിനീ എന്നു പേരോടുകൂടി മൂലാധാരത്തിൽ കുണ്ഡലിനിയും പൂജ്യതന്നെ ഈ ബിന്ദുരൂപിണിയായ കുണ്ഡലിനിയെ ഉറങ്ങിക്കൊണ്ടിരിക്കുമ്പോളാണ് അവർ പൂജിക്കുന്നതു്. ഈ കുണ്ഡലിനീ പ്രബോധമാകുന്നു. അവരുടെ ഉദ്ദേശം 'ക്ഷണമുക്താഃകൗളാഃ' എന്ന പ്രമാണമനുസരിച്ചു് കുണ്ഡലിനീപ്രബോധത്തിൽ മുക്തിയാണെന്നു അവർ പറയുന്നു, എന്ന് ലക്ഷ്മീധരൻ.

മൂന്നാമത്തെ മാർഗ്ഗം മേൽ വിവരിക്കുന്ന സമയാചാരമാണ്.

64 തന്ത്രങ്ങളും അർത്ഥകാമങ്ങളെമാത്രം പ്രതിപാദിക്കുന്ന വയാണെന്നും മോക്ഷമാർഗ്ഗപ്രതിപാദകമല്ലെന്നും വേദമാർഗ്ഗവിരുദ്ധ മാണെന്നും മററും ലക്ഷ്മീധരൻ പറയുന്നു.

എന്നാൽ സൗന്ദര്യലഹരീവ്യാഖ്യാനത്തിൽ ഈ തന്ത്രങ്ങ ളെല്ലാം അവൈദികങ്ങളാണെന്നും മററും അവയുടെ സൂക്ഷ്മജ്ഞാന മില്ലാതെയും തെററിദ്ധരിച്ചും പറയുന്നതിനെ ഉപേക്ഷിക്കേണ്ടതാ കുന്നു. തന്ത്രങ്ങളെല്ലാം വേദങ്ങൾപോലെ ഭഗവദാജ്ഞാരൂപങ്ങ ളാകകൊണ്ട് ഒട്ടുംതന്നെ പ്രാമാണ്യത്തിനു കുറവുള്ളവയല്ലാ എന്നു ഭാസുരാനന്ദനാഥൻ പറയുന്നു. ഭഗവാൻ പരമാർത്ഥസാരഭൂതങ്ങ ളായ തന്ത്രങ്ങളെ നിർമ്മിച്ചു എന്നു പരശുരാമനും പറയുന്നു. ചില തന്ത്രങ്ങളിൽ കൗളധർമ്മത്തെ നിന്ദിക്കുന്നുണ്ട്. എന്നാൽ അതു വാസ്തവമായ നിന്ദയല്ലാ, തത്തത്തന്ത്രസ്തുതിമാത്രപരമാകുന്നു.

"കുളമാർഗ്ഗരതോ ദേവി ന മയാ നിന്ദിതഃ കചിൽ
ആചാരരഹിതാ യേത്ര നിന്ദിതാസ്തേന ചേതരേ
കുളധർമ്മമിമം ജ്ഞാത്വാ മുച്യേയുഃ സർവ്വമാനവാഃ
ഇതി മത്വാ കുളേശാനി മയാ ലോകേ വ്യഗഹിതം.
പശുശാസ്ത്രാണി സർവ്വാണി മയൈവ കഥിതാനി ഹി
മൂർത്ത്യന്തരന്തു സംപ്രാപ്യ മോഹനായ ദുരാത്മനാം
പുരാകൃതതപോദാനയജ്ഞതീർത്ഥജപവ്രതൈഃ
ശുദ്ധചിത്തസ്യ ശാന്തസ്യ ധർമ്മിണോ ഗുരുസേവിനഃ
അതിഗുപ്തസ്യ ഭക്തസ്യ കൗളജ്ഞാനം പ്രകാശതേ
ശൈവവൈഷ്ണവദൗർഗ്ഗാർക്കഗാണപത്യാദികൈഃ ക്രമാൽ
മന്ത്രൈർവ്വിശുദ്ധചിത്തസ്യകൗളജ്ഞാനം പ്രകാശതേ" എന്നു
ശിവവചനവുമുണ്ട്.

പരമശിവൻ മുൻപറഞ്ഞ 64 തന്ത്രങ്ങളെ നിർമ്മിച്ചതിന്റെ ശേഷം ദേവിനിർബന്ധംഹേതുവായിട്ടു നിർമ്മിച്ച 65-ാമത്തേതായ ശ്ലോകത്തിൽ പറയുന്ന സ്വതന്ത്രതന്ത്രം ഇന്ന തന്ത്രമാണെന്നു ലക്ഷ്മീധരൻ പറയുന്നില്ല. എന്നാൽ അതു വാമകേശ്വരതന്ത്രമാ കുന്നു. ദേവിപ്രശ്നം—(ഭഗവൻ സർവ്വതന്ത്രാണി ഭവതോക്താനി വൈ പുരാ തേഷാമന്യോന്യസാപേക്ഷ്യാജ്ജായതേ മതിവിഭ്രമഃ തസ്മാത്തു നിരപേക്ഷ്യം മേ തന്ത്രം താസാം വദ പ്രഭോ!) അല്ലയോ ഭഗവൻ മുൻപിൽ അവിടുന്ന് 64 തന്ത്രങ്ങളേയും പറഞ്ഞു ബഹി ര്യാഗാന്തര്യാഗരൂപത്രിപുരസുന്ദര്യുപാസനാസമ്പ്രദായം പൂർത്തിയാ യി, ആ 64 തന്ത്രങ്ങളിൽ ഒന്നിലും പ്രതിപാദിച്ചിട്ടില്ല. അന്യോ ന്യാപേക്ഷമൂലം അതിൽ മതിഭ്രമമുണ്ടാകുന്നു അതുകൊണ്ടു നിര പേക്ഷ്യമായ എന്റെ തന്ത്രത്തെ ഉപാസകന്മാർക്കായി പറഞ്ഞാലും.

ശിവൻ പറയുന്നു—(ശൃണു കാദിമതം തന്ത്രം പൂർണ്ണമന്യാനപേക്ഷയാ ഗോപ്യം സർവ്വപ്രയത്നേന ഇത്യാദി) അതിരഹസ്യമായി ശ്രീവിദ്യോപാസനാമാർഗ്ഗത്തെ പൂർണ്ണമായി പ്രതിപാദിക്കുന്നതായുള്ള കാദിമതം എന്ന തന്ത്രത്തെ കേട്ടാലും. വാമകേശ്വരതന്ത്രംതന്നെ കാദിമതം.

"ക്ഷിതിതലമവാതീതരദിദം." ഇദം ശബ്ദത്തിന് ⁻⁻ ട്ടത്ത ശ്ലോകത്തിൽ പറയുന്ന മന്ത്രമാകുന്ന തന്ത്രമെന്നു പറയുന്നതു ശരിയല്ല. മന്ത്രം തന്ത്രമാകുകയുമില്ല. "ഇദം ക്ഷിതിതലമവാതീതരത്" എന്നു് ഇദംശബ്ദത്തെ ക്ഷിതിതലത്തിന്റെ വിശേഷണമായി ഗ്രഹിക്കേണ്ടതാകുന്നു. "സ്വതന്ത്രം തേ തന്ത്രം" എന്നുപറഞ്ഞതു വാമകേശ്വരതന്ത്രവുമാകുന്നു എന്നു ഭാസുരാനന്ദനാഥൻ പറയുന്നു. എന്നുമാത്രമല്ല ഭാസ്കരരായൻ എന്നും നാമധേയമുള്ള ആ യോഗിവര്യൻ വാമകേശ്വരതന്ത്രാന്തർഗ്ഗതനിത്യാഷോഡശികാർണ്ണവാപരപര്യായയോഗിനീഹൃദയത്തിനു സേതുബന്ധം എന്നു് ഒരു ഗംഭീരമായ വ്യാഖ്യാനം എഴുതീട്ടുമുണ്ടു്. അതുകൂടാതെയും അദ്ദേഹം ശ്രീവിദ്യാവിഷയമായി 30-ൽ അധികം പ്രൗഢഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. ആ ഭാസ്കരരായസ്വാമി കൗളാചാരാനുഷ്ഠാനത്താൽ സിദ്ധിയെ പ്രാപിച്ച ഒരു കുളയോഗിയാകുന്നു.

ഇതുകൊണ്ടു പൂർവ്വചതുശ്ശതി, ഉത്തരചതുശ്ശതി എന്നിങ്ങനെ കർമ്മജ്ഞാനകാണ്ഡങ്ങളെ അല്ലെങ്കിൽ ബഹിര്യാഗാന്തര്യാഗമാർഗ്ഗങ്ങളെ അല്ലെങ്കിൽ ബാഹ്യാന്തരപൂജകളെ അല്ലെങ്കിൽ ചതുർവ്വിധപുരുഷാർത്ഥങ്ങളെയും കൊടുക്കുന്ന പൂർണ്ണമായ ശ്രീവിദ്യോപാസനാസമ്പ്രദായത്തെ പ്രതിപാദിക്കുന്ന 800 ശ്ലോകങ്ങളോടുകൂടിയ കാദിമതമെന്ന ശ്രീവാമകേശ്വരതന്ത്രംതന്നെ സ്വതന്ത്രതന്ത്രമെന്നു സിദ്ധിക്കുന്നു.

സാക്ഷാൽ പരമശിവൻനിമിത്തം ജഗത്തു മുഴുവനും വ്യാപിച്ചിരിക്കുന്ന എല്ലാവിദ്യകൾക്കും അധികാരഭേദംപോലെ പ്രാമാണ്യത്തന്നെ എന്നുള്ളതിന്നു സംശയമില്ല. അർത്ഥതാദിദർശനങ്ങളിൽ നാസ്തികന്മാർക്കുതന്നെ അധികാരം. വൈദികമാർഗ്ഗങ്ങളിൽ ത്രൈവർണ്ണികന്മാർക്കുതന്നെ അധികാരം. ഇതു ജാതിഭേദമനുസരിച്ചുള്ള വ്യവസ്ഥയാകുന്നു. ഒരു പുരുഷനുതന്നെ "ബ്രഹ്മചാരി" മുതലായ ആശ്രമഭേദംകൊണ്ടു ധർമ്മവ്യവസ്ഥയ്ക്കു വ്യത്യാസം കാണുന്നതുപോലെ ചിത്തശുദ്ധിയുടെ താരതമ്യംകൊണ്ടും അധികാരഭേദമുണ്ടാകുന്നതാകുന്നു. അതാതു വിദ്യകളെക്കുറിച്ചു പറയുന്ന കാര്യങ്ങൾ അതാതധികാരികളെസംബന്ധിച്ചു പ്രവർത്തകങ്ങളാണു്. തന്നിന്ദകങ്ങളായ വാക്യങ്ങൾ അതാതധികാരികളെക്കുറിച്ചു നിവർത്തകങ്ങളുമാകുന്നു. അല്ലാതെ അവ സർവ്വത്രനിന്ദാന്യായേന ഉള്ളവയല്ല.

അതു ഒരു ഭിക്ഷുവിനെ സംബന്ധിച്ച സ്ത്രീസംസർഗ്ഗാദിരൂപങ്ങളായ നിന്ദ്യവാക്യങ്ങൾ ഒരു ഗൃഹസ്ഥനെ സംബന്ധിച്ച് നിന്ദ്യങ്ങളായിത്തീരുന്നതുപോലെയാകുന്നു. ആന്തരപൂജാരതന്മാരായിത്തീർന്നിരിക്കുന്ന മഹാന്മാർക്ക് ബാഹ്യപൂജാരതി നിന്ദ്യമാണ്. "ബാഹ്യപൂജാ ന കർത്തവ്യാ കർത്തവ്യാ ബാഹ്യജാതിഭിഃ" എന്ന വചനം ആന്തരോപാസനാശക്തന്മാരായ ഉപാസകന്മാരെ സംബന്ധിക്കുന്നതാകുന്നു. ആന്തരപൂജാരതന്മാരായി ഭവിക്കണം എന്ന വാങ്മാത്രത്താൽ ആന്തരപൂജയ്ക്കുള്ള സാമർത്ഥ്യം ഉണ്ടാകുന്നതല്ല. അനേക കാലം ബാഹ്യപൂജയെ അനുഷ്ഠിച്ചാൽമാത്രമേ ആന്തരപൂജയ്ക്കുള്ള യോഗ്യത ഉണ്ടാകുകയുള്ളു. അതുകൊണ്ട് ആന്തരപൂജായോഗ്യതയെ ഉണ്ടാക്കുന്നതു് ബാഹ്യപൂജാനുഷ്ഠാനംതന്നെ എന്നുള്ളതിനു സംശയമില്ല. ശ്രീവിദ്യോപാസനാ കൗളം, മിശ്രകം, സമയം എന്നു മൂന്നുവിധമുള്ളതിൽ ആന്തരമായ സമയാചാരാനുഷ്ഠാനത്തിൽ യോഗ്യത സിദ്ധിച്ചവർക്ക് ബാഹ്യാന്തരസംയുക്തമായ മിശ്രകവും, മിശ്രകത്തിൽ യോഗ്യതയുള്ളവർക്ക് കേവലബാഹ്യമായ കൗളവും നിന്ദ്യംതന്നെ. എന്നാൽ സമയാചാരാശക്തന്മാർക്ക് മിശ്രകവും മിശ്രകാശക്തന്മാർക്ക് കൗളവും നിന്ദ്യംതന്നെയാകുന്നു കൗളമാർഗ്ഗത്തിൽ കാലക്രമേണ വന്നുകൂടീട്ടുള്ളവയും അവൈദികങ്ങളും ജുഗുപ്സാവഹങ്ങളും പ്രസ്താവയോഗ്യങ്ങൾകൂടിയല്ലാത്തവയുമായ അനാചാരങ്ങൾ അനേകമുണ്ടെങ്കിലും ഈ ഉപാസനാസമ്പ്രദായത്തെ പരമശിവൻ ആദികാലത്തിൽ ഏർപ്പെടുത്തീട്ടുള്ളതിന്റെ ഉദ്ദേശവും ആദിമവൃത്തമായ ഉപാസനാവിധിയും എല്ലായ്പോഴും അത്യന്തം പരിശുദ്ധംതന്നെയാകുന്നു "കൗളമാർഗ്ഗതല്പരസേവിതാ" "ചൈതന്യാർഘ്യസമാരാദ്ധ്യാ" ഇത്യാദി നാമങ്ങൾകൊണ്ട് രഹസ്യനാമസാഹസ്രത്തിലും "മന്ത്രേണ പൂതം ത്വാം യാഗേപാസ്യന്ത്യഖിലദേവതാഃ" എന്നു ലളിതോപാഖ്യാനത്തിലും കൗളമാർഗ്ഗത്തെ സമ്മതിക്കുന്നു. എന്നാൽ കൗളമാർഗ്ഗാനുഷ്ഠാനംകൊണ്ടു സിദ്ധിവരണമെങ്കിൽ മൂന്നു സംഗതികൾ അത്യന്താപേക്ഷിതമാകുന്നു ഒന്ന്—നിഷ്കളങ്കമായ സദാചാരനിഷ്ഠ. "ന കുലം കുലമിത്യാഹുരാചാരഃ കുലമുച്യതേ" എന്നു ഭവിഷ്യോത്തരം. "കുലമാർഗ്ഗരതോ ദേവി ന മയാ നിന്ദിതഃ ക്വചിൽ ആചാരരഹിതായേത്ര നിന്ദിതാസ്തേന ചേതരേ" എന്നു പരമശിവൻ. രണ്ടു്—അതിരഹസ്യത്വം. "ഗുപ്തോ മുക്തഃ പ്രകടോ ഭ്രഷ്ടഃ. അന്യാസ്തു സകലാ വിദ്യാഃ പ്രകടാ ഗണികാ ഇവ ഇയന്തു ശാംഭവീ വിദ്യാ ഗുപ്താ കുലവധൂരിവ പ്രാകട്യാന്നിരയഃ" എന്നു ശ്രീപരശുരാമൻ. മൂന്ന്—ബലമായ ജിതേന്ദ്രിയത്വം. അജിതേന്ദ്രിയനു് ഈ മാർഗ്ഗത്തിൽ എന്നല്ലാ ഒരു മാർഗ്ഗത്തിൽക്കൂടിയും കടന്നുപോകാൻ നിവൃത്തിയില്ലാത്തതാകുന്നു. കൗളമാർഗ്ഗതൽപരൻ ഈ മൂന്നു കാര്യ

ത്തിലും അചഞ്ചലമായ നിഷ്ഠയോടുകൂടിയിരുന്നാൽ ക്ഷണസിദ്ധി തന്നെ എന്നതു് ശാസ്ത്രസിദ്ധാന്തമാണു്. ഇങ്ങനെയുള്ള കൗളികൻ മധുമാംസങ്ങളെ ഉപയോഗപ്പെടുത്തുന്നതു് അവൈദികമോ അനാചാരമോ ആകുന്നതല്ല. വേദങ്ങൾ മുഖ്യമായി പ്രതിപാദിക്കുന്നതു് യാഗത്തെയാണു്. അതിനെ അനുഷ്ഠിക്കുന്നതു വേദവിത്തായ ഉത്തമബ്രാഹ്മണനുമാണു്. "ജ്യോതിഷ്ടോമേന സ്വർഗ്ഗകാമോ യജേത" ഇത്യാദി ശ്രുതികളാൽ യാഗം സ്വർഗ്ഗലോകപ്രാപ്തിക്കായി ചെയ്യപ്പെടുന്ന ഒരു കാമ്യകർമ്മവുമാകുന്നു. "സൗത്രാമണി" "ജ്യോതിഷ്ടോമം" "വാജപേയം" മുതലായ യാഗങ്ങളിൽ മധുമാംസസ്വീകാരവും, ഹിംസയും, ബ്രഹ്മചാരിപുംശ്ചലീസംസർഗ്ഗാദ്യനാചാരങ്ങളും പ്രത്യക്ഷമായി വേദംതന്നെ വിധിച്ചിരിക്കുന്നു.

"വേദധർമ്മേഷു ഹിംസാ സ്യാദധർമ്മബഹുലാ ഹി സാ
പ്രത്യക്ഷേണ ത്വനാചാരഃ സോമപാനം നരാധിപ!
പശൂനാം ഹിംസനം തദ്വദ് ഭക്ഷണം ചാമിഷസ്യ ച
സൗത്രാമണൗ തഥാ പ്രോക്തഃ പ്രത്യക്ഷേണ സുരാഗ്രഹഃ
ദ്യൂതക്രീഡാ തഥാ പ്രോക്താ വ്രതാനി വിവിധാനി ച."

ഭാഷ:—'അധർമ്മമയമാം ഹിംസ വേദധർമ്മതാസ്സുരും.
പ്രത്യക്ഷമാമനാചാരം സോമപാനം നരാധിപ!
പശുഹിംസയുമവ്വണ്ണം മാംസം ഭക്ഷിക്കയെന്നതും
പ്രത്യക്ഷമായ്മദ്യപാനം സൗത്രാമണിയിലോതിടും
ചൂതാടുന്നതുമവ്വണ്ണം പലമട്ടാംവ്രതങ്ങളും' എന്നു ശ്രീദേവീഭാഗവതം ശുകജനകസംവാദം. അതുകൊണ്ടു് അധികാരിഭേദമനുസരിച്ചും വിധിപ്രകാരവുമുള്ള കൗളാചാരം നിന്ദ്യമാകുന്നതല്ല.

യാഗത്തിൽ പ്രധാനക്രിയ യാഗാഗ്നിയിൽ ഹവിസ്സിനെ ഹോമം ചെയ്യുന്നതാണു്. ഇതു് ബഹിര്യാഗമാകുന്നു. ഇതുപോലെതന്നെ കൗളമാർഗ്ഗത്തിൽ പ്രതിപാദിക്കുന്ന നിഷ്കാമരൂപമായി മോക്ഷൈകഫലമായി നിർഗ്ഗുണസ്വരൂപമായുള്ള അന്തര്യാഗക്രമമാകട്ടെ (അന്തർന്നിരന്തരമനിന്ധനമേധമാനേ മോഹാന്ധകാരപരിപന്ഥിനി സംവിദഗ്നൗ കസ്മിംശ്ചിദത്ഭുതമരീചിവികാസഭൂമൗ വിശ്വം ജുഹോമി വസുധാദിശിവാവസാനം.) അർത്ഥം—അന്തർഭാഗത്തിൽ അതായതു് മൂലാധാരചക്രത്തിൽ ഇടവിടാതെയും വിറകുകൂടാതെയും ജ്വലിച്ചുകൊണ്ടിരിക്കുന്നതും അജ്ഞാനമാകുന്ന അന്ധകാരത്തിനു് ശത്രുവായുള്ളതും അത്ഭുതമായിരിക്കുന്ന കാന്തിസമൂഹത്തിനു വിളനിലമായുള്ളതും സ്വേച്ഛയാ ജഗത്തിന്റെ സൃഷ്ടിക്കും സംഹാരത്തിനും ശക്തിയുള്ളതും ആയ കുണ്ഡലിനീരൂപചിദഗ്നിയിൽ ഭൂമ്യാദിശിവപര്യന്തമുള്ള 36 തത്വങ്ങളേയും ബഹിർമുഖതയാ പ്രസരിക്കുന്ന മനോവൃത്തികളെ എല്ലാം അന്തർമുഖീകരിച്ചു് ആത്മാവിൽ യോജി

പ്പിച്ച് അവയെ എല്ലാം) ഹോമിക്കുന്നതാകുന്നു. "അഹന്താപാത്ര ഭരിതമിദന്താപരമാമൃതം പരാഹന്താപരേ വഹ്നൗ മന്ത്രപൂതം ജുഹോമ്യഹം." അർത്ഥം — അഹങ്കാരമാകുന്ന പാത്രത്തിൽ വച്ചിരിക്കുന്ന മന്ത്രംകൊണ്ടു ശുദ്ധമാക്കപ്പെട്ട ഈ ജഗദ്രൂപമായ ഹവിസ്സിനെ ഞാൻ പരബ്രഹ്മരൂപചിദഗ്നിയിൽ ഹോമിക്കുന്നു.

"ശിവാഗ്നൗ ജുഹ്വന്തസ്സുരഭിഘൃതധാരാഹുതിശതൈഃ" എന്ന് 33-ാം ശ്ലോകത്തിൽ പറയുന്നതിന്റെ സാരവും ഇതുതന്നെ.

കൗളമാർഗ്ഗത്തിൽ മധുമാംസങ്ങളെ ഉപയോഗപ്പെടുത്തുന്നത് അവൈദികമോ അനാചാരമോ അല്ലാ എന്നു പറഞ്ഞിട്ടുള്ളത് വിപ്രന്മാരെ സംബന്ധിക്കുന്നതല്ല. കൗളാചാരപ്രകാരമുള്ള ബിന്ദുതർപ്പണം നാലുജാതിക്കും വിധിയുണ്ട്. എന്നാൽ അതു താഴെപ്പറയുന്ന ക്രമമനുസരിച്ചാകുന്നു.

"വിപ്രാ ക്ഷോണിഭുജോ വിശസ്തദിതരേ ക്ഷീരാജ്യമധ്വാസവൈഃ
ത്വാം ദേവി! ത്രിപുരേ പരാപരമയീം സന്തർപ്യ പൂജാവിധൗ ।
യാം യാം പ്രാർത്ഥയതേ മനഃസ്ഥിരതയാ തേഷാം ത ഏവ ധ്രുവം
താം താം സിദ്ധിമവാപ്നുവന്തി തരസാ വിഘ്നൈരവിഘ്നീകൃതാഃ ॥

എന്ന പ്രമാണമനുസരിച്ച് ബ്രാഹ്മണർ ക്ഷീരംകൊണ്ടും ക്ഷത്രിയർ ആജ്യംകൊണ്ടും വൈശ്യർ മധുകൊണ്ടും ശൂദ്രർ മദ്യംകൊണ്ടും പരാപരമയിയായ ദേവിയെ തർപ്പിക്കേണ്ടതാകുന്നു. ഇതെല്ലാം കൗളമാർഗ്ഗംതന്നെ എന്നു രഹസ്യം.

ഇതിന് യന്ത്രം ശ്രീചക്രമാണ്. സ്വർണ്ണത്തിൽ വരച്ച് ഈ ശ്ലോകം 1000 ഉരു വീതം 45 ദിവസം ശ്രീചക്രം കയ്യിൽ വച്ചുകൊണ്ടു ജപിക്കുക. സകലവശ്യം. രാജവശ്യം. നൈവേദ്യം മധു പാൽ.

ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ
സ്മരോ ഹംസഃ ശക്രസ്തദനു ച പരാ മാരഹരയഃ ।
അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാഃ
ഭജന്തേ വർണ്ണാസ്തേ തവ ജനനി! നാമാവയവതാം ॥ 32

| | | |
|---|---|---|
| ശിവഃ ശക്തിഃ കാമഃ | = | കകാരം, ഏകാരം, ഈകാരം |
| ക്ഷിതിഃ അഥ രവിഃ | = | ലകാരം, അവസാനദ്യോതകം, ഹകാരം |
| ശീതകിരണഃ സ്മരഃ | = | സകാരം, കകാരം |
| ഹംസഃ ശക്രഃ | = | ഹകാരം, ലകാരം |
| തദനു ച പരാ | = | അവസാനദ്യോതകം (പിന്നെ) സകാരം |
| മാരഃ ഹരിഃ | = | കകാരം, ലകാരം |
| അമീ | = | ഈ പന്ത്രണ്ടു് അക്ഷരങ്ങൾ |
| ഹൃല്ലേഖാഭിഃ തിസൃഭിഃ | = | ഹ്രീംകാരങ്ങളോടു്, മൂന്നു് |

| | | |
|---|---|---|
| അവസാനേഷു | = | വിരാമസ്ഥാനങ്ങളിൽ അതായത് ആദ്യം നാലു് അക്ഷരങ്ങളുടേയും പിന്നെ അഞ്ചു് അക്ഷരങ്ങളുടേയും പിന്നീട്ട് മൂന്നു് അക്ഷരങ്ങളുടേയും അവസാനത്തിൽ |
| ഘടിതാഃ ഭജന്തേ | = | ചേക്കപ്പെട്ടവയായിട്ടു്, പ്രാപിക്കുന്നു: |
| വർണ്ണാസ്തേ | = | മുൻപറഞ്ഞ കകാരാദ്യക്ഷരങ്ങൾ |
| തവ ജനനി! | = | നിന്തിരുവടിയുടെ,അല്ലയോലോകമാതാവേ! |
| നാമാവയവതാം | = | ത്രിപുരസുന്ദരീമന്ത്രത്തിൻെറ അവയവതയെ അല്ലെങ്കിൽ ത്രിപുരസുന്ദരിയുടെ നാമത്തിൻേറയും അവയവത്തിൻേറയും ഭാവത്തെ. |

അല്ലയോ ലോകമാതാവേ! കകാരവും ഏകാരവും ഈകാരവും ലകാരവും പിന്നെ ഹകാരവും സകാരവും കകാരവും ഹകാരവും ലകാരവും പിന്നീട്ട് സകാരവും കകാരവും ലകാരവും ഈ പന്ത്രണ്ടക്ഷരങ്ങൾ (ആദ്യം 4, പിന്നെ 5, പിന്നെ 3, ഈ അക്ഷരങ്ങളുടെ അവസാനങ്ങളിൽ) മൂന്നു ഹ്രീംകാരങ്ങളോട്ട് ചേക്കപ്പെട്ടവയായിട്ട് 15 അക്ഷരങ്ങൾ നിന്തിരുവടിയുടെ മന്ത്രാവയവതയെ പ്രാപിക്കുന്നു. അല്ലെങ്കിൽ നിന്തിരുവടിയുടെ നാമമായും അവയവമായും തീരുന്നു.

പൂർവ്വശ്ലോകത്തിൽ അഖിലപുരുഷാർത്ഥങ്ങളെയും കൊടുക്കുന്നതിനു് മററൊന്നിനെ അപേക്ഷിക്കാത്ത സ്വതന്ത്രതന്ത്രത്തെ പരമശിവൻ ഭൂമിയിൽ അവതരിപ്പിച്ചതായി പറഞ്ഞ ശ്രീവിദ്യാമന്ത്രാത്മകമായ തന്ത്രത്തെ ഈ ശ്ലോകത്തിൽ പറയുന്നു. ഈ പഞ്ചദശാക്ഷരി അതിരഹസ്യമായ ത്രിപുരസുന്ദരീമന്ത്രമാകുന്നു.

യാതൊരു പരാശക്തി ശിവാദ്യവനിപര്യന്തമുള്ള 36 തത്വമയിയായും പരാദിവൈഖര്യന്തമുള്ള ശബ്ദമയിയായും ബിന്ദ്വാദിഭൂപുരാന്തമുള്ള ചക്രമയിയായും സ്ഥൂലാദികാരണപര്യന്തമുള്ള ദേഹമയിയായും പരിണമിച്ചിരിക്കുന്നുവോ, യാതൊരു പരാശക്തിയെ അറിയുന്നതിനുള്ള ഉപായമായി ലോകത്തിൽ നാലുവേദങ്ങൾ ആറു ശാസ്ത്രങ്ങൾ പതിനെട്ടു പുരാണങ്ങൾ മീമാംസ ന്യായവിസ്തരം ധർമ്മശാസ്ത്രം എന്നിങ്ങനെ 14 വിദ്യകൾ ഉണ്ടായിരിക്കുന്നുവോ ആ പരാശക്തി മോക്ഷാദിപുരുഷാർത്ഥങ്ങളെ എല്ലാം കൊടുക്കുന്നതുനിമിത്തം അവശ്യം അറിയപ്പെടേണ്ടവളാകുന്നു. മേൽ പ്രസ്താവിച്ച 14 വിദ്യകളിൽ പ്രധാനങ്ങൾ നാലുവേദങ്ങളും ആ വേദങ്ങളിൽ സാരമായുള്ളതു് ഗായത്രിയുമാണു്. ആ ഗായത്രിക്കു് രണ്ടു രൂപമുണ്ടു്. അതിൽ ഒന്നു് വേദത്തിൽ സ്പഷ്ടമായി പറയുന്നതും

ദ്വിജന്മാരാൽ പ്രതിദിനം ത്രികാലം ആരാധിക്കപ്പെട്ടുവരുന്നതു മാണു്. മററൊന്നു് നാലു വേദങ്ങളിലും അതിരഹസ്യമായുള്ളതും 'കാമോ യോനിഃ കമലാ' ഇത്യാദി സാങ്കേതിതശബ്ദങ്ങളെക്കൊണ്ട ല്ലാതെ വേദപുരുഷൻകൂടി പ്രകാശമായി വ്യവഹരിക്കാത്തതുമായ ഈ ത്രിപുരസുന്ദരീമന്ത്രവുമാകുന്നു. ഈ മന്ത്രം ഹൃല്ലേഖാന്ത്യമായ മൂന്നുകൂട്ടത്തോടുകൂടിയതാണു്. ഹൃല്ലേഖാസ്വരൂപമാകട്ടെ ഹകാരം രേഫം ഈകാരം ബിന്ദു അൎദ്ധചന്ദ്രം രോധിനിനാദം നാദാന്തം ശക്തി വ്യാപിക സമന ഉന്മനി ഇങ്ങനെ 12 അക്ഷരങ്ങളോടുകൂ ടിയതാണു്. ഹൃല്ലേഖകൂടാതെയുള്ള 12 അക്ഷരങ്ങൾ സ്വരവ്യ ഞ്ജനങ്ങളോടുകൂടിയും 3 ഹൃല്ലേഖകളുംചേൎന്നു് ആകെ 58 അക്ഷര ങ്ങളാണു്. മന്ത്രോച്ചാരണകാലം ഒരുലവം കുറച്ചു് 29 മാത്രമാ കുന്നു.

പ്രഥമകൂടം, വാഗ്ഭവം മൂലാധാരത്തിൽനിന്നുത്ഭവിച്ചു് പ്രള യാഗ്നിപ്രഭയോടുകൂടി അനാഹതചക്രത്തെ സ്പൎശിക്കുന്നു. ദ്വിതീ യകൂടം, കാമരാജം അതിങ്കൽനിന്നു് കോടിസൂൎയ്യപ്രഭയോടുകൂടി ആജ്ഞാചക്രത്തേയും, തൃതീയകൂടം ശക്തികൂടം അതിങ്കൽനിന്നു് കോടിചന്ദ്രപ്രഭയോടുകൂടി ലലാടമദ്ധ്യത്തേയും സ്പൎശിക്കുന്നു. മന്ത്രാ ക്ഷരങ്ങളെ ജപമാലയിലുള്ള മണികളെപ്പോലെ ക്രമമായി മേന്മേ ലായി ഭവിക്കേണ്ടതാകുന്നു.

മന്ത്രത്തിൻെറ കൂടങ്ങൾ വ്യഷ്ടിയായി മൂന്നും സമഷ്ടിയായി ഒന്നും ഇങ്ങനെ നാലു ബീജങ്ങളേയും താഴെപ്പറയുന്നവയുടെ രൂപാ ന്തരങ്ങളാണെന്നു ഭാവിക്കേണ്ടതാകുന്നു. സൃഷ്ടിസ്ഥിതിസംഹാരം തിരോധാനാനുഗ്രഹങ്ങൾ ജ്ഞാതാ ജ്ഞാനം ജ്ഞേയം തത്സാമരസ്യം അഗ്നിചക്രം സൂൎയ്യചക്രം സോമചക്രം ബ്രഹ്മചക്രം മിത്രേശനാഥൻ ഷഷ്ഠീശനാഥൻ ഒഡ്ഡീശനാഥൻ ചൎയ്യാനന്ദനാഥൻ ജാഗ്രത്തു് സ്വപ്നം സുഷുപ്തി തുരീയം വാമാ ജ്യേഷ്ഠാ രൗദ്രി ശാന്താ ഇച്ഛാ ജ്ഞാനം ക്രിയാ അംബികാ കാമേശ്വരീ വജ്രേശ്വരീ ഭഗമാലിനീ മഹാത്രിപുരസുന്ദരി ആത്മതത്വം വിദ്യാതത്വം ശിവതത്വം സൎവ്വ തത്വം കാമഗിരിപീഠം പൂൎണ്ണഗിരിപീഠം ജലാന്ധരപീഠം ഓഡ്യാ ണപീഠം പ്രാക്‌ദക്ഷിണം പശ്ചിമം ഉത്തരം സ്വയംഭൂലിംഗം ബാണലിംഗം ഇതരലിംഗം പരലിംഗം പശ്യന്തി മദ്ധ്യമാ വൈ ഖരി പരാ.

ബ്രഹ്മാദികൾ മൂന്നുപേരും അവരുടെ ശക്തികൾ സരസ്വ ത്യാദികൾ മൂന്നുപേരും മന്ത്രത്തിലുള്ള ഓരോ അക്ഷരത്തിൻെറയും സ്വരൂപത്തോടുകൂടിയവരാണു്. ഹൃല്ലേഖയിലുള്ള ബിന്ദ്വാദിക ളുടെ കുണ്ഡലിനീരൂപമായ നാദം ത്രൈലോക്യമോഹനാദി ഒമ്പതു ചക്രങ്ങളുടെ രൂപാന്തരമാകുന്നു.

ജപകാലത്തിൽ, ജാഗ്രദാദ്യവസ്ഥാപഞ്ചകത്തേയും ശൂന്യഷൾക്കത്തേയും വിഷുവൽസപ്തകത്തേയും പൂർണ്ണഗായത്രീപ്രതിപാദ്യാർത്ഥം ഭാവാർത്ഥം സമ്പ്രദായാർത്ഥം ഇത്യാദി 15 അർത്ഥങ്ങളേയും ഭാവനചെയ്യേണ്ടതാണു്. അതെല്ലാം വിസ്തരഭയംകൊണ്ടു് ഇവിടെ വിവരിക്കുന്നില്ല. വിവരമായി എന്റെ വരിവസ്യാരഹസ്യവ്യാഖ്യാനംനോക്കി അറിഞ്ഞുകൊള്ളണം.

ഈ ശ്രീവിദ്യാമന്ത്രത്തിന്റെ അപാരമായ മാഹാത്മ്യത്തെ വർണ്ണിച്ചു മനസ്സിലാക്കുന്നതു് വളരെ പ്രയാസമാണു്. മനു, ചന്ദ്രൻ, കുബേരൻ, ലോപാമുദ്രാ, മന്മഥൻ, അഗസ്ത്യൻ, നന്ദികേശ്വരൻ, സൂര്യൻ, വിഷ്ണു, ഷൺമുഖൻ, ശിവൻ, ദുർവ്വാസസ്സ് ഇവരെല്ലാം ഈ മന്ത്രത്തെ ഉപാസിച്ചു് സിദ്ധിയെ പ്രാപിച്ചിട്ടുള്ളവരാകുന്നു. ശ്രീവിദ്യാമന്ത്രമഹിമയെ അസംഖ്യം ശാസ്ത്രങ്ങളിൽ അനേകംപ്രകാരത്തിൽ വർണ്ണിച്ചിരിക്കുന്നു. "ശ്രീവിദ്യാ യസ്യ ജിഹ്വാഗ്രേ സ സാക്ഷാൽ പരമശ്ശിവഃ യസ്യ നോ പശ്ചിമം ജന്മ സ്വയം യോ വാ ന ശങ്കരഃ തേനൈവ ലഭ്യതേ വിദ്യാ ശ്രീമൽ പഞ്ചദശാക്ഷരീ മോക്ഷൈകഹേതുവിദ്യാ തു ശ്രീവിദ്യാ നാത്ര സംശയഃ ന ശില്പാദിജ്ഞാനയുക്തേ വിദ്വച്ഛബ്ദഃ പ്രയുജ്യതേ തസ്മാദ്വിദ്യാവിദേവാത്ര വിദ്വാൻ വിദ്വാനിതീര്യതേ" ഭാഷ—"ശ്രീവിദ്യയാൾ നാവിങ്കലവൻതാൻ പരമേശ്വരൻ ആർക്കില്ലയോ പുനർജ്ജന്മമാർ സാക്ഷാൽ ശിവനല്ലയോ അവനു താൻ ലഭിക്കും ശ്രീവിദ്യാപഞ്ചദശാക്ഷരീ. മോക്ഷഹേതുകവിദ്യാ ശ്രീവിദ്യതാനില്ലസംശയം, കലാവിദ്യാനിപുണനെ വിദ്വാനെന്നുരചെയ്യോലാ. ശ്രീവിദ്യാവേദിയേമാത്രം വിദ്വാനെന്നു പറഞ്ഞിടാം" എന്നു് ത്രിശതി. രാജരാജേശ്വരീതന്ത്രത്തിൽനിന്നും ചില ശ്ലോകങ്ങളെ എടുത്തുകാണിക്കാം:—"ഷോഡശാർണ്ണം മഹാമന്ത്രം മന്ത്രരാജോത്തമോത്തമം സകൃൽ ശ്രവണമാത്രേണ കോടിജന്മാഘനാശനം മഹാപാതകകോടീനാം ഭഞ്ജനം സ്മൃതിമാത്രതഃ ഉപപാതകദൗർഭാഗ്യശമനം ഭുക്തിമുക്തിദം വിഷരോഗാദിദാരിദ്ര്യമൃത്യുസംഹാരകാരകം സപ്തകോടിമഹാമന്ത്രപാരായണഫലപ്രദം ചതുഃസമുദ്രപര്യന്തഭൂദാനഫലദം ശിവേ! സഹസ്രകോടിഗോദാനഫലദം ധ്യാനമാത്രരഃ കോട്യശ്വമേധഫലദം ജരാമൃത്യുനിവാരണം കിം പുനർബഹുനോക്തേന ശിവസായുജ്യദായകം" ഇത്യാദ്യനേകം പ്രമാണവചനങ്ങളുള്ളതാകുന്നു.

ശ്രീവിദ്യാമന്ത്രത്തിന്റെ അക്ഷരങ്ങൾ, അതിന്റെ ഉദ്ധാരം, ജപത്തിനുള്ള കാലം, ഉച്ചാരണക്രമം, അക്ഷരങ്ങളുടെ ഉല്പത്തി, സ്ഥാനം, മന്ത്രത്തിന്റെ രൂപം, സ്ഥിതി, ആകാരം, ഭാവിക്കേണ്ട അർത്ഥങ്ങൾ ഇവ അന്തരംഗങ്ങളാകുന്നു. ഋഷി, ഛന്ദസ്സ്, ദേവത, ബീജാദികൾ, ന്യാസം, പൂജ മുതലായവ ബഹിരംഗങ്ങളാണു്.

ബഹിരംഗങ്ങൾ ലോകത്തിൽ ധാരാളമുണ്ട്. അന്തരംഗങ്ങൾ വളരെ ദുർല്ലഭങ്ങളും അന്തർമ്മുഖജനങ്ങളാൽമാത്രം ആദരിക്കത്തക്കവയുമാകുന്നു. ബഹിരംഗം അന്തരംഗത്തെ സാധിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്, എങ്കിലും ബഹിരംഗംകൂടാതെ അന്തരംഗം സാദ്ധ്യമല്ല. എന്നാൽ തമിഴിൽ "വിട്ടകൊറൈ" എന്നു പറയുന്നതുപോലെ പൂർവ്വജന്മങ്ങളിൽ ബാഹ്യമായി അനേകം ഉപാസിച്ചിട്ടുള്ള ഒരുവനു് ഈ ജന്മത്തിൽ ബഹിരംഗംകൂടാതെതന്നെ അന്തരംഗം സാദ്ധ്യമാകുന്നു. ലോകത്തിൽ പൂജാദികളിൽ ആസക്തിയില്ലാതെ ആന്തരോപാസ്തികൊണ്ടുമാത്രം സിദ്ധിയെ പ്രാപിച്ചുകാണുന്ന ചില മഹാന്മാർ ആവിധത്തിലുള്ളവരുമാകുന്നു.

ഈ മന്ത്രം സൽഗുരുവിൽനിന്നു് ഉപദേശംവാങ്ങി ജപിച്ചാൽ ആഗ്രഹങ്ങളെ എല്ലാം സാധിപ്പിക്കും. സ്വയമേവ ഗ്രന്ഥം നോക്കി ജപിച്ചാൽ ഫലിക്കുകയില്ലെന്നുമാത്രമല്ല, പാപത്തിനും കാരണമാകും. ഒടുവിൽ ശ്രീബീജം ചേർന്ന പഞ്ചദശാക്ഷരിതന്നെ ഷോഡശാക്ഷരി




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. സകല വിദ്യകളും രസവാദം മുതലായ സിദ്ധികളുമുണ്ടാകും. നൈവേദ്യം ദദ്ധ്യന്നം, വട.

സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൗ തവ മനോ-
നിധായൈകേ നിത്യേ! നിരവധിമഹാഭോഗരസികാഃ ।
ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ
ശിവാഗ്നൗ ജുഹ്വന്തസ്സുരഭിഘൃതധാരാഹുതിശതൈഃ ॥ 33

| | |
|---|---|
| സ്മരം യോനിം | = കാമരാജബീജത്തേയും ഭുവനേശ്വരിബീ- |
| ലക്ഷ്മീം | = ലക്ഷ്മീബീജത്തേയും [ജത്തേയും |
| ത്രിതയമിദം | = ഐം ഹ്രീം ശ്രീം എന്ന ഈ മൂന്നു ബീജങ്ങളേയും |
| ആദൗ തവ മനോ നിധായ ഏകേ | = നിന്തിരുവടിയുടെ മന്ത്രത്തിന്റെ ആദിയിൽ ചേർത്തിട്ടു്, ചില |
| നിത്യേ | = അല്ലയോ ആദ്യന്തമില്ലാത്ത ദേവി! |
| നിരവധിമഹാഭോ-ഗരസികാഃ | = അളവില്ലാത്ത നിത്യജ്ഞാനാനുഭവരസത്തെ അറിയുന്ന |

ഭജന്തി = സേവിക്കുന്നു.
ത്വാം = നിന്തിരുവടിയെ
ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ = ചിന്താമണിരത്നസമൂഹത്താലുണ്ടാക്കപ്പെട്ട ജപമാലയേയുംധരിച്ചുകൊണ്ടു്
ശിവാഗ്നൗ = ശക്തിരൂപമായ ത്രികോണത്തിൽസംസ്കരിക്കപ്പെട്ട അഗ്നിയിൽ
ജുഹ്വന്തഃ = ഹോമംചെയ്യുന്നവരായിട്ടു്
സുരഭിഘൃതധാരാഹുതിശതൈഃ = കാമധേനുവിന്റെ നെയ്കൊണ്ടുള്ള അനേകം ആഹുതിധാരകളെക്കൊണ്ടു്.

അല്ലയോ ആദ്യന്തമില്ലാത്ത മഹാദേവി! അളവില്ലാത്ത നിത്യജ്ഞാനാനുഭവരസത്തെ അറിയുന്നവരായ ചില മഹാന്മാർ നിന്തിരുവടിയുടെ മഹാമന്ത്രത്തിന്റെ ആദിയിൽ കാമരാജബീജത്തേയും ഭുവനേശ്വരീബീജത്തേയും ശ്രീബീജത്തേയും ചേർത്തിട്ടു് ചിന്താമണിരത്നസമൂഹത്താലുണ്ടാക്കപ്പെട്ട ജപമാലയേയും ധരിച്ചുകൊണ്ടു് ശക്തിരൂപമായ ത്രികോണത്തിൽ സംസ്കരിക്കപ്പെട്ട അഗ്നിയിൽ കാമധേനുവിന്റെ നെയ്കൊണ്ടുള്ള അനേകം ആഹുതിധാരകളാൽ ഹോമംചെയ്യുന്നവരായിട്ടു് നിന്തിരുവടിയെ ഭജിക്കുന്നു.

നിത്യനിരതിശയാനന്ദസ്വരൂപമായ ആത്മാനുഭവത്തെ സാക്ഷാൽക്കരിച്ച ദുർല്ലഭം ചില മഹാനുഭാവന്മാർ മുൻശ്ലോകത്തിൽ പറഞ്ഞ നിന്തിരുവടിയുടെ മഹാമന്ത്രത്തിന്റെ ആദിയിൽ മേൽപറഞ്ഞ ബീജത്രയത്തെച്ചേർത്തു് ചിന്താമണിരത്നങ്ങളാൽ ഉണ്ടാക്കപ്പെട്ട ജപമാലയേയും ധരിച്ചുംകൊണ്ടു ശാസ്ത്രപ്രകാരം ജപാനുഷ്ഠാനത്തെ നിർവ്വഹിച്ചു ശിവാഗ്നിയിൽ സുരഭിഘൃതധാരാഹുതിശതങ്ങളെക്കൊണ്ടു ഹോമംചെയ്തു നിന്തിരുവടിയെ സേവിക്കുന്നു.

ഈ ശ്ലോകംകൊണ്ടു കൗളമതാചാരത്തെ രഹസ്യമായും ഇതിനടുത്ത ശ്ലോകംകൊണ്ടു് കൗളമതോപാസ്യയായ ദേവതയേയും 35-ാമത്തെ "മനസ്ത്വം" എന്ന ശ്ലോകംകൊണ്ടു കൗളസിദ്ധാന്തമായ പരിണാമമതത്തേയും 36 മുതൽ 41 വരെ 6 ശ്ലോകംകൊണ്ടു സമയമതത്തേയും പ്രതിപാദിക്കുന്നു.

ചില മഹാന്മാർ ചിന്താമണിഗുണനിബദ്ധമായ ചിന്താമണിയുടെ ഗുണംപോലെയുള്ള ഗുണത്തോടുകൂടിയ, അതായതു് ആഗ്രഹങ്ങളെ എല്ലാം സാധിപ്പിക്കുന്നതായ അക്ഷവലയത്തോടു് അകാരം മുതൽ ക്ഷകാരംവരെയുള്ള മാതൃകാക്ഷരങ്ങളുടെ പിന്നെയുംപിന്നെയുമുള്ള ആവൃത്തിയാകുന്ന ജപമാലയോടുകൂടിയവരായിട്ടു (മാതൃകാക്ഷരങ്ങളെച്ചേർത്തു മൂലമന്ത്രാവൃത്തിചെയ്തുകൊണ്ടു്) നാമപാരായണം മുതലായ ഷൾപാരായണങ്ങളെച്ചെയ്തുകൊണ്ടു് എന്നു രഹസ്യം.

ശിവാഗ്നിയിൽ സുരഭിഘൃതധാരാഹുതിശതങ്ങളെക്കൊണ്ടു ഹോമം ചെയ്യുക എന്നതിൻെറ രഹസ്യാൎത്ഥം (സ്വാത്മമൂലത്രികോണസ്ഥേ കോടിസൂൎയ്യസമപ്രഭേ കുണ്ഡല്യാകൃതിചിദഗ്നൗ ഹുതേൽ ക്ഷീരം സമന്ത്രകം) മൂലാധാരത്തിലുള്ള കുണ്ഡലിനീരൂപമായ ചിദഗ്നിയിൽ സുരഭിയായ ക്ഷീരമാകുന്ന ഘൃതംകൊണ്ടു പിന്നെയുംപിന്നെയും ഹോമംചെയ്യുക എന്നാകുന്നു. ഈ ഹോമസമ്പ്രദായം ശ്ലോകത്തിൽ രഹസ്യമായി സൂചിപ്പിച്ചിരിക്കുന്നതുകൊണ്ടും ഗുരൂപദേശത്താൽ അധികാരികൾക്കുമാത്രം അറിയപ്പെടേണ്ടതാകയാലും ഇവിടെ വെളിപ്പെടുത്തുന്നില്ല.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിവസം ഈ ശ്ലോകം 1000 ഉരുവീതം ഈ യന്ത്രത്തിൽ രൂപംവച്ചു് ജപിക്കുക. വളരെ ധനമുണ്ടാകും.

ശരീരം ത്വം ശംഭോഃ ശശിമിഹിരവക്ഷോരുഹയുഗം
തവാത്മാനം മന്യേ ഭഗവതി! നവാത്മാനമനഘം ।
അതഃ ശേഷഃ ശേഷീത്യയമുഭയസാധാരണതയാ
സ്ഥിതഃ സംബന്ധോ വാം സമരസപരാനന്ദപരയോഃ ॥ 34

| | |
|---|---|
| ശരീരം, ത്വം | = ശരീരമാകുന്നു, നിന്തിരുവടി |
| ശംഭോഃ | = ആനന്ദഭൈരവൻെറ |
| ശശിമിഹിരവക്ഷോരുഹയുഗം | = ചന്ദ്രസൂൎയ്യന്മാരാകുന്നസ്തനങ്ങളോടുകൂടിയ |
| തവാത്മാനം | = നിന്തിരുവടിയുടെ സ്വരൂപത്തെ |
| മന്യേ | = അറിയുന്നു. |
| ഭഗവതി! | = അല്ലയോ ആനന്ദഭൈരവിയായ ദേവി! |
| നവാത്മാനം | = നവവ്യൂഹാത്മകമായ |
| അനഘം, അതഃ | = നിർദ്ദോഷമായ, ഇതു ഹേതുവായിട്ടു് |
| ശേഷശ്ശേഷീഇതിഅയം | = ശേഷം ശേഷീ എന്നുള്ള ഈ |
| ഉഭയസാധാരണതയാ | = രണ്ടുപേൎക്കും സാധാരണത്വേന |
| സ്ഥിതഃ | = ഇരിക്കുന്നു. |
| സംബന്ധഃ | = സംബന്ധം |

വാം = നിങ്ങൾക്ക രണ്ടുപേൎക്കും
സമരസപരാനന്ദ-
പരയോഃ } = സാമരസ്യത്തെപ്രാപിച്ച ആനന്ദഭൈരവ ആനന്ദഭൈരവീരൂപികളായ.

അല്ലയോ ആനന്ദഭൈരവിയായ ദേവി! ചന്ദ്രസൂൎയ്യന്മാരാകുന്ന രണ്ടു സ്തനങ്ങളോടുകൂടിയ ആനന്ദഭൈരവൻെറ ശരീരം നിന്തിരുവടിയാകുന്നു. അല്ലെങ്കിൽ, ചന്ദ്രസൂൎയ്യരൂപസ്തനദ്വയത്തോടുകൂടിയ നിന്തിരുവടിയുടെ ശരീരം ആനന്ദഭൈരവൻെറ ശരീരമാകുന്നു. നിന്തിരുവടിയുടെ രൂപം നവവ്യൂഹാത്മകവും നിർദ്ദോഷവുമായ ശംഭുവിൻെറ സ്വരൂപമാകുന്നു എന്നു ഞാൻ അറിയുന്നു. അതു കൊണ്ടു ശേഷം ശേഷി എന്നുള്ള ഈ സംബന്ധം സാമരസ്യത്തെ പ്രാപിച്ച ആനന്ദഭൈരവആനന്ദഭൈരവീരൂപികളായ നിങ്ങൾ രണ്ടുപേൎക്കും ഉഭയസാധാരണമായിരിക്കുന്നു

1. നിമേഷകാലംമുതൽ കല്പാന്തകാലംവരെയുള്ള കാലം കാലവ്യൂഹം. ചന്ദ്രസൂൎയ്യന്മാരും കാലാത്മകന്മാരാകയാൽ ഇതിൽ ഉൾപ്പെട്ടും.

2. നീലശുക്ലാദിരൂപങ്ങൾ കലവ്യൂഹം.

3. ഘടപടാദിസംജ്ഞകൾ നാമവ്യൂഹം.

4. സവികല്പനിൎവികല്പരൂപജ്ഞാനങ്ങൾ ജ്ഞാനവ്യൂഹം.

5. അഹങ്കാരം ചിത്തം ബുദ്ധി മഹത്ത് മനസ്സ് ഇവ ചിത്തവ്യൂഹം.

6. പരാപശ്യന്തീമദ്ധ്യമാവൈഖരീരൂപശബ്ദങ്ങൾ നാദവ്യൂഹം.

7. മൂലാധാരാദിഷൾചക്രസംഘം ബിന്ദുവ്യൂഹം.

8. അകാരാദിപഞ്ചാശദ്വൎണ്ണങ്ങൾ കലാവ്യൂഹം.

9. ഭോക്താവായ ജീവാത്മാക്കൾ ജീവവ്യൂഹം.

ഇവയാകുന്നു നവവ്യൂഹങ്ങൾ. ഈ നവവ്യൂഹങ്ങളേയും ഭോക്തൃഭോഗ്യഭോഗരൂപേണ മൂന്നുവിധമായി ഭാഗിക്കാം. ആത്മവ്യൂഹം ഭോക്താവും ജ്ഞാനവ്യൂഹം ഭോഗവും ശേഷം ഏഴു വ്യൂഹങ്ങൾ ഭോഗ്യങ്ങളുമാകുന്നു. ഇപ്രകാരം ഭോക്തൃഭോഗ്യഭോഗരൂപനും സൎവ്വാത്മാവുമാകുന്നു ആനന്ദഭൈരവൻ. ആനന്ദഭൈരവിയും അങ്ങിനെതന്നെ. അതിനാൽ ഭൈരവഭൈരവികൾക്ക് നവവിധൈക്യവും തുല്യമാകുന്നു.

ശംഭുവിൻെറ ശരീരം നിന്തിരുവടിയാകുന്നു. നിന്തിരുവടിയുടെ ദേഹം ശംഭുവുമാകുന്നു അതായത് ആനന്ദഭൈരവ-ആനന്ദഭൈരവീരൂപന്മാരായ നിന്തിരുവടികൾ രണ്ടുപേരും സൂക്ഷ്മത്തിൽ ഒന്നു തന്നെയാകുന്നു. അതുകൊണ്ടു പ്രധാനം അപ്രധാനം എന്നുള്ള

സംബന്ധം നിന്തിരുവടികൾ ഇരുവൎക്കും ഒന്നുപോലെ സംബന്ധിക്കുന്നതാണ്. ശിവൻ പ്രധാനമോ ശക്തി പ്രധാനമോ എന്നുള്ള ആകാംക്ഷയിൽ ശിവനും പ്രധാനം ശക്തിയും പ്രധാനം. ശിവനും അപ്രധാനം ശക്തിയും അപ്രധാനം എന്നല്ലാതെ ശിവൻ പ്രധാനം ശക്തി അപ്രധാനമെന്നോ ശക്തി പ്രധാനം ശിവൻ അപ്രധാനമെന്നോ പറയുവാൻ പാട്ടുള്ളതല്ല. ശിവശക്തിയോഗംകൂടാതെ ജഗത്തും ജഗത്തിലുള്ള യാതൊരു കാൎയ്യവും ഉണ്ടാകത്തക്കതല്ലാത്തതിനാൽ പ്രധാനാപ്രധാനഭാവം ഇരുവൎക്കും തുല്യമാകുന്നുവെന്നു താല്പൎയ്യം.

എന്നാൽ നാമകീൎത്തനാദിരൂപമായ ഉപാസന, സകലധൎമ്മശൂന്യനായി നിൎവ്വികല്പനായി ഇരിക്കുന്ന ശിവനെസ്സംബന്ധിച്ചു യോജിക്കാത്തതാകുന്നു. എന്തുകൊണ്ടെന്നാൽ ശക്തിഹീനനായ ശിവൻ കൎമ്മഫലദാനത്തിനു സമൎത്ഥനല്ല. “പരോ ഹി ശക്തിരഹിതഃ ശക്തഃ കൎത്തും ന കിഞ്ചന ശിവോപി ശവതാം യാതി കുണ്ഡലിന്യാ വിവൎജ്ജിതഃ” എന്നു വാമകേശ്വരതന്ത്രം. ശ്രീചക്രമദ്ധ്യബിന്ദു കാമേശ്വരസ്വരൂപമാണെന്നുള്ള രഹസ്യവും ആ കാമേശ്വരാങ്കത്തിങ്കൽ ദേവിയെ ആവാഹിക്കണമെന്നും ഗുരുമുഖത്തിൽ നിന്നറിയണമെന്നല്ലാതെ ബിന്ദുവിൽ കാമേശ്വരന്ന് പ്രത്യേകമായി പൂജയില്ലാ. ദാഹകത്വാദിശക്തികൾക്ക് അഗ്ന്യാദികൾ അധിഷ്ഠാനങ്ങളായി കാണുന്നതുപോലെ ഒരു ധൎമ്മിയെക്കൂടാതെ ധൎമ്മരൂപയായ ശക്തിക്ക് അവസ്ഥിതിചെയ്യുന്നതിനു കഴിയാത്തതിനാൽ ശക്തിതത്വത്തെ നിൎവ്വഹിക്കുന്നതിനായിമാത്രം ധൎമ്മിയായ പരമശിവൻ കല്പിക്കപ്പെട്ടുവാൻ യോഗ്യനാകുന്നു. ആ പരമശിവസാമൎത്ഥ്യമായി പരമശിവാഭിന്നയായി ഇരിക്കുന്ന പരാശക്തിയുടെ ഉപാസനതന്നെ പരമശിവോപാസന (ബ്രഹ്മോപാസന.) “ഏവം സൎവ്വഗതാ ശക്തിഃ സാ ബ്രഹ്മേതി വിവിച്യതേ. സോപാസ്യാ വിവിധൈഃ സമ്യഗ്വിചാൎയ്യാ സുധിയാ സദാ” എന്ന് ദേവീഭാഗവതം.




ഈ യന്ത്രം സ്വൎണ്ണത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45 ദിവസം ജപിച്ചു ധരിക്കുക. സാധകൻ മഹാബുദ്ധിമാനായിത്തീരും. നൈവേദ്യം മധു.

മനസ്ത്വം വ്യോമ ത്വം മരുദസി മരുത്സാരഥിരസി
ത്വമാപസ്ത്വം ഭൂമിസ്ത്വയി പരിണതായാം ന ഹി പരം ।
ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ
ചിദാനന്ദാകാരം ശിവയുവതിഭാവേന ബിഭൃഷേ ॥ 35

മനസ്ത്വം = ആജ്ഞാ ചക്രത്തിലിരിക്കുന്ന മനസ്തത്വം നിന്തിരുവടിയാകുന്നു
വ്യോമ ത്വം = വിശുദ്ധിചക്രത്തിലിരിക്കുന്ന ആകാശതത്വവും നിന്തിരുവടിതന്നെ
മരുദസി = അനാഹത ചക്രത്തിലുള്ള വായുതത്വവും നിന്തിരുവടിയായി ഭവിക്കുന്നു.
മരുത്സാരഥിരസി = സ്വാധിഷ്ഠാന ചക്രത്തിലുള്ള അഗ്നിതത്വവും നിന്തിരുവടിതന്നെ
ത്വമാപഃ = മണിപൂരത്തിൽ ജലതത്വവും നിന്തിരുവടി തന്നെ.
ത്വം ഭൂമിഃ = മൂലാധാരത്തിൽ പൃഥിവീതത്വവും നിന്തിരുവടിതന്നെ.
ത്വയിപരിണതായാം = നിന്തിരുവടി മേൽപ്രകാരം തത്വതാദാത്മ്യരൂപേണപരിണമിച്ചവളായി ഭവിക്കുംവിഷയത്തിൽ
ന ഹി പരം = നിന്തിരുവടിയിൽനിന്നും വേറായ ഒരു [വസ്തുവില്ല
ത്വമേവ = നിന്തിരുവടിതന്നെ
സ്വാത്മാനം = സ്വസ്വരൂപത്തെ
പരിണമയിതും = പരിണമിപ്പിക്കാനായിക്കൊണ്ടു്
വിശ്വവപുഷാ = പ്രപഞ്ചാകാരമായി
ചിദാനന്ദാകാരം = ആനന്ദഭൈരവ ആനന്ദഭൈരവീരൂപത്തെ
ശിവയുവതിഭാവേന = ശിവപത്നീഭാവേന
ബിഭൃഷേ = ഭരിക്കുന്നു.

അല്ലയോ ചിച്ഛക്തിരൂപിണിയായ മഹാദേവി! മനസ്സ് നിന്തിരുവടിയാകുന്നു. ആകാശവും നിന്തിരുവടിതന്നെ, വായുവും നിന്തിരുവടിയാണു്, അഗ്നിയും നിന്തിരുവടിയാകുന്നു, ജലവും നിന്തിരുവടിതന്നെ, ഭൂമിയും നിന്തിരുവടിയാകുന്നു. നിന്തിരുവടി പരിണതയായിഭവിക്കുംവിഷയത്തിൽ നിന്തിരുവടിയിൽനിന്നും വേറായ ഒരു വസ്തുവില്ല. നിന്തിരുവടിതന്നെ സ്വസ്വരൂപത്തെ പ്രപഞ്ചാകാരമായി പരിണമിപ്പിക്കാനായിക്കൊണ്ടു് പരമശിവന്റെയും പരാഭട്ടാരികയുടെയും രൂപത്തെ ധരിക്കുന്നു. അല്ലെങ്കിൽ ചിച്ഛക്തിരൂപേണ ബ്രഹ്മസ്വരൂപത്തെ ധരിക്കുന്നു.

അല്ലയോ കുണ്ഡലിനീശക്തിരൂപിണിയായ ദേവി! നിന്തിരുവടി ആജ്ഞാചക്രത്തിലുള്ള മനസ്തത്വമായും വിശുദ്ധിചക്രത്തിലുള്ള ആകാശതത്വമായും അനാഹതമെന്ന സംവിൽചക്രത്തിലുള്ള വായുതത്വമായും സ്വാധിഷ്ഠാനചക്രത്തിലുള്ള അഗ്നിതത്വമായും മണിപൂരചക്രത്തിലുള്ള ജലതത്വമായും മൂലാധാരചക്രത്തിലുള്ള ഭൂമിതത്വമായും പരിണമിച്ചു കാൎയ്യരൂപമായ പ്രപഞ്ചത്തിന്റെ സ്വരൂപത്തെ അവലംബിക്കുമ്പോൾ കാരണരൂപയായ നിന്തിരുവടിയും കാൎയ്യരൂപമായ പ്രപഞ്ചത്തിൽ ഉൾപ്പെട്ടുപോകുന്നതുകൊണ്ടു് നിന്തിരുവടിയുടെ പരിണാമമായ പ്രപഞ്ചത്തിൽനിന്നും വേറായി ഒരു വസ്തുവുമില്ല. അല്ലെങ്കിൽ പരിണാമരൂപമായ പ്രപഞ്ചവും കാരണരൂപിയായ നിന്തിരുവടിയിൽ ഉൾപ്പെട്ടുപോകുന്നതുകൊണ്ടു് നിന്തിരുവടിയിൽനിന്നു് വേറായി ഒരു വസ്തുവുമില്ല നിന്തിരുവടി തന്നെ സ്വസ്വരൂപത്തെ പ്രപഞ്ചരൂപമായി പരിണമിപ്പിക്കുന്നതിനായി ബ്രഹ്മസ്വരൂപമായ ശിവതത്വത്തെ സദാശിവമഹിഷീഭാവേന ഭരിക്കുന്നു. "പതിശ്ച പത്നീശ്ചാഭവതാം" എന്നു ശ്രുതി. കൗളമതത്തിൽ മൂലപ്രകൃതിതന്നെ ജഗൽകാരണവും ജഗദ്രൂപവുമാകകൊണ്ടു് പ്രധാനാത്മികയായ പരാശക്തിക്കു ശേഷത്വമില്ലെന്നു രഹസ്യം; ഇതുതന്നെ പരിണാമമതം. ശ്ലോകത്തിൽ "പരിണതായാം" എന്ന പദംകൊണ്ടു് ഈ മതത്തെ സൂചിപ്പിച്ചിട്ടുണ്ടു്.

"സൎവ്വത്ര പഞ്ചഭൂതാനി ഷഷ്ഠം കിഞ്ചിന്ന വിദ്യതേ" എന്ന പ്രമാണമനുസരിച്ചു് ഈ പ്രപഞ്ചമെല്ലാം പഞ്ചഭൂതാത്മകമാകുന്നു. ആ പഞ്ചഭൂതങ്ങളുടെ സൂക്ഷ്മരൂപങ്ങൾ പൃഥ്വ്യാദിതന്മാത്രകളുമാകുന്നു. ഈ തന്മാത്രകളെല്ലാം ദേവിയുടെ പരിണാമമാണു്. "തസ്യാം പരിണതായാം തു ന കിഞ്ചിദവശിഷ്യതേ" എന്നാണു്. വിനിഷ്ടങ്ങളായിരിക്കുന്ന പ്രാണികളുടെ കൎമ്മങ്ങളെ എല്ലാം അന്തൎഭാഗത്തിൽ സംഗ്രഹിച്ചുംകൊണ്ടു് പ്രളയകാലം മുഴുവനും ശിവശക്ത്യാത്മകമായ ബ്രഹ്മംമാത്രം ശേഷിക്കുന്നു. ആ കൎമ്മപരിപാകവശാൽ സൃഷ്ട്യൎത്ഥം മുമ്പിൽ അവ്യക്തയാണെങ്കിലും ആദ്യയായ ബ്രഹ്മശക്തി വ്യക്തീഭവിക്കുന്നു. സൃഷ്ടികാലത്തിൽ ആദ്യയായി സൃഷ്ടിക്കു കാരണഭൂതയായി ഇരിക്കുന്ന ശക്തി ഇതുതന്നെ. ഈ ശക്തിക്കും മുമ്പിൽ ബ്രഹ്മം ഉണ്ടു്; എങ്കിലും പ്രളയകാലത്തിന്റെ ആദ്യംമുതൽ അവസാനംവരെ സൃഷ്ടിക്കു സമൎത്ഥമായി ഭവിച്ചില്ല. ഈ ആദിശക്തിയാകട്ടെ സ്വയമേ വ്യക്തയായി ഭവിച്ചു ഉത്തരോത്തരം സൃഷ്ടിയെച്ചെയ്തു. അതുകൊണ്ടാണു് ഈ പരാശക്തിയെ സൃഷ്ടികാരണഭൂതയായ ആദിശക്തിയെന്നുപറയുന്നതു്. ഈ ശക്തി ഇച്ഛാരൂപിണിയാണെങ്കിലും നിൎവ്വിഷയകമായ ചിത്തിൽനിന്നു്

സ്വയമേ ഭവിച്ചതുകൊണ്ടു് ജ്ഞാനജ്ഞാതൃജ്ഞേയങ്ങൾ, ജ്ഞാനേച്ഛാക്രിയകൾ എന്ന ത്രിപുടികൾക്കും ആദിഭൂതയും കാരണഭൂതയുമായ ചിദ്രൂപിണിതന്നെ. അതുകൊണ്ടാണു് 'ത്രിഭ്യഃ പുരേതി വ്യുല്പത്ത്യാ' (ത്രിപുടിക്കു മുമ്പുള്ളവൾ) ത്രിപുരസുന്ദരി എന്നു പറയുന്നതു്. 'കബളീകൃതനിശ്ശേഷതത്വഗ്രാമസ്വരൂപിണീ'–വാമകേശ്വരതന്ത്രം.

അർത്ഥം—പ്രളയകാലത്തിൽ കബളീകൃതങ്ങളായിരിക്കുന്ന ഷഡ്ത്രിംശൽതത്വസമൂഹത്തോടുകൂടിയവൾ. ആ അവസ്ഥയും ഈ ശക്തിക്കുതന്നെയാകുന്നു. അതുകൊണ്ടാണു് സൂക്ഷ്മരൂപേണ സ്വാന്തഃസ്ഥിതമായിരിക്കുന്ന ഷഡ്ത്രിംശൽതത്വരൂപമായ പ്രപഞ്ചത്തെ സൃഷ്ടികാലത്തിൽ പ്രകടിപ്പിക്കുന്നതു്.

ഔപനിഷദന്മാരുടെപക്ഷം—പരമായി ചിദ്രൂപമായിരിക്കുന്ന ബ്രഹ്മത്തിനു് മായാ എന്നു് ഒരു ശക്തിയുണ്ടു്. അതു ജഡയാണു്; അതുതന്നെയാണു് ജഗത്തായി പരിണമിച്ചിരിക്കുന്നതു്. (പരബ്രഹ്മം വിവർത്തോപാദാനമാകുന്നു.) അതുകൊണ്ടു് ജഗത്തും ജഡവും മിഥ്യയുമാണു് എന്നാകുന്നു. താന്ത്രികന്മാരുടെപക്ഷം—ഔപനിഷദന്മാരും സമ്മതിക്കുന്ന ആ ചിച്ഛക്തി അനന്തരൂപയാകയാൽ അതിനെത്തന്നെ മായാ എന്നും പറയുന്നു. "പരാസ്യശക്തിർവ്വിവിധൈവ ശ്രൂയതേ മായാ ച്വാവിദ്യാ ച സ്വയമേവ ഭവതി" ഇത്യാദി ശ്രുതികൾ. ചിച്ഛക്തിപരിണാമംതന്നെ ജഗത്തു്. അതുകൊണ്ടു് ചിദ്രൂപവുമാകുന്നു. 'ചിദ്വിലാസഃ പ്രപഞ്ചോയം' എന്നു വാസിഷ്ഠം. ചിദ്രൂപമായതിനാൽ സത്യവുമാകുന്നു. "സർവ്വം ഖല്വിദം ബ്രഹ്മ." "നേഹ നാനാസ്തി കിഞ്ചന." എന്നിങ്ങനെ അദ്വൈതത്തെ സ്ഥാപിച്ചിരിക്കുന്നു. ജഗത്തു് ചിച്ഛക്തിപരിണാമവുമാകുന്നു. കാരണം ചിച്ഛക്തി, കാര്യം ജഗത്തു് എന്നു് ദ്വൈതരൂപേണ ആരോപിക്കുന്ന ഭേദാംശം അജ്ഞാനംനിമിത്തം രജ്ജുവിൽ ആരോപിക്കുന്ന സർപ്പം എന്നപോലെ മിഥ്യയാകുന്നു. ദ്വൈതത്തിനു കാരണം അജ്ഞാനംതന്നെ.

മകുടവും കടകവും സ്വർണ്ണത്തിന്റെ പരിണാമവും സ്വർണ്ണവുമാകുന്നു. ഘടം മൃത്തിന്റെ പരിണാമമാണു്. എന്നാൽ പരിണാമംനിമിത്തം ഇവയ്ക്കുണ്ടായ ഭേദം നാമരൂപങ്ങൾമാത്രമാണു്. അല്ലാതെ സുവർണ്ണമൃത്തുക്കൾക്കു് പരിണാമാവസ്ഥയിലും ഒരു ഭേദവുംവന്നില്ല. മകുടകടകങ്ങളായി പരിണമിക്കുന്നതിനു മുമ്പിലും പരിണമിച്ചകാലത്തും അതിനുശേഷവും സുവർണ്ണംതന്നെ. ചിച്ഛക്തിയെ ഈ സുവർണ്ണത്തോടുപമിക്കാം. സുവർണ്ണം സത്യവും നിത്യവുമാകുന്നു. ചിച്ഛക്തിയും അതുപോലെതന്നെ. മകുടകടകങ്ങളും സുവർണ്ണത്വേന സത്യവും നിത്യവുമാണു്. പരിണാമാവസ്ഥയിൽ

അവലംബിച്ച നാമരൂപങ്ങൾമാത്രം സത്യവും നിത്യവുമല്ല. അപ്ര കാരംതന്നെ ശക്തിപരിണാമമായ ജഗത്തും നാമരൂപത്തേന അസ ത്യവും അനിത്യവുംതന്നെ എങ്കിലും മിഥ്യാത്തേന ആരോപിച്ചി രിക്കുന്ന ആ നാമരൂപങ്ങളെത്തള്ളിക്കളഞ്ഞാൽ അധിഷ്ഠാനചൈത ന്യരൂപേണ സത്യവും നിത്യവുമാകുന്നു. "മായാമാത്രമിദം ദ്വൈതം" "ഏകമേവാദ്വിതീയം"ഇത്യാദി ശ്രുതികൾ. "ആത്മകൃതേഃ പരിണാ മാൽ" - ബ്രഹ്മസൂത്രം. "മിഥ്യാ ജഗദധിഷ്ഠാനാ"—സ്മൃതി.




ഈ യന്ത്രം സ്വർണ്ണത്ത കിടിൽ എഴുതി ദിവസം 1000 ഉരുവീതം 45 ദിവ സം ജപിച്ച് ധരിക്കുക. കടുക്ക ജപിച്ച് സേവി ക്കുക. ക്ഷയരോഗം ശമി ക്കും. നൈവേദ്യം മധു, പാൽപ്പായസം.

തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം
പരം ശംഭും വന്ദേ പരിമിളിതപാർശ്വം പരചിതാ।
യമാരാദ്ധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ
നിരാലോകേലോകേ നിവസതി ഹി ഭാലോകഭുവനേ ॥

| | |
|---|---|
| തവ | = നിന്തിരുവടിയുടെ. (തവശബ്ദംകൊണ്ടു് സാധകൻെറ ഭ്രൂമദ്ധ്യത്തിലുള്ള ശ്രീച ക്രത്തിലെ ശിവചക്രചതുഷ്ടയത്തെ പറയുന്നു.) |
| ആജ്ഞാചക്രസ്ഥം | = ആജ്ഞാചക്രത്തിലിരിക്കുന്ന |
| തപനശശികോടി-ദ്യുതിധരം പരം | = സൂര്യ്യചന്ദ്രകോടികളുടെ കാന്തിപുഞ്ജത്തെ ധരിക്കുന്ന, പരനായ |
| ശംഭും വന്ദേ | = ശംഭുവിനെ വന്ദിക്കുന്നു. |
| പരിമിളിതപാർശ്വം പരചിതാ | = പരചിത്കലയാൽ ചുററപ്പെട്ട രണ്ടു പാർശ്വങ്ങളോടുകൂടിയ |
| യം | = യാതൊരു പരശംഭുവിനെ |
| ആരാദ്ധ്യൻ ഭക്ത്യാ | = ഭക്തിയോടുകൂടി ആരാധിക്കുന്നവൻ |
| രവിശശിശുചീനാ-മവിഷയേ | = സൂര്യ്യചന്ദ്രാഗ്നികൾക്കു് അവിഷയമായും |
| നിരാലോകേ | = ആലോകനത്തിനു് ശക്യമല്ലാത്തതായും |

| | | |
|---|---|---|
| അലോകേ | = | വിജനമായ |
| നിവസതി ഹി | = | നിവസിക്കുന്നു; പ്രസിദ്ധം. |
| ഭാലോകഭൂവനേ | = | ചന്ദ്രികാമയലോകത്തിൽ, അതായതു്, സഹസ്രാരത്തിൽ. |

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ ആജ്ഞാചക്രത്തിൽ വസിക്കുന്നവനായി സൂൎയ്യചന്ദ്രകോടികളുടെ കാന്തിപുഞ്ജത്തെ ധരിക്കുന്നവനായി പരചിത്കലയാൽ ചുററപ്പെട്ട രണ്ടു പാൎശ്വങ്ങളോടുകൂടിയവനായി ഇരിക്കുന്ന പരശംഭുവിനെ ഞാൻ വന്ദിക്കുന്നു. ആ പരശംഭുവിനെ ഭക്തിയോടുകൂടി ആരാധിക്കുന്നവൻ സൂൎയ്യചന്ദ്രാഗ്നികൾക്കു് അവിഷയവും ആലോകനത്തിനു് ശക്യമല്ലാത്തതും ഏകാന്തവുമായ ചന്ദ്രികാമയലോകത്തിൽ നിവസിക്കുന്നു, പ്രസിദ്ധം.

പരദേവിപരിപൂൎണ്ണകടാക്ഷംനിമിത്തം കുണ്ഡലിനീശക്തിയെ ഉണൎത്തുന്നതിനു സമൎത്ഥനായ ഉപാസകൻെറ ഷഡാധാരങ്ങളിലുള്ള കുണ്ഡലിനീപ്രവേശത്തിൽ ഉണ്ടാകുന്ന ജ്ഞാനപ്രകാശസ്വരൂപത്തെ അവരോഹക്രമമായി ഇതുമുതൽ 6 ശ്ലോകംകൊണ്ടു് വൎണ്ണിക്കുന്നു.

അനേകകോടിസൂൎയ്യന്മാരുടെ ദേദീപ്യമാനമായ ഉജ്ജ്വലകാന്തിയോടും അസംഖ്യശീതകിരണന്മാരുടെ ശീതളമൃദുളശോഭയോടുംകൂടി വിശുദ്ധിചക്രത്തിൽ വസിക്കുന്നവനും വാമദക്ഷിണരൂപോഭയപാൎശ്വങ്ങളിലും പരചിത്കലാരൂപപരചിത്ശക്തിയാൽ സംവലിതനുമായ പരശംഭുവിനെ, ഞാൻ വന്ദിക്കുന്നു. ഇങ്ങനെ ഇരിക്കുന്ന പരശംഭുവിനെ ഭക്തിയോടുകൂടി ഉപാസിക്കുന്നവൻ സൂൎയ്യചന്ദ്രാഗ്നികളുടെ കിരണങ്ങൾ പ്രവേശിക്കാത്ത (അത ഏവ) ആലോകാന്തരരഹിതസ്വപ്രകാശജ്യോത്സ്നാമയലോകത്തിൽ അദ്വിതീയനായി വിഹരണംചെയ്യുന്നു.

ആജ്ഞാചക്രപൎയ്യന്തം കുണ്ഡലിനിയെ പ്രവേശിപ്പിക്കുന്നതിനു് ശക്തനായ സാധകൻ അതിതേജസ്സോടുകൂടിയ ശിവശക്ത്യൈക്യരൂപത്തെ സാക്ഷാത്ക്കരിക്കുന്നതിനു സമൎത്ഥനായിത്തീരുകയും തദുത്തരക്ഷണത്തിൽ ജാജ്വല്യമാനനിരതിശയജ്യോതിസ്സ്വരൂപലോകത്തിൽ നിവാസംചെയ്യുകയും ചെയ്യുന്നു അതായതു് ഏവംഭൂതപരശിവസാക്ഷാല്ക്കാരാനന്തരം തദൂൎദ്ധ്വസ്ഥിതസഹസ്രകമലാന്തൎഗ്ഗതബൈന്ദവസ്ഥാനസ്ഥിത സദാഖ്യാപരപൎയ്യായശിവശക്തിസംപുടഭാവതാദാത്മ്യത്തെ അവൻ പ്രാപിക്കുന്നു എന്നു താല്പൎയ്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45 ദിവസം ജപിച്ച് ധരിക്കുക. പലവിധ കഠിനരോഗങ്ങളും ശമിക്കും. നൈവേദ്യം മധു, വട. രോഗശാന്തിക്കു വെള്ളം ജപിച്ചുകൊടുക്കുകയും ചെയ്യാം.

വിശുദ്ധൗ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം
ശിവം സേവേ ദേവീമപി ശിവസമാനവ്യവസിതാം ।
യയോഃ കാന്ത്യാ യാന്ത്യാ ശശികിരണസാരൂപ്യസരണേ-
വിധൂതാന്തർധ്വാന്താ വിലസതി ചകോരീവ ജഗതീ ॥ 37

| | |
|---|---|
| വിശുദ്ധൗ തേ | = വിശുദ്ധിചക്രത്തിൽ, നിന്തിരുവടിയുടെ |
| ശുദ്ധസ്ഫടികവിശദം | = ശുദ്ധസ്ഫടികംപോലെ നിർമ്മലനായും |
| വ്യോമജനകം | = ആകാശതത്വത്തെജനിപ്പിക്കുന്നവനായും |
| ശിവം സേവേ | = പരമശിവനെയും ഭജിക്കുന്നു. |
| ദേവീമപി | = ദേവിയെയും |
| ശിവസമാനവ്യവ-സിതാം | = ശിവനോടു സമാനമായ പ്രയത്നത്തോടു കൂടിയ |
| യയോഃ | = യാതൊരു ശിവദമ്പതികളെസ്സംബന്ധിച്ച |
| കാന്ത്യാ യാന്ത്യാ | = കാന്തിനിമിത്തം നിസ്സരിക്കുന്ന |
| ശശികിരണസാരൂപ്യ സരണേഃ | = ചന്ദ്രകിരണസദൃശമായ |
| വിധൂതാന്തർധ്വാന്താ വിലസതി | = നശിപ്പിക്കപ്പെട്ട അജ്ഞാനാന്ധകാരത്തോടുകൂടിയതായി പ്രകാശിക്കുന്നു. |
| ചകോരീവ | = ചകോരപ്പക്ഷിയെപ്പോലെ |
| ജഗതീ | = ത്രൈലോക്യവും. |

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ വിശുദ്ധിചക്രത്തിൽ ശുദ്ധസ്ഫടികംപോലെ അതിനിർമ്മലനായും ആകാശതത്വത്തിന്റെ ജനകനായും ഇരിക്കുന്ന പരമശിവനേയും ശിവനോടു സമാനമായ പ്രയത്നത്തോടുകൂടിയ ദേവിയേയും ഞാൻ ഭജിക്കുന്നു. യാതൊരു ശിവദമ്പതികളിൽനിന്നു നിസ്സരിക്കുന്ന ചന്ദ്രകിരണസദൃശമായ കാന്തിയാൽ ഈ ത്രൈലോക്യം മുഴുവനും, നശിപ്പിക്കപ്പെട്ട

അജ്ഞാനാന്ധകാരത്തോട്ടുകൂടിയതായിട്ടു ചകോരപ്പക്ഷിയെന്ന പോലെ ഉല്ലാസത്തെ പ്രാപിക്കുന്നു.

വിശുദ്ധിചക്രപൂജയിൽ സൂര്യ്യചന്ദ്രനിരോധംഹേതുവായിട്ട് ഷോഡശദളങ്ങളിലുമുള്ള ശ്രീത്രിപുരസുന്ദരിമുതൽ 16 കലകളുടെ ജ്യോത്സ്നാ ശോഷിച്ചുപോകുന്നതിനാൽ ആ ചക്രത്തിൽ വാസം ചെയ്യുന്ന ശിവദമ്പതികളുടെ ജ്യോത്സ്നയ്ക്കുതന്നെ പ്രാധാന്യം. ആജ്ഞാചക്രം മനസ്തത്വാത്മകമാണ്. 'ആത്മന ആകാശസ്സംഭൂതഃ' എന്ന ശ്രുതിപ്രകാരം ആത്മാവിൽ അതായതു മനസ്സിൽനിന്നാണ് ആകാശതത്വം ഉത്ഭവിക്കുന്നതു്. എല്ലാ തത്വങ്ങളും ശിവശക്ത്യുഭയപ്രയത്നത്താൽ ഉണ്ടാകുന്നതാകുന്നു.

നിന്തിരുവടിയുടെ ആജ്ഞാചക്രത്തിൽ സ്ഥിതനും ശുദ്ധസ്ഫടികസങ്കാശനും ആകാശതത്വത്തിൻെറ ജനകനുമായ ശിവനേയും ശിവസദൃശയായ ശിവയേയും ഞാൻ ഭജിക്കുന്നു. ഇവർ ഇരുവരിൽ നിന്നുണ്ടാകുന്ന ചന്ദ്രികാസദൃശങ്ങളായ അത്യുജ്ജ്വലമനോഹരകാന്തികളാൽ, ചന്ദ്രികാപാതത്താൽ ചകോരി എങ്ങിനെ സന്തുഷ്ടയായി സമുല്ലസിതയായി ഭവിക്കുന്നുവോ അതുപോലെ ഈ ത്രിലോകത്തിലുള്ള സാധകന്മാരും ഭിന്നങ്ങളായ ഹൃദയഗ്രന്ഥികളോട്ടുകൂടി നിത്യാനന്ദരസമഗ്നന്മാരായി സമുല്ലസിക്കുന്നു എന്നു താല്പര്യം.

വിശുദ്ധിചക്രത്തിൽ കുണ്ഡലിനി ആരോഹണംചെയ്താൽ ഹൃദ്ഗതമായ അന്ധകാരനിവൃത്തിയും മഹാജ്ഞാനത്തിൻെറ നിർമ്മലമായ പ്രകാശവും പരിപൂർണ്ണാനന്ദവും ഉണ്ടാകുന്നതാണെന്നു് ഇതിനാൽ പറയപ്പെടുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി പൂജിച്ച് ഈ ശ്ലോകം 5000 ഉരു ജപിക്കുക. ബ്രഹ്മരക്ഷസ്സ് മാറും. നൈവേദ്യം-ശർക്കരപ്പായസം, നാളികേരം, പഴം, ജലം. ജപിച്ചുകുടിക്കുകയും ചെയ്യാം.

സമുന്മീലത്സംവിത്കമലമകരന്ദൈകരസികം
ഭജേ ഹംസദ്വന്ദ്വം കിമപി മഹതാം മാനസചരം।
യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതി-
ര്യദാദത്തേ ദോഷാൽ ഗുണമഖിലമദ്ഭ്യഃ പയ ഇവ ॥ 38

| | |
|---|---|
| സമുന്മീലത്സംവിത്-കമലമകരന്ദൈ-കരസികം, ഭജേ | = വികസിച്ചിരിക്കുന്ന ജ്ഞാനമാകുന്ന താമരപ്പൂവിലുള്ള പൂന്തേനിൽ മുഖ്യരസത്തോട്ടുകൂടിയതും, ഞാൻ ഭജിക്കുന്നു |

ഹംസദ്വന്ദ്വം = പരമഹംസദമ്പതികളെ
കിമപി, മഹതാം = അനിർവാച്യമായ, മഹാന്മാരുടെ
മാനസചരം = മാനസമാകുന്ന മാനസസരസ്സിൽ സഞ്ചരിക്ക ശീലമായുള്ളതും
യദാലാപാത് = യാതൊരു ഹംസമിഥുനത്തിന്റെ ആലാപത്താൽ
അഷ്ടാദശഗുണിത–വിദ്യാപരിണതിഃ = പതിനെട്ടുവിധവിദ്യകളുടെ പരിണാമം
യത് ആദത്തേ = യാതൊരു മിഥുനം ആദാനംചെയ്യുന്നു.
ദോഷാത് = ദോഷത്തിൽനിന്നു്
ഗുണമഖിലം = നിഖിലഗുണത്തേയും
അദ്ഭ്യഃ പയ ഇവ = ജലത്തിൽനിന്നു, ക്ഷീരത്തെഎന്നപോലെ.

അല്ലയോ മഹാദേവി! വികസിച്ചിരിക്കുന്ന ജ്ഞാനമാകുന്ന താമരപ്പൂവിലുള്ള പൂന്തേനിൽ മുഖ്യരസത്തോടുകൂടിയതും മഹാന്മാരുടെ മനസ്സാകുന്ന മാനസസരസ്സിൽ സഞ്ചരിക്കശീലമായുള്ളതും അനിർവ്വാച്യവുമായ ഹംസമിഥുനത്തെ ഞാൻ ഭജിക്കുന്നു. യാതൊരു ഹംസമിഥുനത്തിന്റെ ആലാപം പതിനെട്ടുവിധവിദ്യാരൂപമായി പരിണമിച്ചിരിക്കുന്നു? ആ മിഥുനം ജലത്തിൽനിന്നു ക്ഷീരത്തെ എന്നപോലെ ദോഷത്തിൽനിന്നു നിഖിലഗുണത്തേയും ആദാനം ചെയ്യുന്നു.

ശിവശക്ത്യൈക്യരൂപമായ 26-ാമതു തത്വത്തേയാണു് ഇവിടെ ഹംസമിഥുനമായി വർണ്ണിച്ചിരിക്കുന്നതു്. "പുംപ്രകൃത്യാത്മകോ ഹംസസ്തദാത്മകമിദം ജഗത്" എന്നുണ്ടു്. സംവിത്കമലമെന്ന ജ്ഞാനൈകനിലയമായ അനാഹതചക്രത്തിൽ ജ്ഞാനമാകുന്ന വികസത്തായ താമരസപുഷ്പത്തിന്റെ മധുവിനെ ആസ്വാദനം ചെയ്യുന്നതിൽ അതിനിപുണമായ ഹംസമിഥുനത്തെ ഞാൻ ഭജിക്കുന്നു. ഹംസമിഥുനം വികസിക്കുന്ന കമലത്തിന്റെ പുഷ്പരസാസ്വാദനത്തിൽ എങ്ങിനെ പരമരസികമോ അതുപോലെ ഈ ഹംസമിഥുനവും സംവിത്താകുന്ന കമലത്തിന്റെ മകരന്ദാസ്വാദനത്തിൽ അതിരസികമാകുന്നു. അതുകൊണ്ടാണു് ഈ ഹംസമിഥുനത്തിന്റെ മിഥഃസംഭാഷണം, (അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ പുരാണം ധർമ്മശാസ്ത്രഞ്ച വിദ്യാ ഹ്യേതാശ്ചതുർദ്ദശ) ആയുർവേദം ധനുർവേദം ഗാന്ധർവ്വവേദം അർത്ഥശാസ്ത്രം ഈ 18 വിദ്യകളായിത്തീർന്നിരിക്കുന്നതു്. ഹംസം സക്ഷീരജലത്തിൽനിന്നു ക്ഷീരത്തെവേർപെടുത്തി എടുക്കുന്നതുപോലെയും മാനസസരസ്സിൽ സഞ്ചരിക്കുന്നതുപോലെയും ഈ മിഥുനവും ദോഷത്തിൽനിന്നു

നിഖിലഗുണത്തേയും എടുക്കുകയും യോഗികളുടെ മനസ്സിൽ സഞ്ചരിക്കുകയും ചെയ്യുന്നു.

അനാഹതചക്രത്തിൽ കുണ്ഡലിനി ആരോഹണംചെയ്യുമ്പോൾ സകലകലാവല്ലഭത്വവും ഗുണൈകനിലയത്വവും സിദ്ധിക്കുമെന്ന് ഇതിനാൽ വെളിവാകുന്നു.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 45 ദിവസം 1000 ഉരു ജപിച്ച് ധരിക്കുക. ജലം ജപിച്ച് പ്രോക്ഷിച്ചാലും മതി. ബാലാരിഷ്ടശമനം. നൈവേദ്യം-11 വട, താംബൂലം, നാളികേരം, പഴം.

തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം
തമീഡേ സംവർത്തം ജനനി! മഹതീം താം ച സമയാം।
യദാലോകേ ലോകാൻ ദഹതി മഹതി ക്രോധകലിതേ
ദയാർദ്രാ യാ ദൃഷ്ടിശ്ശിശിരമുപചാരം രചയതി ॥ 39

| | | |
|---|---|---|
| തവ സ്വാധിഷ്ഠാനേ | = | നിന്തിരുവടിയുടെ സ്വാധിഷ്ഠാനചക്ര- [ത്തിൽ |
| ഹുതവഹം | = | അഗ്നിതത്വത്തെ |
| അധിഷ്ഠായ | = | ആരോപിച്ച് (ആശ്രയിച്ച്) |
| നിരതം, തം, ഈഡേ | = | എല്ലായ്പ്പോഴും, ആ, സ്തുതിക്കുന്നേ |
| സംവർത്തം | = | പ്രളയകാലാഗ്നിയായി |
| ജനനി! | = | അല്ലയോ ലോകമാതാവേ! |
| മഹതീം | = | മഹാപ്രളയകാലാഗ്നിജ്വാലയായി |
| താം, ച | = | അപ്രകാരമുള്ള, ഉം |
| സമയാം | = | സമയയെന്ന ചന്ദ്രകലാശക്തിയെ |
| യദാലോകേ | = | യാതൊരു രുദ്രശക്തികളുടെ ആലോകം |
| ലോകാൻ ദഹതി | = | ലോകങ്ങളെ ദഹിപ്പിക്കുമ്പോൾ |
| മഹതി ക്രോധകലിതേ | = | മഹത്തായ കോപംനിമിത്തമുണ്ടായ |
| ദയാർദ്രാ യാ ദൃഷ്ടിഃ | = | ദയയോടുകൂടിയ യാതൊരു കടാക്ഷം |
| ശിശിരമുപചാരം | = | കുളിർന്ന ഉപചാരത്തെ |
| രചയതി | = | ചെയ്യുന്നു. |

അല്ലയോ ലോകജനനി! നിന്തിരുവടിയുടെ സ്വാധിഷ്ഠാന ചക്രത്തിൽ മഹാപ്രളയകാലാഗ്നിയുടെ അധിഷ്ഠാതാവായ കാലാഗ്നിരുദ്രനേയും ആ അഗ്നിയുടെ ജ്വാലാശക്തിരൂപിണിയും മഹതിയുമായ സമയയേയും ഞാൻ സ്തുതിക്കുന്നു. ആ രുദ്രശക്തികളുടെ മഹാകോപത്തോട്ടുകൂടിയ ഈക്ഷണം ലോകങ്ങളെ എല്ലാം ദഹിപ്പിക്കുമ്പോൾ അവയ്ക്കു് കുളിർന്ന ഉപചാരത്തെച്ചെയ്യുന്നതു് നിന്തിരുവടിയുടെ കരുണയോടുകൂടിയ ദൃഷ്ടിയാകുന്നു. രുദ്രദൃഷ്ടി ദഹിപ്പിക്കുന്നു; ദേവീദൃഷ്ടി തണുപ്പിക്കുന്നു.

സ്വാധിഷ്ഠാനചക്രം അഗ്നിതത്വത്തിന്റെ ഉല്പത്തിസ്ഥാനമാകുന്നു. അവിടെ ഉണ്ടായ അഗ്നിയിൽ പ്രളയകാലാഗ്നിയെ ആരോപണംചെയ്തു് അതിന്റെ അധിഷ്ഠാതാവായ കാലാഗ്നിരുദ്രനെ കല്പിച്ചു് അദ്ദേഹത്തിന്റെ മഹാജ്വാലയെ ശക്തിരൂപേണ ഭാവിച്ചു സ്തുതിക്കുന്നു.

നിന്തിരുവടിയുടെ സ്വാധിഷ്ഠാനചക്രത്തിൽ മഹാപ്രളയകാലാഗ്നിയെ അനവരതം അധിഷ്ഠാനംചെയ്തു് ലോകങ്ങളുടെ മഹാസംഹാരകാരകനായ രുദ്രനേയും ആ കാലാഗ്നിയുടെ ജ്വാലാരൂപിണിയായ പരാശക്തിയേയും ഞാൻ സ്തുതിക്കുന്നു. ഇവരുടെ ആലോകം ഈ ലോകങ്ങളെ ദഹിപ്പിക്കുമ്പോൾ അവയ്ക്കു് കുളിർന്ന ഉപചാരത്തെച്ചെയ്യുന്നതു് കരുണാനിധിയായ നിന്തിരുവടിയുടെ ദൃഷ്ടിയാകുന്നു. അതായതു് കാലാഗ്നിരുദ്രനും ശക്തിയുംകൂടി ലോകങ്ങളെ ഭസ്മീകരിച്ചുതുടങ്ങുമ്പോൾ മണിപൂരചക്രത്തിൽ പതിച്ച ദയാർദ്രയായ ദേവീദൃഷ്ടിയാകുന്നു ലോകങ്ങൾക്കു ശിശിരോപചാരം ചെയ്യുന്നതു്. സംഹാരരുദ്രനാൽ ദഹിപ്പിക്കപ്പെട്ട ബ്രഹ്മാണ്ഡത്തിന്റെ പുനരുല്പത്തി ശ്രീദേവിനിമിത്തമാകുന്നുവെന്നു് താല്പര്യം.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 12 ദിവസം ഈ ശ്ലോകം 108 ഉരുവീതം ജപിച്ചു് ധരിക്കുക. ദുഃസ്വപ്നനാശനം. നൈവേദ്യം-പാല്പായസം, തേൻ.

തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ
സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം ।
തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം
നിഷേവേ വർഷന്തം ഹരമിഹിരതപ്തം ത്രിഭുവനം ॥ 40

തടിത്വന്തം = മിന്നൽക്കൊടിയോടുകൂടിയും തടിത്വാ-
ശക്ത്യാ = തടിദ്രൂപശക്തിയാൽ (ന്നായും

| | | |
|---|---|---|
| തിമിരപരിപന്ഥി- സ്ഫുരണയാ | = | അന്ധകാരവിരോധിയായ പ്രകാശത്തോടുകൂടിയ |
| സ്ഫുരന്നാനാരത്നാ ഭരണപരിണദ്ധേന്ദ്ര- ധനുഷം | = | ശോഭയോടുകൂടിയ നാനാരത്നാഭരണങ്ങളാൽ നിർമ്മിക്കപ്പെട്ട ഇന്ദ്രധനുസ്സോടുകൂടിയും |
| തവ ശ്യാമം | = | നിന്തിരുവടിയുടെ കറുത്തതും |
| മേഘം | = | മേഘത്തെ |
| കമപി | = | അനിർവാച്യമായ |
| മണിപൂരൈകശരണം | = | മണിപൂരചക്രം മുഖ്യവാസസ്ഥാനമായും |
| നിഷേവേ | = | അത്യന്തം സേവിക്കുന്നു |
| വർഷന്തം | = | വർഷിക്കുന്നതും |
| ഹരമിഹിരതപ്തം ത്രിഭുവനം | = | സംഹാരരുദ്രനാകുന്ന പ്രളയകാലസൂര്യനാൽദഹിപ്പിക്കപ്പെട്ട മൂന്നുലോകത്തെയും. |

അല്ലയോ മഹാദേവി! അന്ധകാരവിരോധിയായ പ്രകാശത്തോടുകൂടിയ തടിദ്രൂപശക്തിയാൽ തടിത്വാനായും ശോഭയോടുകൂടിയ നാനാരത്നാഭരണങ്ങളാൽ നിർമ്മിക്കപ്പെട്ട ഇന്ദ്രധനുസ്സോടുകൂടിയവനായും മണിപൂരചക്രം മുഖ്യവാസസ്ഥാനമായുള്ളവനായും സംഹാരരുദ്രനാകുന്ന പ്രളയകാലസൂര്യനാൽ ദഹിപ്പിക്കപ്പെട്ട മൂന്നു ലോകത്തേയും വർഷിക്കുന്നവനായും അനിർവാച്യനായും ഇരിക്കുന്ന കാർമേഘരൂപപശുപതിയെ ഞാൻ ഏററവും സേവിക്കുന്നു.

പ്രളയകാലാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട ഭുവനത്രയത്തെ ദേവിയുടെ ദയാർദ്രയായ ദൃഷ്ടി തണുപ്പിക്കുന്നു എന്നു മുൻ ശ്ലോകത്തിൽ പറഞ്ഞ രീതിയെ ഈ ശ്ലോകംകൊണ്ടു് വർണ്ണിക്കുന്നു.

അനാഹതചക്രോപരി സ്ഥിതിചെയ്യുന്ന സൂര്യകിരണങ്ങൾ സ്വാധിഷ്ഠാനാഗ്നിയോടുചേർന്നു ജലതത്വത്തെപ്രാപിച്ചു് മണിപൂരചക്രത്തിൽച്ചെന്നു് സ്വാധിഷ്ഠാനാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട ജഗത്തിനെ ആപ്ലാവനംചെയ്യുന്നു എന്നാണു് ആഗമരഹസ്യം. ആ ജലതത്വത്തെ ഉല്പാദിപ്പിക്കുന്ന ശിവശക്തിസ്വരൂപത്തെ ഇതിൽ വർണ്ണിക്കുന്നു.

ഗ്രീഷ്മകാലത്തിൽ അതികഠോരങ്ങളായ സൂര്യകിരണങ്ങളാൽ അത്യന്തം തപ്തമായ ലോകത്തെ വർഷകാലാരംഭത്തിൽ അതിശീതളങ്ങളായ ധാരാസംപാതങ്ങളെക്കൊണ്ടു് തണുപ്പിക്കുന്ന വർഷകാലമേഘം വിദ്യോതമാനങ്ങളും അന്ധകാരവിരോധികളുമായ മിന്നൽക്കൊടികളോടും മനോഹരകാന്തിയോടുചേർന്ന ഇന്ദ്രധനുസ്സോടുംകൂടി എങ്ങനെ ശോഭിക്കുമോ? അതുപോലെ നിന്തിരുവടിയുടെ മണിപൂരചക്രത്തിൽ മുഖ്യമായി അവസ്ഥിതിചെയ്തു് അന്ധതാമിസ്രത്തെ ദൂരീകരിക്കുന്ന മഹാപ്രകാശത്തോടുകൂടി വിളങ്ങുന്നതും

നാനാരത്നാഭരണകാന്തിപുഞ്ജത്താൽ ഇന്ദ്രചാപഭ്രാന്തിയെ ജനിപ്പിക്കുന്നതുമായ ശക്തിയാകുന്ന മിന്നൽക്കൊടിയാൽ ശോഭിക്കുന്നതും സ്വാധിഷ്ഠാനസംവർത്താഗ്നിയാൽ തപ്തമായ ജഗത്ത്രയത്തെ ശീതളജലധാരകളാൽ തണുപ്പിക്കുന്നതുമായ പശുപതിരൂപശ്യാമളമേഘത്തെ ഞാൻ അത്യന്തം സേവിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി ഈ ശ്ലോകം 1000 ഉരുവീതം 45-ദിവസം ജപിച്ച് തലയണയിൽ വച്ചു കിടന്നാൽ വിചാരിക്കുന്നകാര്യം സ്വപ്നത്തിൽ കാണാം. നൈവേദ്യം—മധു, പായസം, താംബൂലം.

തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ
നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം ।
ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ
സനാഥാഭ്യാം ജജ്ഞേ ജനകജനനീമജ്ജഗദിദം ॥ 41

തവാധാരേ മൂലേ = നിന്തിരുവടിയുടെ മൂലാധാരചക്രത്തിൽ
സഹ സമയയാ = സമയയെന്ന ദേവിയോടുകൂടി
ലാസ്യപരയാ = നൃത്തപ്രിയയായ
നവാത്മാനം മന്യേ = ആനന്ദഭൈരവനെ ധ്യാനിക്കുന്നു.
നവരസമഹാതാണ്ഡവനടം = ശൃംഗാരാദിനവരസങ്ങളോടുകൂടിയ മഹാതാണ്ഡവത്തിൽ അഭിനേതാവായ
ഉഭാഭ്യാമേതാഭ്യാം = ഇവരിരുവരാൽ

| | |
|---|---|
| ഉദയവിധിമുദ്ദിശ്യ ദയയാ | = പ്രളയത്തിൽനശിച്ച ഈ ജഗത്തിന്റെ ഉല്പത്തിയെക്കുറിച്ച് ദയയോടുകൂടി |
| സനാഥാഭ്യാം | = ദംപതികളായിഭവിച്ച, |
| ജജ്ഞേ | = ഭവിച്ചു |
| ജനകജനനീമത് | = മാതാപിതാക്കളോടുകൂടിയതായി |
| ജഗദിദം | = ഈ ജഗത്തു്. |

അല്ലയോ ജഗന്മാതാവേ! നിന്തിരുവടിയുടെ മൂലാധാരചക്രത്തിൽ നൃത്തപ്രിയയായ സമയയെന്ന ദേവിയോടുകൂടി നവരസങ്ങളോടുചേന്ന മഹാതാണ്ഡവത്തിൽ അഭിനയിക്കുന്നവനായ ആനന്ദഭൈരവനെ ഞാൻ ധ്യാനിക്കുന്നു. പ്രളയത്തിൽ നശിച്ച ഈ ജഗത്തിന്റെ ഉല്പത്തിയെക്കുറിച്ച ദയയോടുകൂടി ദംപതികളായിഭവിച്ചഇവർ ഇരുവരാൽ ഈ ജഗത്തു് മാതാപിതാക്കളോടുകൂടിയതായി ഭവിച്ചു.

നൃത്തത്തിൽ അതിപ്രീതിയോടുകൂടിയ ദേവിയോടൊന്നിച്ചു മൂലാധാരചക്രത്തിൽ സ്ഥിതിചെയ്യുന്നവനും ശൃംഗാരാദിനവരസങ്ങളോടുകൂടി അത്യന്തം ദർശനീയമായ അത്ഭുതതാണ്ഡവത്തിൽ അഭിനയിക്കുന്നവനുമായ ആനന്ദഭൈരവനെ ഞാൻ ധ്യാനിക്കുന്നു.

അന്തഃസംഹൃതങ്ങളായ അനേകം പ്രാണികളെ അനുഗ്രഹിക്കണമെന്നുള്ള ഇച്ഛയാൽ ഈ ജഗത്തിന്റെ നിർമ്മാണത്തെക്കുറിച്ചു ദയയോടുകൂടിയ ഇവർ ഇരുവരാൽ ഈ ജഗന്മണ്ഡലം മാതാപിതാക്കളോടുകൂടിയതായി ഭവിച്ചു. അതായതു് അനേകം ജന്മങ്ങളിൽ ചെയ്തിട്ടുള്ള പുണ്യപാപരൂപകർമ്മവാസനയോടുകൂടി തങ്ങളിൽ ലയിച്ചിരിക്കുന്ന അനന്തകോടിജീവാത്മാക്കൾക്കു് ഭോഗാദികളാൽ കർമ്മനാശത്തെവരുത്തി നിത്യാനന്ദരൂപമായ മോക്ഷത്തെ കൊടുക്കണമെന്നുള്ള ഇച്ഛനിമിത്തം പ്രളയത്തിൽ സ്വാത്മാവിങ്കൽ സംഹരിക്കപ്പെട്ട പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടിയെ കരുണാനിധികളായ ഈ ആദിദംപതികൾ ചെയ്തു അതുകൊണ്ടു് ഈ പ്രപഞ്ചത്തിന്റെ ഉല്പാദനത്തെച്ചെയ്ത മാതാവും പിതാവും ഇവർ രണ്ടുപേരുംതന്നെയാണെന്നു താല്പര്യം.

തവാജ്ഞാചക്രസ്ഥം എന്നുതുടങ്ങി ഇതുവരെ ആറുശ്ലോകംകൊണ്ടു് സമയാചാരത്തെ പ്രതിപാദിക്കുന്നു. ആന്തരോപാസ്തിക്കു് സമയാചാരം എന്നു നാമം കല്പിച്ചിരിക്കുന്നു. സമയന്മാരെ=ശിവശക്തികളെ, പൂജിക്കുന്നവർതന്നെ സമയികൾ. ഇവക്കു് ജലപുഷ്പാദിപൂജാദ്രവ്യങ്ങളും പാദ്യാർഘ്യാദ്യുപചാരങ്ങളും ആവശ്യമില്ല. സഹസ്രദളകമലത്തിൽ സമയയുടേയും സമയനായ ശംഭുവിന്റേയും പൂജയാണു് സമയപൂജ. ശംഭുവിനോടു് അഞ്ചുവിധം സാമ്യമുള്ളവൾ സമയ, ദേവിയോടു് അഞ്ചുവിധം സാമ്യമുള്ളവൻ

സമയൻ, ഈ സാമ്യം ശംഭുവിനും ദേവിക്കും സമപ്രാധാന്യമായുള്ളതും ഷഡാധാരചക്രങ്ങളിലും സ്ഥിതിചെയ്യുന്ന ശിവശക്തികൾക്കു് ഇതു് ഒരുപോലെ സംബന്ധിച്ചിരിക്കുന്നതുമാകുന്നു.

ഇപ്രകാരമുള്ള സമയന്മാരെ അതായതു് ശിവശക്തികളെ പൂജിക്കുന്നവർതന്നെ സമയികൾ. ഈ പൂജാസമ്പ്രദായം ഐക്യാനുസന്ധാനസ്വരൂപമാകുന്നു. ഈ ഐക്യാനുസന്ധാനം നാലുവിധമെന്നും ചില ആചാര്യന്മാരുടെ അഭിപ്രായപ്രകാരം ആറുവിധമെന്നും രണ്ടുപക്ഷമുണ്ടു്.

മൂലാധാരാദിസഹസ്രാരപര്യന്തമുള്ള കുലമാർഗ്ഗത്തെ ശ്രീചക്രരൂപേണ അനുസന്ധാനംചെയ്യണം. വ-മുതൽ സ-വരെ 4 ദളത്തോടും ത്രികോണരൂപമായ കർണ്ണികയോടുംകൂടിയ മൂലാധാരചക്രത്തെ ശ്രീചക്രത്രികോണത്തോടും, ബ-മുതൽ ല-വരെ 6 ദളത്തോടും അഷ്ടകോണരൂപകർണ്ണികയോടും കൂടിയ സ്വാധിഷ്ഠാനത്തെ അഷ്ടകോണത്തോടും, ഡ-മുതൽ ഫ-വരെ 10 ദളത്തോടും ദശകോണരൂപകർണ്ണികയോടുംകൂടിയ മണിപൂരത്തെ ദശാരത്തോടും ക-മുതൽ ഠ-വരെ 12 ദളങ്ങളോടും ദ്വിതീയദശാരരൂപകർണ്ണികയോടുംകൂടിയ അനാഹതത്തെ ദ്വിതീയദശാരത്തോടും, 16 സ്വരങ്ങളായ 16 ദളങ്ങളോടും ചതുർദ്ദശാരരൂപകർണ്ണികയോടുംകൂടിയ വിശുദ്ധിചക്രത്തെ ചതുർദ്ദശാരത്തോടും, ഹ-ക്ഷ എന്ന രണ്ടുദളത്തോടും ഒരുഭാഗത്തു അഷ്ടദളരൂപമായും മറേറഭാഗത്തു ഷോഡശദളരൂപമായും ഇങ്ങനെ രണ്ടുവിധത്തിൽ കർണ്ണികയോടും ചതുരശ്രപ്രകൃതികമായും മൂലാധാരസ്വാധിഷ്ഠാനാത്മകമായും ഇരിക്കുന്ന ആജ്ഞാചക്രത്തെ അഷ്ടദള, ഷോഡശദള, വൃത്തത്രയ, ഭൂപുരത്രയാത്മകമായ ശിവചക്രചതുഷ്ടയത്തോടും, അഭേദമായി അനുസന്ധാനംചെയ്യണം വിശുദ്ധിചക്രപര്യന്തം ശക്തിചക്രൈക്യവും ആജ്ഞാചക്രത്തിൽ ശിവചക്രൈക്യവുമാകുന്നു. വൃത്തത്രയത്തിൽ ആദ്യവൃത്തം സ്വാധിഷ്ഠാനോപരി രുദ്രഗ്രന്ഥ്യാത്മകവും ദ്വിതീയവൃത്തം അനാഹതോപരി വിഷ്ണുഗ്രന്ഥ്യാത്മകവും തൃതീയവൃത്തം ആജ്ഞാചക്രോപരി ബ്രഹ്മഗ്രന്ഥ്യാത്മകവുമായി അനുസന്ധാനംചെയ്യണം. ഇതിൻെറ ഉപരിഭാഗത്തിൽ സോപാനങ്ങളോടുകൂടിയ നാലു ദ്വാരങ്ങളോടുചേർന്ന ഭൂപുരത്രിതയത്തേയും ധ്യാനിക്കണം. ഇതുതന്നെ സഹസ്രദളകമലകർണ്ണിക. ഈ കമലത്തിനു 1000 ദളങ്ങളുണ്ടു്. ഈ കർണ്ണികാമദ്ധ്യത്തിലാണു് ചതുർദ്വാരോപേതമായ ബൈന്ദവസ്ഥാനം. ഇപ്രകാരം ശ്രീചക്രത്തിനും ഷഡാധാരങ്ങൾക്കുമുള്ള ഐക്യാനുസന്ധാനം ചതുർവ്വിധൈക്യാനുസന്ധാനത്തിൽ ഒന്നാമത്തേ അനുസന്ധാനമാകുന്നു. ഇതുതന്നെ നാദബിന്ദ്വൈക്യം.

സഹസ്രദളകമലത്തെ ശ്രീചക്രബൈന്ദവസ്ഥാനത്തോടും സഹസ്രദളകമലമദ്ധ്യചന്ദ്രമണ്ഡലത്തെ ചതുരശ്രത്തോടും അഭേദമായി അനുസന്ധാനംചെയ്യണം. ഇതുതന്നെ രണ്ടാമത്തെ അനുസന്ധാനം. ആ ചന്ദ്രമണ്ഡലമദ്ധ്യഗതബിന്ദുവിനെ ചതുരശ്രമദ്ധ്യഗതബിന്ദുരൂപേണയും പഞ്ചവിംശതിതത്വാതീതമായ ശിവശക്ത്യൈക്യസാദാഖ്യകലാരൂപേണയും ആത്മരൂപേണയും അനുസന്ധാനംചെയ്യണം. ഇതു മൂന്നാമത്തെ അനുസന്ധാനമാകുന്നു. ശ്രീചക്രത്തിനും ശ്രീവിദ്യാമന്ത്രത്തിനുമുള്ള ഐക്യാനുസന്ധാനം തന്നെ നാലാമത്തെ അനുസന്ധാനം. ഇതുതന്നെ ചതുർവ്വിധൈക്യാനുസന്ധാനം.

സമയികൾ ശ്രീചക്രത്തെ സൃഷ്ടിക്രമത്തിലാണ് ലേഖനംചെയ്യുന്നതു്. അവർക്ക് ബിന്ദു ചതുഷ്കോണമദ്ധ്യഗതമാകുന്നു ശിവചക്രചതുഷ്ടയത്തിൽ ബിന്ദുവിനു പകരം അവർ വൃത്തത്രയത്തെ സ്വീകരിക്കുന്നു. അവർക്ക് ത്രികോണാദിചക്രങ്ങൾ പഞ്ചവിംശതിതത്വരൂപവും ചതുരശ്രമദ്ധ്യഗതബിന്ദു 26–ാമതു് തത്വമായ സാദാഖ്യകലാരൂപവുമാണ്.

നാദത്തോടു ബിന്ദുവിനും, ബിന്ദുവോടു് കലയ്ക്കും, കലയ്ക്ക് നാദത്തോടും, കലയോടു് ബിന്ദുവിനും, കലയോടു് നാദത്തിനും ഈ അഞ്ചിനും ശ്രീവിദ്യയോടും ഉള്ള ഐക്യാനുസന്ധാനമാകുന്നു ഷഡ്‌വിധൈക്യാനുസന്ധാനം. (ജഗദംബ, ഷഡ്വിധൈക്യാനുസന്ധാനപരചിദ്വ്യോമ്നിസംസ്ഥിതയാണ്.) "നാദം" പരാ പശ്യന്തീ മദ്ധ്യമാ വൈഖരീ എന്നു് നാലുവിധമാകുന്നു. പരാ ത്രികോണാത്മികയും പശ്യന്തീ അഷ്ടകോണചക്രരൂപിണിയും മദ്ധ്യമാ ദ്വിദശാരരൂപിണിയും വൈഖരീ ചതുർദ്ദശാരരൂപിണിയുമാകുന്നു. ശിവചക്രങ്ങൾ ഈ ശക്തിചക്രങ്ങളിൽ അന്തർഭവിച്ചിരിക്കുന്നു. ഇങ്ങനെ ശ്രീചക്രം ചതുശ്ചക്രാത്മകവും നാദശബ്ദവാച്യവുമാകുന്നു

"ബിന്ദു" എന്നു പറയുന്നതു് ഷഡാധാരചക്രങ്ങളും "കല" എന്നതു് പഞ്ചാശദ്വർണ്ണങ്ങൾ അല്ലെങ്കിൽ "ക്ഷിതൗ ഷട്പഞ്ചാശത്" എന്ന ശ്ലോകത്തിൽ പറഞ്ഞ 360 കലകളുമാകുന്നു.

ഈ ഷഡാധാരങ്ങളിൽ പഞ്ചാശത്കലകളുടെ അന്തർഭാവം മുൻപിൽ പറഞ്ഞു. ചന്ദ്രഖണ്ഡത്തിൽ 16 സ്വരങ്ങളും, സൂര്യഖണ്ഡത്തിൽ ക–മുതൽ മ–വരെ 25 അക്ഷരങ്ങളും, അഗ്നിഖണ്ഡത്തിൽ യ മുതൽ സ–വരെ 7 അക്ഷരങ്ങളും, ബിന്ദുസ്ഥാനത്തിൽ ഹകാരളകാരങ്ങളും, സർവ്വത്ര ക്ഷകാരവും ഇങ്ങനെ മൂലാധാരാദികളങ്ങളിൽ പഞ്ചാശത്കലകൾ അന്തർഭവിച്ചിരിക്കുന്നു. കലകൾക്ക് തിഥ്യാത്മകത്വവും, നിത്യകൾക്ക് കലാത്മകത്വവും, കലകൾക്ക്

മൂലമന്ത്രഗതപഞ്ചദശാക്ഷരാത്മകത്വവും, പഞ്ചദശാക്ഷരങ്ങൾക്ക് ത്രിഖണ്ഡത്വവും, ത്രിഖണ്ഡത്തിന് സോമസൂര്യാനലാത്മകത്വവും, ഗ്രന്ഥിത്രയാത്മകത്വവും, ഗ്രന്ഥിത്രയത്തിന് മന്ത്രഗതഹ്രീംകാരത്രയാത്മകത്വവും, ഹ്രീംകാരത്തിന് ഭുവനേശ്വരീമന്ത്രത്വവും, ഭുവനേശ്വരീമന്ത്രത്തിന് മൂലമന്ത്രാന്തർഗ്ഗതത്വവും, മൂലമന്ത്രത്തിന് ചക്രത്തോടൈക്യവും, ആ ചക്രനവകത്തിന് മൂലാധാരാദിഷഡാധാരങ്ങളോടും ഗ്രന്ഥിത്രയത്തോടും സഹസ്രകമലകർണ്ണികയോടും താദാത്മ്യവും ഉള്ളതാകുന്നു. ഇതുതന്നെ കലാനാദൈക്യം.

ഇനിയും ബിന്ദുസ്വരൂപത്തെ പറയാം. ബിന്ദു എന്നതു് ഷഡാധാരമാകുന്നു. ബിന്ദു പരമശിവന്റെ ജഗദുല്പത്തിസ്ഥിതിലയഹേതുകമായ ഒരു ശക്തിവിശേഷമാണു്. അതു് ഏകം തന്നെ. അതു് സഹസ്രകമലാന്തർഗ്ഗത ചതുർദ്വാരാത്മകകർണ്ണികാമദ്ധ്യഗത ചതുഷ്കോണാത്മകമായ ശക്തിതത്വമാകുന്നു. തന്മദ്ധ്യഗതശിവതത്വന്തന്നേ നാദം. ആ നാദം 4 വിധമാണെന്നു മുൻപിൽ പറഞ്ഞുവല്ലോ. ശക്തിശിവന്മാർ രണ്ടുപേൎക്കും ശബ്ദാർത്ഥരൂപത്വം നിമിത്തം കലാത്മകത്വം ഉഭയസാധാരണമാകുന്നു. ശിവശക്തിസമ്മേളനം നാദബിന്ദുകലാതീതമാണെന്നാണു് സമയമതരഹസ്യം.

ആ ഒരു ബിന്ദുതന്നെ പത്തുവിധത്തിൽ ഭേദിച്ചിരിക്കുന്നു. മൂലാധാരകമലത്തിലുള്ള 4 ദളങ്ങൾ മനസ്സ്, ബുദ്ധി, ചിത്തം. അഹങ്കാരം എന്ന പേരുകളോടുകൂടി പ്രകൃത്യാത്മകങ്ങളായി ജഗന്നിർമ്മാണഹേതുക്കളായി ഇരിക്കുന്ന നാലു ബിന്ദ്വാത്മകങ്ങളാണെന്നും, സ്വാധിഷ്ഠാനപത്മത്തിലെ ആറു ദളങ്ങൾ കാമക്രോധലോഭമോഹമദമാത്സര്യാത്മകങ്ങളായ ആറു ബിന്ദ്വാത്മകങ്ങളാണെന്നും ഈ ആറു ബിന്ദുക്കളും സംഹാരബിന്ദുക്കളാണെന്നും യോഗശാസ്ത്രം ഘോഷിക്കുന്നു. "സ്വാധിഷ്ഠാനേ സംഹാരഃ ഷഡ്ബിന്ദുകൃതഃ" എന്നു ഭഗവാൻ പതഞ്ജലി. ഇങ്ങനെ 10 ബിന്ദുക്കൾ മൂലാധാരസ്വാധിഷ്ഠാനദളാത്മകങ്ങളാകുന്നു. ദശദളമായ മണിപൂരം മൂലാധാരസ്വാധിഷ്ഠാനദശദളാത്മകവും, ദ്വാദശദളമായ അനാഹതപത്മം മണിപൂരദശദളാത്മകവും മൂലാധാരസ്വാധിഷ്ഠാനകമലദ്വയാത്മകവും, ഷോഡശദളമായ വിശുദ്ധിചക്രം അനാഹതപത്മദ്വാദശദളാത്മകവും മൂലാധാരാദിചതുശ്ചക്രാത്മകവും, ദ്വിദളമായ വിശുദ്ധിചക്രം മൂലാധാരസ്വാധിഷ്ഠാനാത്മകവുമാകുന്നു. ഇങ്ങനെ മണിപൂരംമുതൽ ആജ്ഞവരെ നാലു ചക്രങ്ങളും മൂലാധാരസ്വാധിഷ്ഠാനപ്രകൃതികങ്ങൾതന്നെ. അതുകൊണ്ടു് മൂലാധാരസ്വാധിഷ്ഠാനങ്ങളിൽ മററു നാലു ചക്രങ്ങളും അന്തർഭവിച്ചിരിക്കുന്നതിനാൽ ഏകബിന്ദുവിന് ദശധാത്വം സിദ്ധിച്ചു.

"ദശധാ ഭിദ്യതേ ബിന്ദുരേക ഏവ പരാത്മകഃ
ചതുർധാധാരകമലേ ഷോഢാധിഷ്ഠാനപങ്കജേ
ഉഭയാകാരരൂപത്വാദിതരേഷാം തദാത്മതാ."

സമയികൾക്കു കാര്യഭൂതങ്ങളായ നാലു ചക്രങ്ങളുടെ അനുസന്ധാനംനിമിത്തം കാരണഭൂതങ്ങളായ മൂലാധാരസ്വാധിഷ്ഠാനങ്ങളുടെ അനുസന്ധാനം ആവശ്യമില്ല.

ഈ ഷഡ്വിധൈക്യാനുസന്ധാനംതന്നെ മുക്തിക്കു ദ്വാരം. ശേഷം സമസ്തവും വിഡംബനമാത്രം.

ദീക്ഷിതനായ ഒരു ഉപാസകന്, ഗുരുകടാക്ഷംനിമിത്തവും ഷഡ്വിധൈക്യാനുസന്ധാനം ചതുർവിധൈക്യാനുസന്ധാനം മുതലായ അനുസന്ധാനദാർഢ്യംകൊണ്ടും മഹാനവമിയിലുള്ള ശിവശക്ത്യൈക്യസാദാഖ്യകലാപ്രകാശകമായ ശാംഭവമഹാവേധസംസ്കാരത്താലും ശ്രീദേവി മൂലാധാരത്തിൽനിന്നു പുറപ്പെട്ട് മൂലാധാരസ്വാധിഷ്ഠാനങ്ങളെ ഭേദിച്ചു മണിപൂരചക്രത്തിൽ പ്രത്യക്ഷയായി ഭവിക്കുന്നു. അവിടെ ആ ദേവിയെ പാദ്യാദിഭൂഷണാന്തങ്ങളായ ഉപചാരങ്ങളെക്കൊണ്ടു പൂജിച്ച് അനാഹതചക്രത്തെ നയിച്ചു ധൂപാദിതാംബൂലാന്തം സമർപ്പിച്ചു വിശുദ്ധിചക്രത്തിലാക്കി അവിടെ സിംഹാസനത്തിലിരുന്നു സഖികളോടുകൂടി സംഭാഷണംചെയ്തുകൊണ്ടിരിക്കുമ്പോൾ ആ ചക്രത്തിന്റെ ഷോഡശദളഗതങ്ങളായ ഷോഡശചന്ദ്രകലകളാകുന്ന രത്നങ്ങളെക്കൊണ്ടു പൂജിച്ച് ആജ്ഞാചക്രത്തെ നയിച്ച് നീരാജനാദികൊണ്ടു സന്തോഷിപ്പിക്കണം. അനന്തരം ഭഗവതി വേഗത്തിൽ തടില്ലതപോലെ സഹസ്രകമലത്തിൽ പ്രവേശിച്ച് സുധാബ്ധിയിൽ പഞ്ചകല്പതരുച്ഛായയിൽ മണിദ്വീപിൽ സരഘാമദ്ധ്യത്തിൽ സദാശിവനോടൊന്നിച്ചു വിഹരിച്ചുംകൊണ്ടിരിക്കുന്നു. അപ്പോൾ താൻ തിരസ്കരിണിയിട്ടു സമീപമന്ദിരത്തിൽ നിവസിക്കണം. ഭഗവതി അവിടെനിന്നും മടങ്ങി മൂലാധാരത്തെ പ്രവേശിക്കുന്നതുവരെ അങ്ങനെ വസിക്കേണ്ടതാകുന്നു ഇതാകുന്നു സമയമതരഹസ്യം. "ക്വണൽകാഞ്ചീദാമ" എന്ന ശ്ലോകം ഇങ്ങനെ മണിപൂരത്തിൽ പ്രത്യക്ഷപ്പെട്ട അവസ്ഥയെ വർണ്ണിച്ചതാകുന്നു.

36 മുതൽ ശ്ലോകങ്ങളിൽ മൂലാധാരചക്രത്തെവിട്ട് ആജ്ഞാചക്രംമുതൽ അവരോഹക്രമേണ പൂജാപ്രകാരത്തെ പറഞ്ഞിരിക്കുന്നത്— ആത്മാവിൽനിന്നാകാശവും, ആകാശത്തിൽനിന്നുവായുവും, വായുവിൽനിന്ന് അഗ്നിയും, അഗ്നിയിൽനിന്നു ജലവും, ജലത്തിൽനിന്നു പൃഥിവിയും ഉത്ഭവിച്ചു എന്ന ശ്രുതിപ്രകാരം ആകാശാദിതത്വങ്ങളുടെ അവസ്ഥിതിയനുസരിച്ചും, "ഊർദ്ധ്വമൂലമധശ്ശാഖം

വൃക്ഷം യോ വേദ" എന്ന ശ്രുതിപ്രകാരം ദേഹരൂപവൃക്ഷത്തിന്റെ മൂലം ശിരസ്സാകകൊണ്ടുമാകുന്നു. മൂലാധാരോപരി സ്വാധിഷ്ഠാനവും സ്വാധിഷ്ഠാനോപരി മണിപൂരവുമാകുന്നുവെന്നു സർവ്വയോഗശാസ്ത്ര പ്രസിദ്ധമായിരിക്കുമ്പോൾ ഇവിടെയും 'മഹീം മൂലാധാരേ' 'ക്ഷിതൗ ഷഡ്" ഇത്യാദി ശ്ലോകങ്ങളിലും മൂലാധാരോപരി മണിപൂരത്തെ പറഞ്ഞിരിക്കുന്നതു് മേൽപ്രകാരം മണിപൂരം ജലതത്വത്തിന്റെ അധിഷ്ഠാനമാകകൊണ്ടും സംവർത്താഗ്നിദഗ്ദ്ധമായ ജഗത്തിന്റെ പുനരുജ്ജീവനാനന്തരം ഉല്പത്തിയെ പറയുന്നതിനായിട്ടുമാകുന്നു.

"മയ്യേവ സകലം ജാതം മയി സർവ്വം പ്രതിഷ്ഠിതം മയ്യേവ വിലയം യാതി തത് ബ്രഹ്മാദ്വയമസ്മ്യഹം" എന്നു സർവ്വാത്മനാ സർവ്വരൂപേണയുള്ള അവസ്ഥാനംതന്നെ മുക്തി. "തച്ചാലഭ്യമനാരാധ്യത്രിപുരാമിതി ഹേതുതഃ" എന്ന പ്രമാണമനുസരിച്ച് അതു സാക്ഷാൽ പരദേവതയെ ആരാധിക്കാതെ ലഭിക്കുന്നതല്ല. "ബ്രഹ്മാഹമസ്മി" എന്ന വാങ്മാത്രത്താൽ മുക്തനാകുകയില്ല. സാക്ഷാൽ അനുഭവം വരണം. അതു ജിതേന്ദ്രിയത്വം, സത്യം, ജീവകാരുണ്യം ഇത്യാദി സദാചാരത്തോടും, (ജ്ഞാനാദേവ ഹി കൈവല്യം) ജ്ഞാനത്തോടും തീവ്രഭക്തിയോടും പരദേവതയെ ഉപാസിച്ചാലേ വരികയുമുള്ളു.

ഈ പ്രപഞ്ചമെല്ലാം ബ്രഹ്മാദിതൃണപര്യന്തം പരാശക്തി സ്വരൂപമാകുന്നു. ഭക്താനുജിഘൃക്ഷയാ ഭക്തനായുള്ളവനു് ആരാധിക്കുവാൻവേണ്ടി ശ്രീദേവിതന്നെ പരിണമിച്ച ദേവ്യാവാസമന്ദിരവും ഉപാസനാസ്ഥാനവും ആയി കല്പിച്ച രൂപംതന്നെ ശ്രീചക്രം. ഈ ശ്രീചക്രം ശിവശക്ത്യാത്മകവും ശിവശക്തിസ്വരൂപവും ശിവശക്ത്യാവാസമന്ദിരവും ആണു്. ഈ പ്രപഞ്ചവും ശിവശക്ത്യാത്മകവും ശിവശക്തിപരിണാമവും ശിവശക്ത്യാവാസമന്ദിരവും ശ്രീചക്രാത്മകവുമാകുന്നു. "ചക്രം ത്രിപുരസുന്ദര്യാ ബ്രഹ്മാണ്ഡാകാരമീശ്വരി" എന്നു് സ്മൃതി ഇപ്രകാരമുള്ള ശ്രീചക്രത്തോടു ഐക്യാനുസന്ധാനംതന്നെ സമയപൂജ.

എന്നാൽ ഈ പൂജ തുര്യാവസ്ഥയിൽ ചെയ്യപ്പെടേണ്ടതാകുന്നു. സുഷുപ്തിയെ കടന്നു പ്രപഞ്ചത്തേയും തന്നേയും മറന്നു ചിച്ഛക്തിയെമാത്രം അറിഞ്ഞുംകൊണ്ടിരിക്കുന്ന അവസ്ഥയാകുന്നു തുര്യം. ഷഡാധാരപൂജയിൽ പ്രപഞ്ചത്തേയും സ്വശരീരത്തേയും മറന്നു് ആന്തരചക്ഷുസ്സുകൊണ്ടു് ദേവിയെമാത്രം പ്രത്യക്ഷമായിക്കണ്ടറിഞ്ഞുകൊണ്ടു നിശ്ചലനായി അവസ്ഥിതിചെയ്യേണ്ടതാകുന്നു. അപ്പോഴുള്ള ബോധത്തിന്റെ സ്ഥിതി മനസ്തത്വാത്മകമായ ആജ്ഞാചക്രത്തിന്റെ ഉപരിഭാഗത്താണു്. അവിടെ മനസ്സു്

വേറേ ഒരു രൂപമായി വൃത്തികളെ അതിക്രമിച്ചുപോകുന്നു. ഇതിന്ന് ഉന്മനോവസ്ഥ എന്നു പറയും. ആനന്ദൈകഘനമായി അനിർവാച്യമായി അനുഭവൈകവേദ്യമായിരിക്കുന്ന തുര്യാതീതാവസ്ഥയാകട്ടെ തുര്യത്തേയുംകടന്നു ചിത്തിനേയും മറന്നു് ഒരറിവുമില്ലാത്ത സ്ഥിതിയാകുന്നു. ഇതുതന്നെ നിർവികല്പസമാധി ഇതുതന്നെ വിദേഹമുക്തി. ഇവിടെ ഒരു അവസ്ഥയും ഇല്ലാത്തതുകൊണ്ടു് ഒരു പൂജയും ഒരു കർമ്മവുമില്ല. "നിർവികല്പം"തന്നെ സമയപൂജ. ഇതിന്റെ താഴത്തെപ്പടിയും ഈ പടിയിൽ എത്തുന്നതിനുള്ള മാർഗ്ഗവുമാകുന്നു.

ആജ്ഞാചക്രത്തിൽ അതായതു് ഭ്രൂമദ്ധ്യത്തിലുള്ള ശിവചക്രചതുഷ്ടയത്തിൽ സ്ഥിതിചെയ്യുന്ന പരചിൽകലയോടുകൂടിയ പരംശംഭു സഹസ്രദളകമലത്തിൽ ചന്ദ്രമണ്ഡലബൈന്ദവസ്ഥാനത്തിലുള്ള 26-ാമതു തത്വരൂപമായി ശിവശക്ത്യൈക്യരൂപമായി ഇരിക്കുന്ന സാദാഖ്യകലയുടെ പ്രതിഫലനമാകുന്നു. സേവ്യസേവകഭാവത്തോടുകൂടിയുള്ള ആരാധന ആജ്ഞാചക്രപര്യന്തമേ ഉള്ളൂ. സ്വപ്രകാശജ്യോത്സ്നാമയമായ സഹസ്രദളകമലത്തിൽ ഏകതാമായ സായുജ്യംതന്നെ. അതു ഷഡാധാരാരാധനയുടെ ഫലവും നിർവികല്പസമാധിരൂപവുമാകുന്നു.

ഇങ്ങനെ ശ്രീമഹാത്രിപുരസുന്ദരിയും ശ്രീവിദ്യാമന്ത്രവും ശ്രീചക്രവും മാതൃകാക്ഷരങ്ങളും പ്രപഞ്ചവും ശ്രീഗുരുവും ഷഡാധാരങ്ങളും സാദാഖ്യകലയും കുണ്ഡലിനീശക്തിയും താനും ഏകമാണെന്നുള്ള ദൃഢഭാവനയോടുകൂടി സർവദാ അവിച്ഛിന്നമായ തൈലധാരപോലെ പരദേവതയെ ധ്യാനിച്ചുംകൊണ്ടു് ശ്രീവിദ്യാമന്ത്രജപം ചെയ്യുന്നതുതന്നെ മേല്പറഞ്ഞ സ്ഥാനങ്ങളിലെല്ലാം ചെന്നുചേരുന്നതിനുള്ള മുഖ്യകാരണം. സർവശ്രേയസ്കരം. സർവമംഗളം.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഈ ശ്ലോകം 4000 ഉരു വീതം 30 ദിവസം ജപിച്ചു് ധരിക്കുക. ഉദരരോഗങ്ങളെല്ലാം നശിക്കും. നൈവേദ്യം മധു.

പ്രഥമശ്ലോകോക്തപ്രകാരം ഈ കഴിഞ്ഞ 41 ശ്ലോകങ്ങളെക്കൊണ്ടു മഹാത്രിപുരസുന്ദരി, ശ്രീചക്രം, ശ്രീവിദ്യ എന്നീ മൂന്നു രൂപങ്ങളെയാകുന്നു മുഖ്യമായി വർണ്ണിച്ചിരിക്കുന്നതു്. തദ്വാരാ

ശ്രീദേവീമഹിമയേയും ചില പ്രയോഗങ്ങളേയും ഉപാസനാഭേദങ്ങളേയും കൗളാദിമതങ്ങളേയുംകൂടി വിസ്തരിച്ചിരിക്കുന്നു.

അതായതു്—ഒന്നും രണ്ടും ശ്ലോകങ്ങൾകൊണ്ടു് ശ്രീമഹാത്രിപുരസുന്ദരി ബ്രഹ്മശക്തിയും സർവ്വദേവവന്ദ്യയും പുണ്യജനോപാസ്യയും ചിച്ഛക്തിശ്രീചക്രശ്രീവിദ്യാരൂപിണിയുമാകുന്നു എന്നും 3, 4, 5, 6, 7, 8, 22, 30 ഈ ശ്ലോകങ്ങൾകൊണ്ടു സഗുണോപാസനാരൂപമായ ദേവീസ്ഥൂലരൂപോപാസനാസമ്പ്രദായങ്ങളേയും 27–ാമത്തെ ശ്ലോകംകൊണ്ടു പരാശക്തി "തന്നിൽനിന്നഭിന്നയാണു്" എന്നു് അനുഭവംവന്ന മഹാന്മാർ ചെയ്യുന്ന നിർഗ്ഗുണോപാസനാരൂപത്തെയും 11–ാംശ്ലോകംകൊണ്ടു് ചക്രോപാസനയേയും 31, 32, 33 ഈ ശ്ലോകങ്ങൾകൊണ്ടു് മന്ത്രോപാസനയേയും 9, 10, 14, 21 ഇവകൊണ്ടു് കുണ്ഡലിനീധ്യാനരൂപാന്തരോപാസനയേയും 12, 24, 25, 26, 28, 29 ഈ ശ്ലോകങ്ങൾകൊണ്ടു് ശ്രീദേവീമാഹാത്മ്യത്തേയും 13, 15, 16, 17, 18, 19, 20 ഈ ശ്ലോകങ്ങൾകൊണ്ടു് മാദനാദിപ്രയോഗങ്ങളേയും, 23–ാംശ്ലോകം അപരമപി ശങ്കേ ഹൃതമഭൂത്, 34 തവാത്മാനം മന്യേ ഭഗവതി നവാത്മാനം എന്നതുകൊണ്ടും, ശിവശക്ത്യൈക്യകതാരൂപമായ കൗളസിദ്ധാന്തത്തേയും, 35–ാംശ്ലോകംകൊണ്ടു പ്രപഞ്ചപരിണാമാവസ്ഥയിലും ആ ഏകതാഭേദരൂപമായ പരിണാമമതത്തേയും 36 മുതൽ 41–വരെ ശ്ലോകങ്ങൾകൊണ്ടു് ഷഡാധാരപൂജയായ സമയാചാരത്തേയും വിസ്തരിച്ചിരിക്കുന്നു.

ഈ 41 ശ്ലോകങ്ങൾക്കു് "ആനന്ദലഹരി" എന്നും 42 മുതൽ 100 വരെയുള്ള ശേഷം ശ്ലോകങ്ങൾക്കു "സൗന്ദര്യലഹരി" എന്നും പേർ കല്പിച്ചിരിക്കുന്നു ഈ ആനന്ദലഹരി 41 ശ്ലോകത്തിൽ തന്നെ 1, 2, 8, 9, 10, 11, 14, 21, 26, 27, 31 മുതൽ 41 വരെ ഈ 21 ശ്ലോകങ്ങൾക്കാണു് പ്രാധാന്യം എന്നു് ഒരു അഭിപ്രായമുണ്ടു്. ആനന്ദലഹരി ശങ്കരാചാര്യസ്വാമികളാൽ നിർമ്മിക്കപ്പെട്ടതല്ലെന്നും ഈ സ്തോത്രത്തിന്റെ 74–ാംശ്ലോകത്തിൽ പറയുന്ന ദേവീസ്തന്യപാനംകൊണ്ടു കവിശ്രേഷ്ഠനായിത്തീന്ന "ദ്രവിഡശിശു" എന്ന സിദ്ധനാൽ നിർമ്മിക്കപ്പെട്ടതാണെന്നും "ദ്രവിഡശിശു" ദേവീവിഷയമായി 100 ശ്ലോകം നിർമ്മിച്ചു് കൈലാസത്തിന്റെ ഭിത്തിയിൽ എഴുതിയപ്പോൾ ശങ്കരാചാര്യസ്വാമി വന്നുഎന്നും അതിരഹസ്യമായ ഈ സ്തോത്രം ആചാര്യസ്വാമി ധരിച്ചാൽ പരസ്യമാകും, ഇതിനെ മാച്ചുകളയണമെന്നുള്ള ദേവ്യാജ്ഞയാൽ മായ്ക്കുമ്പോൾ ദിവ്യനായ സ്വാമി ദർശനമാത്രത്തിൽത്തന്നെ അങ്ങുമിങ്ങുമായി 41 ശ്ലോകങ്ങൾ മനസ്സിലാക്കി എന്നും അവയെ ആദ്യം

ചേൎത്തും ശേഷം 59 ശ്ലോകങ്ങൾ ശ്രീദേവിയുടെ കിരീടംമുതൽ പാദാഗ്രംവരെ വൎണ്ണിച്ചും സ്തുതിച്ചും സ്വയമേ നിൎമ്മിച്ചും 100 ശ്ലോകമാക്കി പ്രസിദ്ധപ്പെടുത്തി എന്നും ഒരു പ്രസിദ്ധിയുണ്ട്. എന്നാൽ ആനന്ദലഹരിക്കും സൗന്ദൎയ്യലഹരിക്കും തമ്മിൽ കവിതാരീതിക്കും സാരഗൎഭാവസ്ഥയ്ക്കും വലുതായ വ്യത്യാസവും, ആനന്ദലഹരിക്ക് ഒരു ശ്ലോകത്തോടു് ഒരു ശ്ലോകത്തിനു സംബന്ധമില്ലായ്മയും പ്രാധാന്യവും കാണപ്പെടുന്നുമുണ്ട്.

ശങ്കരാചാൎയ്യഗുരുവായ ഗൗഡപാദാചാൎയ്യരാൽ നിൎമ്മിക്കപ്പെട്ട സുഭഗോദയത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഷഡ്വിധൈക്യാനുസന്ധാനം ചതുൎവിധൈക്യാനുസന്ധാനം സമയാചാരം മുതലായ രഹസ്യതത്വങ്ങൾ ഈ ആനന്ദലഹരിയിലും അന്തൎഭവിച്ചിരിക്കുന്നു.

ഗതൈൎമ്മാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം
കിരീടം തേ ഹൈമം ഹിമഗിരിസുതേ! കീൎത്തയതി യഃ ।
സ നീഡേയച്ഛായാച്ഛുരണശബളം ചന്ദ്രശകലം
ധനുശ്ശൗനാസീരം കിമിതി ന നിബധ്നാതി ധിഷണാം ॥ 42

| | | |
|---|---|---|
| ഗതൈഃ മാണിക്യത്വം | = | പ്രാപിച്ച മാണിക്യഭാവത്തെ |
| ഗഗനമണിഭിഃ | = | പന്ത്രണ്ടുസൂൎയ്യന്മാരാൽ |
| സാന്ദ്രഘടിതം കിരീടം | = | നിബിഡമായി രചിക്കപ്പെട്ട കിരീടത്തെ |
| തേ ഹൈമം | = | നിന്തിരുവടിയുടെ സുവൎണ്ണമയമായ |
| ഹിമഗിരിസുതേ! | = | അല്ലയോ ഹിമവൽപുത്രി! |
| കീൎത്തയതി യഃ | = | യാതൊരു കവീന്ദ്രൻ വൎണ്ണിക്കുന്നുവോ |
| സഃ | = | ആ കവീന്ദ്രൻ |
| നീഡേയച്ഛായാച്ഛുരണശബളം ചന്ദ്രശകലം | = | കിരീടത്തിലുള്ള രത്നങ്ങളുടെ കാന്തികൾ വ്യാപിച്ച് ചിത്രവൎണ്ണമായ ചന്ദ്രകലയെ |
| ധനുഃ ശൗനാസീരം കിമിതി ന നിബധ്നാതി ധിഷണാം | = | ഇതു് ഇന്ദ്രചാപമാണോ എന്നു വിചാരിക്കുകയില്ലയോ? |

അല്ലയോ ഹിമവൽപുത്രിയായദേവി! മാണിക്യഭാവത്തെ പ്രാപിച്ച പന്ത്രണ്ടുസൂൎയ്യന്മാരാൽ നിബിഡമായി രചിക്കപ്പെട്ട നിന്തിരുവടിയുടെ സുവൎണ്ണമയമായ കിരീടത്തെ യാതൊരു കവിശ്രേഷ്ഠൻ വൎണ്ണിക്കുന്നുവോ ആ കവീന്ദ്രൻ കിരീടത്തിലുള്ള രത്നങ്ങളുടെ കാന്തികൾ വ്യാപിച്ച് ചിത്രവൎണ്ണമായിരിക്കുന്ന ചന്ദ്രക്കലയെ ഇതു് ഇന്ദ്രചാപമാണോ എന്നു് വിചാരിക്കുകയില്ലയോ?

ആകാശമണികളായ 12 സൂൎയ്യന്മാർ സമീപത്തിൽ വസിച്ചു് ശ്രീദേവിയെ ഉപാസിക്കണമെന്നുള്ള ആഗ്രഹംനിമിത്തം ദേവിയുടെ സുവൎണ്ണകിരീടത്തിലെ രത്നഭാവത്തെ പ്രാപിച്ചിരിക്കുന്ന—സ്വൎണ്ണ കിരീടരത്നങ്ങളായി തീൎന്നിരിക്കുന്നു. ഇങ്ങനെയുള്ള നാനാരത്നങ്ങളുടെ വിചിത്രങ്ങളായ കാന്തികൾ വ്യാപിച്ചതിനാൽ കിരീടത്തിലുള്ള ചന്ദ്രക്കല ചിത്രവൎണ്ണയായി ഭവിച്ചതുകൊണ്ടു് കിരീടത്തെ വൎണ്ണിക്കുന്ന കവിശ്രേഷ്ഠൻ ആ ചന്ദ്രക്കലയെക്കണ്ടു് ഇതു് ഇന്ദ്രധനുസ്സോ എന്നു ഉൽപ്രേക്ഷിക്കുകയില്ലേ? ഈ ചന്ദ്രക്കലയെ കവി ഇന്ദ്രചാപമെന്നു സന്ദേഹിക്കുകതന്നെ ചെയ്യുമെന്നു് താല്പൎയ്യം.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 45 ദിവസം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. നിവേദ്യം പഞ്ചസാര. മഹോദരം ശമിക്കും.

ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ! ।
യദീയം സൗരഭ്യം സഹജമുപലബ്ധും സുമനസോ
വസന്ത്യസ്മിൻ മന്യേ വലമഥനവാടീവിടപിനാം ॥ 43

| | | |
|---|---|---|
| ധുനോതു | = | നശിപ്പിക്കട്ടെ |
| ധ്വാന്തം നഃ | = | ഞങ്ങളുടെ അജ്ഞാനാന്ധകാരത്തെ |
| തുലിതദലിതേന്ദീവരവനം | = | വികസത്തുകളായ കരിംകുവളപ്പൂക്കൂട്ടത്തോടു തുല്യമായ |
| ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരുംബം | = | തിങ്ങിയതായി മിനുമിനുപ്പുള്ളതായി മൃദുവായിരിക്കുന്ന തലമുടിക്കൂട്ടം |
| തവ | = | നിന്തിരുവടിയുടെ |
| ശിവേ! | = | അല്ലയോ പരമശിവപത്നി! |
| യദീയം സൗരഭ്യം സഹജം | = | യാതൊരു കേശപാശത്തെസ്സംബന്ധിച്ച പരിമളത്തെ സ്വഭാവസിദ്ധമായ |
| ഉപലബ്ധും | = | പ്രാപിക്കുന്നതിനായി |
| സുമനസഃ | = | പുഷ്പങ്ങൾ |

വസന്തി, അസ്മിൻ = വസിക്കുന്നു, ഈ തലമുടിക്കൂട്ടത്തിൽ
മന്യേ = ഞാൻ വിചാരിക്കുന്നു.
വലമഥനവാടീവിട-
പിനാം } = ഇന്ദ്രോദ്യാനത്തിലുള്ള വൃക്ഷങ്ങളുടെ.

അല്ലയോ പരമശിവപത്നി, വികസ്വരങ്ങളായ കരിംകൂവളപ്പൂക്കൂട്ടത്തോടുതുല്യമായി തിങ്ങിയതും മിനുമിനുപ്പുള്ളതും മൃദുവുമായിരിക്കുന്ന നിന്തിരുവടിയുടെ തലമുടിക്കൂട്ടം ഞങ്ങളുടെ അജ്ഞാനാന്ധകാരത്തെ നശിപ്പിക്കട്ടെ ആ തലമുടിക്കൂട്ടത്തിന്റെ സ്വഭാവസിദ്ധമായ പരിമളത്തെ പ്രാപിക്കുന്നതിനായി ദേവേന്ദ്രോദ്യാനത്തിലുള്ള കല്പകവൃക്ഷങ്ങളുടെ പുഷ്പങ്ങൾ ഈ തലമുടിക്കൂട്ടത്തിൽ വസിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ലോകോത്തരസൗരഭ്യത്തോടുകൂടിയ നന്ദനോദ്യാനത്തിലുള്ള പാരിജാതാദിപുഷ്പങ്ങൾക്കും ശ്രീദേവിയുടെ തലമുടിയുടെ സ്വഭാവസിദ്ധമായ സൗരഭ്യമില്ലെന്നു താല്പര്യം. ദേവീശിരസ്സിലുള്ള പുഷ്പങ്ങളെ കവി അന്യഥാ ഉൽപ്രേക്ഷിച്ചതിനാൽ ഉൽപ്രേക്ഷാലംകാരം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 40 ദിവസം 3000 ഉരുവീതം ജപിച്ച് മോതിരമാക്കി കൈയിൽ ധരിക്കുക. സകല വശ്യം. നിവേദ്യം മധു.

തനോതു ക്ഷേമം നസ്തവ വദനസൗന്ദര്യലഹരീ-
പരീവാഹസ്രോതസ്സരണിരിവ സീമന്തസരണിഃ ।
വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-
ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണം ॥ 44

നഃ ക്ഷേമം തനോതു = ഞങ്ങൾക്കു ക്ഷേമത്തെ ചെയ്യട്ടെ.
തവ വദനസൗന്ദര്യല-
ഹരീപരീവാഹസ്രോ-
തസ്സരണിരിവ } = നിന്തിരുവടിയുടെ മുഖസൗന്ദര്യാതിശയത്തിന്റെ പ്രവാഹം കവിഞ്ഞൊഴുകുന്ന മാർഗ്ഗമോ എന്നു തോന്നുമാറായി- [രിക്കുന്ന
സീമന്തസരണിഃ = സീമന്തരേഖ

വഹന്തീ സിന്ദൂരം = സിന്ദൂരത്തെ വഹിച്ചിരിക്കുന്ന
പ്രബലകബരീഭാരതി- മിരദ്വിഷാം വൃന്ദൈഃ = പ്രബലമായ കേശപാശമാകുന്ന അന്ധകാരരൂപശത്രുസമൂഹത്താൽ
ബന്ദീകൃതം = ബന്ധനത്തിലാക്കപ്പെട്ട
ഇവ = എന്നു തോന്നുംവണ്ണം
നവീനാർക്കകിരണം = ബാലസൂര്യ്യകാന്തി.

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ മുഖസൗന്ദര്യ്യാതിശയത്തിൻെറ പ്രവാഹം കവിഞ്ഞൊഴുകുന്ന മാർഗ്ഗമോ എന്നു തോന്നുമാറായിരിക്കുന്നതും പ്രബലമായ കേശപാശമാകുന്ന അന്ധകാരരൂപശത്രുസമൂഹത്താൽ ബന്ധനത്തിലാക്കപ്പെട്ട ബാലാദിത്യകാന്തിയോ എന്നു തോന്നുംവണ്ണം സിന്ദൂരരജസ്സിനെ വഹിക്കുന്നതുമായ നിന്തിരുവടിയുടെ സീമന്തരേഖ ഞങ്ങൾക്കു ക്ഷേമത്തെ ചെയ്യട്ടെ.

ശ്രീദേവിയുടെ സീമന്തരേഖയെ മുഖസൗന്ദര്യ്യം കവിഞ്ഞൊഴുകുന്ന മാർഗ്ഗരൂപേണയും സീമന്തരേഖയിൽ ധരിച്ചിരിക്കുന്ന സിന്ദൂരരജസ്സിനെ കേശപാശമാകുന്ന അന്ധകാരരൂപശത്രുവിനാൽ പിടിച്ചു ബന്ധനത്തിലാക്കപ്പെട്ട ബാലാദിത്യകാന്തിരൂപേണയും ഉൽപ്രേക്ഷിച്ചിരിക്കുന്നു.

"സീമന്തേ തേ ഭഗവതി! മയാ സാദരം ന്യസ്തമേതത്
സിന്ദൂരം മ ഹൃദയകമലേ ഹർഷവർഷം തനോതു ।
ബാലാദിത്യദ്യുതിരിവ സദാ ലോഹിതാ യസ്യ കാന്തി-
സ്തന്തർധ്വാന്തം ഹരതു ജഗതശ്ചേതസാ ചിന്തയാമി" ॥

എന്നു "ചതുഷ്ഷഷ്ട്യുപചാരം." സ്ത്രീകൾ തലമുടിയെ രണ്ടായി പകുത്തുവയ്ക്കുമ്പോൾ ഇടയിൽ കാണുന്ന രേഖയാണു സീമന്തം. ഉത്തമസ്ത്രീകൾ അതിൽ സിന്ദൂരമണിയുക പതിവുണ്ടു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 12 ദിനം 1000 ഉരുവീതം ജപിച്ചു ധരിക്കുക. കുങ്കുമമോ മഞ്ഞളോ ജപിച്ചു തിലകമിടുക. വശ്യം, ബാധാശമനം. നിവേദ്യം ശർക്കരപ്പായസം, മധു.

അരാളൈഃ സ്വാഭാവ്യാദളികളഭസശ്രീഭിരളകൈഃ
പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം ।
ദരസ്മേരേ യസ്മിൻ ദശനരുചികിഞ്ജൽകരുചിരേ
സുഗന്ധൗ മാദ്യന്തി സ്മരദഹനചക്ഷുർമ്മധുലിഹഃ ॥ 45

അരാളൈസ്സ്വാഭാവ്യാത് = സ്വഭാവമായി കുടിലങ്ങളായ
അളികളഭസശ്രീഭിഃ = അളിപോതങ്ങൾക്കു തുല്യമായ
അളകൈഃ = കുറുനിരകളാൽ
പരീതം തേ വക്ത്രം = ചുററപ്പെട്ട നിന്തിരുവടിയുടെ മുഖം
പരിഹസതി = പരിഹസിക്കുന്നു
പങ്കേരുഹരുചിം = താമരപ്പൂവിൻെറ കാന്തിയെ
ദരസ്മേരേ = സ്വല്പം വിടൎന്നതുപോലെ പുഞ്ചിരിയോടുകൂടിയ
യസ്മിൻ = യാതൊരു മുഖകമലത്തിൽ
ദശനരുചികിഞ്ജ-ല്കരുചിരേ = ദന്തങ്ങളുടെ പ്രഭയാകുന്ന കേസരങ്ങളാൽ മനോഹരമായ
സുഗന്ധൗ = സുഗന്ധത്തോടുകൂടിയ
മാദ്യന്തി = മദിച്ച് പരമാനന്ദത്തെ പ്രാപിക്കുന്നു
സ്മരദഹനചക്ഷു-ർമ്മധുലിഹഃ = കാമാന്തകൻെറ നേത്രങ്ങളാകുന്ന വണ്ടുകൾ.

അല്ലയോ മഹാദേവി! സ്വഭാവേന കുടിലങ്ങളായും അളിപോതങ്ങൾക്കു തുല്യമായ കാന്തിയോടുകൂടിയവയായും ഇരിക്കുന്ന കുറുനിരകളാൽ ചുററപ്പെട്ട നിന്തിരുവടിയുടെമുഖം താമരപ്പൂവിൻെറ കാന്തിയെ പരിഹസിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്പം വിടൎന്നതുപോലെ പുഞ്ചിരിയോടുകൂടിയും ദന്തങ്ങളുടെ കാന്തിയാകുന്ന കേസരങ്ങളാൽ മനോഹരമായും സുഗന്ധത്തോടുകൂടിയും ഇരിക്കുന്ന ആ മുഖാരവിന്ദത്തിൽ കാമാന്തകൻെറ നേത്രങ്ങളാകുന്ന വണ്ടുകൾ മദിച്ച് പരമാനന്ദത്തെ പ്രാപിക്കുന്നു.

ദേവീമുഖത്തെ താമരപ്പൂവിനോടും കുറുനിരകളെ അളിപോതങ്ങളോടും പുഞ്ചിരിയെ ഈഷദ്വികാസത്തോടും ദന്തകാന്തിയെ കേസരങ്ങളോടും മുഖസുഗന്ധത്തെ പുഷ്പസുഗന്ധത്തോടും പരമശിവനേത്രങ്ങളെ വണ്ടുകളോടും ഉപമിച്ചിരിക്കുന്നു.

പരമശിവൻെറ യാതൊരുനേത്രം കാമനെ ഭസ്മീകരിച്ചുവോ ആ നേത്രംതന്നെ ദേവീമുഖത്തിൽ പതിച്ചു കാമവികാരത്തെ പ്രാപിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു് ശ്രീദേവിയുടെ ലാവണ്യാതിശയം അപാരം എന്നു താല്പൎയ്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 40 ദിവസം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. വാക്സിദ്ധി. നിവേദ്യം ത്രിമധുരം, തേൻ.

ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യത്
ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം ।
വിപര്യ്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ
സുധാലേപസ്യൂതിഃ പരിണമതി രാകാഹിമകരഃ ॥ 46

| | | |
|---|---|---|
| ലലാടം | = | നെററിത്തടം |
| ലാവണ്യദ്യുതിവിമലം | = | സൗന്ദര്യ്യമാകുന്ന ചന്ദ്രികയാൽ ഏററവും [നിർമ്മലം |
| ആഭാതി | = | ശോഭിക്കുന്നു |
| തവ യത് | = | നിന്തിരുവടിയുടെ എന്നതു് യാതൊന്നു് |
| ദ്വിതീയം, തത് | = | രണ്ടാമത്തെ, അതു് |
| മന്യേ | = | ഞാൻ വിചാരിക്കുന്നു. |
| മകുടഘടിതം | = | കിരീടത്തിൽ ചേർത്തിരിക്കുന്ന |
| ചന്ദ്രശകലം | = | ചന്ദ്രാർദ്ധഖണ്ഡം |
| വിപര്യ്യാസന്യാസാൽ | = | മറിച്ചുവച്ചുചേർത്താൽ |
| ഉഭയമപി | = | രണ്ടുംകൂടി |
| സംഭൂയ ച മിഥഃ | = | ഒന്നോടൊന്നു നല്ലവണ്ണം ചേർന്നു് |
| സുധാലേപസ്യൂതിഃ | = | അമൃതരസം നിറഞ്ഞ |
| പരിണമതി | = | പരിണമിക്കുന്നു |
| രാകാഹിമകരഃ | = | പൂർണ്ണിമചന്ദ്രനായി. |

അല്ലയോ മഹാദേവി! സൗന്ദര്യ്യമാകുന്ന ചന്ദ്രികയാൽ ഏററവും നിർമ്മലമായി ശോഭിക്കുന്ന നിന്തിരുവടിയുടെ നെററിത്തടം കിരീടത്തിൽ ചേർത്തിരിക്കുന്ന രണ്ടാമത്തെ ചന്ദ്രാർദ്ധഖണ്ഡമോ എന്നു് ഞാൻ ശങ്കിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവ രണ്ടിനേയും മറിച്ചുവച്ചുചേർത്താൽ രണ്ടുംകൂടി നല്ലവണ്ണം തമ്മിൽ ചേർന്നു് അമൃതരസം നിറഞ്ഞ പൂർണ്ണിമചന്ദ്രനായി പരിണമിക്കുന്നു.

ചന്ദ്രന്റെ ഒരു പകുതി കിരീടത്തിൽ ചേർത്തിരിക്കുന്നു. മറേറ പകുതി നെററിത്തടമായി ശോഭിക്കുന്നു. അല്പം കീഴ്പ്പോട്ടു് വളഞ്ഞ ലലാടത്തെ അതായതു് (അഷ്ടമീചന്ദ്രബിഭ്രാജദളികസ്ഥലശോഭിതാ) അഷ്ടമിച്ചന്ദ്രനെപ്പോലെ ഇരിക്കുന്ന നെററിത്തടത്തെ മേല്പോട്ടു തിരിച്ചും കിരീടചന്ദ്രക്കലയെ കീഴ്പ്പോട്ടു തിരിച്ചുംവച്ചു് രണ്ടും തമ്മിൽ കൂട്ടിച്ചേർത്താൽ രണ്ടും ഒത്തുചേൎന്നു പൂൎണ്ണചന്ദ്രനായി ഭവിക്കുന്നു. അതുകൊണ്ടു് നിന്തിരുവടിയുടെ ലലാടം ചന്ദ്രാർദ്ധഖണ്ഡമാണെന്നു് ഞാൻ വിചാരിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. ഭർതൃസമാഗമം, ഗർഭധാരണം. നിവേദ്യം പാല്പായസം, തേൻ.

ഭ്രുവൗ ഭുഗ്നേ കിഞ്ചിത് ഭുവനഭയഭംഗവ്യസനിനി!
ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം ।
ധനുർമ്മന്യേ സവ്യേതരകരഗൃഹീതം രതിപതേഃ
പ്രകോഷ്ഠേ മുഷ്ടൗ ച സ്ഥഗയതി നിഗൂഢാന്തരമുമേ! ॥ 47

ഭ്രുവൗ ഭുഗ്നേ കിഞ്ചിത് = അല്പം വളഞ്ഞിരിക്കുന്ന പുരികക്കൊടികൾ
ഭുവനഭയഭംഗവ്യസനിനി! ത്വദീയേ = ലോകത്തിലുള്ള പ്രാണികളുടെ ഭയത്തെ നശിപ്പിക്കുന്നവളായ നിന്തിരുവടിയുടെ
നേത്രാഭ്യാം = നേത്രങ്ങളാൽ
മധുകരരുചിഭ്യാം = വണ്ടുകളുടെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയ
ധൃതഗുണം = സമ്പാദിക്കപ്പെട്ട ഞാണോടുകൂടിയ
ധനുർമ്മന്യേ = ധനുസ്സാകുന്നുഎന്നു ഞാൻ വിചാരിക്കുന്നു
സവ്യേതരകരഗൃഹീതം രതിപതേഃ = കാമദേവന്റെ ദക്ഷിണകരത്തിൽ ഗ്രഹിച്ചിരിക്കുന്ന
പ്രകോഷ്ഠേ മുഷ്ടൗ ച = പ്രകോഷ്ഠവും മുഷ്ടിയും
സ്ഥഗയതി = മറയ്ക്കുമ്പോൾ
നിഗൂഢാന്തരം = നാസികാദണ്ഡാകാരമായ പ്രകോഷ്ഠമുഷ്ടികളാൽ മറയ്ക്കപ്പെട്ട മദ്ധ്യപ്രദേശത്തോടുകൂടിയ
ഉമേ! = അല്ലയോ പാർവ്വതി!

ലോകത്തിലുള്ള പ്രാണികളുടെ ഭയത്തെ നശിപ്പിക്കുന്ന അല്ലയോപാർവ്വതി! അല്പം വളഞ്ഞിരിക്കുന്ന നിന്തിരുവടിയുടെ പുരികക്കൊടികൾ, വണ്ടുകളുടെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയ നേത്രങ്ങളാൽ സംപാദിക്കപ്പെട്ട ഞാണോടുകൂടിയതും വലത്തേ കയ്യിൽ ധരിച്ചിരിക്കുന്നതും നാസികാദണ്ഡരൂപമായ പ്രകോഷ്ഠ മുഷ്ടികളാൽ മറയ്ക്കപ്പെട്ട മദ്ധ്യപ്രദേശത്തോടുകൂടിയതുമായ കാമദേവന്റെ വില്ലാകുന്നു എന്നു ഞാൻ വിചാരിക്കുന്നു.

നിന്തിരുവടിയുടെ പുരികക്കൊടികൾ കാമദേവന്റെ വില്ലാകുന്നു. (മൗർവ്വീ മധുകരമയീ) കാമദേവന്റെ ഞാൺ വണ്ടുകളാണ്. ഈ വില്ലിന്റെ ഞാണാകട്ടെ വണ്ടുകളുടെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയ നിന്തിരുവടിയുടെ നേത്രങ്ങൾതന്നെ. ഈ വില്ലിന്റെയും ഞാണിന്റെയും മദ്ധ്യം ഇടവിട്ടിരിക്കുന്നതു് കാമദേവൻ തന്റെ വലത്തുകൈകൊണ്ടു് പിടിച്ചിരിക്കുന്നതിനാൽ നാസികാദണ്ഡഭ്രൂമദ്ധ്യരൂപപ്രകോഷ്ഠമുഷ്ടികൾ മറച്ചിരിക്കുന്നതുകൊണ്ടാണ്. പ്രകോഷ്ഠമെന്നാൽ മുഴംകൈമുതൽ മണിബന്ധംവരെയുള്ള സ്ഥലമാകുന്നു.

| |
|---|
| ഹ്രീം<br>ഹ്രീം<br>ഹ്രീം |

ഈ യന്ത്രം തങ്കത്തകിടിലെഴുതി 25 ദിനം 7000 ഉരു ജപിച്ചു് ധരിക്കുക. ദേവതാവശ്യം. ഭസ്മം ജപിച്ചു് ധരിക്കുക. സകലവശ്യം. നിവേദ്യം നാളികേരം, പഴം, തേൻ.

അഹഃസൂതേ സവ്യം തവ നയനമർക്കാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീനായകതയാ ।
തൃതീയാ തേ ദൃഷ്ടിർദ്ദരദലിതഹേമാംബുജരുചിഃ
സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരീം ॥ 48

അഹസ്സൂതേ = അഹസ്സിനെ ജനിപ്പിക്കുന്നു
അസവ്യം തവ നയനം = നിന്തിരുവടിയുടെ ദക്ഷിണനേത്രം
അർക്കാത്മകതയാ = സൂര്യരൂപമായിരിക്കുന്നതിനാൽ
ത്രിയാമാം = രാത്രിയെ
വാമം തേ = നിന്തിരുവടിയുടെ ഇടത്തെ കണ്ണ്
സൃജതി = സൃഷ്ടിക്കുന്നു.

രജനീനായകതയാ = ചന്ദ്രരൂപമായിരിക്കുന്നതിനാൽ
തൃതീയാ തേ ദൃഷ്ടിഃ = നിന്തിരുവടിയുടെ മൂന്നാമത്തെനേത്രം
ദരദലിതഹേമാംബുജരുചിഃ= അല്പം വിടൎന്ന സ്വർണ്ണത്താമരപ്പൂവിന്റെ കാന്തിപോലെയുള്ള കാന്തിയോടുകൂടിയ
സമാധത്തേ സന്ധ്യാം = സന്ധ്യയെ ഉണ്ടാക്കുന്നു.
ദിവസനിശയോരന്തരചരീം= പകൽ രാത്രി ഇവയുടെ മദ്ധ്യത്തിലുള്ള.

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ വലത്തുകണ്ണ് സൂര്യരൂപമാകകൊണ്ട് പകലിനെ ഉണ്ടാക്കുന്നു. ഇടത്തുകണ്ണ് ചന്ദ്രരൂപമാകയാൽ രാത്രിയെ ഉണ്ടാക്കുന്നു. അല്പം വിടൎന്ന സ്വർണ്ണത്താമരപ്പൂവിന്റെ കാന്തിയോടുകൂടിയ മൂന്നാമത്തെക്കണ്ണ് പകലിന്റെയും രാത്രിയുടെയും മദ്ധ്യേയുള്ള സന്ധ്യയേയും ഉണ്ടാക്കുന്നു.

ശ്രീദേവിയുടെ മൂന്നു കണ്ണുകൾ സൂര്യചന്ദ്രാഗ്നിസ്വരൂപങ്ങളാകുന്നു. അതുകൊണ്ട് പകലും രാത്രിയും അഗ്നിഹോത്രസാദ്ധ്യകളായ പ്രാതസ്സായംസന്ധ്യകളും ഉണ്ടാകുന്നതിന് കാരണം ഈ കണ്ണുകൾതന്നെയാണ് രാത്രി പകൽ സന്ധ്യാ ഈ രൂപങ്ങളോടുകൂടിയ ദിനം പക്ഷം മാസം ഋതു അയനം വഷം യുഗം കല്പം മുതലായ കാലങ്ങൾക്കെല്ലാം കാരണം ശ്രീമഹാദേവിയുടെ ഏകാവയവമായ നേത്രംമാത്രമാകയാൽ കാലപരിച്ഛേദ്യത്വം ദേവിയെ ലേശംപോലും സംബന്ധിക്കുന്നില്ലെന്ന് താല്പര്യം.

| | | |
|---|---|---|
| ബൃ | ശു | ച |
| ബു | ര | കു |
| രാ | ശ | കേ |

ഈ യന്ത്രം തങ്കത്തകിടിലെഴുതി 29 ദിവസം 1000 ഉരുവീതം ജപിച്ച് ധരിക്കുക. നവഗ്രഹദോഷശമനം. നിവേദ്യം ചിത്രാന്നം, പഴം, തേൻ.

വിശാലാ കല്യാണീ സ്ഫുടരുചിരയോദ്ധ്യാ കുവലയൈഃ
കൃപാധാരാധാരാ കിമപി മധുരാഭോഗവതികാ ।
അവന്തീ ദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ ॥ 49

വിശാലാ = വിസ്താരമുള്ളത് (വിശാലാ എന്നു പേരുള്ളത്)

കല്യാണി = മംഗളസ്വരൂപാ (കല്യാണി എന്നു പേരുള്ളതു്)
സ്ഫുടരുചിഃ = നല്ലവണ്ണം പ്രകാശിക്കുന്ന കാന്തിയോടുകൂടിയതു്.
അയോദ്ധ്യാ = യുദ്ധംചെയ്യാൻകഴിയാത്തതു് (അയോദ്ധ്യാ എന്നു പേരുള്ളതു്)
കുവലയൈഃ = കരിങ്കുവളപ്പൂക്കളാൽ
കൃപാധാരാധാരാ = കൃപാധാരകൾക്കു് ആധാരമായി ഭവിച്ചതു് (ധാരാ എന്നു പേരുള്ളതു്.)
കിമപി മധുരാ = അവാച്യമാധുര്യത്തോടുകൂടിയതു് (മധുരാ എന്നു പേരുള്ളതു്)
ആഭോഗവതികാ = നീളമുള്ളതു് (ഭോഗവതി എന്നു് പേരോടുകൂടിയതു്)
അവന്തീ = ഭക്തന്മാരെ രക്ഷിക്കുന്നതു് (അവന്തി എന്നു പേരുള്ളതു്)
ദൃഷ്ടിസ്തേ = നിന്തിരുവടിയുടെ ദൃഷ്ടി
ബഹുനഗരവിസ്താര-വിജയാ = ബഹുനഗരസമഷ്ടിയായി ശോഭിക്കുന്നതു് (വിജയാ എന്നു പേരുള്ളതു്)
ധ്രുവം = നിശ്ചയം.
തത്തന്നാമവ്യവഹര-ണയോഗ്യാ = വിശാലാ, കല്യാണി മുതലായ അതാതു നഗരനാമങ്ങളാൽ വ്യവഹരിക്കപ്പെട്ടുവാൻ യോഗ്യയായി
വിജയതേ = സർവ്വോല്ക്കർഷേണ വത്തിക്കുന്നു.

അല്ലയോ മഹാദേവി! വിസ്താരമുള്ളതിനാൽ വിശാലയായുംമംഗളസ്വരൂപയാകയാൽ കല്യാണിയായും നല്ലവണ്ണം പ്രകാശിക്കുന്ന കാന്തിയോടുകൂടിയതായും കരിംകുവളപ്പൂക്കളാൽ യുദ്ധംചെയ്യപ്പെട്ടുവാൻ കഴിയാത്തതിനാൽ അയോദ്ധ്യയായും കൃപാധാരകൾക്കാധാരമാകയാൽ കൃപാധാരാധാരയായും അവാച്യമാധുര്യത്തോടുകൂടിയതിനാൽ കിമപിമധുരയായും ദൈർഘ്യമുള്ളതിനാൽ ആഭോഗവതിയായും ഭക്തന്മാരെ രക്ഷിക്കുന്നതുകൊണ്ടു് അവന്തിയായും ബഹുനഗരസമഷ്ടിയായി പ്രകാശിക്കുന്നതുകൊണ്ടു് ബഹുനഗരവിസ്താരവിജയയായും ഇരിക്കുന്ന നിന്തിരുവടിയുടെ ദൃഷ്ടി വിശാലാ, കല്യാണീ, അയോദ്ധ്യാ, ധാരാ, മധുരാ, ഭോഗവതീ, അവന്തീ, വിജയാ എന്ന അതാതു നഗരനാമങ്ങളാൽ വ്യവഹരിക്കപ്പെട്ടുവാൻ യോഗ്യയായി സർവ്വോല്ക്കർഷേണ വത്തിക്കുന്നു; നിശ്ചയം.

വിശാലാ, കല്യാണീ ഇത്യാദികൾ എട്ടും സുന്ദരിമാരുടെ ദൃഷ്ടിവിശേഷങ്ങളും നഗരവിശേഷങ്ങളുമാകുന്നു. ഉള്ളിൽ വികാസത്തോ

ടുകൂടിയ ദൃഷ്ടിക്കു് വിശാലാ എന്നും, ആശ്ചര്യരസത്തോടുകൂടിയ ദൃഷ്ടിക്കു് കല്യാണി എന്നും, വിടൎന്ന കൺമുനകളോടുകൂടിയതിനു് അയോദ്ധ്യാ എന്നും, മന്ദമായതിനു് ധാരാ എന്നും, പിൻതിരിഞ്ഞ ദൃഷ്ടിക്കു് മധുരാ എന്നും, സ്നേഹത്തോടുകൂടിയതിനു് ഭോഗവതിയെന്നും, മുശ്ധയായതിനു് അവന്തിയെന്നും, കടക്കൺദൃഷ്ടിക്കു് വിജയാ എന്നും പേരാകുന്നു. ഈ ദൃഷ്ടികൾ സാധാരണ എല്ലാ സുന്ദരികൾക്കുമുണ്ടു്; ശ്രീദേവിയുടെ ഈ എട്ടുവിധദൃഷ്ടികൾ സംക്ഷോഭണാദികാൎയ്യങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ഇവ വിശാലാദി അന്വൎത്ഥനഗരനാമങ്ങളാൽ വ്യവഹരിപ്പാൻ യോഗ്യകളായിട്ടു് സൎവോൽക്കൎഷേണ വൎത്തിക്കുന്നു. ശ്രീദേവി ഏതുസ്ഥലത്തിരുന്നു് വിശാലാദൃഷ്ടിയാൽ ജനസംക്ഷോഭത്തെച്ചെയ്തുവോ, ആ സ്ഥലത്തെ വിശാലാനഗരമെന്നും, ഏതുസ്ഥലത്തിരുന്നു് കല്യാണീദൃഷ്ടിയാൽ ജനാകർഷണത്തെച്ചെയ്തുവോ ആ സ്ഥലത്തെ കല്യാണീനഗരമെന്നും, എവിടെ ഇരുന്നു് അയോദ്ധ്യാദൃഷ്ടികൊണ്ടു് ശത്രുജനവിദ്രാവണത്തെച്ചെയ്തുവോ ആ സ്ഥലത്തെ അയോദ്ധ്യാനഗരമെന്നും, എവിടെ ഇരുന്നു് ധാരാദൃഷ്ടിയാൽ ശത്രുജനോന്മാദത്തെച്ചെയ്തുവോ ആ സ്ഥലത്തെ ധാരാനഗരമെന്നും, എവിടെയിരുന്നു് മധുരാദൃഷ്ടികൊണ്ടു് ശത്രുജനമനോവശ്യത്തെച്ചെയ്തുവോ ആ സ്ഥലത്തെ മധുരാനഗരമെന്നും, ഭോഗവതീദൃഷ്ടിയാൽ ഉച്ചാടനംചെയ്ത സ്ഥലത്തെ ഭോഗവതീനഗരമെന്നും, അവന്തീദൃഷ്ടിയാൽ ശത്രുവിദ്വേഷണംചെയ്ത സ്ഥലത്തെ അവന്തീനഗരമെന്നും, വിജയാദൃഷ്ടിയാൽ ശത്രുമാരണംചെയ്ത സ്ഥലത്തെ വിജയനഗരമെന്നും പേർ പറയുന്നു. ഇങ്ങനെ വിശാലാദിനഗരങ്ങളെ പ്രതിഷ്ഠിച്ചതിനാലും വിശാലത്വം മുതലായ ഗുണങ്ങൾ ഉള്ളതുകൊണ്ടും ദേവീദൃഷ്ടികൾക്കു് വിശാലാദിനാമധേയങ്ങൾ അന്വൎത്ഥങ്ങൾതന്നെയാകുന്നു.




ഈ യന്ത്രം മഞ്ഞളിലെഴുതി 45 ദിനം ഈ ശ്ലോകം 1000 ഉരു വീതം ജപിച്ചു് തീയിൽ ചുട്ടു് നല്ലെണ്ണയിൽ അരച്ചു് 15 വയസ്സിനു താഴെയുള്ള പൂച്ചക്കണ്ണൻ കയ്യിൽ പുരട്ടി നോക്കിയാൽ നിക്ഷേപങ്ങൾ അറിയാം. നിവേദ്യം പൊങ്കൽ, മധു.

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകളഭൗ കർണ്ണയുഗളം ।
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരളാ-
വസൂയാസംസർഗ്ഗാദളികനയനം കിഞ്ചിദരുണം ॥ 50

| | | |
|---|---|---|
| കവീനാം | = | മഹാകവികളുടെ |
| സന്ദർഭസ്തബകമകര-ന്ദൈകരസികം | = | കാവ്യസന്ദർഭമാകുന്ന പൂങ്കുലയിലുള്ള പുഷ്പരസങ്ങളുടെ ആസ്വാദനത്തിൽ മുഖ്യരസത്തോടുകൂടിയ |
| കടാക്ഷവ്യാക്ഷേപ-ഭ്രമരകളഭൗ | = | കടാക്ഷങ്ങൾ എന്നു് വ്യാജത്തോടുകൂടിയ രണ്ടു ചെറുവണ്ടുകൾ |
| കർണ്ണയുഗളം | = | രണ്ടു കർണ്ണങ്ങളേയും, |
| അമുഞ്ചന്തൗ ദൃഷ്ട്വാ | = | വിട്ടുപിരിയാതെ കണ്ടിട്ടു് |
| തവ | = | നിന്തിരുവടിയുടെ |
| നവരസാസ്വാദതരളൗ | = | ശൃംഗാരാദിനവരസങ്ങളെ ആസ്വദിക്കുന്നതിൽ തല്പരങ്ങളായ |
| അസൂയാസംസർഗ്ഗാത് | = | അസൂയ ബാധിച്ചതിനാൽ |
| അളികനയനം | = | നെററിയിലുള്ള മൂന്നാമത്തെ കണ്ണു് |
| കിഞ്ചിദരുണം | = | അല്പം അരുണവർണ്ണമായി ഇരിക്കുന്നു. |

അല്ലയോ മഹാദേവി! മഹാകവികളുടെ കാവ്യസന്ദർഭമാകുന്ന പൂങ്കുലയിലുള്ള പുഷ്പരസത്തിൻെറ ആസ്വാദനത്തിൽ മുഖ്യരസത്തോടുകൂടിയ നിന്തിരുവടിയുടെ രണ്ടു കർണ്ണങ്ങളെ വിട്ടുപിരിയാതെ സദാ ശൃംഗാരാദിനവരസങ്ങളെ ആസ്വദിക്കുന്നതിൽ തല്പരങ്ങളായിരിക്കുന്ന കടാക്ഷങ്ങൾ എന്നു് വ്യാജത്തോടുകൂടിയ രണ്ടു ചെറുവണ്ടുകളെക്കണ്ടു് അസൂയബാധിച്ചതിനാൽ നെററിയിലുള്ള മൂന്നാമത്തെ കണ്ണു് അല്പം അരുണവർണ്ണമായി ഇരിക്കുന്നു.

ശ്രീദേവിയുടെ രണ്ടു നേത്രങ്ങൾ കർണ്ണാന്തവിശ്രാന്തങ്ങളും നെററിത്തടത്തിലുള്ള മൂന്നാമത്തെ നേത്രം സ്വാഭാവികമായി അല്പം ചുവന്നതുമാകുന്നു.

കാവ്യാമൃതരസാസ്വാദനംചെയ്യുന്ന രണ്ടു കർണ്ണങ്ങളെ ഇടവിടാതെ സദാ നവരസങ്ങളെ ആസ്വദിക്കുന്ന കടാക്ഷവ്യാജചെറുവണ്ടുകളായ രണ്ടു നേത്രങ്ങളെക്കണ്ടു നെററിത്തടത്തിലുള്ള മൂന്നാമത്തെ നേത്രം അസൂയനിമിത്തം അല്പം ചുവന്നിരിക്കുന്നു.

ശ്രീദേവി സദാ ശ്രോത്രേന്ദ്രിയമാർഗ്ഗത്തിൽക്കൂടി മഹാകവികളുടെ കാവ്യാമൃതരസാസ്വാദനത്തെ ചെയ്യുന്നുണ്ടു്. ഇവിടെ ദേവിയുടെ രണ്ടു നേത്രങ്ങളെ കാവ്യമാകുന്ന പൂന്തേൻ പാനംചെയ്യുന്ന

കണ്ണുങ്ങളോടൊന്നിച്ചു നിരന്തരം നവരസങ്ങളെ ആസ്വാദനംചെയ്യുന്ന രണ്ടു വണ്ടുകളായി കല്പിക്കുകയും നെററിത്തടത്തിലുള്ള മൂന്നാമത്തെ നേത്രം അങ്ങനെ എപ്പോഴും അമൃതപാനംചെയ്യുന്ന കൂട്ടുകാററെ സദാ കണ്ടുംകൊണ്ടു് തനിക്കു് ആ സുഖാനുഭവം ഇല്ലാത്തതിനാലുണ്ടായ അസൂയകൊണ്ടും ഈഷ്യാകോപാദികളാലും തുടുതുടുത്തതായി തീന്നിരിക്കുന്നു എന്നു വണ്ണിക്കുകയും ചെയ്തിരിക്കുന്നു. ഇതു രൂപകവും അതിശയോക്തിയും അലങ്കാരങ്ങളാകുന്നു.



ഈ യന്ത്രം തങ്കത്തകിടിലെഴുതി നാല്പദിനം 1000 ഉരു ജപിച്ചു ധരിക്ക. വെള്ളം ജപിച്ചു സേവിക്ക. മസൂരിവരികയില്ല. നിവേദ്യം പഞ്ചസാര, കല്ക്കണ്ടം, ശക്കര, പഴം, തേൻ, നാളികേരം.

ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സനപരാ
സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ ।
ഹരാഹിഭ്യോ ഭീതാ സരസിരുഹസൗഭാഗ്യജനനീ
സഖീഷു സ്മേരാ തേ മയി ജനനി! ദൃഷ്ടിഃ സകരുണാ ॥ 51

| | | |
|---|---|---|
| ശിവേ | = | പരമശിവനിൽ |
| ശൃംഗാരാർദ്രാ | = | ശൃംഗാരരസംകൊണ്ടു് നനഞ്ഞതു് |
| തദിതരജനേ | = | ആ ശിവനെ ഒഴിച്ചു വേറെയുള്ള പ്രാകൃതജനങ്ങളിൽ |
| കുത്സനപരാ | = | ബീഭത്സരസത്താലുണ്ടായജുഗുപ്സയോടുകൂടിയതു് |
| സരോഷാ | = | രൗദ്രത്തോടുകൂടിയതു് |
| ഗംഗായാം | = | സപത്നിയായ ഗംഗാദേവിയിൽ |
| ഗിരിശചരിതേ | = | പരമേശ്വരചരിതത്തിൽ |
| വിസ്മയവതീ | = | ആശ്ചയ്യത്തോടുകൂടിയതു് |
| ഹരാഹിഭ്യഃ | = | ശിവഭൂഷണസപ്പങ്ങളിൽനിന്നു് |
| ഭീതാ | = | ഭയരസത്തോടുകൂടിയതു് |
| സരസിരുഹസൗഭാഗ്യജനനീ | = | ചെന്താമരപ്പൂവിൻെറ സൗന്ദയ്യത്തെ ജനിപ്പിക്കുന്നതു് |
| സഖീഷു | = | ജയ, വിജയ മുതലായ സഖികളിൽ |

സ്മേരാ = വികാസമുള്ളതു്; അതായതു് ഹാസ്യരസത്തോടുകൂടിയതു്
തേ, മയി = നിന്തിരുവടിയുടെ, എങ്കൽ
ജനനി!, ദൃഷ്ടിഃ = അല്ലയോ ലോകമാതാവേ!, നേത്രം
സകരുണാ = കരുണരസത്തോടുകൂടിയതു്.

അല്ലയോ ലോകമാതാവേ! നിന്തിരുവടിയുടെ ദൃഷ്ടി, പരമശിവനിൽ ശൃംഗാരരസംകൊണ്ടു നനഞ്ഞതും, ആ ശിവനെ ഒഴിച്ചു് വേറെയുള്ള പ്രാകൃതജനങ്ങളിൽ ജുഗുപ്സയോടുകൂടിയതും, സപത്നിയായ ഗംഗാദേവിയിൽ കോപത്തോടുകൂടിയതും, പരമേശ്വരചരിതത്തിൽ ആശ്ചര്യത്തോടുകൂടിയതും, ശിവഭൂഷണസർപ്പങ്ങളിൽനിന്നു് ഭയരസത്തോടുകൂടിയതും, ചെന്താമരപ്പൂവിന്റെ സൗന്ദര്യത്തെ ജനിപ്പിക്കുന്നതും, സഖികളിൽ വികാസമുള്ളതും എങ്കൽ കരുണരസത്തോടുകൂടിയതും ആകുന്നു.

ജഗന്മാതാവിന്റെ ദൃഷ്ടി ശൃംഗാര, ബീഭത്സ, രൗദ്ര, അത്ഭുത, ഭയ, വീര, ഹാസ്യ, കരുണാരൂപങ്ങളായ എട്ടു രസങ്ങളോടുകൂടിയതാകുന്നു. അതായതു രമണനായ സദാശിവനിൽ ശൃംഗാരവും, പരപുരുഷരിൽ ബീഭത്സവും, ഗംഗാദേവിയിൽ കോപവും, ത്രിപുരദഹനാദിശിവചരിത്രത്തിൽ അത്ഭുതവും, ശിവാഭരണസർപ്പങ്ങളിൽ ഭയവും, ചെന്താമരപ്പൂവിന്റെ സൗഭാഗ്യത്തെ ജനിപ്പിക്കുന്നതു് എന്നു പറഞ്ഞതുകൊണ്ടു് വീരരസവും, സഖികളിൽ (സസ്മിത) ഹാസ്യരസവും, ദേവീപാദാരവിന്ദഭക്തനായ എങ്കൽ കരുണയും, ഇങ്ങനെ എട്ടു വിഷയങ്ങളിലായി എട്ടു രസങ്ങളെ പ്രകടിപ്പിക്കുന്നു. ഇതു വിരോധാഭാസം എന്ന അലങ്കാരമാകുന്നു.




ഈ യന്ത്രം ചെമ്പുതകിടിലെഴുതി 45 ദിനം 1000 ഉരുവീതം ജപിച്ചു ധരിക്ക. ചന്ദനത്തിലെഴുതി തിലകമിടുക. സർവ്വജനവശ്യം. നിവേദ്യം വട, തേൻ.

ഗതേ, കർണ്ണാഭ്യർണ്ണം ഗരുത ഇവ പക്ഷ്മാണി ദധതി
പുരാം ഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ ।
ഇമേ നേത്രേ ഗോത്രാധരപതികുലോത്തംസകലികേ!
തവാകർണ്ണാകൃഷ്ടസ്മരശരവിലാസം കലയതഃ ॥ 52

| | |
|---|---|
| ഗതേ, കർണ്ണാഭ്യർണ്ണം | = പ്രാപിച്ചും, ശ്രോത്രസമീപത്തെ |
| ഗരുത ഇവ | = കങ്കപത്രങ്ങളോ എന്നു തോന്നുംവണ്ണം ഇരിക്കുന്ന |
| പക്ഷ്മാണി ദധതീ | = നേത്രരോമങ്ങളെ ധരിച്ചും |
| പുരാം ഭേത്തുഃ | = ത്രിപുരാന്തകന്റെ |
| ചിത്തപ്രശമരസവിദ്രാവണഫലേ | = മനസ്സിലുള്ള വിരക്തിയാകുന്ന ശാന്തരസത്തെ നശിപ്പിക്കുകയെന്ന പ്രയോജനത്തോടുകൂടിയും |
| ഇമേ നേത്രേ | = ഈ രണ്ടു നേത്രങ്ങൾ |
| ഗോത്രാധരപതികുലോത്തംസകലികേ | =പർവ്വതരാജകുലാവതംസയായ പാർവ്വതി! |
| തവ | = നിന്തിരുവടിയുടെ |
| ആകർണ്ണാകൃഷ്ടസ്മരശരവിലാസം | = കർണ്ണപര്യന്തം വലിച്ചുപിടിക്കപ്പെട്ട മന്മഥബാണത്തിന്റെ വിലാസത്തെ |
| കലയതഃ | = ചെയ്യുന്നു. |

അല്ലയോ പർവ്വതരാജകുലോത്തംസയായ പാർവ്വതി! നിന്തിരുവടിയുടെ ശ്രോത്രസമീപത്തെ പ്രാപിച്ചും, കങ്കപത്രങ്ങളോ എന്നു തോന്നുംവണ്ണമുള്ള നേത്രരോമങ്ങളെ ധരിച്ചും ത്രിപുരാന്തകന്റെ മനസ്സിലുള്ള ശാന്തരസത്തെ (വിരക്തിയെ) നശിപ്പിക്കുക എന്ന പ്രയോജനത്തോടുകൂടിയും ഇരിക്കുന്ന ഈ രണ്ടു നേത്രങ്ങൾ കർണ്ണപര്യന്തം വലിച്ചുപിടിക്കപ്പെട്ട മന്മഥബാണത്തിന്റെ വിലാസത്തെ ച്ചെയ്യുന്നു.

കങ്കപത്രങ്ങൾ എന്നതു ബാണങ്ങളുടെ ചിറകായി ഉപയോഗപ്പെടുത്തുന്ന പരുന്ത് എന്ന പക്ഷിയുടെ തൂവലാകുന്നു. ബാണത്തിന്റെ ചിറക് എന്നു സാരം.

അല്ലയോ ദേവീ! നിന്തിരുവടിയുടെ ഈ (എന്റെ ഹൃദയകമലത്തിൽ കാണുന്ന) നേത്രങ്ങൾ ചെവിയോളം വലിച്ചുപിടിക്കപ്പെട്ട മന്മഥബാണങ്ങളുടെ സൗഭാഗ്യത്തെ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഇവ കർണ്ണപര്യന്തം വ്യാപിച്ചും ബാണചിറകുകൾപോലെയുള്ള നേത്രരോമങ്ങളെ ധരിച്ചും ഇരിക്കുന്നു. ഈ മന്മഥബാണപ്രയോഗത്തിന്റെ പ്രയോജനം ത്രിപുരാന്തകനായിരിക്കുന്ന പരമേശ്വരന്റെ അന്തഃകരണത്തിലുള്ള വിഷയവിരക്തിയെ നശിപ്പിച്ച് ശൃംഗാരവികാരങ്ങളെ ഉല്പാദനംചെയ്യുന്നതാകുന്നു. ബാണധർമ്മമായ കർണ്ണാന്തവ്യാപ്തി, കങ്കപത്രം, വിഷയവിരക്തിഭഞ്ജനം ഈ മൂന്നു ഗുണവും ഇവിടെ ഉണ്ടെന്നുള്ളതുകൊണ്ട് മാരബാണവിലാസം യുക്തംതന്നെ. പഞ്ചബാണന്ന് സുന്ദരീകടാക്ഷവും ഇഷ്ടമായ

ആറാമത്തെ ബാണമാകുന്നു. കടാക്ഷബാണം അരവിന്ദാദി അഞ്ചു ബാണങ്ങൾക്കും തുല്യമായ ഒന്നാകുന്നു. പഞ്ചബാണസാദ്ധ്യം കടാക്ഷബാണത്താലും സാധിക്കുമെന്നു സാരം. ഇതു് നിദർശനാലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്കുക. കണ്ണുരോഗവും നേത്രരോഗവും ശമിക്കും. നിവേദ്യം തിലാന്നം, പായസം.

വിഭക്തത്രൈവർണ്ണ്യം വ്യതികരിതലീലാഞ്ജനതയാ
വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ! ।
പുനഃ സ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ
രജസ്സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ ॥ 53

വിഭക്തത്രൈവർണ്ണ്യം = വേർതിരിക്കപ്പെട്ട ചുവപ്പു്, വെളുപ്പു്, കറുപ്പു് എന്നീ മൂന്നു വർണ്ണങ്ങളോടു കൂടിയതായിട്ടു്

വ്യതികരിതലീലാഞ്ജനതയാ വിഭാതി = വിലാസത്തിനായി എഴുതപ്പെട്ട അഞ്ജനത്തോടുകൂടിയതാകയാൽ ശോഭിക്കുന്നു

ത്വന്നേത്രത്രിതയമിദം = നിന്തിരുവടിയുടെ ഈ മൂന്നുകണ്ണുകൾ

ഈശാനദയിതേ! = അല്ലയോ പരമശിവപത്നി-

പുനഃ സ്രഷ്ടും ദേവാൻ = ദേവന്മാരെ പിന്നെയും സൃഷ്ടിക്കുന്നതിനായി

ദ്രുഹിണഹരിരുദ്രാനുപരതാൻ = കാലവശപ്പെട്ടു് നിന്തിരുവടിയിൽ ലയിച്ചിരിക്കുന്ന ബ്രഹ്മവിഷ്ണുരുദ്രന്മാരായ

രജസ്സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ = രജസ്സ്, സത്വം, തമസ്സ് എന്നീ മൂന്നു ഗുണങ്ങളെ ധരിക്കുന്നുവോ എന്നു് തോന്നുംവണ്ണം.

അല്ലയോ പരമശിവപത്നി! നിന്തിരുവടിയുടെ ഈ മൂന്നു കണ്ണുകൾ വിലാസത്തിനായി എഴുതപ്പെട്ട അഞ്ജനത്തോടുകൂടിയതാകകൊണ്ടു് വേർതിരിക്കപ്പെട്ട വെളുപ്പു്, ചുവപ്പു്, കറുപ്പു് എന്നു

മൂന്നു വർണ്ണങ്ങളോടുകൂടിയതായിട്ടു് കാലവശപ്പെട്ടു് നിന്തിരുവടിയിൽ ലയിച്ചിരിക്കുന്ന ബ്രഹ്മവിഷ്ണുരുദ്രന്മാരായ ദേവന്മാരെ വീണ്ടും സൃഷ്ടിക്കുന്നതിനായി സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളെ ധരിക്കുന്നുവോ എന്നു് തോന്നുംവണ്ണം ശോഭിക്കുന്നു.

മഹാഭാഗ്യജനങ്ങളുടെ നേത്രങ്ങൾ ചുവപ്പുരേഖകളോടുകൂടിയതാണു്. അഞ്ജനശബ്ദം കറുത്തവർണ്ണത്തെ കാണിക്കുന്നു. സത്വം വെളുപ്പും, രജസ്സ് ചുവപ്പും, തമസ്സ് കറുപ്പുമാണെന്നാണു് ലോകപ്രസിദ്ധി. ഇതു് ഉൽപ്രേക്ഷാലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി നിലത്തുവച്ചു് അതിൽ ദീപംവച്ചു് ശ്ലോകം 3000 ഉരു ജപിച്ചാൽ അനുകൂലമുണ്ടെങ്കിൽ ദീപം ഉയരും. നിവേദ്യം അപ്പം, വട, പായസം.

പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ!
ദയാമിത്രൈർന്നേത്രൈരരുണധവളശ്യാമരുചിഭിഃ ।
നദഃ ശോണോ ഗംഗാ തപനതനയേതി ധ്രുവമമും
ത്രയാണാം തീർത്ഥാനാമുപനയസി സംഭേദമനഘം ॥ 54

| | | |
|---|---|---|
| പവിത്രീകർത്തും നഃ | = | ഞങ്ങളെ ശുദ്ധന്മാരാക്കുന്നതിനായി |
| പശുപതിപരാധീനഹൃദയേ | = | പശുപതിക്കുമാത്രം സ്വാധീനമായ ഹൃദയത്തോടുകൂടിയ ദേവി! |
| ദയാമിത്രൈർന്നേത്രൈഃ | = | ദയവോടുകൂടിയ കണ്ണുകളാൽ |
| അരുണധവളശ്യാമരുചിഭിഃ | = | ചുവപ്പു്, വെളുപ്പു്, കറുപ്പു്, ഈ കാന്തികളോടുകൂടിയ |
| നദഃ ശോണഃ | = | പടിഞ്ഞാറോട്ടു ഒഴുകുന്നതും ചുവപ്പുനിറമുള്ളതുമായ ശോണനദം എന്ന ആറു് |
| ഗംഗാ | = | ഗംഗാനദി (വെളുത്തനിറമുള്ള) |
| തപനതനയാ | = | യമുനാനദി (കറുത്തനിറമായ) |
| ഇതി ധ്രുവം | = | എന്നു് നിശ്ചയം |
| അമും | = | ഈ |
| ത്രയാണാം തീർത്ഥനാം | = | മൂന്നു പുണ്യതീർത്ഥങ്ങളുടെ |
| ഉപനയസി | = | ഉണ്ടാക്കുന്നു. |
| സംഭേദമനഘം | = | പാപത്തെ നശിപ്പിക്കുന്ന സംഗമത്തെ. |

അല്ലയോ പശുപതിക്കു സ്വാധീനമായ ഹൃദയത്തോടുകൂടിയ ദേവി! നിന്തിരുവടി ഞങ്ങളെ ശുദ്ധന്മാരാക്കുന്നതിനായി ദയവോടുകൂടിയതും ചുവപ്പ്, വെളുപ്പ്, കറുപ്പ് ഈ കാന്തികളോടുകൂടിയതും ആയ നേത്രങ്ങളാൽ ശോണനദം, ഗംഗാ, യമുനാ എന്നീ മൂന്നു പുണ്യതീർത്ഥങ്ങളുടെ, പാപത്തെ നശിപ്പിക്കുന്ന സംഗമത്തെ ഉണ്ടാക്കുന്നു; നിശ്ചയം.

പാപികളായ ഞങ്ങളുടെ പാപത്തെ കളഞ്ഞു് പരിശുദ്ധന്മാരാക്കിത്തീർക്കാൻവേണ്ടി ഭക്തവത്സലയായ ദേവി! നിന്തിരുവടി ചുവന്നും വെളുത്തും കറുത്തും ഇരിക്കുന്ന നേത്രരേഖകളാൽ, ചുവന്ന ശോണനദം വെളുത്ത ഗംഗാനദി കറുത്ത കാളിന്ദി ഇങ്ങനെ പാവനങ്ങളായ മൂന്നു തീർത്ഥങ്ങളുടെ സംഗമത്തെ സമ്പാദനംചെയ്യുന്നു. ഇതു് ഉൽപ്രേക്ഷാലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്കുക. യോനിരോഗം ശമിക്കും. നിവേദ്യം ശർക്കര, പായസം.

നിമേഷോന്മേഷാഭ്യാം പ്രളയമുദയം യാതി ജഗതീ
തവേത്യാഹുഃ സന്തോ ധരണിധരരാജന്യതനയേ! ।
ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രളയതഃ
പരിത്രാതും ശങ്കേ പരിഹൃതനിമേഷാസ്തവ ദൃശഃ॥ 55

| | |
|---|---|
| നിമേഷോന്മേഷാഭ്യാം | = കണ്ണുകളെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിനാൽ |
| പ്രളയമുദയം യാതി | = നാശത്തേയും ഉത്ഭവത്തേയും പ്രാപിക്കുന്നു |
| ജഗതീ | = ജഗത്തു് |
| തവ | = നിന്തിരുവടിയുടെ |
| ഇത്യാഹുഃ സന്തഃ | = എന്നുപറയുന്നു സജ്ജനങ്ങൾ |
| ധരണിധരരാജന്യതനയേ ത്വദുന്മേഷാത് | = പർവ്വതരാജപുത്രി! നിന്തിരുവടി കൺതുറക്കുന്നതുകൊണ്ടു് |
| ജാതം ജഗദിദമശേഷം | = ഉണ്ടായ ഈ ലോകമെല്ലാം |
| പ്രളയതഃ പരിത്രാതും | = നാശത്തിൽനിന്നു് രക്ഷിക്കുന്നതിനായി |

ശങ്കേ = ഞാൻ വിചാരിക്കുന്നു.
പരിഹൃതനിമേഷാഃ = നിമേഷങ്ങളെ പരിത്യജിച്ചിരിക്കുന്ന
തവ ദൃശഃ = നിന്തിരുവടിയുടെ നേത്രങ്ങൾ.

അല്ലയോ പൎവ്വതരാജപുത്രി! നിന്തിരുവടി കണ്ണുകളെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിനാൽ ഈ ജഗത്തു് പ്രളയത്തേയും ഉദയത്തേയും പ്രാപിക്കുന്നു. അതായതു് നിന്തിരുവടി കണ്ണടയ്ക്കുമ്പോൾ പ്രപഞ്ചം നശിക്കുന്നു, കണ്ണുതുറക്കുമ്പോൾ ഉണ്ടാകുന്നു എന്നു വേദവ്യാസാദി സൽപുരുഷന്മാർ പറയുന്നു. അതുപോലെ തന്നെ നിന്തിരുവടി കണ്ണു് തുറന്നതിനാലുണ്ടായ ഈ ജഗത്തിനെ പ്രളയത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി നിന്തിരുവടിയുടെ ഈ കണ്ണുകൾ നിമേഷങ്ങളെ പരിത്യജിച്ചിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ദേവന്മാൎക്കു നിമേഷമില്ലായ്മ സ്വഭാവമാകുന്നു. പരദേവതയുടെ സ്വഭാവസിദ്ധമായ നിമേഷമില്ലായ്മയെ ജഗൽസംരക്ഷണാൎത്ഥത്തേന ഉൽപ്രേക്ഷിക്കുന്നു. ഇതു് ഉൽപ്രേക്ഷാലങ്കാരമാകുന്നു. ഉന്മേഷനിമിഷോൽപന്നവിപന്നഭുവനാവലി ആയ പരദേവതാമാഹാത്മ്യം അപാരമെന്നു താല്പൎയ്യം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 1000 ഉരു ജപിച്ചു് ധരിച്ചാലും താന്നിക്കായിൽ ജപിച്ചു് കെട്ടിയാലും അജവ്യാധിതീരും. നിവേദ്യം പഴം, പായസം, തേൻ, താംബൂലം.

തവാപൎണ്ണേ! കൎണ്ണേജപനയനപൈശുന്യചകിതാ
നിലീയന്തേ തോയേ നിയതമനിമേഷാശ്ശഫരികാഃ ।
ഇയഞ്ച ശ്രീൎബദ്ധച്ഛദപുടകവാടം കുവലയം
ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി ॥ 56

| | |
|---|---|
| തവ അപചങ്ഗേ! | = നിന്തിരുവടിയുടെ അല്ലയോ പാർവ്വതി! |
| കങ്ഗേജപനയന-പൈശുന്യചകിതാഃ | = കണ്ണുപര്യന്തം നീണ്ടുകിടക്കുന്ന നയനങ്ങളുടെ ഏഷണിയെ ഭയപ്പെട്ടു് |
| നിലീയന്തേ തോയേ | = ജലത്തിനുള്ളിൽ ഒളിച്ചുകിടക്കുന്നു |
| നിയതം | = നിശ്ചയം |
| അനിമേഷാഃ | = കണ്ണുചിമ്പാതെ |
| ശഫരികാഃ | = പെൺമീനുകൾ |
| ഇയഞ്ച ശ്രീഃ | = ഈ ലക്ഷ്മിയും |
| ബദ്ധച്ഛദപുടകവാടം കുവലയം | = അടയ്ക്കപ്പെട്ട ഇതൾപുടങ്ങളാകുന്ന കവാടത്തോടുകൂടിയ കരിംകൂവളപ്പൂവിനെ |
| ജഹാതി പ്രത്യുഷേ | = പ്രാതഃകാലത്തിൽ ഉപേക്ഷിക്കുന്നു. |
| നിശി ച വിഘടയ്യ പ്രവിശതി | = രാത്രി തുറന്നു പ്രവേശിക്കുകയും ചെയ്യുന്നു. |

അല്ലയോ പാർവ്വതി! പെൺമീനുകൾ നിന്തിരുവടിയുടെ കണ്ണുപര്യന്തം നീണ്ടുകിടക്കുന്ന നയനങ്ങളുടെ ഏഷണിയെ (ദുർബ്ബോധനയെ) ഭയപ്പെട്ടു് കണ്ണുചിമ്പാതെ ജലത്തിനുള്ളിൽ ഒളിച്ചുകിടക്കുന്നു; നിശ്ചയം. ഈ ലക്ഷ്മിയും അടയ്ക്കപ്പെട്ട ഇതളുകളാകുന്ന കവാടത്തോടുകൂടിയ കരിങ്കൂവളപ്പൂവിനെ പ്രാതഃകാലത്തിൽ ഉപേക്ഷിക്കുകയും രാത്രിയിൽ തുറന്നു പ്രവേശിക്കുകയുംചെയ്യുന്നു.

പെൺമീൻകുഞ്ഞുങ്ങളും കരിങ്കൂവളപ്പൂക്കളും നേത്രങ്ങളുടെ സുപ്രസിദ്ധോപമാനവസ്തുക്കളാകുന്നു. ഈ മീനങ്ങൾ ജലത്തിൽ കിടക്കുന്നതും കരിങ്കൂവളം രാത്രിയിൽ വിടരുന്നതും പകൽ കൂമ്പുന്നതും സ്വഭാവമായി ഉള്ളതാകുന്നു. ഈ ജലവാസ-വികാസ-മുകുളീഭാവങ്ങളെ അന്യഥാ ഉൽപ്രേക്ഷിക്കുന്നു.

ഈ പെൺമീൻകുട്ടികൾ തുല്യങ്ങളാണെന്നു് നടിക്കുന്ന തങ്ങളെപ്പററി ചെവിയിൽ ദുർബ്ബോധനചെയ്യുന്ന നേത്രങ്ങളെ ഭയന്നു് കണ്ണുചിമ്പാതെ ശങ്കയോടുകൂടി വെള്ളത്തിനുള്ളിൽ സദാ ഒളിച്ചു കിടക്കുന്നു. ഈ ലക്ഷ്മീദേവിയും പ്രാതഃകാലത്തിൽ അടയ്ക്കപ്പെട്ട പത്രപുടമാകുന്ന വാതിലോടുകൂടിയ (മൂടിപ്പോയ) കരിങ്കൂവളപ്പൂവിനെ ഉപേക്ഷിച്ചു് വികസിതങ്ങളായ നിന്തിരുവടിയുടെ നയനേന്ദീവരത്തെ പ്രവേശിച്ചു് അധിവസിക്കുകയും രാത്രിയിൽ നിദ്രനിമിത്തം മുകുളിതങ്ങളായ അവിടത്തെ നേത്രങ്ങളെവിട്ടു് ഇന്ദീവരപുഷ്പത്തെ തുറന്നു അതിനകത്തു പ്രവേശിക്കുകയും ചെയ്യുന്നു. ഇപ്രകാരം ലക്ഷ്മി പകൽ നേത്രങ്ങളിലും രാത്രി ഇന്ദീവരങ്ങളിലും സഞ്ചരിക്കുന്നതല്ലാതെ മററൊരു ദിക്കിലും പോകുന്നില്ല. ഇതിൽ ഉൽപ്രേക്ഷ, അതിശയോക്തി, കാവ്യലിംഗം ഈ അലങ്കാരങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി മകര മത്സ്യത്തിൻദന്തത്തിൽ 45 ദിനം 20000 ഉരു ജപിച്ച് വച്ചുകൊണ്ടാൽ കാവൽക്കാരൻ ഓടിപ്പോകും. കതകിൻപൂട്ടു തുറന്നുപോകും. വർഷമുണ്ടാകും. നിവേദ്യം മധു.

ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോല്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ! ।
അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ॥ 57

ദൃശാ ദ്രാഘീയസ്യാ = അതിദീർഘമായ കടാക്ഷദൃഷ്ടിയാൽ
ദരദലിതനീലോല്പലരുചാ = അല്പം വിടൎന്ന നീലോല്പലംപോലെയുള്ള കാന്തിയോടുകൂടിയ
ദവീയാംസം ദീനം = ദൂരത്തിൽക്കിടക്കുന്ന ദരിദ്രനായ
സ്നപയ കൃപയാ മാമപി = കരുണയോടു സ്നാനംചെയ്യിക്കണേ എന്നേയും
ശിവേ! = അല്ലയോസൎവ്വമംഗളയായദേവി!
അനേനായം ധന്യോ ഭവതി = ഈ കടാക്ഷാഭിഷേകത്താൽ ഈ ഞാൻ കൃതാൎത്ഥനായി ഭവിക്കുന്നു
ന ച തേ ഹാനിരിയതാ = ഇത്രമാത്രംകൊണ്ടു് നിന്തിരുവടിക്കു ഒരു നഷ്ടവുമില്ല
വനേ വാ ഹർമ്മ്യേ വാ = അരണ്യത്തിലാകട്ടെപ്രാസാദത്തിലാകട്ടെ
സമകരനിപാതഃ = ഒന്നുപോലെ തന്റെ കിരണങ്ങളെ വ്യാപരിപ്പിക്കുന്നവൻ,
ഹിമകരഃ = ശീതകിരണൻ.

അല്ലയോ സൎവ്വമംഗളയായ ദേവി! അല്പം വിടൎന്ന നീലോല്പലംപോലെയുള്ള കാന്തിയോടുകൂടിയ ദീർഘമായ കടാക്ഷത്താൽ നിന്തിരുവടിയിൽനിന്നു അതിദൂരത്തിൽ കിടക്കുന്ന ദരിദ്രനായ എന്നേയും കരുണയോടു സ്നാനംചെയ്യിക്കണേ. ഈ കടാക്ഷാഭിഷേകത്താൽ ഞാൻ കൃതാൎത്ഥനായിത്തീരുന്നു. ഇത്രമാത്രംകൊണ്ടു് നിന്തിരുവടിക്കു് ഒരു നഷ്ടവുമില്ല. ഹിമകരൻ അരണ്യത്തിലാകട്ടെ പ്രാസാദത്തിലാകട്ടെ ഒന്നുപോലെ തന്റെ കിരണങ്ങളെ വ്യാപരിപ്പിക്കുന്നുവല്ലോ.

അല്ലയോ സർവ്വമംഗളേ! നിന്തിരുവടിയുടെ സുന്ദരമായ കടാക്ഷത്താൽ ഏറ്റവും ദൂരത്തു കിടന്നുഴലുന്ന സാധുവായ എന്നേയും കൂടി ഒന്നു ദയയോടു നനയ്ക്കണമേ. ഇതുകൊണ്ടു് ഞാൻ കൃതാൎത്ഥനാകുന്നു. അവിടേയ്ക്കു് ഒരു നഷ്ടവുമില്ല. ചന്ദ്രൻ കാന്താരത്തിലും പ്രാസാദത്തിലും തന്റെ രശ്മിയെ ഒന്നുപോലെ പരത്തുന്നില്ലേ? ഇതു് അൎത്ഥാന്തരന്യാസാലങ്കാരമാകുന്നു.

ശ്രീം
ശ്രീം

ഈ യന്ത്രം തങ്കത്തകിടിലെഴുതി 6 ദിനം 1000 ഉരു വീതം ജപിച്ചു് ധരിക്കുക. സകല ഭാഗ്യവും ഉണ്ടാകും. നിവേദ്യം പാൽപ്പായസം, മധു.

അരാളം തേ പാളീയുഗളമഗരാജന്യതനയേ!
ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം ।
തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസ-
ന്നപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം ॥ 58

| | | |
|---|---|---|
| അരാളം തേ | = | വക്രമായ നിന്തിരുവടിയുടെ |
| പാളീയുഗളം | = | രണ്ടു ചെവികൾക്കും രണ്ടു കണ്ണുകൾക്കും മദ്ധ്യേയുള്ള പ്രകാശം |
| അഗരാജന്യതനയേ! | = | അല്ലയോ പൎവ്വതരാജപുത്രി! |
| ന കേഷാമാധത്തേ | = | ആൎക്കുതന്നെ ചെയ്യുന്നില്ല? |
| കുസുമശരകോദണ്ഡകുതുകം | = | പുഷ്പബാണധനുസ്സിന്റെ സൗന്ദൎയ്യത്തെ |
| തിരശ്ചീനോ യത്ര | = | അവിടെ വിലങ്ങത്തിൽ |
| ശ്രവണപഥമുല്ലംഘ്യ | = | കണ്ണാന്തികത്തെ പ്രാപിച്ചു് |
| വിലസൽ | = | ശോഭിക്കുന്ന |
| അപാംഗവ്യാസംഗഃ | = | കടാക്ഷദൈൎഘ്യം |
| ദിശതി | = | ചെയ്യുന്നു. |
| ശരസന്ധാനധിഷണാം | = | ബാണസംയോജനബുദ്ധിയെ. |

അല്ലയോ പൎവ്വതരാജപുത്രി! നിന്തിരുവടിയുടെ ചെവികൾക്കും കണ്ണുകൾക്കും മദ്ധ്യേയുള്ള വക്രമായ പ്രദേശം ആൎക്കുതന്നെ പുഷ്പബാണധനുസ്സിന്റെ സൗന്ദൎയ്യത്തെ ചെയ്യുന്നില്ലാ? അവിടെ വിലങ്ങത്തിൽ കണ്ണാന്തികത്തെ പ്രാപിച്ചു ശോഭിക്കുന്ന നിന്തിരുവടിയുടെ കടാക്ഷദൈൎഘ്യം ബാണസംയോജനബുദ്ധിയെ ചെയ്യുന്നു.

നിന്തിരുവടിയുടെ ചെവികൾക്കും കണ്ണുകൾക്കും നടുവിലുള്ള വളഞ്ഞ പ്രദേശം ഇതു് കാമധനുസ്സോ എന്ന സംശയത്തെ ജനിപ്പിക്കുന്നു എന്തുകൊണ്ടെന്നാൽ അവിടെ വിലങ്ങത്തിൽ ചെവിയെ അതിക്രമിച്ചു ശോഭിക്കുന്ന കടാക്ഷദൈർഘ്യം ഇതു് വില്ലിൽ തൊടുത്ത ബാണമോ എന്ന സംശയത്തെ ഉണ്ടാക്കുന്നു. ഇതു് ഭ്രാന്തിമാനും സന്ദേഹവും അലങ്കാരങ്ങളാകുന്നു.




ഈ യന്ത്രം കുങ്കുമത്തിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് തിലകമിടുക. സകലരാജവശ്യം, സർവ്വവ്യാധിഹരം. നിവേദ്യം മധു.

സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗളം
ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം ।
യമാരുഹ്യ ദ്രുഹ്യത്യവനിരഥമർക്കേന്ദുചരണം
മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ ॥ 59

സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗളം = കണ്ണാടിപോലെ നിർമ്മലമായി തെള്ളതെളെ മിന്നുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിച്ച തടാങ്കയുഗളങ്ങളോടുകൂടിയ

ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം = നിന്തിരുവടിയുടെ ഈ മുഖം കാമദേവന്റെ നാലു ചക്രങ്ങളോടുകൂടിയ രഥമാണെന്നു ഞാൻ വിചാരിക്കുന്നു.

യമാരുഹ്യ = യാതൊരു തേരിൽ കയറീട്ടു്

ദ്രുഹ്യതി = ദ്രോഹിക്കുന്നു

അവനിരഥമർക്കേ-ന്ദുചരണം = സൂൎയ്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങളോടു കൂടിയ ഭൂമിയാകുന്ന രഥത്തെ
മഹാവീരോ മാരഃ = മഹാവീരനായ മാരൻ
പ്രമഥപതയേ സജ്ജിതവതേ = തന്നോടു് എതിൎപ്പാൻ സജ്ജമാക്കിയ ത്രിപുരാന്തകനെ.

അല്ലയോ മഹാദേവി! കണ്ണാടിപോലെ നിൎമ്മലമായി തെളു തെളെമിന്നുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിച്ചതാടങ്കയുഗളത്തോടുകൂടിയ നിന്തിരുവടിയുടെ ഈ—എന്റെ ഹൃദയകമലത്തിൽ കാണപ്പെടുന്ന—മുഖം കാമദേവന്റെ നാലു ചക്രങ്ങളോടുകൂടിയ രഥമാണെന്നു ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ മന്മഥൻ ഈ രഥത്തിൽ കയറി മഹാശ്ശൂരനായിട്ടു് സൂൎയ്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങളോടുകൂടിയ ഭൂമിയാകുന്ന രഥത്തെ സജ്ജമാക്കിയ ത്രിപുരാന്തകനെ ദ്രോഹിക്കുന്നു.

ഭഗവതിയുടെ ശ്രവണങ്ങളിൽ രണ്ടു താടങ്കങ്ങൾ (തോടകൾ) ഉണ്ടു്. അവ കണ്ണാടിപോലെ നിൎമ്മലമായ ഗണ്ഡങ്ങളിൽ പ്രതിഫലിച്ചതിനാൽ നാലു് എണ്ണമായിത്തീരുന്നു. ഈ നാലു താടങ്കങ്ങളെ ചക്രങ്ങളായി കല്പിച്ചു് മുഖത്തെ മന്മഥരഥമായി വൎണ്ണിക്കുന്നു. മന്മഥൻ ഈ രഥത്തിൽ കയറി മഹാവീരനായിട്ടു് സൂൎയ്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങൾമാത്രം ഉള്ള ഭൂമിയാകുന്ന തേരിൽ കയറി എതിക്കുന്ന ത്രിപുരാന്തകനെ യുദ്ധംചെയ്തു ജയിക്കുന്നു. ഇതിൽ ഉൽപ്രേക്ഷ, കാവ്യലിംഗം, അതിശയോക്തി ഈ അലങ്കാരങ്ങൾ ഉണ്ടു്.

| |
|---|
| ഐം<br>ക്ലീം<br>സൗം |

ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്കുക. ആരും വശ്യമാകും. നിവേദ്യം ശക്കര പൊങ്കൽ, തേൻ.

സരസ്വത്യാഃ സൂക്തീരമൃതലഹരീകൗശലഹരീഃ
പിബന്ത്യാഃ ശൎവാണി! ശ്രവണചുളുകാഭ്യാമവിരളം ।
ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ
ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ ॥ 60

സരസ്വത്യാഃ സൂക്തിഃ = സരസ്വതിദേവിയുടെ മധുരാലാപങ്ങളെ
അമൃതലഹരീകൗശലഹരീഃ, പിബന്ത്യാഃ = സുധാപ്രവാഹത്തിന്റെ സുഭഗതയെ അപഹരിക്കുന്ന, പാനംചെയ്യുന്ന
ശൎവാണി! = ഭൈരവപത്നി!

ശ്രവണചുളകാ- ഭ്യാമവിരളം } = സാവധാനമായി കണ്ണുങ്ങളാകുന്ന ചുളകകംകൊണ്ടു്
ചമത്കാരശ്ലാഘാ- ചലിതശിരസഃ } = ചമൽകാരശ്ലാഘകളിൽ കുലുക്കപ്പെട്ട ശിരസ്സോടുകൂടിയ
കുണ്ഡലഗണഃ = കുണ്ഡലസമൂഹം
ഝണല്കാരൈസ്താരൈഃ = ഉച്ചങ്ങളായ ഝണല്കാരങ്ങളാൽ
പ്രതിവചനമാചഷ്ട ഇവ തേ } = നിന്തിരുവടിക്കു് അനുമോദവചനത്തെ പറയുന്നുവോ എന്നു തോന്നുന്നു.

അല്ലയോ ഭൈരവപത്നി! സുധാപ്രവാഹത്തിൻെറ സുഭഗതയെ അപഹരിക്കുന്ന നിന്തിരുവടിയുടെ മധുരാലാപങ്ങളെ കണ്ണുങ്ങളാകുന്ന ചുളകകംകൊണ്ടു് സാവധാനമായി പാനംചെയ്യുന്നവളും അതുനിമിത്തം ചമൽകാരശ്ലാഘകളിൽ കുലുക്കപ്പെട്ട ശിരസ്സോടുകൂടിയവളും ആയ സരസ്വതീദേവിയുടെ കുണ്ഡലസമൂഹം ഉച്ചങ്ങളായ ഝണഝണശബ്ദങ്ങളാൽ നിന്തിരുവടിക്കു് അനുമോദനവചനത്തെ പറയുന്നുവോ എന്നു തോന്നുന്നു

അമൃതമാധുര്യത്തെ ധിക്കരിക്കുന്ന നിന്തിരുവടിയുടെ ആലാപങ്ങളെ ശ്രവിക്കുന്ന സരസ്വതീദേവിയുടെ കുണ്ഡലസമൂഹം ഉച്ചമായ ഝണൽകാരത്താൽ നിന്തിരുവടിക്കു് ഉത്തരംപറയുന്നുവോ എന്നു തോന്നുന്നു. പരദേവതയുടെ സുഭാഷിതം സാക്ഷാൽ സരസ്വതിക്കും കൂടി ആശ്ചര്യത്തെ ജനിപ്പിക്കുന്നു എന്നു സാരം. അതിശയോക്തിയും ഉൽപ്രേക്ഷയും അലങ്കാരം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. സകലവിദ്യയും വരും. നിവേദ്യം മധു, പാൽപ്പായസം.

അസൗ നാസാവംശസ്തുഹിനഗിരിവംശധ്വജപടി!
ത്വദീയോ നേദീയഃ ഫലതു ഫലമസ്മാകമുചിതം ।
വഹത്യന്തർമ്മുക്താഃ ശിശിരകരനിശ്വാസഗളിതം
സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധരഃ ॥ 61

അസൗ നാസാവംശഃ = നാസികയാകുന്ന ഈ വംശദണ്ഡം
തുഹിനഗിരിവംശ- ധ്വജപടി! ത്വദീയഃ } = ഹിമാചലകുലപതാകേ! നിന്തിരുവടിയെസംബന്ധിച്ച
നേദീയഃ ഫലതു ഫലമസ്മാകമുചിതം } = അതിസമീപത്തുള്ള ഞങ്ങൾക്ക് ഉചിതമായ ഫലത്തെ ഫലിപ്പിക്കട്ടെ
വഹത്യന്തർമ്മുക്താഃ = അന്തർഭാഗത്തു മൗക്തികങ്ങളെവഹിക്കുന്നു
ശിശിരകരനിശ്വാസഗളിതം } = ചന്ദ്രൻെറ നിശ്വാസത്താൽ വഴുതിവീണ
സമൃദ്ധ്യാ യത്താസാം = അവയുടെ സമൃദ്ധിഹേതുവായിട്ട്
ബഹിരപി ച മുക്താമണിധരഃ } = വെളിയിലും മുത്തുമണികളെ ധരിക്കുന്നു.

അല്ലയോ ഹിമാചലകുലപതാകയായ പരമേശ്വരി! നിന്തിരുവടിയുടെ ഈ നാസികയാകുന്ന വംശദണ്ഡം ഞങ്ങൾക്ക് ഉചിതമായ അതിസമീപഫലത്തെഫലിപ്പിക്കട്ടെ. ഈ വംശദണ്ഡം അന്തർഭാഗത്ത് മൗക്തികങ്ങളെ വഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അകത്ത് അവയുടെ സമൃദ്ധിനിമിത്തം ചന്ദ്രൻെറ നിശ്വാസത്താൽ വഴുതിവീണ മുത്തുമണിയെ വെളിയിലും ധരിക്കുന്നു.

വംശദണ്ഡം=മുളംകോൽ. മുളകളുടെ ഉള്ളിൽ മുത്തുകൾ ഉണ്ടെന്നു പ്രസിദ്ധമാണ്. ഈ നാസികയാകുന്ന വംശദണ്ഡത്തിൻെറ അന്തർഭാഗത്തും ധാരാളം മുത്തുകൾ ഉള്ളതുകൊണ്ടു വാമനാഡീമാർഗ്ഗത്തൂടെ ചരിക്കുന്ന ചന്ദ്രൻെറ വേഗത്താൽ ഒരു മുത്തു പുറത്തു തെറിച്ചുവന്നു വാമനാസികാഗ്രത്തിൽ സ്ഥിതിചെയ്യുന്നു. ശ്രീദേവി വാമനാസാഗ്രത്തിൽ ധരിച്ചിരിക്കുന്ന നാസാഭരണത്തെ നിമിത്തമാക്കി നാസികയിൽ വംശദണ്ഡത്വത്തെ ആരോപിച്ചിരിക്കുന്നു. ഇതു രൂപകാലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി എട്ടു ദിനം 12000 ഉരു ജപിച്ച് സ്ത്രീകൾ ആഭരണത്തിൽ വച്ചുകൊണ്ടാൽ സകലപുരുഷവശ്യം. നിവേദ്യം നാളികേരം, പഴം, തേൻ.

പ്രകൃത്യാ രക്തായാസ്തവ സുദതി! ദന്തച്ഛദരുചേഃ
പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ ।
ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം
തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ ॥ 62

| | | |
|---|---|---|
| പ്രകൃത്യാ രക്തായാഃ | = | സ്വഭാവേനതന്നെ ചുവന്നിരിക്കുന്ന |
| തവ | = | നിന്തിരുവടിയുടെ |
| സുദതി! | = | അല്ലയോ ശോഭനദന്തങ്ങളോടുകൂടിയ-[വളേ! |
| ദന്തച്ഛദരുചേഃ | = | അധരകാന്തിയുടെ |
| സാദൃശ്യം | = | സാദൃശ്യത്തെ |
| പ്രവക്ഷ്യേ | = | പറയാം. |
| ജനയതു ഫലം വിദ്രുമലതാ | = | പവിഴക്കൊടി ഫലത്തെ ജനിപ്പിക്കട്ടെ |
| ന ബിംബം | = | കോവൽപ്പഴം അല്ല. |
| തദ്ബിംബപ്രതിഫലനരാഗാദരുണിതം | = | ആ അധരബിംബത്തിൻെറ പ്രതിഫലനത്താൽ ഉണ്ടായ ചുവപ്പിനാൽ ചുവന്നിരിക്കുന്നതു്. |
| തുലാമദ്ധ്യാരോഢും | = | തുല്യതയെ പ്രാപിക്കുന്നതിനു് |
| കഥമിവ വിലജ്ജേത | = | എങ്ങിനെ ലജ്ജിക്കുകയില്ല? |
| കലയാ | = | അംശംകൊണ്ടുപോലും. |

അല്ലയോ സുദതിയായ മഹാദേവി! സ്വഭാവേനതന്നെ ചുവന്നിരിക്കുന്ന നിന്തിരുവടിയുടെ അധരകാന്തിയുടെ സാദൃശ്യത്തെ ഞാൻ പറയാം. പവിഴക്കൊടി ഫലത്തെ ജനിപ്പിക്കട്ടെ. (എന്നാൽ ആ ഫലം സദൃശമായിത്തീരും.) ആ അധരബിംബത്തിൻെറ പ്രതിഫലനത്താൽ ഉണ്ടായ ചുവപ്പുനിറത്തോടുകൂടിയ തൊണ്ടിപ്പഴം അംശംകൊണ്ടുപോലും സാമ്യത്തെ പ്രാപിക്കുന്നതിനു് എങ്ങിനെതന്നെ ലജ്ജിക്കാതെയിരിക്കും? ലജ്ജിക്കുകതന്നെ ചെയ്യുമെന്നു താല്പര്യം.

പച്ചനിറമുള്ള വള്ളികൾതന്നെ ഏററവും ചുവന്ന ഫലത്തെ ജനിപ്പിക്കുന്നു. പിന്നെ ചുവന്ന വള്ളിയായ പവിഴക്കൊടിയുടെ ഫലത്തിൻെറ ആരുണ്യം പറയണമെന്നില്ലല്ലോ. അലങ്കാരം അതിശയോക്തിയാകുന്നു.

മം
മം
മം

ഈ യന്ത്രം തങ്കത്തകിടിലെഴുതി 8 ദിനം 8000 ഉരു ജപിച്ചു് രാത്രിയിൽ നിദ്രയില്ലാത്തവൻെറ അടുക്കൽവച്ചാൽ ഉറക്കമുണ്ടാകും. നിവേദ്യം വട, തേൻ.

സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം
ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ ।
അതസ്തേ ശീതാംശോരമൃതലഹരീമാമ്ലരുചയഃ
പിബന്തി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ചികധിയാ ॥ 63

| | | |
|---|---|---|
| സ്മിതജ്യോത്സ്നാജാലം | = | മന്ദഹാസമാകുന്ന ചന്ദ്രികാസമൂഹത്തെ |
| തവ വദനചന്ദ്രസ്യ | = | നിന്തിരുവടിയുടെമുഖമാകുന്ന ചന്ദ്രൻെറ |
| പിബതാം ചകോരാണാം | = | പാനംചെയ്യുന്ന ഉപ്പൻപക്ഷികൾക്ക് |
| ആസീദതിരസതയാ | = | അധികമാധുര്യത്താൽ ഉണ്ടായി |
| ചഞ്ചുജഡിമാ | = | നാവിന് ഉണച്ച്യില്ലായ്മ |
| അതസ്തേ | = | ഇതുനിമിത്തം ആ ചകോരപ്പക്ഷികൾ |
| ശീതാംശോരമൃതലഹരീം | = | ശീതകിരണൻെറ അമൃതപ്രവാഹത്തെ |
| ആമ്ലരുചയഃ | = | പുളിയിൽ രുചിയുള്ളതായിട്ട് |
| പിബന്തീ | = | പാനംചെയ്യുന്ന |
| സ്വച്ഛന്ദം | = | ഇഷ്ടംപോലെ |
| നിശിനിശി | = | രാത്രിതോറും |
| ഭൃശം | = | ഏററവും |
| കാഞ്ചികധിയാ | = | കാടി എന്നുള്ള ബുദ്ധിയോടുകൂടി |

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ മുഖചന്ദ്രൻെറ മന്ദഹാസമാകുന്ന ചന്ദ്രികാസമൂഹത്തെ പാനംചെയ്യുന്ന ഉപ്പൻപക്ഷികൾക്ക് അധികമാധുര്യത്താൽ നാവിന് ഉണച്ച്യില്ലായ്മയുണ്ടായി. അതുനിമിത്തം ആ ചകോരപ്പക്ഷികൾ പുളിയിൽ രുചിയുള്ളവയായിട്ടു ശീതകിരണൻെറ അമൃതപ്രവാഹത്തെ കാടിഎന്നുള്ള ബുദ്ധിയോടുകൂടി രാത്രിതോറും ഇഷ്ടംപോലെ ഏററവും പാനംചെയ്യുന്നു.

അതിമാധുര്യാനുഭവത്താൽ നാവു മരത്തു പുളിപ്പിൽ താല്പര്യമുണ്ടാകുന്നതാണു്. ശ്രീദേവിയുടെ മന്ദഹാസചന്ദ്രികാമൃതപാനത്തിൽ പൂർണ്ണചന്ദ്രചന്ദ്രികാമൃതപാനം കാടിപോലെ ആകുന്നു എന്നു സാരം. അലങ്കാരം, അതിശയോക്തി. കാഞ്ജികധിയാ എന്നും പാഠഭേദമുണ്ടു്.

ഈ ശ്ലോകം തങ്കത്തകിടിലെഴുതി 30 ദിനം 30000 ഉരു ജപിച്ചു് ധരിക്ക. സകലജനങ്ങളും പറഞ്ഞവണ്ണം കേൾക്കും. നിവേദ്യം നാളികേരം.

അവിശ്രാന്തം പത്യുർഗ്ഗുണഗണകഥാമ്രേഡനജപാ
ജപാപുഷ്പച്ഛായാ തവ ജനനി! ജിഹ്വാ ജയതി സാ ।
യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയി
സരസ്വത്യാ മൂർത്തിഃ പരിണമതി മാണിക്യവപുഷാ ॥ 64

| | | |
|---|---|---|
| അവിശ്രാന്തം | = | ഇടവിടാതെ |
| പത്യുർഗ്ഗുണഗണകഥാ-മ്രേഡനജപാ | = | സ്വഭർത്താവായ പരമശിവൻെറ ത്രിപുരവിജയാദിഗുണഗണകഥകളുടെ വീണ്ടുംവീണ്ടുമുള്ള ഉച്ചാരണമാകുന്ന ജപത്തോടുകൂടിയ |
| ജപാപുഷ്പച്ഛായാ | = | ചെമ്പരുത്തിപ്പൂവിൻെറ കാന്തിപോലെയുള്ള കാന്തിയോടുകൂടിയ |
| തവ ജനനി! ജിഹ്വാ ജയതി | = | അല്ലയോ ലോകമാതാവേ! നിന്തിരുവടിയുടെ രസനാ സവ്വോൽകഷേണ വത്തിക്കുന്നു. |
| സാ യദഗ്രാസീനായാഃ | = | ആ യാതൊരു രസനയുടെ അഗ്രത്തിൽ സ്ഥിതിചെയ്യുന്ന |
| സ്ഫടികദൃഷദച്ഛ-ച്ഛവിമയി | = | സ്ഫടികക്കല്ലുപോലെ അതിനിമ്മലമായ കാന്തിയോടുകൂടിയ |
| സരസ്വത്യാഃ മൂർത്തിഃ | = | സരസ്വതീദേവിയുടെ ശരീരം |
| പരിണമതി മാണിക്യവപുഷാ | = | പത്മരാഗവപുസ്സായി പരിണമിക്കുന്നു. |

അല്ലയോ ജഗന്മാതാവേ! സദാസമയത്തും സ്വഭർത്താവായ പരമശിവൻെറ ത്രിപുരവിജയാദിഗുണഗണകഥകളുടെ വീണ്ടുംവീണ്ടുമുള്ള ഉച്ചാരണമാകുന്ന ജപത്തോടും ചെമ്പരുത്തിപ്പൂവിൻെറ കാന്തിപോലെയുള്ള കാന്തിയോടുംകൂടിയ നിന്തിരുവടിയുടെ രസനാ സവ്വോല്ക്കഷേണ വത്തിക്കുന്നു. ഈ രസനയുടെ അഗ്രത്തിൽ സ്ഥിതിചെയ്യുന്ന സരസ്വതീദേവിയുടെ സ്ഫടികംപോലെ അതിനിമ്മലമായ ശരീരം പത്മരാഗമയമായി പരിണമിക്കുന്നു.

ശുദ്ധസ്ഫടികസങ്കാശമായ വാണീദേഹം രസനാരാഗവ്യാപ്തിയാൽ പത്മരാഗസങ്കാശമായി ഭവിക്കുന്നു. ശുദ്ധരക്തവണ്ണമായി ഭവിക്കുന്നു. ദേവീജിഹ്വാഗ്രത്തിൽ സദാ സരസ്വതി സ്ഥിതിചെയ്യുന്നു. അലങ്കാരം തൽഗ്ഗുണം.




ഈ യന്ത്രം കുങ്കുമത്തിലെഴുതി 8-ദിനം 10000 ഉരു ജപിച്ച് ധരിക്ക. സകല ജനവശ്യം. നിവേദ്യം ശക്കര, പായസം, മധു.

രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭിർ-
നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമ്മാല്യവിമുഖൈഃ ।
വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപ്പൂരശകലാ
വിലീയന്തേ മാതസ്തവ വദനതാംബൂലകബളാഃ ॥ 65

രണേ ജിത്വാ ദൈത്യാൻ = ദേവാസുരയുദ്ധത്തിൽ അസുരന്മാരെ ജയിച്ചിട്ട്

അപഹൃതശിരസ്ത്രൈഃ = അഴിച്ചുവയ്ക്കപ്പെട്ട ശിരോവേഷ്ടനങ്ങളോടുകൂടിയവരായി

കവചിഭിഃ = കവചങ്ങളെമാത്രം ധരിച്ചിരിക്കുന്നവരായി

നിവൃത്തൈഃ = തിരിച്ചുവന്ന്

ചണ്ഡാംശത്രിപുരഹരനിർമ്മാല്യവിമുഖൈഃ = ചണ്ഡൻ എന്ന പാഷദന്റെ അവകാശമായ ശിവനിർമ്മാല്യത്തിൽ വിമുഖന്മാരായ

വിശാഖേന്ദ്രോപേന്ദ്രൈഃ = സുബ്രഹ്മണ്യൻ ഇന്ദ്രൻ വിഷ്ണു ഇവരാൽ

ശശിവിശദകർപ്പൂരശകലാഃ = ചന്ദ്രനെപ്പോലെ ശുഭ്രങ്ങളായ പച്ചക്കർപ്പൂരഖണ്ഡങ്ങളോടുകൂടിയ

| | | |
|---|---|---|
| വിലീയന്തേ | = | മുഴുവനുമലിയുന്നതുവരെ ചവച്ചു ഭക്ഷി- |
| മാതഃ! | = | അല്ലയോ ലോകമാതാവേ! [ക്കുന്നു |
| തവ വദനതാംബൂല- കബളാഃ | = | നിന്തിരുവടിയുടെ മുഖതാംബൂലകബളങ്ങളെ. |

അല്ലയോ ലോകമാതാവേ! ദേവാസുരയുദ്ധത്തിൽ അസുരന്മാരെ ജയിച്ചു മടങ്ങിവന്നു് ശിരോവേഷ്ടനങ്ങളെ അഴിച്ചുവച്ചു് കവചങ്ങളെമാത്രം ധരിച്ചു് നിന്തിരുവടിയെ വണങ്ങുന്നവരും ചണ്ഡൻ എന്ന പാഷദന്റെ അവകാശമായ ശിവനിർമ്മാല്യത്തിൽ വിമുഖന്മാരും ആയ സുബ്രഹ്മണ്യനും ദേവേന്ദ്രനും മഹാവിഷ്ണുവും ചന്ദ്രനെപ്പോലെയുള്ള ശുഭ്രങ്ങളായ പച്ചക്കർപ്പൂരഖണ്ഡങ്ങളോടുകൂടിയ (നിന്തിരുവടി സന്തോഷിച്ചു കൊടുത്ത) താംബൂലകബളങ്ങളെ മുഴുവനും അലിയുന്നതുവരെ ചവച്ചുഭക്ഷിക്കുന്നു.

അല്ലയോ ദേവീ! നിന്തിരുവടിയുടെ സേവകന്മാരായ സുബ്രഹ്മണ്യാദികൾ അവിടത്തെ കരുണനിമിത്തം യുദ്ധത്തിൽ അസുരന്മാരെ ജയിച്ചുവന്നു് തലക്കെട്ടു് തൊപ്പി മുതലായതെടുത്തു് വന്ദിക്കണമെന്ന മര്യാദ അനുസരിച്ചു് അവയെ എടുത്തുവച്ചിട്ടു് ബദ്ധപ്പാടുനിമിത്തം ചട്ടകളോടുകൂടി വണങ്ങുമ്പോൾ പ്രസന്നയായ നിന്തിരുവടി താംബൂലകബളങ്ങളെ സമ്മാനിക്കുന്നു. അവൎക്കു നിന്തിരുവടിയുടെ ഭുക്താവശിഷ്ടമായ ഈ താംബൂലകബളം ഒരു മഹാനുഗ്രഹമാകുന്നു. ചണ്ഡനു് അവകാശപ്പെട്ട ശിവോച്ഛിഷ്ട താംബൂലകബളാദികളെ ഇവർ ആഗ്രഹിക്കുന്നില്ല. "സുബ്രഹ്മണ്യൻ ദേവസേനാനായകനാകുന്നു."




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി സാമ്പ്രാണി ധൂപിച്ചു് രക്തപുഷ്പംകൊണ്ടു് ശ്രീചക്രപൂജചെയ്തു് 45 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. സകലജന വശ്യം. നിവേദ്യം മധു.

വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-
സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ! ।
തദീയൈർമ്മാധുര്യൈരപലപിതതന്ത്രീകലരവാം
നിജാം വീണാം വാണീ നിചുളയതി ചോളേന നിഭൃതം ॥ 66

വിപഞ്ച്യാ ഗായന്തീ = വീണകൊണ്ടു ഗാനംചെയ്യുന്ന
വിവിധമപദാനം പശുപതേഃ = പരമശിവൻെറ ദക്ഷയജ്ഞവിനാശം കാളകൂടാശനം ഗജാസുരവധം മുതലായ പലവിധ ചരിത്രങ്ങളെ
ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ = നിന്തിരുവടി തലകുലുക്കി പ്രശംസാവചനം പറഞ്ഞുതുടങ്ങുമ്പോൾ
തദീയൈർമ്മാധുര്യൈഃ = ആ വാക്കുകളുടെ മാധുര്യഗുണങ്ങളാൽ
അപലപിതതന്ത്രീ-കലരവാം = അപഹസിക്കപ്പെട്ട തന്ത്രീശബ്ദത്തോടുകൂടിയ
നിജാം വീണാം വാണീ = തൻെറ വീണയെ സരസ്വതീദേവി
നിചുളയതി ചോളേന നിഭൃതം = ശബ്ദമില്ലാതെ മൌനമായിരിക്കത്തക്കവണ്ണം മൂടുപടംകൊണ്ടു മൂടുന്നു.

അല്ലയോ മഹാദേവി! പരമശിവൻെറ ദക്ഷയാഗധ്വംസനം കാളകൂടാശനം മുതലായ പലവിധ ചരിത്രങ്ങളെ വീണയാൽ ഗാനംചെയ്യുന്ന സരസ്വതീദേവി, നിന്തിരുവടി തലകുലുക്കി അതിനെക്കുറിച്ചു പ്രശംസാവചനം പറഞ്ഞുതുടങ്ങുമ്പോൾ ആ വചനങ്ങളുടെ മാധുര്യഗുണങ്ങളാൽ അപഹസിക്കപ്പെട്ട തന്ത്രീശബ്ദത്തോടുകൂടിയ തൻെറ വീണയെ ശബ്ദമില്ലാതെ മൌനമായിരിക്കത്തക്കവണ്ണം മൂടുപടംകൊണ്ടു മൂടുന്നു.

സരസ്വതീദേവിയുടെ വീണയ്ക്കു് കച്ഛപീ എന്നു പേർ. ശ്രീദേവി "നിജസല്ലാപമാധുര്യവിനിർഭത്സിതകച്ഛപി"യാണു്. ഇതു് അതിശയോക്തി അലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു ധരിക്ക. വീണ മുതലായ സംഗീതവിദ്യ അധികമായി വരും. നിവേദ്യം ശക്കര, പായസം, മധു.

കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ
ഗിരീശേനോദസ്തം മുഹുരധരപാനാകുലതയാ ।
കരഗ്രാഹ്യം ശംഭോർമ്മുഖമുകുരവൃന്തം ഗിരിസുതേ!
കഥംകാരം ബ്രൂമസ്തവ ചുബുകമൗപമ്യരഹിതം ॥ 67

| | | |
|---|---|---|
| കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ | = | ഗിരിരാജനാൽ കരാഗ്രംകൊണ്ടു് സ്പർശിക്കപ്പെട്ടതു് |
| വത്സലതയാ | = | വാത്സല്യത്താൽ |
| ഗിരീശേനോദസ്തം മുഹുഃ | = | പരമേശ്വരനാൽ പിന്നെയുംപിന്നെയുമുയർത്തപ്പെട്ടതു് |
| അധരപാനാകുലതയാ | = | അധരപാനത്തിലുള്ള ആകുലതനിമിത്തം |
| കരഗ്രാഹ്യം ശംഭോഃ | = | ശംഭുവിന്റെ കരങ്ങളാൽ ഗ്രഹിക്കത്ത- |
| മുഖമുകുരവൃന്തം | = | മുഖമാകുന്ന കണ്ണാടിക്കു് പിടി (ക്കതു് |
| ഗിരിസുതേ! | = | അല്ലയോ ഹിമവൽപുത്രി! |
| കഥംകാരം ബ്രൂമഃ | = | എങ്ങനെ വർണ്ണിക്കുന്നു? |
| തവ ചുബുകമൗപമ്യ-രഹിതം | = | നിന്തിരുവടിയുടെ നിരുപമമായ ചുബുകത്തെ. |

അല്ലയോ ഹിമഗിരിസുതേ! വാത്സല്യത്താൽ ഗിരിരാജനാൽ കരാഗ്രംകൊണ്ടു സ്പർശിക്കപ്പെട്ടതും അധരപാനത്തിലുള്ള ആകുലതനിമിത്തം പരമേശ്വരനാൽ പിന്നെയുംപിന്നെയുമുയർത്തപ്പെട്ടതും ശംഭുവിന്റെ കരങ്ങളാൽ ഗ്രഹിക്കത്തക്കതും മുഖമാകുന്ന ദർപ്പണത്തിനു് ആധാരദണ്ഡവുമായ നിന്തിരുവടിയുടെ സാദൃശ്യമില്ലാത്ത ചുബുകത്തെ ഞങ്ങൾ എങ്ങനെ വർണ്ണിക്കുന്നു?

ചുബുകം=താടി. ലോകത്തിൽ ദേവീചുബുകത്തിനു് സാദൃശ്യമില്ല. ശ്രീദേവി "അനാകലിതസാദൃശ്യചുബുകശ്രീവിരാജിത" യാകുന്നു. അനന്വയാലംകാരധ്വനി.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം ദമ്പതികൾ ചേർന്നിരുന്നു് 1000 ഉരുവീതം ജപിച്ചു ധരിക്ക. സകല സ്ത്രീകളും വശ്യമാകും. നിവേദ്യം മധു, പാൽപായസം, താംബൂലം.

ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ
തവ ഗ്രീവാ ധത്തേ മുഖകമലനാളശ്രിയമിയം ।
സ്വതഃ ശ്വേതാ കാളാഗരുബഹുളജംബാലമലിനാ
മൃണാളീലാളിത്യം വഹതി യദധോ ഹാരലതികാ ॥ 68

| | |
|---|---|
| ഭുജാശ്ലേഷാൽ | = കൈകൾകൊണ്ടുള്ള ആലിംഗനത്താൽ |
| നിത്യം പുരദമയിതുഃ | = എല്ലാസമയത്തും ത്രിപുരാന്തകൻെറ |
| കണ്ടകവതീ | = രോമാഞ്ചമാകുന്ന മുള്ളുകളോടുകൂടിയത്ത് |
| തവ ഗ്രീവാ ധത്തേ | = നിന്തിരുവടിയുടെ കഴുത്തു് ധരിക്കുന്നു |
| മുഖകമലനാളശ്രിയം | = മുഖമാകുന്നകമലത്തിൻെറനാളലക്ഷ്മിയെ |
| ഇയം സ്വതഃ ശ്വേതാ | = ഈ പ്രകൃത്യാ വെളുത്തിരിക്കുന്ന |
| കാളാഗരുബഹുളജംബാലമലിനാ | = കാരകിൻെറ അധികമായ പങ്കംപുരണ്ടു കറുത്തത്ത് |
| മൃണാളീലാലിത്യം വഹതി | = താമരവളയത്തിൻെറ സൗഭാഗ്യത്തെ വഹിക്കുന്നു. |
| യദധഃ | = ഈ കഴുത്തിൻെറ അധോഭാഗത്തിൽ |
| ഹാരലതികാ | = മുത്തുമാല. |

അല്ലയോ മഹാദേവി! നിന്തിരുവടിയുടെ ഈ കഴുത്തു് ത്രിപുരാന്തകൻെറ കൈകൾകൊണ്ടുള്ള ആലിംഗനത്താൽ എല്ലാ സമയത്തും രോമാഞ്ചമാകുന്ന മുള്ളുകളോടുകൂടിയതായിട്ടു് മുഖമാകുന്ന കമലത്തിൻെറ നാളലക്ഷ്മിയെ ധരിക്കുന്നു എന്തുകൊണ്ടെന്നാൽ ആ കഴുത്തിൻെറ അധോഭാഗത്തിൽ പ്രകൃത്യാ വെളുത്തും കാരകിലിൻെറ അധികമായ പങ്കംപുരണ്ടു് കറുത്തുമിരിക്കുന്ന മുത്തുമാല താമരവളയത്തിൻെറ സൗഭാഗ്യത്തെ വഹിക്കുന്നു.

ഉപരിഭാഗത്തു് മുഖമാകുന്ന കമലവും അധോഭാഗത്തിൽ മുത്തുമാലയാകുന്ന താമരവളയവും ഇരിക്കുന്നതിനാൽ മദ്ധ്യത്തിൽ കഴുത്തു നാളദണ്ഡവിലാസത്തെച്ചെയ്യുന്നു എന്നു് താല്പര്യം. നിദർശനയും രൂപകവും അലങ്കാരങ്ങൾ.

ഈ ശ്ലോകം കുങ്കുമത്തിലെഴുതി ശ്രീചക്രപൂജചെയ്തു് 45 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. സകലരാജവശ്യം. നിവേദ്യം മധു, താംബൂലം.

ഗളേ രേഖാസ്തിസ്രോ ഗതിഗമകഗീതൈകനിപുണേ!
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ ।
വിരാജന്തേ നാനാവിധമധുരരാഗാകരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ ॥ 59

| | |
|---|---|
| ഗളേ രേഖാസ്തിസ്രഃ | = നിന്തിരുവടിയുടെ കഴുത്തിലുള്ള ഈ മൂന്നു രേഖകൾ |
| ഗതിഗമകഗീതൈകനിപുണേ! | = ഗതി, ഗമകം, ഗീതം ഇവയിൽ അതിസാമർത്ഥ്യമുള്ള ദേവി! |
| വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ | = വിവാഹകാലത്തിൽ ഭർത്താവായ കാമേശ്വരനാൽ കഴുത്തിൽ കെട്ടപ്പെട്ട അനേക തന്തുക്കൾചേർന്ന മൂന്നു സരങ്ങളുടെ സംഖ്യയ്ക്കു് ജാമ്യക്കാററരായ |

| | | |
|---|---|---|
| വിരാജന്തേ | = | ശോഭിക്കുന്നു |
| നാനാവിധമധുര-<br>രാഗാകരഭൂവാം | = | പലവിധത്തിലുള്ള മാധുര്യത്തോടുകൂടിയ രാഗങ്ങൾക്ക് വിളഭൂമികളായ |
| ത്രയാണാം ഗ്രാമാണാം | = | മൂന്നു സ്വരഗ്രാമങ്ങളുടെ |
| സ്ഥിതിനിയമസീമാനഃ | = | സ്ഥിതിയെ നിയമിക്കുന്ന എല്പുകകൾ |
| ഇവ, തേ | = | എന്നപോലെ, നിന്തിരുവടിയുടെ. |

ഗതി, ഗമകം, ഗീതം ഇവയിൽ സാമർത്ഥ്യത്തോടുകൂടിയ അല്ലയോ ദേവി! വിവാഹസമയത്തിൽ സ്വഭർത്താവായ കാമേശ്വരനാൽ കെട്ടപ്പെട്ട അനേകതന്തുക്കളോടുകൂടിയ മൂന്നു സരങ്ങളുടെ സംഖ്യയ്ക്കു (മൂന്നു് എന്നതിനു്) ജാമ്യക്കാരരായ നിന്തിരുവടിയുടെ കഴുത്തിലുള്ള ഈ മൂന്നു രേഖകൾ പലവിധത്തിലുള്ള മാധുര്യത്തോടുകൂടിയ രാഗങ്ങൾക്ക് വിളഭൂമികളായ മൂന്നു സ്വരഗ്രാമങ്ങളുടെ സ്ഥിതിയെ നിയമിക്കുന്ന എല്പുകകൾ എന്നപോലെ ശോഭിക്കുന്നു.

"ലലാടേ ച ഗളേ ചൈവ മദ്ധ്യേ ചാപി വലിത്രയം
സ്ത്രീപുംസോരുഭയോർജ്ഞേയം മഹാസൗഭാഗ്യസൂചകം"

എന്ന സാമുദ്രികാശാസ്ത്രപ്രകാരം കണ്ഠത്തിലുള്ള ത്രിവലികളെ, വിവാഹകാലത്തിൽ കെട്ടപ്പെടുന്ന മംഗല്യസൂത്രസംഖ്യ മൂന്നാകുന്നു എന്നു് അറിയിക്കത്തക്കവണ്ണവും മദ്ധ്യമാവതി, മാളവി, ഭൈരവി മുതലായരാഗങ്ങൾക്ക് ഉല്പത്തിസ്ഥാനമായ ഷഡ്ജം, മദ്ധ്യമം, ഗാന്ധാരം എന്ന മൂന്നുവിധ സ്വരങ്ങളുടെ സ്ഥാനത്തെ ഒന്നോടൊന്നു് കലൻനുപോകാതെ നിയമിക്കുന്ന എല്പുകകൾപോലെയും ശോഭിക്കുന്നു എന്നു് വർണ്ണിച്ചിരിക്കുന്നു. "മംഗല്യതന്തുനാനേന ബദ്ധ്വാ മംഗലസൂത്രകം വാമഹസ്തേ സരം ബദ്ധ്വാ കണ്ഠേ ച ത്രിസരം തഥാ" എന്ന ഗൃഹ്യപ്രമാണമനുസരിച്ച് വിവാഹകാലത്തിൽ മംഗലസൂത്രം ധരിപ്പിച്ചതിനുശേഷം ഒരു ത്രിസരംകൂടി ധരിക്കുന്ന സമ്പ്രദായം ഉത്തരദേശങ്ങളിൽ നടപ്പുണ്ടു്. ഗതി മാർഗ്ഗം, ദേശി എന്നു് രണ്ടുവിധം. ഗമകം 15 വിധം. ഗീതം രണ്ടുവിധം. വിസ്താരമായി സംഗീതശാസ്ത്രം നോക്കി അറിഞ്ഞുകൊള്ളണം. അനുമാനോൽപ്രേക്ഷകൾ അലങ്കാരങ്ങൾ.

ഈ ശ്ലോകത്തെ ഒരു ചെമ്പകപ്പൂവു കയ്യിൽവച്ച് 1000 ഉരു ജപിച്ച് സ്ത്രീക്ക് കൊടുക്ക. വശ്യമാകും. നിവേദ്യം മധു.

മൃണാളീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം
ചതുർഭിസ്സൗന്ദര്യം സരസിജഭവഃ സ്തൗതി വദനൈഃ ।
നഖേഭ്യസ്സന്ത്രസ്യൻ പ്രഥമമഥനാദന്തകരിപോ-
ശ്ചതുർണ്ണാം ശീർഷാണാം സമമഭയഹസ്താർപ്പണധിയാ ॥ 70

മൃണാളീമൃദ്വീനാം = താമരവളയങ്ങൾപോലെ അതിമാർദ്ദവത്തോടുകൂടിയ
തവ ഭുജലതാനാം ചതസൃണാം } = നിന്തിരുവടിയുടെ നാലു ബാഹുലതകളുടെ
ച തുർഭിഃ = നാലു്
സൗന്ദര്യം = സൗന്ദര്യത്തെ
സരസിജഭവഃ സ്തൗതി = ബ്രഹ്മദേവൻ സ്തുതിക്കുന്നു
വദനൈഃ = മുഖങ്ങളെക്കൊണ്ടു്
നഖേഭ്യസ്സന്ത്രസ്യൻ = നഖങ്ങളെ ഭയന്നു്
പ്രഥമമഥനാത് അന്തകരിഃപോഃ } = പൂർവ്വകാലത്തിൽ തന്റെ അഞ്ചാമത്തെ ശിരസ്സിനെ പിച്ചി എടുത്തതിനാൽ പരമശിവന്റെ
ചതുർണ്ണാം ശീർഷാണാം = മററു നാലു ശിരസ്സുകൾക്കു്
സമം അഭയഹസ്താർപ്പണധിയാ } = ഏകകാലത്തിൽ അഭയഹസ്താർപ്പണം ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടി

അല്ലയോ മഹാദേവി! ബ്രഹ്മദേവൻ പൂർവ്വകാലത്തിൽ തന്റെ അഞ്ചാമത്തെ ശിരസ്സിനെ പിച്ചിഎടുത്തതിനാൽ പരമശിവന്റെ നഖങ്ങളെ ഭയപ്പെട്ടു് മററു നാലു ശിരസ്സുകൾക്കും അഭയഹസ്താർപ്പണം ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടി താമരവളയങ്ങൾപോലെ അതിമർദ്ദവമുള്ള നിന്തിരുവടിയുടെ നാലു ഭുജലതകളുടെയും സൗന്ദര്യത്തെ നാലു മുഖങ്ങളെക്കൊണ്ടും ഏകകാലത്തിൽ സ്തുതിചെയ്യുന്നു.

നാലു ഭുജങ്ങളേയും ഏകകാലത്തിൽ സ്തുതിക്കുന്നതിന്നു് ചതുർമ്മുഖനായ ബ്രഹ്മാവിനാൽമാത്രമേ സാധിക്കുകയുള്ളൂ "ബ്രഹ്മണഃ പഞ്ചമശിരഃ നഖാഗ്രേണാച്ഛിനദ്ധരഃ" എന്ന പുരാണവചനമനുസരിച്ചു് മററു് നാലു ശിരസ്സുകൾക്കു് ഈ അവസ്ഥ വന്നുപോകരുതെന്നുവച്ചു് സ്തുതിക്കുന്നു എന്നു താല്പര്യം. അലങ്കാരം കാവ്യലിംഗം, വസ്തുധ്വനി.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. സകലപുരുഷരും വശ്യമാകും. നിവേദ്യം നാളികേരം, മധു.

നഖാനാമുദ്ദ്യോതൈർനവനളിനരാഗം വിഹസതാം
കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ! ।
കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത കമലം
യദി ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസചണം ॥ 71

| | | |
|---|---|---|
| നഖാനാമുദ്ദ്യോതൈഃ | = | നഖങ്ങളുടെ ഉൽകൃഷ്ടകാന്തികളാൽ |
| നവനളിനരാഗം വിഹസതാം | = | പുതുതായിവിടൎന്ന ചെന്താമരപ്പൂവിൻെറ ചുവപ്പിനെ പരിഹസിക്കുന്ന |
| കരാണാം തേ | = | നിന്തിരുവടിയുടെ കൈകളുടെ |
| കാന്തിം കഥയ | = | കാന്തിയെ പറഞ്ഞാലും. |
| കഥയാമഃ കഥം | = | എങ്ങനെ പറയുന്നു |
| ഉമേ! | = | അല്ലയോ പാവ്വതി! |
| കയാചിദ്വാ | = | യാതൊരുവിധത്തിൽ |
| സാമ്യം ഭജതു | = | തുല്യതയെ പ്രാപിക്കുമോ |
| കലയാ | = | അല്പമെങ്കിലും |
| ഹന്ത | = | കഷ്ടം |
| കമലം, യദി | = | ചെന്താമരപ്പൂവ്, എങ്കിൽ |
| ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസചണം | = | അതിൽ ക്രീഡിക്കുന്ന ലക്ഷ്മീദേവിയുടെ പാദതലത്തിലുള്ള ചെമ്പഞ്ഞിച്ചാറു പററിയാൽ. |

അല്ലയോ പാവ്വതി! നഖങ്ങളുടെ ഉൽക്കൃഷ്ടകാന്തികളാൽ പുതുതായി വിടൎന്ന ചെന്താമരപ്പൂവിൻെറ ചുവപ്പിനെ അപഹസിക്കുന്ന നിന്തിരുവടിയുടെ കൈകളുടെ കാന്തിയെ ഞങ്ങൾ എങ്ങനെ വൎണ്ണിക്കുന്നു? പറഞ്ഞാലും. ചെന്താമരപ്പൂവ് യാതൊരുവിധത്തിലും അല്പമെങ്കിലും തുല്യതയെ പ്രാപിക്കുമോ? കഷ്ടം! അതിൽ ക്രീഡിക്കുന്ന ലക്ഷ്മീദേവിയുടെ പാദതലത്തിലുള്ള ചെമ്പഞ്ഞിച്ചാറു പററിയാൽ പക്ഷേ തുല്യതയെ പ്രാപിക്കും.

പ്രാതഃകാലത്തിൽ പുതുതായി വിടൎന്ന ചെന്താമരപ്പൂവിൻെറ ശോഭയെ അപഹസിക്കുന്ന അതായതു് അതിനെക്കാൾ എത്രയോ അധികശോഭയോടുകൂടിയ നിന്തിരുവടിയുടെ കൈകളെ ഞങ്ങൾ എങ്ങനെ വൎണ്ണിക്കുന്നു? ഈ താമരപ്പൂവ് ലേശമെങ്കിലും സമമാകുമോ? ഈ പൂവിൽ കളിക്കുന്ന ലക്ഷ്മീദേവിയുടെ കാലടികളിൽ ഉള്ള ചെമ്പഞ്ഞിച്ചാറ് ഇതിൽ പററിയാൽ പക്ഷേ സമമാകും. പ്രകൃത്യാ രക്തങ്ങളായ ശ്രീദേവിയുടെ കരങ്ങൾ നഖകാന്തികളുടെ വ്യാപ്തിയാൽ അത്യരുണങ്ങളായിരിക്കുന്നു എന്നു താല്പൎയ്യം. അലങ്കാരം അതിശയോക്തി-തൽഗുണം-ഉപമ.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 12000 ഉരുജപിച്ച് വടവൃക്ഷത്തിലിരുന്ന് ജപിക്ക. യക്ഷിണീവശ്യം. നിവേദ്യം മധു.

സമം ദേവി! സ്കന്ദദ്വിപവദനപീതം സ്തനയുഗം
തവേദം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം।
യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകഃ
സ്വകുംഭൗ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി ॥ 72

| | |
|---|---|
| സമം, ദേവി! | = ഏകകാലത്തിൽ, അല്ലയോ മഹാദേവി! |
| സ്കന്ദദ്വിപവദന-പീതം സ്തനയുഗം | = സുബ്രഹ്മണ്യനാലും ഗണപതിയാലും പാനംചെയ്യപ്പെട്ടരണ്ടു സ്തനങ്ങൾ |
| തവ ഇദം | = നിന്തിരുവടിയുടെ ഈ |
| നഃ ഖേദം ഹരതു | = ഞങ്ങളുടെ ദുഃഖത്തെ ഹരിക്കട്ടെ. |
| സതതം | = എല്ലായ്പോഴും |
| പ്രസ്നുതമുഖം | = സ്തന്യം സ്രവിക്കുന്ന മുഖത്തോടുകൂടിയതു് |
| യദാലോക്യ | = ഈ സ്തനദ്വയത്തെ കണ്ടിട്ടു് |
| ആശങ്കാകുലിതഹൃദയഃ | = എന്റെ കുംഭങ്ങളെ എടുത്തുകളഞ്ഞുവോ എന്നുള്ള ഭയംകൊണ്ടു് വ്യാകുലഹൃദയത്തോടുകൂടിയവനായിട്ടു് |
| ഹാസജനകഃ | = മാതാപിതാക്കൾക്കു് ഹാസത്തെ ഉണ്ടാക്കുന്നവനായിട്ടു് |
| സ്വകുംഭൗ | = തന്റെ കുംഭങ്ങളെ (മസ്തകങ്ങളെ) |
| ഹേരംബഃ, പരിമൃശതി | = ഗണപതി, തപ്പിനോക്കുന്നു |
| ഹസ്തേന, ഝടിതി | = കൈകൊണ്ടു്, വേഗത്തിൽ. |

അല്ലയോ മഹാദേവി! സുബ്രഹ്മണ്യനാലും ഗണപതിയാലും ഏകകാലത്തിൽ പാനം ചെയ്യപ്പെട്ടതും എല്ലായ്പ്പോഴും സ്തന്യം സ്രവിക്കുന്ന മുഖത്തോടുകൂടിയതുമായ നിന്തിരുവടിയുടെ ഈ സ്തനദ്വയം ഞങ്ങളുടെ ദുഃഖത്തെ ഹരിക്കട്ടെ. ഗണപതി ഈ സ്തനദ്വയത്തെ കണ്ടിട്ട് എൻെറ മസ്തകങ്ങളെ എടുത്തുകളഞ്ഞുവോ എന്നുള്ള ഭയംകൊണ്ടു വ്യാകുലഹൃദയനായി മാതാപിതാക്കൾക്കു ഹാസത്തെ ഉണ്ടാക്കുന്നവനായിട്ടു വേഗത്തിൽ കൈകൊണ്ടു തൻെറ മസ്തകങ്ങളെ തപ്പിനോക്കുന്നു.

വിഘ്നരാജൻ ഈ സ്തനദ്വയത്തെക്കണ്ടിട്ട് എൻെറ മാതാവു തന്നെ എൻെറ മസ്തകത്തെ അപഹരിച്ചുകളഞ്ഞുവോ എന്നു ശങ്കിച്ച് ആകുലനായിട്ട് തൻെറ മാതാപിതാക്കൾക്കും സുബ്രഹ്മണ്യനും ചിരിവരത്തക്കവണ്ണം കൈകളാൽ വേഗത്തിൽ തൻെറ മസ്തകത്തെ തൊട്ടുനോക്കുന്നു. കുംഭീന്ദ്രകുംഭനിഭം ഭഗവതിയുടെ കുചദ്വയം എന്നു സാരം. ഇതു് അതിശോക്തിയും ഉപമയും അലങ്കാരങ്ങളാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. രാത്രി എവിടെ എന്നാലും പോകാം. ഒരു പേടിയും ഇല്ല. നിവേദ്യം മധു.

അമൂ തേ വക്ഷോജാവമൃതരസമാണിക്യകുതുപൌ
ന സന്ദേഹസ്പന്ദോ നഗപതിപതാകേ! മനസി നഃ ।
പിബന്തൌ തൌ യസ്മാദവിദിതവധൂസംഗരസികൌ
കുമാരാവദ്യാപി ദ്വിരദവദനക്രൗഞ്ചദലനൌ ॥ 73

അമൂ തേ വക്ഷോജൌ = നിന്തിരുവടിയുടെ ഈ രണ്ടു വക്ഷോജങ്ങൾ

അമൃതരസമാണിക്യ-കുതുപൌ = അമൃതരസം നിറയ്ക്കപ്പെട്ട മാണിക്യത്തോൽക്കുടങ്ങളാകുന്നു.

ന സന്ദേഹസ്പന്ദഃ = ലേശംപോലും സംശയമില്ല.

നഗപതിപതാകേ! = പൎവ്വതരാജവൈജയന്തികേ!

മനസി നഃ = ഞങ്ങളുടെ മനസ്സിൽ

പിബന്തൗ തൗ = അവയെ പാനംചെയ്യുന്ന
യസ്മാൽ = എന്തുകൊണ്ടെന്നാൽ
അവിദിതവധൂസംഗ-
രസികൗ } = സ്ത്രീസംഗരസത്തെ അറിയാത്ത
കുമാരൗ അദ്യാപി = കുമാരന്മാർതന്നെ ഇന്നും
ദ്വിരദവദനക്രൗഞ്ചദലനൗ=ഗജമുഖഷൺമുഖന്മാർ.

അല്ലയോ പർവ്വതരാജവൈജയന്തികേ! നിന്തിരുവടിയുടെ ഈ രണ്ടു വക്ഷോജങ്ങൾ അമൃതരസം നിറയ്ക്കപ്പെട്ട മാണിക്യത്തോൽക്കുടങ്ങളാകുന്നു എന്നുള്ളതിനു ഞങ്ങളുടെ മനസ്സിൽ ലേശംപോലും സംശയമില്ല എന്തുകൊണ്ടെന്നാൽ അവയെ പാനംചെയ്യുന്ന ഗജമുഖഷൺമുഖന്മാർ ഇന്നും സ്ത്രീസംഗരസത്തെ അറിയാത്ത കുമാരന്മാരായിത്തന്നെ ഇരിക്കുന്നു.

അല്ലയോ ദേവി! നിന്തിരുവടിയുടെ ഈ വക്ഷോജങ്ങൾ സ്തനങ്ങളല്ല. അമൃതംനിറച്ച രണ്ടു മാണിക്യകുംഭങ്ങളാകുന്നു; സന്ദേഹമില്ല. എന്തുകൊണ്ടെന്നാൽ ഇവയെ പാനംചെയ്യുന്ന ഗജമുഖഷൺമുഖസ്വാമിമാർ അവസ്ഥാന്തരത്തെ പ്രാപിച്ചു സ്ത്രീസംഗരസത്തെ അറിയാതെ എന്നും ഒരേനിലയിൽ ശിശുക്കളായിത്തന്നെ ഇരിക്കുന്നതിനു കാരണം ഈ സ്തന്യപാനമാകുന്നു. അതിനാൽ സ്തന്യം അമൃതവും സ്തനം അമൃതംനിറഞ്ഞ രത്നകുംഭവുമാണെന്നുള്ളതിനു സംശയമില്ല. അമൃതത്തിനല്ലാതെ സ്തന്യത്തിനു യൗവ്വനാദ്യവസ്ഥാന്തരപ്രാപ്തിയെ ഇല്ലാതെയാക്കാൻ കഴിയുകയില്ല. അതുകൊണ്ടു് ഇതു് അമൃതംതന്നെയാകുന്നു എന്നു സാരം. കാവ്യലിംഗവും രൂപകവും സന്ദേഹവും അലങ്കാരങ്ങൾ.




തങ്കത്തകിടിലെഴുതി 7 ദിനം 1000 ഉരു ജപിച്ചു് ധരിക്കുക. മുലപ്പാലില്ലാത്തവൾക്ക് ഉണ്ടാകും. പശുവിനു കെട്ടിനില്ക്കുന്ന പാലുണ്ടാകും. നിവേദ്യം മധു, പാൽ.

വഹന്ത്യംബ! സ്തംബേരമദനുജകുംഭപ്രകൃതിഭിഃ
സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം ।
കുചാഭോഗോ ബിംബാധരരുചിഭിരന്തശ്ശബലിതാം
പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീർത്തിമിവ തേ ॥ 74

വഹതി = വഹിക്കുന്നു,
അംബ! = അല്ലയോ ലോകമാതാവേ!
സ്തംബേരമദനുജകുംഭപ്രകൃതിഭിഃ = ഗജാസുരന്റെ മസ്തകത്തിൽ ഉല്പന്നങ്ങളായ
സമാരബ്ധാം മുക്താമണിഭിഃ = ഉണ്ടാക്കപ്പെട്ട, മുത്തുമണികളാൽ
അമലാം ഹാരലതികാം = നിർമ്മലമായ മുത്തുമാലയെ
കുചാഭോഗഃ = കുചമദ്ധ്യപ്രദേശം
ബിംബാധരരുചിഭിഃ = അധരബിംബകാന്തികളാൽ
അന്തശ്ശബലിതാം = ഉള്ളിൽ ചിത്രവർണ്ണത്തോടുകൂടിയ
പ്രതാപവ്യാമിശ്രാം = പ്രതാപത്തോടുകലർന്ന
പുരദമയിതുഃ = ത്രിപുരാന്തകന്റെ
കീർത്തിമിവ = കീർത്തിയോ എന്നു തോന്നുംവണ്ണം
തേ = നിന്തിരുവടിയുടെ.

അല്ലയോ ലോകമാതാവേ! നിന്തിരുവടിയുടെ കുചമദ്ധ്യപ്രദേശം, ഗജാസുരന്റെ മസ്തകത്തിൽ ഉല്പന്നങ്ങളായ മുത്തുമണികളാൽ ഉണ്ടാക്കപ്പെട്ടതും തൊണ്ടിപ്പഴംപോലെ ഇരിക്കുന്ന അധരത്തിന്റെ കാന്തികളാൽ ഉള്ളിൽ ചിത്രവർണ്ണത്തോടുകൂടിയതുമായ നിർമ്മലഹാരത്തെ ത്രിപുരാന്തകന്റെ പ്രതാപത്തോടുകലർന്ന കീർത്തിയോ എന്നു തോന്നുംവണ്ണം ധരിക്കുന്നു.

കുംഭീന്ദ്രരൂപനായ ഗജാസുരനെ പരമേശ്വരൻ നിഗ്രഹിച്ചപ്പോൾ മസ്തകത്തിൽനിന്നെടുത്ത മുത്തുമണികൾകൊണ്ടുണ്ടാക്കപ്പെട്ട പാടലമായ ഹാരം അധരകാന്തിപ്രതിഫലനത്താൽ ചിത്രവർണ്ണമായിത്തീർന്നു. ഈ ഹാരത്തെ പരമേശ്വരന്റെ പ്രതാപത്തോടുചേർന്ന കീർത്തിയായി വർണ്ണിക്കുന്നു. പ്രതാപം രക്തവർണ്ണവും കീർത്തി ശുഭ്രവർണ്ണവുമാണെന്നാണ് കവിപ്രസിദ്ധി. ഇവിടെ കീർത്തി, മുത്തുമാലയുടെ ശുഭ്രവർണ്ണം; പ്രതാപം, അധരകാന്തിയാലുണ്ടായ രക്തവർണ്ണം. ഈ രണ്ടും ചേർന്ന ചിത്രവർണ്ണമായ ഹാരത്തെ പ്രതാപം കലർന്ന കീർത്തിയായി ഉൽപ്രേക്ഷിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം ദേവീസന്നിധിയിലിരുന്ന് ജപിച്ച് ധരിക്കുക. കീർത്തിയുണ്ടാം. നിവേദ്യം പാല്പായസം, മധു.

തവ സ്തന്യം മന്യേ ധരണിധരകന്യേ! ഹൃദയതഃ
പയഃപാരാവാരഃ പരിവഹതി സാരസ്വതമിവ ।
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്
കവീനാം പ്രൗഢാനാമജനി കമനീയഃ കവയിതാ ॥ 75

തവ സ്തന്യം = നിന്തിരുവടിയുടെ സ്തനക്ഷീരം
മന്യേ = ഞാൻ വിചാരിക്കുന്നു.
ധരണിധരകന്യേ! = അല്ലയോ പാർവ്വതി!
ഹൃദയതഃ = ഹൃദയത്തിങ്കൽനിന്നു്
പയഃ പാരാവാരഃ = അമൃതസമുദ്രം
പരിവഹതി = പ്രവഹിക്കുന്നു.
സാരസ്വതം = സരസവാക്രൂപസരസ്വതീമയം
ഇവ ദയാവത്യാ = എന്നു തോന്നുംവണ്ണം കരുണാർദ്രയായ
ദത്തം = കൊടുക്കപ്പെട്ട
ദ്രവിഡശിശുഃ = ദ്രവിഡശിശു എന്നവൻ
ആസ്വാദ്യ, തവ = പാനംചെയ്തിട്ടു്, നിന്തിരുവടിയുടെ
യത് = യാതൊരു കാരണത്താൽ
കവീനാം പ്രൗഢാനാം = പ്രൗഢന്മാരായ കവികളുടെ മദ്ധ്യത്തിൽ
അജനി = ഭവിച്ചു
കമനീയഃ കവയിതാ = ഒരു മനോഹരനായ കവിയായി.

അല്ലയോ പാർവ്വതി! നിന്തിരുവടിയുടെ സ്തനക്ഷീരം ഹൃദയത്തിങ്കൽനിന്നു് ഉണ്ടായ അമൃതപ്രവാഹമായി സാരവാഗ്രൂപസാരസ്വതമോ എന്നു തോന്നുംവണ്ണം പെരുകി ഒഴുകുന്നു എന്നു ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ "ദ്രവിഡശിശു" കരുണാർദ്രയായ നിന്തിരുവടിയാൽ കൊടുക്കപ്പെട്ട ആ ക്ഷീരത്തെ പാനംചെയ്തിട്ടു് പ്രൗഢന്മാരായ കവികളുടെ മദ്ധ്യത്തിൽ ഒരു മനോഹരനായ കവിയായിഭവിച്ചു.

ദേവീസ്തന്യത്തെ മാധുര്യത്താൽ അമൃതരൂപേണയും ശുഭ്രവർണ്ണത്താലും പ്രൗഢകവനജനകത്വത്താലും സാരസ്വതരൂപേണയും വർണ്ണിക്കുന്നു.

ഗിരിഗുഹയിൽ ത്യജിക്കപ്പെട്ട "ദ്രവിഡശിശു" എന്ന ബാലന്റെ കരച്ചിൽകേട്ടു് ദയവോടുകൂടി ശ്രീപാർവ്വതി അവിടെച്ചെന്നു് മുലകൊടുത്തു എന്നും അതുനിമിത്തം അദ്ദേഹം ബാല്യത്തിൽത്തന്നെ ഒരു മഹാകവിയായിഭവിച്ചു എന്നും ഒരു ഐതിഹ്യമുണ്ടു്.

"ദ്രവിഡശിശു" ദ്രാവിഡകുലത്തിൽജനിച്ച ശങ്കരപാദരാകുന്നു. ഈ സ്തോത്രത്തിന്റെ ആദ്യമുള്ള 41 ശ്ലോകം (ആനന്ദലഹരി) അദ്ദേഹത്തിന്റെ കൃതിയാണു്.




ഈ യന്ത്രം തങ്കത്ത കിടിലെഴുതി 3 ദിനം 1000 ഉരു ജപിച്ച് ധരിക്കുക. കവിതയു ണ്ടാകും. നിവേദ്യം പഴം, മധു.

ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ
ഗഭീരേ തേ നാഭീസരസി കൃതസംഗോ മനസിജഃ ।
സമുത്തസ്ഥൗ തസ്മാദചലതനയേ! ധൂമലതികാ
ജനസ്താം ജാനീതേ ജനനി! തവ രോമാവലിരിതി ॥ 76

ഹരക്രോധജ്വാലാ- വലിഭിഃ = പരമേശ്വരന്റെ കോപാഗ്നിജ്വാലകളുടെ കൂട്ടത്താൽ
അവലീഢേന വപുഷാ = വ്യാപിക്കപ്പെട്ട ശരീരത്തോടുകൂടി
ഗഭീരേ തേ നാഭീസരസി = നിന്തിരുവടിയുടെ ആഴമുള്ളതായ നാഭീരൂപമായ സരസ്സിൽ
കൃതസംഗഃ = മുങ്ങിക്കളഞ്ഞ
മനസിജഃ സമുത്തസ്ഥൗ = മന്മഥൻ പൊങ്ങി
തസ്മാത് = അതിങ്കൽനിന്നു
അചലതനയേ! = അല്ലയോ പാർവ്വതി!
ധൂമലതികാ = പുകക്കൂട്ടം
ജനസ്താം = ജനങ്ങൾ അതിനെ
ജാനീതേ = വ്യവഹരിക്കുന്നു
ജനനി! തവ രോമാ- വലിരിതി = അല്ലയോ ലോകമാതാവേ! നിന്തിരുവടിയുടെ രോമാവലി എന്നു".

അല്ലയോ ജഗന്മാതാവായ പാർവ്വതി! പരമേശ്വരന്റെ കോപാഗ്നിജ്വാലാസമൂഹം വ്യാപിച്ച ശരീരത്തോടുകൂടി മന്മഥൻ

നിന്തിരുവടിയുടെ ആഴമുള്ളതായ നാഭീസരസ്സിൽ മുങ്ങിക്കളഞ്ഞു. അപ്പോൾ അതിൽനിന്നു് പുകക്കൂട്ടം പൊങ്ങി. ജനങ്ങൾ അതിനെ നിന്തിരുവടിയുടെ രോമാവലി എന്നു് വ്യവഹരിക്കുന്നു.

ഉൽപ്രേക്ഷ അതിശയോക്തി ഭ്രാന്തിമാൻ സന്ദേഹം ഈ അലങ്കാരങ്ങൾ.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 8 ദിനം 12000 ഉരു ജപിച്ചു് ധരിക്കുക. സകലജനവശ്യം. നിവേദ്യം നാളികേരം, പഴം, ദധ്യന്നം, മധു.

യദേതത് കാളിന്ദീതനുതരതരംഗാകൃതി ശിവേ!
കൃശേ മദ്ധ്യേ കിഞ്ചിജ്ജനനി! തവ യത് ഭാതി സുധിയാം।
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം ॥ 77

| | | |
|---|---|---|
| യദേതത് | = | പ്രകാശിച്ചു് |
| കാളിന്ദീതനുതരതരം-ഗാകൃതി | = | കാളിന്ദീനദിയുടെ അതിസൂക്ഷ്മങ്ങളായ തിരമാലകളുടെ ആകൃതിയോടുകൂടി |
| ശിവേ! | = | അല്ലയോ സർവ്വമംഗളയായ ദേവി! |
| കൃശേ മദ്ധ്യേ | = | കൃശമായ മദ്ധ്യപ്രദേശത്തിൽ |
| കിഞ്ചിത് | = | രോമാവലിരൂപമായ ഏതോ ഒരു വസ്തു |
| ജനനി! | = | ജഗജ്ജനനി! |
| തവ, യത് | = | നിന്തിരുവടിയുടെ, യാതൊന്നു് |
| ഭാതി സുധിയാം | = | ഭക്തന്മാർക്ക് ശോഭിക്കുന്നുവോ |
| വിമർദ്ദാദന്യോന്യം കുചകലശയോഃ | = | കലശങ്ങൾപോലെയുള്ള സ്തനങ്ങളുടെ പരസ്പരമുള്ള ഞെരുക്കംകൊണ്ടു് |
| അന്തരഗതം | = | മദ്ധ്യത്തിലുള്ള |
| തനൂഭൂതം വ്യോമ | = | അതിസൂക്ഷ്മമായിത്തീർന്ന ആകാശം. |

| | | |
|---|---|---|
| പ്രവിശദിവ | = | പ്രവേശിക്കുന്നുവോഎന്നു തോന്നുംവണ്ണം |
| നാഭിം കുഹരിണീം | = | രന്ധ്റത്തോടുകൂടിയ നാഭിയെ. |

അല്ലയോ സർവ്വമംഗളയായ ജഗജ്ജനനി! കാളിന്ദീനദിയുടെ അതിസൂക്ഷ്മങ്ങളായ തിരമാലകൾപോലെയുള്ള ആകൃതിയോടുകൂടി യാതൊന്നു് (രോമാവലിരൂപമായ ഏതോ ഒരു വസ്തു) നിന്തിരുവടിയുടെ കൃശമായ മദ്ധ്യപ്രദേശത്തിൽ സദ്ബുദ്ധികളായ ഭക്തന്മാൎക്കു പ്രകാശിച്ചു ശോഭിക്കുന്നുവോ? അതു് നിന്തിരുവടിയുടെ കലശങ്ങൾ പോലെയുള്ള സ്തനങ്ങളുടെ പരസ്പരമുള്ള ഞെരുക്കംകൊണ്ടു് മദ്ധ്യത്തിൽ അതിസൂക്ഷ്മമായി ഭവിച്ച ആകാശം രന്ധ്റത്തോടുകൂടിയ നാഭിയെ പ്രവേശിക്കുന്നുവോ എന്നു തോന്നുംവണ്ണം ശോഭിക്കുന്നു.

ശ്രീദേവിയുടെ രോമാവലിയെ കുചകലശങ്ങളുടെ അന്യോന്യസംമർദ്ദത്താൽ മദ്ധ്യേ അതിസൂക്ഷ്മമായി ഭവിച്ച, ദ്രവദ്രവ്യം പോലെ കീഴ്പോട്ടൊഴുകി നാഭീകുഹരത്തിൽ വീഴുന്ന ആകാശരൂപേണ വർണ്ണിച്ചിരിക്കുന്നു. ആകാശം നീലനിറവും മൂർത്തിമത്തുമാണെന്നാണു് കവിസമ്മതം. ഉൽപ്രേക്ഷാലങ്കാരം.




ഈ യന്ത്രവും ശ്ലോകവും ചെന്താമരപ്പൂ ചുട്ടകരി കപിലംപശുനെയ്യിൽക്കുഴച്ചു് എഴുതി 10 ദിനം 2000 ഉരു ജപിച്ചു് തിലകംതൊടുക. രാജവശ്യം. നിവേദ്യം തേൻ, പഴം, മധു.

സ്ഥിരോ ഗംഗാവൎത്തഃ സ്തനമുകുളരോമാവലിലതാ–
കലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ ।
രതേർല്ലീലാഗാരം കിമപി തവ നാഭിൎഗ്ഗിരിസുതേ!
ബിലദ്വാരം സിദ്ധേൎഗ്ഗിരിശനയനാനാം വിജയതേ ॥ 78

| | | |
|---|---|---|
| സ്ഥിരോ ഗംഗാവൎത്തഃ | = | ഗംഗാനദിയിലെസ്ഥിരമായചുഴിയാകുന്ന |
| സ്തനമുകുളരോമാവലി- ലതാകലാവാലം | = | സ്തനങ്ങളാകുന്ന രണ്ടു മൊട്ടുകളോടുകൂടിയ രോമാവലിയാകുന്ന ലതയുടെ തടമാകുന്നു. |
| കുണ്ഡം കുസുമശര– തേജോഹുതഭുജഃ | = | പൂമ്പാണന്റെ പ്രതാപാഗ്നിവസിക്കുന്ന കുണ്ഡമാകുന്നു |

രതേർല്ലീലാഗാരം = രതീദേവിയുടെ കേളീഗൃഹമാകുന്നു.
കിമപി = അനിർവ്വചനീയസൗന്ദര്യത്തോടുകൂടിയ
തവ നാഭിർഗ്ഗിരിസുതേ! = അല്ലയോ പാർവ്വതി! നിന്തിരുവടിയുടെ നാഭീപ്രദേശം
ബിലദ്വാരം സിദ്ധേ- ർഗ്ഗിരിശനയനാനാം } = സദാശിവനേത്രങ്ങളുടെ തപസ്സിദ്ധിക്കു് ഗുഹാദ്വാരമാകുന്നു.
വിജയതേ = സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

അല്ലയോ പാർവ്വതി! നിന്തിരുവടിയുടെ നാഭീപ്രദേശം, ഗംഗാനദിയിലെ സ്ഥിരമായ ചുഴിയായും സ്തനങ്ങളാകുന്ന രണ്ടു മൊട്ടുകളോടുകൂടിയ രോമാവലിയാകുന്ന ലതയ്ക്കു തടമായും പൂബാണന്റെ പ്രതാപാഗ്നിക്കു കുണ്ഡമായും രതീദേവിയുടെ ലീലാഗൃഹമായും സദാശിവനേത്രങ്ങളുടെ തപസ്സിദ്ധിക്കു ഗുഹാദ്വാരമായും അനിർവ്വചനീയമായി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

ശ്രീദേവിയുടെ നാഭിപ്രദേശത്തെ, മഹാപരിശുദ്ധമാകയാൽ ഗംഗാനദിയിലെ ചുഴി എന്നും, രോമലതയുടെ അധോഭാഗത്തിലുള്ള നിമ്നപ്രദേശമാകയാൽ തടമെന്നും, ലാവണ്യാതിശയത്താൽ കാമപ്രതാപാഗ്നികുണ്ഡമെന്നും, രതിലീലാഗൃഹമെന്നും, സദാശിവനേത്രങ്ങൾക്കു പരമാനന്ദത്തെ ഉണ്ടാക്കുന്നതുകൊണ്ടു് അവ ചെയ്ത തപഃഫലം വെളിയിൽ വരുന്നവഴിയെന്നും വർണ്ണിച്ചിരിക്കുന്നു. ശ്രീദേവി, നാഭ്യാലവാലരോമാളിലതാഫലകുചദ്വയിയാണു്. ഇതു് ഉല്ലേഖാലങ്കാരമാകുന്നു.




രക്തചന്ദനം പനിനീരിലരച്ചു് പുഴുവുംകൂട്ടി അതിൽ ഈ യന്ത്രമെഴുതി 40 ദിനം 108 ഉരു വീതം ജപിച്ചു് നെററിയിൽ ധരിക്ക. സകലരാജവശ്യം. നിവേദ്യം മധു, വട,

നിസർഗ്ഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷോ
നമന്മൂർത്തേർന്നാരീതിലക! ശനകൈസ്ത്രുട്യത ഇവ ।
ചിരം തേ മദ്ധ്യസ്യ ത്രുടിതതടിനീതീരതരുണാ
സമാവസ്ഥാസ്ഥേമ്നോ ഭവതു കുശലം ശൈലതനയേ! ॥ 79

| | | |
|---|---|---|
| നിസർഗ്ഗക്ഷീണസ്യ | = | സ്വഭാവമായിത്തന്നെ അതികൃശമായ |
| സ്തനതടഭരേണ ക്ലമജുഷഃ | = | സ്തനമണ്ഡലഭാരത്താൽ ശ്രമത്തെ പ്രാപിച്ച |
| നമന്മൂർത്തേഃ | = | കുനിഞ്ഞ മൂർത്തിയോടുകൂടിയ |
| നാരീതിലക! | = | അല്ലയോ നാരീരത്നമേ! |
| ശനകൈസ്ത്രുട്യത ഇവ | = | പതുക്കെ ഒടിഞ്ഞുപോകുന്നതുപോലെയിരിക്കുന്ന |
| ചിരം | = | ബഹുകാലം |
| തേ മദ്ധ്യസ്യ | = | നിന്തിരുവടിയുടെ മദ്ധ്യപ്രദേശത്തിനു |
| ത്രുടിതതടിനീതീരതരുണാ | = | കരയിടിഞ്ഞ നദീതീരത്തിൽ നില്ക്കുന്ന വൃക്ഷത്തിനോട്ട് |
| സമാവസ്ഥാസ്ഥേമ്നഃ | = | തുല്യമായ സ്ഥിരതയോടുകൂടിയ |
| ഭവതു കുശലം | = | ക്ഷേമം ഭവിക്കട്ടെ |
| ശൈലതനയേ! | = | അല്ലയോ പാർവ്വതീ! |

അല്ലയോ നാരീതിലകമായ പാർവ്വതീ! സ്വഭാവേനതന്നെ അതികൃശമായുള്ളതും സ്തനമണ്ഡലഭാരത്താൽ വിശേഷിച്ചും ശ്രമത്തെ പ്രാപിച്ചതും അല്പം മുൻപോട്ടു കുനിഞ്ഞതും പതുക്കെ ഒടിഞ്ഞുപോകുമോ എന്നു തോന്നുന്നതും കരയിടിഞ്ഞ നദീതീരത്തിൽ നിൽക്കുന്ന വൃക്ഷത്തോടു തുല്യമായ സ്ഥിരതയോടുകൂടിയിരിക്കുന്നതും ആയ ഈ മദ്ധ്യപ്രദേശത്തിനു ബഹുകാലം ക്ഷേമം ഭവിക്കട്ടെ!

കാരണപര്യാലോചനയിൽ ആപത്തടുത്തിരിക്കുന്നതുകൊണ്ട് അതു നീങ്ങി ചിരം ക്ഷേമമായിരിക്കട്ടേ എന്നും ശ്രീദേവിയുടെ മദ്ധ്യപ്രദേശം അതികൃശമാണെന്നും താല്പര്യം. ഇത് ഉപമാലങ്കാരമാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 45 ദിനം 1000 ഉരു ജപിച്ച് ധരിക്ക. ഇന്ദ്രജാലവിദ്യ ചെയ്യാം. നിവേദ്യം മധു, പാല്പായസം.

കുചൌ സദ്യഃസ്വിദ്യത്തടഘടിതകൂർപ്പാസഭിദുരൌ
കഷന്തൌ ദോർമ്മൂലേ കനകകലശാഭൌ കലയതാ ।
തവ ത്രാതും ഭംഗാദലമിതി വലഗ്നം തനുഭുവാ
ത്രിധാ നദ്ധം ദേവി! ത്രിവലിലവലീവല്ലിഭിരിവ ॥ 80

| | | |
|---|---|---|
| കുചൗ | = | സ്തനങ്ങളെ |
| സദ്യഃസ്വിദ്യത്തട-ഘടിതകൂർപ്പാസഭിദുരൗ | = | അപ്പോൾത്തന്നെ വിയർക്കുന്ന സ്തനതടത്തിൽ കെട്ടപ്പെട്ട കഞ്ചുകത്തെ പിളക്കുന്നവ |
| കഷന്തൗ ദോർമ്മൂലേ | = | ബാഹുമൂലങ്ങളിൽച്ചെന്നു് മുട്ടുന്നവ |
| കനകകലശാഭൗ | = | സുവർണ്ണകുംഭങ്ങൾപോലെ ശോഭി-[ക്കുന്നവ |
| കലയതാ | = | നിർമ്മിച്ച |
| തവ | = | നിന്തിരുവടിയുടെ |
| ത്രാതും | = | രക്ഷിപ്പാനായി |
| ഭംഗാദലമിതി | = | ഒടിഞ്ഞുപോകരുതെന്നുവച്ചു് |
| വലഗ്നം | = | മദ്ധ്യപ്രദേശത്തെ |
| തനുഭുവാ ത്രിധാ നദ്ധം | = | മന്മഥനാൽ മൂന്നു ചുററായി കെട്ടിയി-[രിക്കുന്നു |
| ദേവി! | = | അല്ലയോ ദേവി! |
| ത്രിവലിലവലീവല്ലിഭിഃ | = | ത്രിവലികളാകുന്ന ലവലീവല്ലികളാൽ |
| ഇവ | = | എന്നു തോന്നുന്നു. |

അല്ലയോ മഹാദേവി! തൽക്ഷണംതന്നെ വിയർക്കുന്ന സ്തനതടത്തിൽ കെട്ടപ്പെട്ട കഞ്ചുകത്തെ പിളക്കുന്നവയും ബാഹുമൂലങ്ങളിൽ ചെന്നു് മുട്ടുന്നവയും കനകകുംഭങ്ങൾപോലെ ശോഭിക്കുന്നവയും ആയ നിന്തിരുവടിയുടെ സ്തനങ്ങളെ നിർമ്മിച്ച മന്മഥൻ ഈ കൃശമായ മദ്ധ്യപ്രദേശത്തെ ഒടിഞ്ഞുപോകാതെ രക്ഷിപ്പാനായി ത്രിവലികളാകുന്ന ലവലീവല്ലികളാൽ മൂന്നു ചുററിട്ടു് കെട്ടിയിരിക്കുന്നുവോ എന്നു തോന്നുന്നു.

അല്ലയോ ദേവി! സ്വപ്രാണനാഥനായ കാമേശ്വരൻെറ സ്വരൂപാനുസന്ധാനംകൊണ്ടുണ്ടായ പ്രമോദാധിക്യത്താലോ നിത്യയൗവ്വനവൈഭവംകൊണ്ടോ പ്രതിക്ഷണം വിജൃംഭണംചെയ്യുന്നതിനാൽ സ്തനതടത്തിൽ കെട്ടപ്പെട്ട റവുക്കയെ പൊട്ടിക്കുന്നവയും കനകകുംഭസദൃശങ്ങളും വലിപ്പംകൊണ്ടു് കക്ഷപ്രദേശത്തിൽ ചെന്നു് മുട്ടുന്നവയുമായ സ്തനങ്ങളെ നിർമ്മിച്ച മന്മഥൻ നിന്തിരുവടിയുടെ അതികൃശമായ മദ്ധ്യപ്രദേശം ഈ കുചപർവ്വതങ്ങളുടെ ഭാരത്താൽ പൊട്ടിപ്പോകുമോ എന്നു വിചാരിച്ചു് രക്ഷിക്കാനായി മൂന്നു ലവലീവല്ലികളാൽ ഇതിനെ ചുററിക്കെട്ടിയിരിക്കുന്നുവോ എന്നു തോന്നുംവണ്ണം ഈ വലിത്രയം ശോഭിക്കുന്നു എന്നു താല്പര്യം. ദേവി, സ്തനഭാരഭഗ്നമദ്ധ്യപട്ടബന്ധവലിത്രയയാകുന്നു. ദേവീസ്തനനിർമ്മാണകർതൃത്വം ജരഠനായ ബ്രഹ്മാവിനു അയുക്തമെന്നുവച്ചു് മന്മഥനെ കർത്താവാക്കിയതാകുന്നു. ഉൽപ്രേക്ഷയും അതിശയോക്തിയും അലങ്കാരങ്ങൾ.




ഈ യന്ത്രം പ്രഥമപുഷ്പിണീപദാ ർത്ഥത്തിൽവച്ച് 5 ദിനം 1000 ഉരു ജപിച്ച് കയ്യിൽകെട്ടി തിലകം തൊ ട്ടാൽ ഇന്ദ്രജാലം കാട്ടാം. നിവേദ്യം മധു.

ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവ്വതി! നിജാ-
ന്നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ ।
അതസ്തേ വിസ്തീർണ്ണോ ഗുരുരയമശേഷാം വസുമതീം
നിതംബപ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച ॥ 81

| | | |
|---|---|---|
| ഗുരുത്വം വിസ്താരം | = | ഗുരുത്വത്തേയും വിസ്താരത്തേയും |
| ക്ഷിതിധരപതിഃ | = | പർവ്വതരാജൻ |
| പാർവ്വതി! | = | അല്ലയോ പർവ്വതരാജപുത്രി! |
| നിജാത് നിതംബാത് ആച്ഛിദ്യ | = | തന്റെ, അരക്കെട്ടിന്റെ പിൻഭാഗത്തിൽനിന്നു് എടുത്തു് |
| ത്വയി ഹരണരൂപേണ | = | നിന്തിരുവടിക്കു് സ്ത്രീധനമായി |
| നിദധേ | = | തന്നു. |
| അതഃ തേ | = | ഇതുഹേതുവായിട്ടു നിന്തിരുവടിയുടെ |
| വിസ്തീർണ്ണോ ഗുരുരയം | = | ഈ നിതംബം തടിച്ചതായും വിശാലമായും |
| അശേഷാം വസുമതീം | = | സമസ്തമായ ഭൂമണ്ഡലത്തേയും |
| നിതംബപ്രാഗ്ഭാരഃ | = | നിതംബാതിശയം |
| സ്ഥഗയതി | = | മറയ്ക്കുന്നു. |
| ലഘുത്വം നയതി ച | = | ലഘുതയെ പ്രാപിക്കുകയുംചെയ്യുന്നു. |

അല്ലയോ പർവ്വതരാജപുത്രി! പിതാവായ പർവ്വതരാജൻ തന്റെ നിതംബപ്രദേശത്തിൽനിന്നു് ഗുരുത്വത്തേയും വിസ്താരത്തേയും എടുത്തു് നിന്തിരുവടിക്കു സ്ത്രീധനമായി തന്നു. അതുകൊണ്ടുതന്നെ നിന്തിരുവടിയുടെ ഈ നിതംബാതിശയം ഗുരുവും വിസ്തീർണ്ണവുമായി ഭവിച്ചു്, സമസ്തമായ ഭൂമണ്ഡലത്തേയും മറയ്ക്കുകയും ലഘുവാക്കിച്ചെയ്യുകയും ചെയ്യുന്നു.

ലോകത്തിൽ ഗുരുത്വവും വിസ്താരവും ഒന്നിച്ചിരിക്കുന്നതു ഭൂമിയിൽ മാത്രമാണ്. ഹിമവാൻ ഭൂധരനാകയാൽ ഭൂമിയെക്കാൾ അധികം ഗുരുത്വവിസ്താരങ്ങളോടുകൂടിയവനാകുന്നു. അതിശയോക്തി അലങ്കാരം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 16 ദിനം 1000 ഉരുവീതം അഗ്നിദിങ്മുഖമായി ഇരുന്ന് ജപിക്കുക. അഗ്നിസ്തംഭംചെയ്യാം. നിവേദ്യം ശക്കരപ്പായസം, മധു, വട.

കരീന്ദ്രാണാം ശുണ്ഡാൻ കനകകദളീകാണ്ഡപടലീ-
മുഭാഭ്യാമൂരുഭ്യാമുഭയമപി നിജ്ജിത്യ ഭവതീ ।
സുവൃത്താഭ്യാം പത്യുഃ പ്രണതികഠിനാഭ്യാം ഗിരിസുതേ!
വിധിജ്ഞേ! ജാനുഭ്യാം വിബുധകരികുംഭദ്വയമപി ॥ 82

| | |
|---|---|
| കരീന്ദ്രാണാം ശുണ്ഡാൻ | ഗജശ്രേഷ്ഠന്മാരുടെ തുമ്പിക്കൈകളേയും |
| കനകകദളീകാണ്ഡ-പടലീം | സുവർണ്ണമയങ്ങളായ വാഴത്തടകളുടെ കൂട്ടത്തേയും |
| ഉഭാഭ്യാമൂരുഭ്യാം | രണ്ടു തുടകളാൽ |
| ഉഭയമപി നിജ്ജിത്യ | രണ്ടിനേയും ജയിച്ചിട്ട് |
| ഭവതി സുവൃത്താഭ്യാം | നിന്തിരുവടി ശോഭനവൃത്തങ്ങളായ |
| പത്യുഃ പ്രണതികഠി-നാഭ്യാം | പ്രതിദിനമുള്ള ഭത്തൃനമസ്കാരങ്ങളാൽ കഠിനങ്ങളായ |
| ഗിരിസുതേ! | അല്ലയോ പാവ്വതി! |
| വിധിജ്ഞേ! | ഭത്തൃശുശ്രൂഷാദിവേദവിധികളെ അറിയുന്നവളേ! |
| ജാനുഭ്യാം | രണ്ടു മുട്ടുകളാൽ |
| വിബുധകരികുംഭ-ദ്വയമപി | ഐരാവതത്തിന്റെ രണ്ടു മസ്തകകുംഭങ്ങളേയും. |

അല്ലയോ പവ്വതരാജപുത്രി! നിന്തിരുവടി രണ്ടു തുടകളാൽ ഗജശ്രേഷ്ഠന്മാരുടെ തുമ്പിക്കൈകളേയും സുവർണ്ണമയങ്ങളായ വാഴത്തണ്ടുകളുടെ കൂട്ടത്തേയും, അല്ലയോ ഭർത്തൃശുശ്രൂഷാദിവേദവിധികളെ അറിയുന്ന ദേവി! പ്രതിദിനം സ്വഭത്താവായ പരമശിവനെ നമസ്കരിക്കുന്നതുകൊണ്ട് കഠിനങ്ങളായി, ശോഭനങ്ങളായി, വൃത്തങ്ങളായി ഇരിക്കുന്ന രണ്ടുമുട്ടുകളാൽ ഐരാവതത്തിന്റെ രണ്ടു മസ്തകകുംഭങ്ങളേയും വിജയിച്ചുവിളങ്ങുന്നു. ഉപമാലങ്കാരം.




ഈ യന്ത്രം സ്ഫർ ജപത്രത്തിലെഴുതി പാദുകയിൽ വച്ച് 40 ദിനം 1000 ഉരുവീതം ജപിച്ച് കാലിൽഇട്ടാൽവെള്ളത്തിൽ നടക്കാം. നിവേദ്യം നാളികേരം, പഴം, മധു.

പരാജേതും രുദ്രം ദ്വിഗുണശരഗർഭൗ ഗിരിസുതേ!
നിഷംഗൗ ജംഘേ തേ വിഷമവിശിഖോ ബാഢമകൃത ।
യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗളീ-
നഖാഗ്രച്ഛത്മാനസ്സുരമകുടശാണൈകനിശിതാഃ ॥ 93

| | |
|---|---|
| പരാജേതും രുദ്രം | = രുദ്രനെ തോല്പിക്കാനായി |
| ദ്വിഗുണശരഗർഭൗ ഗിരിസുതേ! | = തൻെറ അഞ്ചു ബാണങ്ങളെ എരട്ടിച്ച് നിറച്ചുവച്ച അല്ലയോ പാർവ്വതീ! |
| നിഷംഗൗ | = രണ്ടു തൂണീരങ്ങളാകുന്ന |
| ജംഘേ തേ | = നിന്തിരുവടിയുടെ മുഴങ്കാലുകൾ |
| വിഷമവിശിഖഃ | = മന്മഥൻ |
| ബാഢമകൃത | = ഉണ്ടാക്കി നിശ്ചയം |
| യദഗ്രേ | = അവയുടെഅററത്തു് |
| ദൃശ്യന്തേ | = കാണപ്പെടുന്നു |
| ദശശരഫലാഃ | = പത്തു ശരങ്ങളുടെ അർദ്ധചന്ദ്രാകാരങ്ങളായ അഗ്രങ്ങൾ |
| പാദയുഗളീനഖാഗ്ര-ച്ഛത്മാനഃ | = രണ്ടു പാദങ്ങളുടെയും നഖാഗ്രങ്ങളാണ് എന്നുള്ള വ്യാജേന |

| | |
|---|---|
| സുരമകുടശാണൈക-നിശിതാഃ | = ദേവന്മാരുടെ കിരീടങ്ങളാകുന്ന ശാണകളിൽ നല്ലവണ്ണം തേച്ചു മൂർച്ചകൂട്ടപ്പെട്ട |

അല്ലയോ അചലനന്ദിനി! മന്മഥൻ രുദ്രനെ തോല്പിക്കാനായി തൻെറ അഞ്ചു ബാണങ്ങളെ ഏരട്ടിച്ച് നിറച്ചുവച്ച രണ്ടു തൂണീരങ്ങളായി നിന്തിരുവടിയുടെ മുഴങ്കാല്പകളെയുണ്ടാക്കി; നിശ്ചയം. എന്തുകൊണ്ടെന്നാൽ അവയുടെ അററത്തു ദേവന്മാരുടെ കിരീടങ്ങളാകുന്ന ശാണകളിൽ നല്ലവണ്ണം തേച്ച് മൂർച്ചകൂട്ടപ്പെട്ട പത്തു ശരങ്ങളുടെ അർദ്ധചന്ദ്രാകാരങ്ങളായ അഗ്രങ്ങൾ രണ്ടു പാദങ്ങളുടെയും നഖാഗ്രങ്ങൾ എന്ന വ്യാജേന ഇതാ കാണപ്പെടുന്നു.

ശ്രീമഹാദേവി "ഇന്ദ്രഗോപപരിക്ഷിപ്തസ്മരത്തൂണാഭജംഘിക"യാകുന്ന അലങ്കാരങ്ങൾ—ഉൽപ്രേക്ഷ, അപഹ്നവം, അതിശയോക്തി.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 12 ദിനം 1000 ഉരുവീതം ജപിച്ച് ചെമ്പരുത്തിപ്പൂകൊണ്ടർച്ചിച്ചു ധരിക്ക. ശത്രു രഗസൈന്യങ്ങളെ സ്തംഭിപ്പിക്കാം. നിവേദ്യം-ശർക്കരപ്പായസം, മധു.

ശ്രുതീനാം മൂർദ്ധാനോ ദധതി തവ യൗ ശേഖരതയാ
മമാപ്യേതൗ മാതഃ! ശിരസി ദയയാധേഹി ചരണൗ ।
യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ
യയോർല്ലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ ॥ 48

| | |
|---|---|
| ശ്രുതീനാം മൂർദ്ധാനഃ | = ഉപനിഷത്തുകൾ |
| ദധതി | = ധരിക്കുന്നു. |
| തവ, യൗ | = നിന്തിരുവടിയുടെയാതൊരു ചരണങ്ങളെ |
| ശേഖരതയാ, മമാപി | = ശിരോഭൂഷണമായി, എൻെറയും |
| ഏതൗ | = അങ്ങനെയുള്ള ഈ |
| മാതഃ! | = അല്ലയോ ജഗന്മാതാവേ! |
| ശിരസി ദയയാധേഹി | = ദയയോടുകൂടി ശിരസ്സിൽവയ്ക്കേണമേ. |
| ചരണൗ, യയോഃ | = പാദങ്ങളെ, യാതൊരു ചരണങ്ങൾക്ക് |
| പാദ്യം പാഥഃ | = പാദ്യജലം (പദാർത്ഥമായ ജലം) |
| പശുപതിജടാ-ജൂടതടിനീ | = പരമേശ്വരൻെറ ജടയിലിരിക്കുന്ന ഗംഗാനദി |

യയോർല്ലാക്ഷാലക്ഷ്മീഃ = ഈ ചരണങ്ങൾക്ക് ലാക്ഷാരസകാന്തി
അരുണഹരിചൂഡാമണിരുചിഃ } = മഹാവിഷ്ണുവിൻെറ ചുവന്നതായ കിരീടത്തിൻെറ കാന്തി

അല്ലയോ ജഗന്മാതാവേ! ഉപനിഷത്തുകൾ നിന്തിരുവടിയുടെ യാതൊരു ചരണങ്ങളെ ശിരോഭൂഷണങ്ങളായി വഹിക്കുന്നുവോ? ആ ചരണങ്ങളെ ദയയോടുകൂടി എൻെറയും ശിരസ്സിൽ വെയ്ക്കേണമേ. ഈ ചരണങ്ങളുടെ പാദ്യജലം പരമേശ്വരൻെറ ജടയിലിരിക്കുന്നഗംഗാനദിയും ലാക്ഷാരസകാന്തി മഹാവിഷ്ണുവിൻെറ ചുവന്ന കിരീടത്തിൻെറ കാന്തിയുമാകുന്നു.

ഹേ ജഗന്മാതാവേ! നിന്തിരുവടിയുടെ പാദങ്ങളെ, വേദങ്ങൾ ഉപനിഷദ്രൂപങ്ങളായ തങ്ങളുടെ ശിരസ്സുകളിൽ വഹിച്ചിരിക്കുന്നു. (ഉപനിഷത്തുകൾ നിന്തിരുവടിയുടെ മഹിമയെത്തന്നെ ഘോഷിക്കുന്നു.) പരമേശ്വരൻ പ്രണയകോപശാന്തിക്കായി നിന്തിരുവടിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുമ്പോൾ ശിരസ്സിലുള്ള ഗംഗാനദി അവയിൽ പതിച്ച് പാദ്യമായിഭവിക്കുന്നു. മഹാവിഷ്ണു ദിവസംതോറും സന്ധ്യാകാലങ്ങളിൽ നിന്തിരുവടിയെ നമസ്കരിക്കുമ്പോൾ പാദങ്ങളിൽ ലേപനംചെയ്തിട്ടുള്ള ലാക്ഷാരസകാന്തി വിഷ്ണുകിരീടത്തിൽപ്പതിച്ച് അതിനു ആരുണ്യത്തെയുണ്ടാക്കുന്നു. പ്രകൃത്യാ ശുഭ്രമായ വിഷ്ണുകിരീടകാന്തിയെ അരുണമാക്കിത്തീർത്തത് ലാക്ഷാലക്ഷ്മിയാകുന്നു എന്ന് സാരം. ജഗദംബ, "ശ്രുതിസീമന്തസിന്ദൂരീകൃതപാദാബ്ജധൂളിക" ആകുന്നു. അലങ്കാരം—രൂപകം.




ഈ യന്ത്രം തങ്കത്തകിടിൽ എഴുതി ഒരു വർഷം 1000 ഉരുവീതം ജപിച്ച് ധരിക്കുക. പരകായപ്രവേശം ചെയ്യാം. നിവേദ്യം-പായസം, ചിത്രാന്നം, മധു.

നമോവാകം ബ്രൂമോ നയനരമണീയായ പദയോ-
സ്തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ ।
അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ
പശൂനാമീശാനഃ പ്രമദവനകങ്കേളിതരവേ ॥ 85

| | | |
|---|---|---|
| നമോവാകം ബ്രൂമഃ | = | ഞങ്ങൾ നമസ്കരിക്കുന്നു എന്നു പറയുന്നു |
| നയനരമണീയായ | = | കണ്ണുകൾക്ക് അതിമനോഹരങ്ങളായ |
| പദയോഃ | = | പാദങ്ങളുടെ |
| തവാസ്മൈ ദ്വന്ദ്വായ | = | നിന്തിരുവടിയുടെ ഈ ദ്വന്ദ്വത്തിനായി |
| സ്ഫുടരുചിരസാല-ക്തകവതേ | = | അത്യന്തം ശോഭയുള്ള ചെമ്പഞ്ഞിക്കുഴമ്പോടുകൂടിയ |
| അസൂയത്യത്യന്തം | = | ഏററവും അസൂയപ്പെടുന്നു |
| യദഭിഹനനായ | = | യാതൊരു പാദങ്ങൾകൊണ്ടുള്ള ചവിട്ടേൽക്കുന്നതിനായി |
| സ്പൃഹയതേ | = | ആഗ്രഹിക്കുന്നു. |
| പശൂനാമീശാനഃ | = | പശുപതി |
| പ്രമദവനകങ്കേളി-തരവേ | = | പൂങ്കാവനത്തിലുള്ള അശോകവൃക്ഷത്തെക്കുറിച്ച്. |

അല്ലയോ മഹാത്രിപുരസുന്ദരി! കണ്ണുകൾക്ക് അതിമനോഹരങ്ങളും അതിശോഭായമാനമായ ചെമ്പഞ്ഞിച്ചാറോടുകൂടിയവയും ആയ നിന്തിരുവടിയുടെ ഈ രണ്ടു പാദങ്ങൾക്കായി ഞങ്ങൾ നമസ്കരിക്കുന്നു എന്നുമാത്രം പറയുന്നു. ഈ പാദങ്ങൾകൊണ്ടുള്ള ചവിട്ടേല്ക്കുന്നതിനായി ആഗ്രഹിക്കുന്ന പൂങ്കാവനത്തിലുള്ള അശോകവൃക്ഷത്തെക്കുറിച്ച് പരമേശ്വരൻ ഏററവും അസൂയപ്പെടുന്നു.

പ്രണയകലഹത്തിൽ തനിക്ക് അനുഗ്രഹമായ നിന്തിരുവടിയുടെ പാദാഹതിയെ തനിക്കു പുഷ്പിക്കുന്നതിനായി ആഗ്രഹിക്കുന്ന അശോകത്തോട് ഇതിനെ താൻമാത്രം അനുഭവിക്കേണ്ടതായിരിക്കെ ഈ അചേതനമായ വൃക്ഷം ആഗ്രഹിക്കുന്നുവല്ലോ എന്നു പരമേശ്വരൻ കോപിക്കുന്നു എന്നു സാരം. സുന്ദരീരത്നങ്ങൾ തങ്ങളുടെ പാദങ്ങളാൽ ചവിട്ടിയാൽമാത്രമേ അശോകം പുഷ്പിക്കയുള്ളു എന്നാണ് ദോഹദശാസ്ത്രം. നമസ്കരിക്കുന്നു എന്നുമാത്രം പറയുന്നതിന്റെ താല്പര്യം "കാരണേശശിരോരത്നനിഘൃഷ്ടചരണാംബുജയായ ദേവിയുടെ പാദാംബുജം" മഹാമഹിമയുള്ളതാകയാൽ വേറേഒന്നും പറയാൻകാണുന്നില്ല എന്നാകുന്നു. അതിശയോക്തിയലങ്കാരം.




തങ്കത്തകിടിൽ എഴുതി 12 ദിനം 1000 ഉരു വീതം ജപിച്ചു ചുവന്ന പുഷ്പമർച്ചിച്ച് ധരിക്ക. ഭൂതനിവാരണം. നിവേദ്യം—പായസം, പാനകം, പഴം.

മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം
ലലാടേ ഭർത്താരം ചരണകമലേ താഡയതി തേ ।
ചിരാദന്തഃശല്യം ദഹനകൃതമുന്മീലിതവതാ
തുലാകോടികപാണൈഃ കിലികിലിതമീശാനരിപുണാ ॥ 86

മൃഷാ കൃത്വാ ഗോത്രസ്ഖലനം = പെട്ടെന്നു പേർ തെററി അന്യനാരീനാമംപറഞ്ഞിട്ട്
അഥ വൈലക്ഷ്യനമിതം = ഉടനേ ലജ്ജിച്ചു തലകുനിച്ച
ലലാടേ ഭർത്താരം = നെററിയിൽ ഭർത്താവായ പരമേശ്വരനെ
ചരണകമലേ താഡയതി = പാദാരവിന്ദങ്ങൾ ചവിട്ടുമ്പോൾ
തേ ചിരാത് = നിന്തിരുവടിയുടെ വളരെക്കാലമായി
അന്തഃശല്യം ദഹനകൃതം = ശിവകോപാഗ്നിയാൽ ചെയ്യപ്പെട്ട ഉള്ളിലുള്ള വൈരത്തെ
ഉന്മീലിതവതാ = തീരേ ഉപേക്ഷിച്ചവനായ
തുലാകോടികപാണൈഃ = കാൽച്ചിലമ്പുകളുടെ ശബ്ദങ്ങളാൽ
കിലികിലിതം = ജയസൂചകമായി കിലുകിലാ എന്നു ശബ്ദിക്കുക
ഈശാനരിപുണാ = മന്മഥനാൽ

അല്ലയോ ശൃംഗാരരസസമ്പൂർണ്ണയായ ദേവി! പെട്ടെന്നു പേർ തെററി അന്യനാരീനാമം പറഞ്ഞിട്ട് ഉടനെ ലജ്ജയാൽ തലതാഴ്ത്തപ്പെട്ട ഭർത്താവായ പരമേശ്വരനെ നിന്തിരുവടി പാദങ്ങൾകൊണ്ടു ലലാടത്തിൽ തൊഴിക്കുമ്പോൾ പാദശരശബ്ദങ്ങളാൽ മന്മഥൻ ശിവകോപാഗ്നിയാൽ ചെയ്യപ്പെട്ടതും വളരെക്കാലമായി നിലനിന്നിരുന്നതുമായ ഉള്ളിലുള്ള വൈരത്തെ അശേഷം ഉപേക്ഷിച്ചിട്ട് ജയസൂചകമായ കിലുകിലാ എന്ന ശബ്ദത്തെ പുറപ്പെടുവിച്ചു.

ശ്രീദേവി ശിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജംകൊണ്ടു് പ്രണയകോപത്താൽ പതിയെ താഡനംചെയ്തപ്പോൾ, മന്മഥൻ, 'എന്നെ ദഹിപ്പിച്ചവനു് ഈ താഡനംമതി' എന്നു് ജയശബ്ദം പുറപ്പെടുവിച്ചു എന്നു സാരം. അതിശയോക്തി അലങ്കാരം.

യം
യം
യം

ഈ യന്ത്രം തങ്കത്തകിടിലെഴുതി 21 ദിനം 1000 ഉരുവീതം ജപിച്ചു് ധരിക്ക. കുംഭത്തിൽ ജലം ജപിച്ചു് അഭിഷേകം ചെയ്ക. പിശാചുക്കളെല്ലാം ഓടിപ്പോകും. നിവേദ്യം പാൽപ്പായസം, നാളികേരം, പഴം, മധു.

ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൗ
നിശായാം നിദ്രാണം നിശി ചരമഭാഗേ ച വിശദൗ।
വരം ലക്ഷ്മീപാത്രം ശ്രിയമതി സൃജന്തൗ സമയിനാം
സരോജം ത്വത്പാദൗ ജനനി! ജയതശ്ചിത്രമിഹ കിം? ॥ 87

ഹിമാനീഹന്തവ്യം = ഹിമസമൂഹത്താൽ നാശത്തെ പ്രാപിക്കുന്നതു്

ഹിമഗിരിനിവാസൈകചതുരൗ = ഹിമാചലനിവാസത്തിൽ നിപുണങ്ങൾ

നിശായാം നിദ്രാണം = രാത്രിയിൽ കൂമ്പിപ്പോകുന്നതു്

നിശി ചരമഭാഗേ ച = രാത്രിയിലും പകലും

വിശദൗ = പ്രസന്നങ്ങളായ

വരം = ഇച്ഛിക്കുന്ന

ലക്ഷ്മീപാത്രം = ലക്ഷ്മിയുടെ ഇരിപ്പിടം

ശ്രിയമതി സൃജന്തൗ സമയിനാം = ഭക്തന്മാർക്ക് ലക്ഷ്മിയെ അലക്ഷ്യമായി ദാനം ചെയ്യുന്നവ

സരോജം = ചെന്താമരപ്പൂവു്

ത്വല്പാദൗ = നിന്തിരുവടിയുടെ പാദങ്ങൾ

ജനനി! ജയതഃ = അല്ലയോ ജഗന്മാതാവേ! ജയിക്കുന്നു

ചിത്രമിഹ കിം = ഇതിൽ എന്താശ്ചര്യമാണു്?

അല്ലയോ ജഗന്മാതാവേ! നിന്തിരുവടിയുടെ പാദങ്ങൾ ചെന്താമരപ്പൂവിനെ ജയിക്കുന്നു എന്നുള്ളതിൽ യാതൊരാശ്ചര്യവുമില്ല. എന്തുകൊണ്ടെന്നാൽ ചെന്താമരപ്പൂവു് ഹിമസമൂഹത്താൽ നാശത്തെപ്രാപിക്കുന്നതും രാത്രിയിൽ കൂമ്പിപ്പോകുന്നതും ലക്ഷ്മിയുടെ ഇഷ്ടമായ ഇരിപ്പിടവുമാകുന്നു. നിന്തിരുവടിയുടെ പാദങ്ങളോ സർവദാ ഹിമഗിരിയിൽത്തന്നെ വസിക്കുന്നവയും രാത്രിയിലുംപകലും

പ്രസന്നങ്ങളും സ്വഭക്തന്മാൎക്ക് ലക്ഷ്മിയെ അലക്ഷ്യമായി പ്രദാനം ചെയ്യുന്നവയുമാകുന്നു.

ഈ പാദങ്ങൾ സരോജത്തെ ജയിക്കുന്നതിൽ ആശ്ചൎയ്യമുണ്ടോ? വ്യതികരാലങ്കാരം.




ഈ യന്ത്രം രുദ്രഭൂമിയിലെ ഭസ്മത്തിലെഴുതി 1000 ഉരു ജപിച്ചാൽ സൎപ്പങ്ങളെ വരുത്താം. നിവേദ്യം പാൽപ്പായസം, തേൻ, പഴം, നാളികേരം.

പദം തേ കീൎത്തീനാം പ്രപദമപദം ദേവി! വിപദാം
കഥം നീതം സത്ഭിഃ കഠിനകമഠീകൎപ്പരതുലാം ।
കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ
യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ ॥ 88

| | |
|---|---|
| പദം തേ കീൎത്തീനാം പ്രപദം | = നിന്തിരുവടിയുടെ പുറവടികൾ കീൎത്തികൾക്ക് സ്ഥാനം |
| അപദം ദേവി വിപദാം കഥം നീതം | = അല്ലയോ ദേവി! ആപത്തുകൾക്ക് അവിഷയം എങ്ങനെ പ്രാപിപ്പിക്കപ്പെട്ടു |
| സത്ഭിഃ കഠിനകമഠീ കൎപ്പരതുലാം | = സൽകവികളാൽ കഠിനമായ ആമയോട്ടിയുടെ സാമ്യത്തെ |
| കഥം വാ ബാഹുഭ്യാം | = എങ്ങനെതന്നെ കൈകൾകൊണ്ട് |
| ഉപയമനകാലേ | = വിവാഹകാലത്തിൽ |
| പുരഭിദാ | = പരമേശ്വരനാൽ |
| യദാദായ ന്യസ്തം | = ഈ പുറവടികളെ എടുത്തുവയ്ക്കപ്പെട്ടു |
| ദൃഷദി | = ശിലയിൽ (അമ്മിയിൽ) |
| ദയമാനേന മനസാ | = ദയവുള്ളതായ മനസ്സോടുകൂടി. |

അല്ലയോ മഹാദേവി! കീൎത്തികൾക്ക് സ്ഥാനവും ആപത്തുകൾക്ക് അവിഷയവുമായ നിന്തിരുവടിയുടെ പുറവടികൾ സൽകവികളാൽ എങ്ങനെ കഠിനമായ ആമയോട്ടിയുടെ സാമ്യത്തെ പ്രാപിപ്പിക്കപ്പെട്ടു? ത്രിപുരാന്തകനാൽ വിവാഹകാലത്തിൽ ദയവു

ള്ളതായ മനസ്സോടുകൂടി എങ്ങനെതന്നെ ഈ പുറവടികൾ കൈകൾകൊണ്ടെടുത്തു് കഠിനശിലയിൽ വയ്ക്കപ്പെട്ടു.

ശ്രീദേവീപ്രപദം ഭക്തസംരക്ഷണത്താലുണ്ടായ കീർത്തിക്കു് സ്ഥാനവും ഭക്തന്മാരെ സർവ്വാപത്തിൽനിന്നും രക്ഷിക്കുന്നതുമാകുന്നു. അതിമൃദുലമായ ഇതു് വിവാഹത്തിൽ വേദവിധിപ്രകാരമുള്ള ശിലാരോപണത്തേയുംകൂടി സഹിക്കുകയില്ല എന്നു സാരം. അനന്വയാലങ്കാരം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 15 ദിനം 1000 ഉരുജപിച്ചു് ധരിക്ക. മൃഗങ്ങളെ വരുത്താം. നിവേദ്യം ശർക്കരപ്പായസം, പഴം, നാളികേരം.

നഖൈർന്നാകസ്ത്രീണാം കരകമലസങ്കോചശശിഭി-
സ്തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി! ചരണൗ।
ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം
ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൗ॥ 89

| | | |
|---|---|---|
| നഖൈർന്നാകസ്ത്രീണാം | = | നഖങ്ങളെക്കൊണ്ടു് ദേവസ്ത്രീകളുടെ |
| കരകമലസംകോചശശിഭിഃ | = | കരങ്ങളാകുന്ന കമലങ്ങളുടെ സങ്കോചത്തിനു് ചന്ദ്രരൂപങ്ങൾ |
| തരൂണാം ദിവ്യാനാം | = | കൽപകവൃക്ഷങ്ങളെ |
| ഹസത ഇവ | = | ഹസിക്കുന്നുവോ എന്നു തോന്നുന്നു. |
| തേ | = | നിന്തിരുവടിയുടെ |
| ചണ്ഡി! | = | ദേവകാര്യാർത്ഥം സിംഹാധിരൂഢയായി സുംഭാദികളെ സംഹരിച്ച മഹാദേവി! |
| ചരണൗ ഫലാനി | = | പാദങ്ങൾ ഫലങ്ങളെ |
| സ്വഃസ്ഥേഭ്യഃ | = | സ്വർഗ്ഗത്തിലുള്ളവക്കു് |
| കിസലയകരാഗ്രേണ | = | തളിരുകളാകുന്ന കരാഗ്രങ്ങൾകൊണ്ടു് |
| ദദതാം | = | കൊടുക്കുന്ന. |
| ദരിദ്രേഭ്യഃ | = | ദരിദ്രന്മാക്കുകൂടി |
| ഭദ്രാം ശ്രിയമനിശം | = | സമ്പൂർണ്ണൈശ്വര്യത്തെ എല്ലായ്പോഴും |
| അഹ്നായ ദദതൗ | = | വേഗത്തിൽ കൊടുക്കുന്ന |

ദേവകാര്യാർത്ഥം സിംഹാധിരൂഢയായി സുംഭാദികളെ നിഗ്രഹിച്ച അല്ലയോ മഹാദേവി! ദരിദ്രന്മാക്കു സമ്പൂർണ്ണൈശ്വര്യത്തെ

അതിവേഗത്തിൽ സദാ ദാനംചെയ്യുന്ന നിന്തിരുവടിയുടെ പാദങ്ങൾ, ദേവസ്ത്രീകളുടെ കരങ്ങളാകുന്ന കമലങ്ങളുടെ സങ്കോചത്തിന് ചന്ദ്രരൂപങ്ങളായ നഖങ്ങളെക്കൊണ്ട് സ്വർഗ്ഗത്തിലുള്ളവൎക്കുമാത്രം തളിരുകളാകുന്ന കരാഗ്രങ്ങൾകൊണ്ട് ഫലങ്ങളെദാനം ചെയ്യുന്ന കല്പകവൃക്ഷങ്ങളെ അപഹസിക്കുന്നുവോ എന്നുതോന്നുന്നു.

ദരിദ്രന്മാൎക്കും രോഗികൾക്കും സ്വൎഗ്ഗത്തിലുള്ളവൎക്കും അഭീഷ്ട ഫലങ്ങളെ വേഗത്തിൽ ദാനംചെയ്യുന്ന ദേവീചരണങ്ങൾ, സ്വഃസ്ഥന്മാൎക്കുമാത്രം ഫലങ്ങളെക്കൊടുക്കുന്ന കൽപകവൃക്ഷങ്ങളെ, ദേവസ്ത്രീകളുടെ കൈപ്പടങ്ങളാകുന്ന താമരപ്പൂക്കളെ കൂമ്പിക്കുന്നനഖകാന്തിചന്ദ്രികയാൽ ഹസിക്കുന്നുവോഎന്നു തോന്നുന്നു എന്നു താല്പൎയ്യം.

ദേവസ്ത്രീകൾ ദേവീസന്നിധിയിൽ ചെല്ലുമ്പോൾ ചെയ്യുന്ന അഞ്ജലിബന്ധത്തെ ദേവിചരണനഖചന്ദ്രനാൽ ചെയ്യപ്പെടുന്ന കരകമലമുകുളീഭാവേന വൎണ്ണിച്ചിരിക്കുന്നു. വ്യതിരേകാലങ്കാരം.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 30 ദിനം 1000 ഉരുവീതം ജപിച്ച് ധരിക്ക. സൎവ്വരോഗശമനം. നിവേദ്യം ശൎക്കരപ്പായസം, തേൻ.

ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീ-
മമന്ദം സൗന്ദൎയ്യപ്രകരമകരന്ദം വികിരതി।
തവാസ്മിൻ മന്ദാരസ്തബകസുഭഗേ യാതു ചരണേ
നിമജ്ജൻ മജ്ജീവഃ കരണചരണഃ ഷട്ചരണതാം॥ 90

| | | |
|---|---|---|
| ദദാനേ | = | കൊടുക്കുന്നതു് |
| ദീനേഭ്യഃ | = | ദരിദ്രന്മാൎക്ക് |
| ശ്രിയം, അനിശം | = | സമ്പത്തിനെ, സദാ |
| ആശാനുസദൃശീം | = | ഇച്ഛാനുകൂലമായ |
| അമന്ദം | = | അധികമായ |
| സൗന്ദൎയ്യപ്രകരമകരന്ദം | = | സൗന്ദൎയ്യസമൂഹമാകുന്ന പൂന്തേനിനെ |
| വികിരതി തവ | = | ചിതറുന്ന നിന്തിരുവടിയുടെ |
| അസ്മിൻമന്ദാരസ്തബ-കസുഭഗേ | = | ഈ കല്പവൃക്ഷപ്പൂങ്കുലപോലെ മനോഹരമായ |
| യാതു | = | പ്രാപിക്കട്ടെ. |

ചരണേ നിമജ്ജൻ = പാദത്തിൽ മുങ്ങിയിട്ട്
മജ്ജീവഃ = എന്റെജീവൻ
കരണചരണഃ = മനസ്സോട്ടുചേൎന്ന് ആറു ഇന്ദ്രിയങ്ങളാകുന്ന ആറുപാദങ്ങളോട്ടുക്രുടിയ
ഷട്ചരണതാം = ആറു പാദങ്ങളുള്ള വണ്ടിന്റെ അവസ്ഥയെ

അല്ലയോ മഹാദേവി! ദരിദ്രന്മാൎക്ക് ഇച്ഛാനുരൂപമായ ഐശ്വൎയ്യത്തെ എല്ലായ്പോഴും ദാനംചെയ്യുന്നതും സൗന്ദൎയ്യസമൂഹമാകുന്ന മകരന്ദത്തെ ധാരാളം ചിതറുന്നതും കല്പവൃക്ഷപ്പൂങ്കുലപോലെ മനോഹരവും ആയ നിന്തിരുവടിയുടെ ഈ പാദത്തിങ്കൽ മനസ്സോട്ടുചേൎന്ന് ആറു ഇന്ദ്രിയങ്ങളാകുന്ന ആറു ചരണങ്ങളോട്ടുക്രുടിയ എന്റെ ജീവൻ മുങ്ങിയിട്ടു ആറു ചരണങ്ങളുള്ള വണ്ടിന്റെ സ്ഥിതിയെ പ്രാപിക്കട്ടെ

നിന്തിരുവടിയുടെ ചരണം അഭീഷ്ടദാനത്തെച്ചെയ്യുന്നു ഈ ചരണത്തിൽ പൂന്തേൻ പെരുകിഒഴുകുന്നു. ഈ ചരണം കല്പകപ്പൂങ്കുലപോലെ സുന്ദരമാകുന്നു. അതുകൊണ്ടു് ഇതു ഷട്പദങ്ങളുടെ വസതിക്കു യോഗ്യമാണ്. ഷട്ചരണനും നിവാസാൎഹനുമായ എന്റെ ജീവനും ഇതിൽ ഭൃംഗതയെപ്രാപിച്ച് അത്യന്തം ലീനനായി അധിവസിക്കട്ടെ. നിന്തിരുവടിയുടെ പാദാരവിന്ദത്തിൽ എന്റെ അന്തരംഗഭ്രമരം നിരന്തരം രമിക്കട്ടെ എന്നു താല്പൎയ്യം. അതിശയോക്ത്യലങ്കാരം.

| |
|---|
| ക്ഷാം ക്ഷാം<br>ക്ഷീയ ക്ഷീയ<br>ഹ്രീം |

ഈ യന്ത്രം തങ്കത്തകിടിൽ എഴുതി 15 ദിനം 1000 ഉരുവീതം ജപിച്ച് ധരിക്കം. ക്ഷുദ്രം തീരും. നിവേദ്യം പായസം, മധു.

പദന്യാസക്രീഡാപരിചയമിവാരബ്ധുമനസഃ
സ്ഖലന്തസ്തേ ഖേലം ഭവനകലഹംസാ ന ജഹതി ।
അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-
ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ! ॥ 91

പദന്യാസക്രീഡാ-പരിചയം ഇവ = പദന്യാസലീലയിൽ പരിചയത്തെ എന്നുതോന്നുന്നു
ആരബ്ധുമനസഃ = അഭ്യസിക്കുന്നതിനായി
സ്ഖലന്തഃ = തെററുന്ന ഗതിയോട്ടുക്രുടിയവ

| | | |
|---|---|---|
| തേ ഖേലം | = | നിന്തിരുവടിയുടെ വിലാസഗമനത്തെ |
| ഭവനകളഹംസാഃ | = | ഭവനത്തിൽവളത്തി ഇണങ്ങിയ അരയന്നങ്ങൾ |
| ന ജഹതി | = | ഉപേക്ഷിക്കുന്നില്ല. |
| അതഃ തേഷാം ശിക്ഷാം | = | ഇതുകൊണ്ടു അവയ്ക്കു ശിക്ഷയെ |
| സുഭഗമണിമഞ്ജീരരണിതച്ഛലാത് | = | മനോഹരരത്നങ്ങളോടുകൂടിയ പാദശരത്തിൻെറ ശബ്ദം എന്ന വ്യാജേന |
| ആചക്ഷാണം | = | ഉപദേശിക്കുന്നുവോ |
| ചരണകമലം | = | പാദപത്മം |
| ചാരുചരിതേ! | = | ശോഭനഗമനേ! |

അല്ലയോ ശോഭനഗമനയായ ദേവി! ഭവനത്തിൽ വളത്തി ഇണങ്ങിയ ഈ അരയന്നങ്ങൾ നിന്തിരുവടിയുടെ ചരണവിന്യാസലീലാസമ്പ്രദായത്തെ അഭ്യസിക്കുന്നതിനായി തെററുന്ന ഗതിയോടുകൂടി നിന്തിരുവടിയുടെ വിലാസഗമനത്തെ ഉപേക്ഷിക്കുന്നില്ല. അതുകൊണ്ടു് ഈ ചരണകമലം മനോഹരരത്നങ്ങളോടുകൂടിയ പാദശരത്തിൻെറ ശബ്ദം എന്ന വ്യാജേന അവയ്ക്കു ശിക്ഷയെ (അഭ്യാസത്തെത്തന്നെ) ഉപദേശിക്കുന്നുവോ എന്നു തോന്നുന്നു.

അല്ലയോ ദേവി! ഭവനത്തിൽ വളത്തുന്ന ഈ കളഹംസങ്ങൾ നിന്തിരുവടി കാൽവച്ചു നടത്തുന്ന വിലാസത്തെ ശീലിപ്പാനായി നിന്തിരുവടിയുടെ സവിലാസസഞ്ചാരത്തെ സദാ പിൻതുടരുന്നു. അതുനിമിത്തം ഈ പാദകമലം രത്നപാദശരശബ്ദവ്യാജേന വിലാസഗതിരീതിയെ ഇവയ്ക്കു പറഞ്ഞുപഠിപ്പിക്കുന്നുവോ എന്നു തോന്നുന്നു എന്നു താല്പര്യം. അതിശയോക്ത്യലങ്കാരം. ഇണങ്ങിയ അരയന്നങ്ങൾ പോഷകജനങ്ങളെ അനുഗമിക്കുന്ന ശീലമുള്ളവയാകുന്നു.




ഈ യന്ത്രവും ശ്ലോകവും തങ്കത്തകിടിലെഴുതി 25 ദിനം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. ഭൂമിലാഭം, ധനലാഭം. നിവേദ്യം പാൽപ്പായസം.

ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ
ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ ।
ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ
ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം ॥ 92

| | |
|---|---|
| ഗതാസ്തേ മഞ്ചത്വം | = നിന്തിരുവടിയുടെ മഞ്ചതയെ പ്രാപിച്ചു |
| ദ്രുഹിണഹരിരുദ്രേ-ശ്വരഭൃതഃ, ശിവഃ | = ബ്രഹ്മ വിഷ്ണു രുദ്രൻ ഈശ്വരൻ എന്നി ഭൃത്യന്മാർ സദാശിവൻ |
| സ്വച്ഛച്ഛായാഘടി-തകപടപ്രച്ഛദപടഃ | = തന്റെ നിർമ്മലകാന്തിയാൽ ചെയ്യപ്പെട്ട കപടമായമൂടുപടത്തോടുകൂടിയവനായി |
| ത്വദീയാനാം ഭാസാം | = നിന്തിരുവടിയുടെ കാന്തികളുടെ |
| പ്രതിഫലനരാഗാ-രുണതയാ | = പ്രതിഫലനംകൊണ്ടുണ്ടായ ചുവപ്പിനാൽ ചുവന്ന നിറത്തോടുകൂടിയവനായിട്ട് |
| ശരീരീ ശൃംഗാരോ രസ ഇവ | = ശരീരത്തോടുകൂടിയ ശൃംഗാരരസമോ എന്നുതോന്നുംവണ്ണം |
| ദൃശാം ദോഗ്ധി കുതുകം | = നേത്രങ്ങൾക്ക് കൗതുകത്തെയുണ്ടാക്കുന്നു. |

അല്ലയോ പരദേവതേ! ബ്രഹ്മാവ് വിഷ്ണു രുദ്രൻ ഈശ്വരൻ എന്നി ഭൃത്യന്മാർ നിന്തിരുവടിയുടെ മഞ്ചതയെ പ്രാപിച്ചു. സദാശിവൻ തന്റെ നിർമ്മലകാന്തിയാൽ ചെയ്യപ്പെട്ട കപടമൂടുപടത്തോടുകൂടിയവനായി നിന്തിരുവടിയുടെ കാന്തികളുടെ പ്രതിഫലനംകൊണ്ടുണ്ടായ ചുവപ്പിനാൽ ചുവന്നനിറത്തോടുകൂടിയവനായിട്ട് ശരീരത്തോടുകൂടിയ ശൃംഗാരരസമോ എന്നു തോന്നുംവണ്ണം നിന്തിരുവടിയുടെ നേത്രങ്ങൾക്ക് കൗതുകത്തെ ഉണ്ടാക്കുന്നു.

അല്ലയോ ആദിപരാശക്തിരൂപിണി! ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിത്യുപസംഹാരതിരോധാനാനുഗ്രഹകൃത്യങ്ങളിൽ അധികൃതന്മാരായ കാരണപുരുഷന്മാർ അവക്ക് അതാതുശക്തികളെ നല്കി അനുഗ്രഹിച്ച നിന്തിരുവടിയെ സമീപത്തിലിരുന്നു സേവിക്കുന്നതിനായി മഞ്ചതയെ പ്രാപിച്ചു. സദാശിവൻ തന്റെ ദേദീപ്യമാന നിർമ്മലധവളജ്യോതിസ്സുകളാൽ ഉണ്ടാക്കപ്പെട്ട കപടമായ മൂടുപടത്തെ ധരിച്ചുംകൊണ്ട് നിന്തിരുവടിയുടെ ബാലാർക്കായുതസുപ്രഭാസന്നിഭങ്ങളായ ചുവന്നകാന്തികൾ വ്യാപിച്ച് ശുദ്ധമേ അരുണവർണ്ണനായിഭവിച്ച് ശൃംഗാരരസം മൂർത്തിമത്തായി ഭവിച്ചുവോ എന്നു തോന്നുംവണ്ണം നിന്തിരുവടിയുടെ നേത്രങ്ങൾക്ക് കൗതുകത്തെ ഉണ്ടാക്കുന്നു. ശൃംഗാരരസം രക്തവർണ്ണമാണെന്നു പ്രസിദ്ധമാകുന്നു. തൽഗുണവും ഉൽപ്രേക്ഷയും അലങ്കാരങ്ങൾ ("ജഗത്സൂതേ ധാതാ" എന്നശ്ലോകം നോക്കുക.)

ഷഡാധാരം, പൃഥിവ്യാദിപഞ്ചഭൂതങ്ങളുടേയും പഞ്ചതന്മാത്രകളുടെയും കർമ്മേന്ദ്രിയം ജ്ഞാനേന്ദ്രിയം മനസ്സ് ഈ പതിനൊന്ന് ഇന്ദ്രിയങ്ങളുടെയും അധിഷ്ഠാനമാകുന്നു. ഈ തത്വങ്ങൾ ആജ്ഞാചക്രത്തോട്ട് അവസാനിക്കുകയും ചെയ്യുന്നു. ആജ്ഞാചക്രോപരിസ്ഥിതമായ ബ്രഹ്മഗ്രന്ഥിക്കുമേൽ നാലു ദ്വാരങ്ങളോടുകൂടിയ ഭ്രൂപുരത്രിതയത്തിന്റെ ചതുർദ്വാരങ്ങളിൽ പ്രാഗാദിക്രമേണ ക്രമമായി മായ, ശുദ്ധവിദ്യ, മഹേശ്വര,സദാശിവരൂപങ്ങളായ നാലു തത്വങ്ങൾ സ്ഥിതിചെയ്യുന്നു. ഇവതന്നെയാണ് മഞ്ചത്തിന്റെ നാലു കാലുകൾ. സഹസ്രദളകമലാന്തർഗ്ഗതനായ ശിവൻ ശുദ്ധവിദ്യയുടെ അഭിനിവേശംനിമിത്തം ശുദ്ധവിദ്യയാൽ സംവലിതനായി സദാശിവരൂപനായി ഭവിക്കുന്നു. 42 മുതൽ കഴിഞ്ഞ 91-ാം ശ്ലോകംവരെ 50 ശ്ലോകങ്ങൾകൊണ്ടു മഹാരാജരാജേശ്വരിയുടെ കിരീടംമുതൽ പാദാഗ്രംവരെ വർണ്ണിച്ചിട്ടുണ്ട്. ഈ 92-ാം ശ്ലോകം മുതൽ സ്തോത്രാവസാനംവരെ ദേവീസ്വരൂപത്തേയും മഹിമയേയും സ്തുതിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 25 ദിനം 1000 ഉരു വീതം ജപിച്ച് ധരിക്ക. രാജ്യപ്രദം. നിവേദ്യം ചിത്രാന്നം, പാൽ, പാല്പായസം, താംബൂലം.

അരാളാ കേശേഷു പ്രകൃതിസരളാ മന്ദഹസിതേ
ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ ।
ഭൃശം തന്വീ മദ്ധ്യേ പൃഥുരുരസിജാരോഹവിഷയേ
ജഗത്ത്രാതും ശംഭോർജ്ജയതി കരുണാ കാചിദരുണാ ॥ 93

| | |
|---|---|
| അരാളാ കേശേഷു | = കേശങ്ങളിൽ കുടിലയായി |
| പ്രകൃതിസരളാ മന്ദഹസിതേ | = മന്ദഹാസത്തിൽ പ്രകൃത്യാ സരളയായും |
| ശിരീഷാഭാ ചിത്തേ | = ചിത്തത്തിൽ നെന്മേനിവാകപ്പൂപോലെ മാർദ്ദവമുള്ളതു് |

ദൃഷൽപലശോഭാ കുചതടേ } = സ്തനപ്രദേശത്തിൽ അമ്മിക്കുഴവിപോലെ കാഠിന്യമുള്ളത്
ഭൃശം തന്വീ മദ്ധ്യേ = മദ്ധ്യപ്രദേശത്തിൽ ഏറ്റവും കാർശ്യമുള്ളത്
പൃഥുരുരസിജാരോഹവിഷയേ } = സ്തനപ്രദേശത്തിലും മദ്ധ്യപ്രദേശത്തിലും പൃഥുവായുള്ളത്
ജഗത് ത്രാതും = ജഗത്തിനെ രക്ഷിക്കുന്നതിനായി
ശംഭോഃ = പരമശിവൻെറ
ജയതി = സർവ്വോൽക്കർഷേണ വത്തിക്കുന്നു.
കരുണാ കാചിൽ = ഒരു കരുണാശക്തി അനിർവ്വാച്യയായ
അരുണാ = ചുവപ്പുനിറത്തോടുകൂടിയ (അരുണാഖ്യാ)

അല്ലയോ മഹാരാജരാജേശ്വരി! കേശങ്ങളിൽമാത്രം വക്രതയോടും മന്ദഹാസത്തിൽ പ്രകൃത്യാ ഉള്ള ഋജുതയോടും ചിത്തത്തിൽ നെന്മേനിവാകപ്പൂപോലെ മാർദ്ദവത്തോടും സ്തനതടത്തിൽ കഠിനശിലപോലെ കാഠിന്യത്തോടും മദ്ധ്യപ്രദേശത്തിൽ അത്യന്തം കാർശ്യത്തോടും സ്തനപ്രദേശത്തിലും നിതംബപ്രദേശത്തിലും അതിസ്ഥൗല്യത്തോടുംകൂടിയും ചുവന്നും ഇരിക്കുന്ന അനിർവ്വാച്യയായ പരമശംഭുവിൻെറ കരുണാരൂപിണിയായ നിന്തിരുവടി ഈ ജഗത്തിനെ രക്ഷിക്കാനായി സർവ്വോൽക്കർഷേണ വത്തിക്കുന്നു.

കുടിലങ്ങളായ കചങ്ങളോടും കപടലേശംകൂടാതെ കളങ്കമററ ഋജുവായ പുഞ്ചിരിയോടും ഭക്തതാപം ലേശവും സഹിക്കാത്ത അതിമൃദുവായ ചിത്തത്തോടും കഠിനശിലാകർക്കശമായ സ്തനതടത്തോടും കൃശമായ മദ്ധ്യത്തോടും അതിസ്ഥൂലങ്ങളായ സ്തനനിതംബപ്രദേശങ്ങളോടുംകൂടി വിളങ്ങുന്ന ശംഭുവിൻെറ ചുവന്ന നിറത്തോടുകൂടിയ അനിർവ്വാച്യയായ ഒരു കരുണാശക്തി ജഗത്തിനെ രക്ഷിക്കാനായി സർവ്വോല്ക്കർഷേണ വത്തിക്കുന്നു എന്നു സാരം. അതിശയോക്തി അലങ്കാരം.




ഈ യന്ത്രം തകത്തകിടിലെഴുതി 25 ദിനം 1000 ഉരു വീതം ജപിച്ചു ധരിക്കുക. അഭീഷ്ടം സാധിക്കും. നിവേദ്യം മധു.

കളങ്കഃ കസ്തൂരീ രജനികരബിംബം ജലമയം
കലാഭിഃ കർപ്പൂരൈർമ്മരകതകരണ്ഡം നിബിഡിതം ।
അതസ്ത്വദ്ഭോഗേന പ്രതിദിനമിദം രിക്തകുഹരം
വിധിർഭൂയോഭൂയോ നിബിഡയതി നൂനം തവ കൃതേ ॥ 94

| | | |
|---|---|---|
| കളങ്കഃ | = | ഈ ചന്ദ്രനിൽക്കാണുന്ന കളങ്കം |
| കസ്തൂരീ | = | കസ്തൂരിയാണു്. |
| രജനികരബിംബം | = | ചന്ദ്രബിംബം |
| ജലമയം | = | പനിനീരാണു്. |
| കലാഭിഃ കർപ്പൂരൈഃ | = | കലകളാകുന്ന കർപ്പൂരങ്ങളെക്കൊണ്ടു് |
| മരകതകരണ്ഡം | = | മരതകംകൊണ്ടുണ്ടാക്കിയ പെട്ടി |
| നിബിഡിതം അതഃ | = | നിറയ്ക്കപ്പെട്ട ഇതുകൊണ്ടു് |
| ത്വദ്ഭോഗേന പ്രതിദിനം ഇദം | = | ദിവസന്തോറുമുള്ള നിന്തിരുവടിയുടെ ഉപഭോഗത്താൽ ഈ മരതകപ്പെട്ടി |
| രിക്തകുഹരം | = | ഒഴിഞ്ഞ ഉള്ളോടുകൂടിയ |
| വിധിർഭൂയോഭൂയഃ | = | ബ്രഹ്മാവു് പിന്നെയും പിന്നെയും |
| നിബിഡയതി നൂനം | = | നിറച്ചുവയ്ക്കുന്നു; നിശ്ചയം. |
| തവ കൃതേ | = | നിന്തിരുവടിക്കുവേണ്ടി. |

അല്ലയോ ശൃംഗാരരസികയായ ദേവി! ഈ കളങ്കം കസ്തൂരിയാകുന്നു. ചന്ദ്രബിംബം പനിനീരാകുന്നു. ചന്ദ്രമണ്ഡലം കലകളാകുന്ന പച്ചക്കർപ്പൂരങ്ങളാൽ നിറയ്ക്കപ്പെട്ട മരതകംകൊണ്ടുണ്ടാക്കിയ പെട്ടിയാകുന്നു. അതുകൊണ്ടു ദിവസംതോറുമുള്ള നിന്തിരുവടിയുടെ ഉപഭോഗത്താൽ ഒഴിഞ്ഞ അന്തർഭാഗത്തോടുകൂടിയ ഈ പെട്ടിയെ ബ്രഹ്മാവു് നിന്തിരുവടിക്കുവേണ്ടി പിന്നെയും പിന്നെയും നിറച്ചുവയ്ക്കുന്നു; നിശ്ചയം.

ഈ ചന്ദ്രമണ്ഡലം ബ്രഹ്മാവു് നിന്തിരുവടിയുടെ വിലാസദ്രവ്യങ്ങളെ നിറച്ചുവയ്ക്കുന്ന ഒരു മരതകപ്പെട്ടിയാകുന്നു. അപഹ്നവവും ഉൽപ്രേക്ഷയും അലങ്കാരങ്ങൾ.




ഇതു് തങ്കത്തകിടിൽ എഴുതി 25 ദിനം 2000 ഉരു വീതം ജപിക്ക. ഇഷ്ടം സാധിക്കും. നിവേദ്യം പൊങ്ങൽ, നാളികേരം, പഴം.

പുരാരാതേരന്തഃപുരമസി തതസ്ത്വച്ചരണയോഃ
സപര്യാമര്യാദാതരളകരണാനാമസുലഭാ ।
തഥാഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം
തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ ॥ 95

| | |
|---|---|
| പുരാരാതേരന്തഃപുരമസി | = നിന്തിരുവടി ത്രിപുരാന്തകന്റെ അന്തഃപുരസ്ത്രീജനമാകുന്നു. |
| തതഃ | = അതുനിമിത്തം |
| ത്വച്ചരണയോഃ | = ത്വച്ചരണങ്ങളുടെ |
| സപര്യാമര്യാദാ | = പൂജാസമ്പ്രദായം |
| തരളകരണാനാം അസുലഭാ തഥാ ഹി | = ചഞ്ചലചിത്തന്മാക്ക് ദുർല്ലഭംതന്നെ; പ്രസിദ്ധം. |
| ഏതേ ശതമഖമുഖാഃ | = ഈ ദേവേന്ദ്രൻ മുതലായ |
| നീതാഃ | = പ്രാപിച്ചു |
| സിദ്ധിമതുലാം | = തുല്യമില്ലാത്ത സിദ്ധിയെ |
| തവ | = നിന്തിരുവടിയുടെ |
| ദ്വാരോപാന്തസ്ഥിതിഭിഃ | = ദ്വാരസമീപത്തിൽ സ്ഥിതിചെയ്യുന്ന |
| അണിമാദ്യാഭിഃ | = അണിമാദിസിദ്ധികളോടുകൂടി |
| അമരാഃ | = ദേവന്മാർ. |

അല്ലയോ മഹാദേവി! നിന്തിരുവടിത്രിപുരാന്തകന്റെ അന്തഃപുരസ്ത്രീജനമാണ്. അതുകൊണ്ടു് ത്വച്ചരണാരവിന്ദങ്ങളുടെ പൂജാസമ്പ്രദായം ചഞ്ചലചിത്തന്മാക്ക് ദുർല്ലഭമാകുന്നു; പ്രസിദ്ധം. അതിനാൽത്തന്നെയാണ് ഈ ദേവേന്ദ്രൻമുതലായ ദേവന്മാർ നിന്തിരുവടിയുടെ ദ്വാരസമീപത്തിൽ സ്ഥിതിചെയ്യുന്ന അണിമാദിസിദ്ധികളോടുകൂടി തുല്യമില്ലാത്ത സിദ്ധിയെ പ്രാപിച്ചതു്.

ശ്രീദേവ്യുപാസന അജിതേന്ദ്രിയന്മാക്ക് ദുർല്ലഭമാണ്. അതുകൊണ്ടുതന്നെയാണ് ചഞ്ചലബുദ്ധികളായ ഇന്ദ്രാദികളുംകൂടി ദ്വാരസമീപത്തിൽ സദാ കാത്തുനിൽക്കുന്ന അണിമാദിസിദ്ധികളോടുകൂടി സാമ്യമില്ലാത്ത സിദ്ധിയെ പ്രാപിച്ചതു്. അണിമാദികൾ എങ്ങനെ ദ്വാരപര്യന്തം സേവിക്കുന്നുവോ അകത്തുകടക്കുന്നില്ലയോ അതുപോലെ ഇന്ദ്രാദികളും ദ്വാരപര്യന്തസേവയെമാത്രം ചെയ്യുന്നു. അണിമാദികൾ ദ്വാരപാലികകളായതിനാൽ അവക്ക് ദ്വാരപ്രാന്തത്തിൽ അവസ്ഥിതിയുണ്ടു്. ദേവന്മാക്ക് അവരുടെ സമ്മതപ്രകാരം മാത്രമേ ദ്വാരപ്രാന്തത്തിലും വസിക്കാൻ പാടുള്ളു എന്നു താല്പര്യം. ജിതേന്ദ്രിയന്മാരായ സമയികൾക്കേ ദേവ്യാരാധനായോഗ്യതയുള്ളു. ചപലന്മാർ ദേവന്മാരായാലും യോഗ്യതയില്ല.




ഈ യന്ത്രം തങ്കത്തകിടിലെഴുതി നല്ലെണ്ണയിലിട്ട് 108 ഉരു ജപിച്ച് വ്രണത്തിൽ പുരട്ടുക. ഉടനെ ശമിക്കും. നിവേദ്യം തിലോദനം, ശർക്കര.

കളത്രം വൈധാത്രം കതി കതി ഭജന്തേ ന കവയഃ
ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ ।
മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ!
കുചാഭ്യാമാസംഗഃ കുരവകതരോരപ്യസുലഭഃ ॥ 96

| | |
|---|---|
| കളത്രം വൈധാത്രം | = ബ്രഹ്മാവിന്റെ ഭാര്യയായ സരസ്വതിയെ |
| കതി കതി ഭജന്തേ ന കവയഃ | = എത്ര എത്ര കവികൾ പ്രാപിക്കുന്നില്ല? |
| ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ | = ലക്ഷ്മിക്ക് ആരുതന്നെ പതിയായി ഭവിക്കുന്നില്ല? |
| കൈരപി ധനൈഃ | = ഏതാനും ധനങ്ങളെക്കൊണ്ടെങ്കിലും |
| മഹാദേവം ഹിത്വാ | = ശ്രീമഹാദേവനെ വിട്ട് |
| തവ | = നിന്തിരുവടിയുടെ |
| സതി! | = അല്ലയോ പതിവ്രതേ! |
| സതീനാമചരമേ! | = അല്ലയോ പതിവ്രതാഗ്രഗണ്യേ! |
| കുചാഭ്യാമാസംഗഃ | = സ്തനങ്ങളാലുള്ള ആലിംഗനം |
| കുരവകതരോരപി | = മരുതാണിവൃക്ഷത്തിനുംകൂടി |
| അസുലഭഃ | = സുലഭമല്ല. |

അല്ലയോ പതിവ്രതയായ ദേവി! ബ്രഹ്മാവിന്റെ ഭാര്യയായ സരസ്വതിയെ എത്ര എത്ര കവികൾ പ്രാപിക്കുന്നില്ല? ഏതാനും ധനങ്ങളെക്കൊണ്ടെങ്കിലും ലക്ഷ്മീദേവിക്ക് ആരുതന്നെ പതിയായി ഭവിക്കുന്നില്ല? അല്ലയോ പതിവ്രതാഗ്രഗണ്യേ! നിന്തിരുവടിയുടെ സ്തനാലിംഗനം ശ്രീമഹാദേവനെ ഒഴിച്ചു കുരവകവൃക്ഷത്തിനുംകൂടി ദുർല്ലഭമാകുന്നു.

സരസ്വതിയേയും ലക്ഷ്മിയേയും പ്രാപിക്കാത്തവരും പാർവ്വതിയെ പ്രാപിച്ചവരും പ്രപഞ്ചത്തിൽ ആരുമില്ലെന്നു സാരം.




ഈ യന്ത്രം ഒരു പാത്രത്തിൽ വെള്ളേരിക്കിൻപാൽ എടുത്തു് അതിൽ എഴുതി 8 ദിനം 1000 ഉരു ജപിച്ചു് ധരിക്ക. വിദ്യാപ്രദം. നിവേദ്യം മധു, പാൽപ്പായസം.

ഗിരാമാഹുർദ്ദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പത്മാം ഹരസഹചരീമദ്രിതനയാം ।
തുരീയാ കാപി ത്വം ദുരധിഗമനിസ്സീമമഹിമാ
മഹാമായാ വിശ്വം ഭ്രമയതി പരബ്രഹ്മമഹിഷി! ॥ 97

ഗിരാമാഹുർദ്ദേവീം = സരസ്വതി എന്നുപറയുന്നു
ദ്രുഹിണഗൃഹിണീം = ബ്രഹ്മപത്നിയായ
ആഗമവിദഃ = വേദതത്വജ്ഞന്മാരായ വ്യാസാദികൾ
ഹരേഃ പത്നീം പത്മാം = മഹാവിഷ്ണുവിൻെറ ഭാര്യയായ മഹാല-
ഹരസഹചരീം = ശിവപത്നിയായ [ക്ഷ്മി എന്നു
അദ്രിതനയാം = പാർവ്വതി എന്നു്
തുരീയാ കാപി ത്വം ദുരധിഗമനിസ്സീമമഹിമാ = നിന്തിരുവടി അറിവാൻപാടില്ലാത്ത അപാരമഹിമാവോട്ടുക്രൂടിയ നാലാമത്തവളാകുന്നു.
മഹാമായാ = മഹാമായയാകുന്നു.
വിശ്വം ഭ്രമയതി = ഈ പ്രപഞ്ചത്തെഎല്ലാം ഭ്രമിപ്പിക്കുന്നു
ബ്രഹ്മമഹിഷി! = അല്ലയോപരബ്രഹ്മത്തിൻെറപട്ടമഹിഷി!

അല്ലയോ പരബ്രഹ്മപട്ടമഹിഷി! വേദതത്വജ്ഞന്മാരായ വ്യാസാദികൾ നിന്തിരുവടിയെത്തന്നെ ബ്രഹ്മപത്നിയായ സരസ്വതി എന്നും നിന്തിരുവടിയെത്തന്നെ മഹാവിഷ്ണുപത്നിയായ മഹാലക്ഷ്മി എന്നും നിന്തിരുവടിയെത്തന്നെ ശിവപത്നിയായ പാർവ്വതി എന്നും പറയുന്നു. നിന്തിരുവടി, അറിവാൻപാടില്ലാത്ത അപാരമഹിമാവോട്ടുക്രൂടിയ നാലാമത്തവളായി മഹാമായയായി ഇരുന്നുംകൊണ്ടു് ഈ പ്രപഞ്ചത്തെയെല്ലാം ഭ്രമിപ്പിക്കുന്നു.

വ്യാസാദികൾ നിന്തിരുവടിയെത്തന്നെ സരസ്വതിയെന്നും ലക്ഷ്മിയെന്നും പാർവ്വതിയെന്നും പറയുന്നു. എന്നാൽ സൂക്ഷ്മത്തിൽ

നിന്തിരുവടി അറിവാൻ പാടില്ലാത്ത മഹിമയോടുകൂടിയ മഹാമായയും ശ്രീവിദ്യാരൂപിണിയുമായ പരാഭട്ടാരികയാകുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 8 ദിനം 1000 ഉരുവീതം ജപിച്ച് ധരിക്കുക. ശരീരബലം ഉണ്ടാകും. നിവേദ്യം ശുദ്ധാന്നം, മധു.

കദാകാലേ മാതഃ! കഥയ കവിതാലക്തകരസം
പിബേയം വിദ്യാർത്ഥീ തവ ചരണനിർണ്ണേജനജലം ।
പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ
കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം ॥ 98

| | |
|---|---|
| കദാകാലേ | = ഏതുകാലത്തിൽ, |
| മാതഃ! | = അല്ലയോ അംബ! |
| കഥയ | = അരുളിച്ചെയ്താലും (സത്യംപറഞ്ഞാലും) |
| കലിതാലക്തകരസം | = ചെമ്പഞ്ഞിച്ചാറോടുകലർന്ന |
| പിബേയം | = പാനംചെയ്യും |
| വിദ്യാർത്ഥീ | = വിദ്യയെ അർത്ഥിക്കുന്നവൻ (ശ്രീവിദ്യാരൂപിണിയായ നിന്തിരുവടിയെ അർത്ഥിക്കുന്നവൻ) |
| തവ | = നിന്തിരുവടിയുടെ |
| ചരണനിർണ്ണേജനജലം | = പാദതീർത്ഥം (സഹസ്രകമലത്തിൽ ദേവീചരണത്തിൽനിന്നു പുറപ്പെടുന്ന സുധാധാരയെ) |
| പ്രകൃത്യാ മൂകാനാമപി ച | = പ്രകൃത്യാ മൂകന്മാരായവർക്കുകൂടി |
| കവിതാകാരണതയാ | = കവിതയ്ക്കുകാരണമായിഭവിക്കുന്നതിനാൽ |
| കദാ ധത്തേ | = എപ്പോഴാം ധരിക്കും? |
| വാണീമുഖകമലതാംബൂലരസതാം | = സരസ്വതിയുടെ മുഖകമലത്തിലുള്ള താംബൂലരസഭാവത്തെ. |

അല്ലയോ അംബ! വിദ്യാർത്ഥിയായ ഞാൻ ചെമ്പഞ്ഞിച്ചാറോടുകലർന്ന നിന്തിരുവടിയുടെ പാദതീർത്ഥത്തെ ഏതുകാലത്തിൽ പാനംചെയ്യും; അരുളിച്ചെയ്താലും. പ്രകൃത്യാ മൂകന്മാരായവർക്കുകൂടി ആ പാദതീർത്ഥം കവിതാകാരണമായിത്തീരുന്നതിനാൽ അതു്

എപ്പോൾ സരസ്വതിയുടെ മുഖകമലത്തിലുള്ള താംബൂലരസഭാവത്തെ ധരിക്കും.

അല്ലയോ ജനനി! ശ്രീവിദ്യാരൂപിണിയായ നിന്തിരുവടിയെ അൎത്ഥിക്കുന്ന ഞാൻ സഹസ്രദളകമലത്തിൽ വസിക്കുന്ന ശിവശക്ത്യൈക്യരൂപിണിയായ നിന്തിരുവടിയുടെ (ചരണയുഗളാന്തർവിഗളിതങ്ങളായ സുധാധാരാസാരങ്ങളെ) ചരണത്തിൽനിന്നു പുറപ്പെടുന്ന അമൃതപ്രവാഹത്തെ എപ്പോൾ അനുഭവിക്കും എന്നു് സൂക്ഷ്മാൎത്ഥം.

ഈ പാദതീൎത്ഥം എന്റെ മുഖത്തിൽ സരസ്വതിയുടെ താംബൂലരസമോ എന്നു തോന്നുംവണ്ണം എപ്പോൾ ശോഭിക്കും? അതായതു് ഈ പാദതീൎത്ഥപാനത്താൽ പ്രൗഢകവിയായിത്തീൎന്ന പുരുഷഭാവത്തെ പ്രാപിച്ച സരസ്വതിതന്നെയോ എന്നു തോന്നുംവണ്ണം എപ്പോൾ ശോഭിക്കുമെന്നു സാരം. അലങ്കാരം ഉൽപ്രേക്ഷ.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 16 ദിനം 1000 ഉരുവീതം ജപിച്ചു് ധരിക്കുക. സ്ത്രീകൾക്കു് ഗൎഭവും പുരുഷന്മാൎക്കു് ബഹുവൃഷ്യത്വവുമുണ്ടാകും. നിവേദ്യം മധു.

സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ
രതേഃ പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ।
ചിരംജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ
പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ॥ 99

| | | |
|---|---|---|
| സരസ്വത്യാ ലക്ഷ്മ്യാ | = | സരസ്വതിയോടും ലക്ഷ്മിയോടും |
| വിധിഹരിസപത്നഃ | – | ബ്രഹ്മാവിനും വിഷ്ണുവിനും എതിരായി |
| വിഹരതേ | = | ക്രീഡിക്കുന്നു. |
| രതേഃ പാതിവ്രത്യം | = | രതീദേവിയുടെ പാതിവ്രത്യത്തെ |
| ശിഥിലയതി | = | ചലിപ്പിക്കുന്നു. |
| രമ്യേണ വപുഷാ | = | മനോഹരശരീരംകൊണ്ടു് |
| ചിരഞ്ജീവന്നേവ | = | എന്നെന്നേയ്ക്കും ജീവിച്ചിരിക്കുന്നവനായിട്ടുതന്നെ |
| ക്ഷപിതപശുപാശവ്യതികരഃ | = | ജീവന്റെ അനാദിയായ അവിദ്യാസംബന്ധത്തെ നശിപ്പിച്ചിട്ടു് |
| പരാനന്ദാഭിഖ്യം | = | പരാനന്ദജ്യോതിസ്സാകുന്ന |

| | | |
|---|---|---|
| രസയതി | = | അനുഭവിക്കുന്നു. |
| രസം | = | രസത്തെ |
| ത്വത്ഭജനവാൻ | = | നിന്തിരുവടിയെ ഭജിക്കുന്നവൻ. |

അല്ലയോ പരദേവതേ! നിന്തിരുവടിയെ ഭജിക്കുന്നവൻ സരസ്വതിയോടും ലക്ഷ്മിയോടുംചേന്നു് ബ്രഹ്മാവിനും വിഷ്ണുവിനും എതിരായി ക്രീഡിക്കുന്നു. മനോഹരമായ ശരീരംകൊണ്ടു രതീദേവിയുടെ പാതിവ്രത്യത്തെ ചലിപ്പിക്കുന്നു. ജീവൻെറ അനാദിയായ അവിദ്യാസംബന്ധത്തെ നശിപ്പിച്ചു് എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായിട്ടു് പരാനന്ദജ്യോതിസ്സാകുന്ന രസത്തെ അനുഭവിക്കുന്നു.

അല്ലയോ ജഗദേകശരണ്യേ! കാമക്രോധാദിമാലിന്യം നീങ്ങി വിശുദ്ധമായ അന്തഃകരണത്തോടുകൂടി നിന്തിരുവടിയെ ഉപാസിക്കുന്നവൻ 64 കലാവിദ്യകളിലും അതിസാമത്ഥ്യത്തെ പ്രാപിച്ചു് സരസ്വതീവല്ലഭനായ ബ്രഹ്മാവിനു് അസൂയതോന്നത്തക്കവിധത്തിലും ധനധാന്യഗജാശ്വരഥാദിസമ്പൽസമൃദ്ധിയോടുകൂടി ലക്ഷ്മീവല്ലഭനായ മഹാവിഷ്ണുവിനു് ഈൎഷ്യയുണ്ടാകത്തക്കവണ്ണവും ഈ ലോകത്തിൽ വിഹരിക്കുന്നു. നിരതിശയലാവണ്യത്തോടുകൂടിയ സ്വദേഹകാന്തിയാൽ കാമപത്നിയായ രതീദേവിക്കു് ഇവൻ എൻെറ രമണനായ മന്മഥൻതന്നെയോ എന്ന ഭ്രമത്തെ ഉണ്ടാക്കി അനുഭവേച്ഛയെ ജനിപ്പിച്ചു് അവളുടെ പാതിവ്രത്യത്തെ ചലിപ്പിക്കുന്നു. ഇങ്ങനെ വിദ്യാധനം, ശരീരകാന്തി മുതലായ ഐഹികസുഖങ്ങളെ എല്ലാം വേണ്ടുവോളം അനുഭവിച്ചതിനുശേഷം അനാദികാലം മുതൽ പോക്കററു് ഹൃദയത്തിൽവന്നുകൂടിയിരിക്കുന്ന മോഹാന്ധകാരത്തേയും അതായതു് ഭേദജ്ഞാനത്തോടുകൂടിയ ജീവൻെറ അജ്ഞാനങ്ങളേയും നശിപ്പിച്ചു ജീവന്മുക്തനായി ദീർഘായുസ്സായി വളരെക്കാലം ജീവിച്ചിരുന്നു് നിത്യനിരതിശയാനന്ദപ്രകാശാത്മകമായ അനാവൃതാത്മസ്വരൂപജ്യോതിസ്സിൻെറ സുഖത്തെ അനുഭവിക്കുന്നു.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 16 ദിനം ഈ ശ്ലോകം 1000 ഉരു ജപിച്ചു ധരിക്കുക. ശൗര്യപ്രദം. നിവേദ്യം ത്രിമധുരം, വട, പഴം.

പ്രദീപജ്വാലാഭിർദ്ദിവസകരനീരാജനവിധിഃ
സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ ।
സ്വകീയൈരംഭോഭിഃ സലിലനിധിസൗഹിത്യകരണം
ത്വദീയാഭിർവാഗ്ഭിസ്തവ ജനനി! വാചാം സ്തുതിരിയം ॥ 100

പ്രദീപജ്വാലാഭിഃ = കരദീപജ്വാലകളാൽ
ദിവസകരനീരാജനവിധിഃ = ആദിത്യന്റെ നീരാജനകൃത്യം
സുധാസൂതേഃ = ചന്ദ്രന്
ചന്ദ്രോപലജലലവൈഃ = ചന്ദ്രകാന്തക്കല്ലിൽനിന്ന് ഒഴുകുന്ന-
അർഘ്യരചനാ = അർഘ്യപ്രദാനം [ജലങ്ങളാൽ
സ്വകീയൈരംഭോഭിഃ = തന്റെ ജലങ്ങളാൽ
സലിലനിധിസൗഹിത്യകരണം = സമുദ്രതൃപ്തിഹേതുകമായ തർപ്പണം
ത്വദീയാഭിർവാഗ്ഭിഃ = നിന്തിരുവടിയെസംബന്ധിച്ച വാക്കുകൾകൊണ്ട്
തവ ജനനി! = അല്ലയോ മാതാവേ! നിന്തിരുവടി-
വാചാം സ്തുതിരിയം = വാക്കുകളുടെ ഈ സ്തുതി. [യുടെ

വാക്കുകളുടെ ജനനിയായ അല്ലയോ ദേവി! [illegible]ന്തിരുവടിയിൽനിന്നുണ്ടായവയും തദ്രൂപങ്ങളുമായ വാക്കുക[illegible]ന്നുള്ള നിന്തിരുവടിയുടെ ഈ സ്തോത്രം, സ്വകീയങ്ങളായ കരദീപജ്വാലകളാൽ ആദിത്യന്റെ നീരാജനകൃത്യംപോലെയും ചന്ദ്രകാന്തക്കല്ലിൽനിന്നൊഴുകുന്ന ജലങ്ങളാൽ ചന്ദ്രന്റെ അർഘ്യപ്രദാനംപോലെയും തന്റെ ജലങ്ങളാൽത്തന്നെ സമുദ്രത്തിന്റെ തൃപ്തിക്കായി തർപ്പണം ചെയ്യുന്നതുപോലെയുമാകുന്നു.

അല്ലയോ പരദേവതേ! തന്റെ ജ്വാലകളിൽനിന്ന് അഭിന്നങ്ങളായ കരദീപജ്വാലകളാൽ സൂര്യഭഗവാനെ നീരാജനംചെയ്യുന്നതുപോലെയും തന്റെ കിരണസംസർഗ്ഗത്താൽ സ്രവിക്കുന്ന ചന്ദ്രകാന്തമണിജലങ്ങളെക്കൊണ്ട് ചന്ദ്രനുചെയ്യുന്ന അർഗ്ഘ്യപ്രദാനംപോലെയും ആദിത്യകിരണസമ്പർക്കത്താൽ ആവിരൂപമായി മാറിപ്പോയ ജലങ്ങളെക്കൊണ്ടുതന്നെ വർഷകാലത്തിൽ സമുദ്രത്തിനു തർപ്പണംചെയ്യുന്നതുപോലെയും വാഗർത്ഥജനനിയായ നിന്തിരുവടിയുടെ വാക്കുകളെക്കൊണ്ടുതന്നെ ഈ സ്തോത്രവും ചെയ്യപ്പെട്ടു. നിന്തിരുവടിയുടെ സ്വത്തിനെത്തന്നെ നിന്തിരുവടിയുടെ സന്തോഷത്തിനായി സമർപ്പിച്ചു എന്നു സാരം. പ്രതിവസ്തൂപമയും ദൃഷ്ടാന്തവും അലങ്കാരങ്ങൾ.




ഈ യന്ത്രം തങ്കത്തകിടിലെഴുതി 16 ദിനം 1000 ഉരു വീതം ജപിച്ചു ധരിക്കുക. സകലകാര്യസിദ്ധി. നിവേദ്യം നാളികേരം, ഫലം.

ശ്രീമഹാത്രിപുരസുന്ദര്യൈ നമഃ;
ശ്രീലളിതാംബികായൈ നമഃ;
പരദേവതായൈ നമഃ;
ശ്രീമഹാദേവഗുരവേ നമഃ.

ഓം തത് സത്
സർവ്വം ശിവം

സംപൂർണ്ണം.

ശുഭം.

തൊണ്ണൂററിയൊൻപതു തുലാ-
മിരുപത്തൊൻപതാം ദിനേ
സംപൂർണ്ണമാക്കിയീ ഭാഷ്യം
ദേവിക്കർപ്പിച്ചു 'മംഗളം.'

KOTTAYAM PUBLIC LIBRARY
M294 KOTTAYAM
Cl. No. MAN-S Acc. No. 149484
This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M294 Acc.No. 149484
Cl.No. MAH-S
Author മഹാദേവ ശാസ്ത്രികൾ
Title സൗന്ദര്യലഹരി.
Borrower's Number

M294 149484
MAH-S

മഹാദേവ ശാസ്ത്രികൾ
സൗന്ദര്യലഹരി.

KOTTAYAM PUBLIC LIBRARY
Call No. M-294 Acc. No. 149484
Author [illegible] ശാസ്ത്രികൾ
Title സൗന്ദര്യലഹരി.